# ഗിരിദീപം

നവംബർ 2022



നവംബർ 20

**മിശിഹായുടെ രാജത്വത്തിരുനാൾ**

പൗരോഹിത്യ സ്വീകരണത്തിന്റെ
സിൽവർ ജൂബിലിയും നവംബർ എട്ടാം
തീയതി മെത്രാഭിഷേക ദിനവും ആഘോഷിക്കുന്ന
തലശ്ശേരി അതിരൂപതയുടെ ഇടയൻ അഭിവന്ദ്യ

**മാർ ജോസഫ് പാംപ്ലാനി**
**പിതാവിന്**

**പ്രാർത്ഥനാശംസകൾ**



# Golden Jubilerians



FR. JAMES
ANAKKALLIL



FR. JOSEPH
ANITHANAM



FR. PHILIP
CHENNATTU



FR. JOSEPH
KORATTIPARMBIL



FR. MATHEW
MANIMALATHARAPPIL



FR. PAUL
MOONJELIL



FR. ABRAHAM
PONATT



FR. JACOB
PULICKAKUNNEL

നവംബർ 2022

വാല്യം 05
ലക്കം 11

# ഗിരിദീപം

തലശ്ശേരി അതിരൂപതയുടെ മുഖപത്രം

Archbishops House, Holloway Road, Thalassery, Kerala, India - 670101
Ph: 0091-490 2341058; Email: curiaadtly@gmail.com; Web: www.archdioceseoftellicherry.org

# ഗിരിദീപം

തലശ്ശേരി അതിരൂപതയുടെ മുഖപത്രം


1. Prot. No.561 / 2022, Pastoral Letter No. 03/2022 ........................ 05
2. കച്ചേരിക്കാര്യം ........................................................................ 10
3. വിശ്വാസപരിശീലനം ........................................................................ 35
4. ബൈബിൾ അപ്പൊസ്റ്റൊലേറ്റ് . ........................................................ 43
6. ചെറുപുഷ്പ മിഷൻലീഗ് ........................................................................ 48
7. തിരുബാലസഖ്യം ........................................................................ 60
8. യുവജനശുശ്രൂഷ ........................................................................ 65
9. കുടുംബപ്രേഷിതത്വം ........................................................................ 71
10. വിമൽജ്യോതി വാർത്തകൾ ........................................................................ 77
11. സാൻജോസ് അക്കാദമി ........................................................................ 81
12. നിർമ്മലഗിരി കോളേജ് ........................................................................ 82
13. നിർമ്മലഗിരി ആർട്സ് & സയൻസ് അക്കാദമി ........................................ 84
14. ADAM ........................................................................ 86
15. ഇൻഫാം ........................................................................ 88
16. എ.കെ.സി.സി. ........................................................................ 89
17. സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ ................................ 93
18. മദ്യവിരുദ്ധ പ്രസ്ഥാനം ........................................................................ 96
19. എയ്ഞ്ചൽ ട്രസ്റ്റ് ........................................................................ 97
20. സാമൂഹ്യസേവനവേദി ........................................................................ 100
21. ബയോമൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ..............................103
22. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (പാംപ്ലാനി പിതാവ്) ........................... 106
23. Engagements - November (Archbishop Mar Joseph Pamplany) .......109
24. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (ഞറളക്കാട്ട് പിതാവ്) ......................... 111
25. Engagements - November (Archbishop Mar George Njaralakatt) .... 112
26. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (വലിയമറ്റം പിതാവ്) ........................... 113
27. Engagements - November (Archbishop Mar George Valiamattam)... 114

Prot. No.561 / 2022, Pastoral Letter No. 03/2022

# ഇടയലേഖനം

*ദൈവകൃപയാലും തിരുസ്സഭയുടെ നിയോഗത്താലും*
*തലശ്ശേരി അതിരൂപതയുടെ ഇടയൻ*

*മാർ ജോസഫ് പാംപ്ലാനി*

*തന്റെ സഹശുശ്രൂഷകരായ വൈദികർക്കും സന്യസ്തർക്കും*
*തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏൽപ്പിക്കപ്പെട്ടിരിക്കുന്ന*
*എല്ലാ ദൈവജനത്തിനും എഴുതുന്നത്.*

മിശിഹായിൽ പ്രിയമുള്ളവരേ,

നമ്മുടെ ആരാധനാക്രമവത്സരം അതിന്റെ പൂർത്തീകരണമായ പള്ളിക്കൂദാശാ കാലത്തിലേക്ക് പ്രവേശിച്ചിരിക്കുകയാണല്ലോ. തന്റെ തിരുരക്തത്താൽ വീണ്ടെടുത്ത തിരുസ്സഭയെ പിതാവായ ദൈവത്തിന് ഈശോ സമർപ്പിക്കുന്നതാണ് പള്ളിക്കൂദാശാ കാലത്തിന്റെ ധ്യാനവിഷയം. സീറോമലബാർ സഭയുടെ നവീകരിച്ച കുർബ്ബാനക്രമം നമ്മുടെ അതിരൂപതയിൽ ഒരുമനസ്സോടെ നടപ്പിലാക്കാൻ അനുഗ്രഹിച്ച ദൈവത്തിന് നന്ദി പറയാം. നവീകരിച്ച വി. കുർബ്ബാനക്രമം നടപ്പിലാക്കുന്നതിൽ പ്രയാസം നേരിടുന്ന സ്ഥലങ്ങളിലെ വൈദികരെയും ദൈവജനത്തെയും അനുസരണത്തിന്റെയും കൂട്ടായ്മയുടെയും വഴിയിലേക്ക് പരിശുദ്ധാത്മാവ് നയിക്കുന്ന നല്ല നാളുകൾ വേഗം വരാനായി നമുക്ക് നിയോഗം സമർപ്പിച്ച് പ്രാർത്ഥിക്കാം.

നമ്മുടെ കർത്താവിന്റെ 72 ശിഷ്യഗണങ്ങളിൽപ്പെട്ട അദ്ദായിയും അദ്ദേഹത്തിന്റെ ശിഷ്യനായ മാറിയും ചേർന്ന് രചിച്ച നമ്മുടെ സഭയുടെ കുർബ്ബാനക്രമം ഇന്നു ലോകത്ത് നിലവിലുള്ള ഏറ്റവും പൗരാണികമായ ആരാധനാക്രമമാണ്. ഈശോയെ നേരിട്ടറിയുകയും അനുഭവിക്കുകയും ചെയ്ത ആദ്യശിഷ്യന്മാരുടെ മിശിഹാനുഭവമാണ് നമ്മുടെ കുർബ്ബാനക്രമം പകർന്നു തരുന്നത്. യഹൂദരുടെ ആരാധനാ

രീതികളെ അവലംബമാക്കി ക്രിസ്തീയ ആരാധനാക്രമം രൂപീകരിക്കപ്പെട്ട രീതി പഠിക്കാൻ ലോകമെങ്ങുമുള്ള ആരാധനാക്രമ പണ്ഡിതർ ആശ്രയിക്കുന്നത് നമ്മുടെ കുർബ്ബാനയെയാണ്. വിശുദ്ധ ഗ്രന്ഥത്തോളം പഴക്കമുള്ള നമ്മുടെ കുർബ്ബാനക്രമത്തെയോർത്ത് നാം ദൈവത്തിന് എന്നും നന്ദിപറയാൻ കടപ്പെട്ടവരാണ്. നമ്മുടെ സഭയുടെ വിശുദ്ധ കുർബ്ബാനയുടെ മഹത്വം ആഴത്തിൽ പഠിക്കാനുള്ള അവസരം ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ദൈവജനത്തിനു നിരന്തരം നൽകണം.

വിശുദ്ധ കുർബ്ബാനയെന്നത് കേവലമൊരു പ്രാർത്ഥനയോ ഭക്തകൃത്യമോ അല്ല. രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നതുപോലെ സഭയുടെ എല്ലാ പ്രവർത്തനങ്ങളുടെയും പരമോന്നത ലക്ഷ്യവും സഭയുടെ സകല ശക്തിയുടെയും ഉറവിടവുമാണ് വി. കുർബ്ബാന. നമുക്ക് വി. കുർബ്ബാന സംലഭ്യമാക്കുന്ന തിരുസ്സഭയെ രൂപപ്പെടുത്തുന്നതും വി. കുർബ്ബാനയാണ്. ക്രിസ്തീയ ജീവിതം നയിക്കാൻ വിശ്വാസിയെ പ്രാപ്തനാക്കുന്നത് വി. കുർബ്ബാനയാണ്. വി. കുർബ്ബാനയിൽനിന്ന് അകലുംതോറും ഒരു വ്യക്തിക്ക് വിശ്വാസം വിലയില്ലാത്തതും സഭ നിരർത്ഥകവും പൗരോഹിത്യം വെറുക്കപ്പെട്ടതുമായി മാറും എന്നത് അനുഭവിച്ചറിയാവുന്ന സത്യമാണ്. സമകാലിക മാധ്യമങ്ങളിൽ സഭയെയും വിശ്വാസത്തെയും പൗരോഹിത്യത്തെയും നിന്ദിക്കുന്ന പ്രവണതകൾ വർദ്ധിച്ചുവരുന്നതിന്റെ പിന്നിൽ ഈ സത്യമാണ് പ്രകടമാകുന്നത്. വി. കുർബ്ബാന നമ്മുടെ കർത്താവിന്റെ മിശിഹാരഹസ്യത്തിന്റെ അനുസ്മരണവും അനുഷ്ഠാനവുമാണ്. രണ്ടായിരം വർഷം മുൻപ് നമ്മുടെ രക്ഷയ്ക്കുവേണ്ടി അവിടുന്ന് അർപ്പിച്ച ബലി അതേ സ്നേഹത്തോടും പൂർണ്ണതയോടുംകൂടി ഈശോ നമുക്കുവേണ്ടി ഇന്നും അർപ്പിക്കുന്നതാണ് ഓരോ വി. കുർബ്ബാനയും. പെസഹാരഹസ്യം കടന്നുപോകലിനെയാണ് ഓർമ്മിപ്പിക്കുന്നത്. വിശുദ്ധ കുർബ്ബാനയിൽ പങ്കുചേരുന്ന നാമും കടന്നുപോകേണ്ടതുണ്ട്. സ്വാർത്ഥതയിൽനിന്ന് പരസ്നേഹത്തിലേക്കും ക്രൂരതയിൽനിന്ന് കരുണയിലേക്കും പാപത്തിൽനിന്ന് ജീവനിലേക്കും മാനുഷികതയിൽനിന്ന് ദൈവികതയിലേക്കും വി. കുർബ്ബാനവഴി നാം കടന്നുപോകണം.

നമ്മുടെ അതിരൂപതയിൽ വി. കുർബ്ബാനയർപ്പണം ഏകീകൃത രൂപത്തിലാക്കുന്നതിനുവേണ്ടി, വിവിധ സമിതികളിൽ നടത്തിയ ചർച്ചകളുടെ വെളിച്ചത്തിൽ, താഴെപ്പറയുന്ന കാര്യങ്ങൾ അതിരൂപതയിലെ എല്ലാ ദൈവാലയങ്ങളിലും നടപ്പിലാക്കണം.

1 വിശുദ്ധ കുർബ്ബാന തിരുസ്സഭയുടെ ഔദ്യോഗിക പ്രാർത്ഥനയാകയാൽ സഭയുടെ പരിശുദ്ധ സിനഡും പരിശുദ്ധ പിതാവും അംഗീ

കരിച്ച തക്സായിൽനിന്നുള്ള പ്രാർത്ഥനകൾ മാത്രമേ വി. കുർബ്ബാനയിൽ ചൊല്ലാൻ പാടുള്ളൂ. പ്രത്യേക നിയോഗങ്ങൾ സമർപ്പിക്കാനാഗ്രഹിക്കുന്നവർക്ക് അവ കാറോസൂസ പ്രാർത്ഥനകളോടൊപ്പം കൂട്ടിച്ചേർക്കാൻ സഭ അനുവദിച്ചിട്ടുണ്ട്. മറ്റു സന്ദർഭങ്ങളിലോ, വിശേഷിച്ചും അനാഫൊറായിലോ, ഏതെങ്കിലും കൂട്ടിച്ചേർക്കലുകൾ നടത്താൻ ആർക്കും അവകാശമില്ല.

2 വിശുദ്ധ കുർബ്ബാനയിലെ ഗാനങ്ങൾ കുർബ്ബാന തക്സായിൽനിന്നുള്ളവയായിരിക്കണം. പ്രവേശനഗാനം, വി. കുർബ്ബാനസ്വീകരണഗാനം, സമാപന ഗാനം എന്നിവയൊഴികെ മറ്റെല്ലാ ഗാനങ്ങളും തക്സായിൽനിന്നുള്ളവയായിരിക്കണം.

3 വിശുദ്ധ കുർബ്ബാനയിൽ നിൽക്കേണ്ടതും ഇരിക്കേണ്ടതും മുട്ടുകുത്തേണ്ടതുമായ സമയങ്ങൾ തക്സായിൽ നിർദ്ദേശിച്ചിരിക്കുന്നതുപോലെ നമ്മുടെ അതിരൂപതയിൽ എല്ലാ പള്ളികളിലും നടപ്പിലാക്കണം.

4 പഴയനിയമത്തിൽനിന്ന് രണ്ട് വായനകളും ലേഖനവും സുവിശേഷവും ഉൾപ്പെടുന്നതാണ് ഞായറാഴ്ചകളിലെ വായനാക്രമം. ഇത് പാലിക്കാൻ എല്ലാ ഇടവകകളും ശ്രദ്ധിക്കണം.

5 വിശുദ്ധ കുർബ്ബാനയ്ക്കുള്ള അപ്പവും വീഞ്ഞും എല്ലാ പള്ളികളിലും ബേസ്ഗസായിൽവച്ചുതന്നെ ഒരുക്കണം.

6 കൂദാശ ചെയ്ത ബലിപീഠങ്ങളിൽ മാത്രമാണ് വി. കുർബ്ബാന അർപ്പിക്കേണ്ടത്. വീടുകളിലോ മറ്റ് സ്ഥലങ്ങളിലോ മുൻകൂട്ടിയുള്ള അനുവാദത്തോടെ ബലിയർപ്പിക്കുന്ന സാഹചര്യങ്ങളിൽ കൂദാശ ചെയ്ത ദപ്പാ നിർബന്ധമായും ഉപയോഗിക്കണം.

7 വിശുദ്ധ കുർബ്ബാന യോഗ്യതയോടെ സ്വീകരിക്കുമ്പോഴാണ് ബലിയർപ്പണം പൂർത്തിയാകുന്നത്. അതിനാൽ എല്ലാ വിശുദ്ധ കുർബ്ബാനയിലും ഈശോയെ സ്വീകരിക്കാൻ നാം ഒരുങ്ങണം. ഈശോയെ മുഖാമുഖം കണ്ടുമുട്ടുന്നതിന്റെ സ്വർഗ്ഗീയ ആനന്ദം പകരുന്നതും സ്വർഗ്ഗീയ വിരുന്നിന്റെ മുന്നാസ്വാദനവുമാണ് വിശുദ്ധ കുർബ്ബാന സ്വീകരണം. ദൈവത്തിന്റെ അവർണ്ണനീയമായ ഈ ദാനത്തെ അവഗണിക്കാൻ വിശുദ്ധ കുർബ്ബാനയ്ക്കണയുന്ന ആർക്കും ഇടവരരുത്. ലഘുപാപങ്ങളുടെ മോചനം വി. കുർബ്ബാനയിലെ അനുതാപ ശുശ്രൂഷയിലൂടെ ലഭിക്കുന്നു എന്നതിനാൽ മാരക പാപങ്ങളിൽ ഉൾപ്പെടാത്ത എല്ലാവർക്കും കുമ്പസാരിച്ചില്ലെങ്കിലും വി. കുർബ്ബാന സ്വീകരിക്കാവുന്നതാണ്.

8 സ്വർഗ്ഗത്തിന്റെ പ്രതീകമായ വിശുദ്ധ മദ്ബഹായിൽ പ്ലാസ്റ്റിക് പുഷ്പങ്ങളോ പ്ലാസ്റ്റിക്കുകൊണ്ടുള്ള അലങ്കാരങ്ങളോ ഒഴിവാക്കണം. ഭൂലോകത്തിലെ ഏറ്റവും വലിയ മാലിന്യമായി കരുതപ്പെടുന്ന പ്ലാസ്റ്റിക് ഉല്പന്നങ്ങൾ, തോരണങ്ങൾ, ഫ്ളെക്സുകൾ ഉൾപ്പടെ നമ്മുടെ പള്ളികളിൽനിന്ന് ഒഴിവാക്കാം.

9 വിശുദ്ധ കുർബ്ബാനയുടെ സമാപനാശീർവ്വാദത്തിനു മുൻപായി സമ്മാനദാനങ്ങളോ അനുമോദന ചടങ്ങുകളോ മറ്റു കാര്യപരിപാടികളോ നടത്തരുത്. "അന്നാപെസഹാത്തിരുനാളിൽ..." എന്ന ഗാനം മുതൽ "വിശുദ്ധീകരണത്തിന്റെ ബലിപീഠമേ സ്വസ്തി..." എന്ന പ്രാർത്ഥനവരെ നീളുന്ന വിശുദ്ധ കുർബ്ബാന നമ്മുടെ കർത്താവിന്റെ ബലിയാകയാൽ അതിനിടയിൽ മറ്റൊന്നിനും സ്ഥാനമില്ല എന്ന സത്യം നാം മറക്കരുത്.

10 വിശുദ്ധ കുർബ്ബാനയിൽ സഹായികളാകുന്ന അൾത്താര ശുശ്രൂഷകർ അതിരൂപത അംഗീകരിച്ച ആരാധനാക്രമ വസ്ത്രം ധരിച്ചുകൊണ്ടാണ് വി. കുർബ്ബാനയിൽ പങ്കുചേരേണ്ടത്. വിശുദ്ധ കുർബ്ബാന സ്വീകരണ സമയത്തും വിതരണ സമയത്തും അൾത്താര ശുശ്രൂഷകർ ദിവ്യകാരുണ്യതാലം (Communion plate) ഉപയോഗിക്കേണ്ടതാണ്.

11 പരിശുദ്ധ ത്രിത്വത്തിന്റെ ബഹുമാനത്തിനും നമ്മുടെ കടങ്ങളുടെ മോചനത്തിനുമായാണ് വി. കുർബ്ബാനയിൽ ധൂപമർപ്പിക്കുന്നത്. അതിനാൽ ഞായറാഴ്ചയിലെ മുഖ്യകുർബ്ബാനയിലും മറ്റ് ആഘോഷദിനങ്ങളിലെ കുർബ്ബാനകളിലും ധൂപക്കുറ്റി ഉപയോഗിക്കാൻ ശ്രദ്ധിക്കണം.

12 നമ്മുടെ അതിരൂപതയിൽ മരിച്ചവരെ അനുസ്മരിക്കുന്ന മന്ത്രയും വീടുവെഞ്ചരിപ്പും മൃതസംസ്കാര കർമ്മത്തിന്റെ തൊട്ടടുത്ത ദിവസം നടത്താവുന്നതാണ്. മൃതസംസ്കാരത്തിനായി വന്ന കുടുംബാംഗങ്ങൾക്കുകൂടി പങ്കുചേരുന്നതിനാണ് ഈ ക്രമീകരണം. എന്നാൽ 41 ദിവസം മരിച്ചവരെപ്രതി നടത്തുന്ന നോമ്പനുഷ്ഠാനം തുടരാൻ മറക്കരുത്.

13 ആണ്ടുവട്ടത്തിൽ രണ്ടു തവണയെങ്കിലും (ഉദാ. ദുക്റാന തിരുനാൾ, ഇടവകാതിരുനാൾ) നമ്മുടെ സഭയുടെ ഏറ്റവും ആഘോഷപൂർവ്വമായ കുർബ്ബാനക്രമമായ റാസാക്രമം പള്ളികളിൽ ചൊല്ലാനും അവയിലെ കർമ്മങ്ങളുടെ അർത്ഥം ദൈവജനത്തിനു വിശദീകരിച്ചു നൽകാനും വൈദികർ ശ്രദ്ധിക്കണം.

നമ്മുടെ കർത്താവിന്റെ പീഡാനുഭവത്തിന്റെയും മരണത്തിന്റെയും സംസ്കാരത്തിന്റെയും ഉത്ഥാനത്തിന്റെയും മഹനീയവും ഭയഭക്തിജ നകവും പരിശുദ്ധവും ദൈവികവുമായ രഹസ്യമായ വിശുദ്ധ കുർബ്ബാന പരിശുദ്ധമായ മനസ്സാക്ഷിയോടും നിർമ്മലമായ ഹൃദയത്തോടുംകൂടി നമുക്ക് അർപ്പിക്കാം.

പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദിവ്യകാരുണ്യനാഥൻ നിങ്ങളെയും നിങ്ങളുടെ എല്ലാ നിയോഗങ്ങളെയും ആശീർവ്വദിക്കട്ടെ ഇപ്പോഴും + എപ്പോഴും + എന്നേയ്ക്കും + ആമ്മേൻ.

സ്നേഹാശംസകളോടെ

നിങ്ങളുടെ വത്സലപിതാവ്

**+ മാർ ജോസഫ് പാംപ്ലാനി**
*തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത*

തലശ്ശേരി അതിരൂപതാ കാര്യാലയത്തിൽനിന്നും 2022-ാം ആണ്ടിലെ, വി. ലൂക്കാ ശ്ലീഹായുടെ തിരുനാൾ ദിനമായ ഒക്ടോബർ 18 നു നൽകിയത്.

---

*NB:* ഈ ഇടയലേഖനം 2022 നവംബർ 6-ാം തീയതി ഞായറാഴ്ച വി. കുർബാന മധ്യേ എല്ലാ ഇടവകപ്പള്ളികളിലും വി. കുർബാന നടക്കുന്ന മറ്റ് സ്ഥലങ്ങളിലും വായിക്കേണ്ടതാണ്.

# കച്ചേരിക്കാര്യം

നവംബർ 2022

## 1. പൗരോഹിത്യ സ്വീകരണത്തിന്റെ ജൂബിലി ആഘോഷി ക്കുന്ന വൈദികർക്ക് ആശംസകൾ

"എനിക്ക് ഇഷ്ടപ്പെട്ട ഇടയന്മാരെ ഞാൻ നിങ്ങൾക്ക് തരും" (ജെറെ. 3:15). നമ്മുടെ അതിരൂപതയിലെ വൈദിക ഗണത്തെ ഓർമ്മിക്കുമ്പോൾ ദൈവജനത്തിന്റെ മനസ്സിൽ തെളിയുന്ന ദൈവവചനമാണിത്. ചുരുങ്ങിയ കാലംകൊണ്ട് മലബാർ പ്രദേശത്തെ ദൈവരാജ്യത്തിന്റെ വളർച്ചക്കു കാരണമായതും ഉപകരണമായതും തീക്ഷ്ണമതികളായ വൈദികരുടെ ശുശ്രൂഷയാണെന്നത് ഏവരും സമ്മതിക്കുന്ന യാഥാർത്ഥ്യമാണ്. ദൈവജനത്തിനുവേണ്ടി ജീവിക്കുന്ന, സഭയെ സ്നേഹിക്കുന്ന വൈദിക കൂട്ടായ്മയാൽ അനുഗ്രഹീതയാണ് തലശ്ശേരി അതിരൂപത. ഈ വർഷം പൗരോഹിത്യ സ്വീകരണത്തിന്റെ ജൂബിലി ആഘോഷിക്കുന്ന നമ്മുടെ പ്രിയപ്പെട്ട വൈദികരെ സ്നേഹത്തോടെ നമുക്ക് ഓർമ്മിക്കാം. തങ്ങളുടെ ജീവിതം മുഴുവൻ മലബാറിന്റെ വികസനത്തിനുവേണ്ടിയും ദൈവജനത്തിന്റെ ആദ്ധ്യാത്മിക ഉന്നമനത്തിനുവേണ്ടിയും ആത്മാർപ്പണം നടത്തിയതിന്റെ ചരിത്രമാണ് ഓരോരുത്തരും കടന്നുപോയ അജപാലന വഴികൾ വെളിപ്പെടുത്തുന്നത്. നമ്മുടെ പ്രിയപ്പെട്ട വൈദികർക്ക് ഹൃദയം നിറഞ്ഞ ജൂബിലി ആശംസകൾ.

### ഫാ. ജെയിംസ് ആനക്കല്ലിൽ



ആനക്കല്ലിൽ ചാക്കോ-ഏലിയാമ്മ ദമ്പതികളുടെ മകനായി 1946 ആഗസ്റ്റ് മാസം 10-ാം തീയതി ചങ്ങനാശ്ശേരി അതിരൂപതയിലെ അരുവിക്കുഴി ഇടവകയിലാണ് ബഹു. ജെയിംസച്ചൻ ജനിച്ചത്. തലശ്ശേരി മൈനർ സെമിനാരിയിലെ പരിശീലനത്തിനു ശേഷം വടവാതൂർ സെമിനാരിയിൽ പരിശീലനം പൂർത്തിയാക്കി 1972 ഡിസംബർ 12-ാം തീയതി അഭി

വന്ദ്യ വള്ളോപ്പിള്ളി പിതാവിൽനിന്നും പൗരോഹിത്യം സ്വീകരിച്ചു. ജെയിംസ് അച്ചന് ഒരു സഹോദരനാണുള്ളത്. നമ്മുടെ അതിരൂപതയിലെ വിവിധ ഇടവകകളിൽ സ്തുത്യർഹമായ സേവനമാണ് ബഹു. ജെയിംസ് അച്ചൻ നല്കിയത്.

| | | | | |
|---|---|---|---|---|
| 1. | കുന്നോത്ത് | - അസി. വികാരി | 15.04.1973 - | 13.10.1973 |
| 2. | എടൂർ | - അസി. വികാരി | 14.10.1973 - | 26.04.1974 |
| 3. | കളഞ്ച | - വികാരി | 27.04.1974 - | 01.05.1976 |
| 4. | മേരിപുരം | - വികാരി | 02.05.1976 - | 28.04.1979 |
| 5. | മണ്ഡപം | - വികാരി | 29.04.1979 - | 12.05.1984 |
| 6. | കരയത്തുംചാൽ | - വികാരി | 13.05.1984 - | 12.05.1990 |
| 7. | കണ്ണിവയൽ | - വികാരി | 13.05.1990 - | 07.05.1993 |
| 8. | ബളാൽ | - വികാരി | 18.05.1993 - | 16.05.1998 |
| 9. | വിമലശ്ശേരി | - വികാരി | 17.05.1998 - | 19.05.2002 |
| 10. | ചുണ്ടപ്പറമ്പ് | - വികാരി | 19.05.2002 - | 12.05.2007 |
| 11. | പൂളക്കുറ്റി | - വികാരി | 13.05.2007 - | 15.05.2010 |
| 12. | കാഞ്ഞിരടുക്കം | - വികാരി | 16.05.2010 - | 18.05.2013 |
| 13. | കുന്നുംകൈ | - വികാരി | 19.05.2013 - | 14.05.2017 |
| 14. | ചരൾ | - വികാരി | 14.05.2017 - | 27.06.2020 |
| 15. | കുട്ടാപറമ്പ് | - വികാരി | 28.06.2020 | |

നമ്മുടെ അതിരൂപതയിലെ 15 ഇടവകകളിൽ നല്ലിടയന്റെ സാമീപ്യം പകർന്ന, കൃപ നിറഞ്ഞ ഒരു പുരോഹിതനാണ് ബഹു. ജെയിംസച്ചൻ. എല്ലാവരോടും വളരെ ഹൃദ്യമായും സൗഹൃദഭാവത്തിലും പെരുമാറാനുള്ള പ്രത്യേക സിദ്ധി ജെയിംസച്ചനുണ്ട്. വൈദികർക്കിടയിൽ ജെയിംസച്ചൻ ഏതു പ്രായക്കാരോടും ഒരുപോലെ സൗഹൃദം പങ്കിടുന്ന വ്യക്തിത്വമാണ്. കഴിഞ്ഞ 50 വർഷത്തെ പൗരോഹിത്യജീവിതം തലശ്ശേരി അതിരൂപതയുടെ വളർച്ചക്കായി സമർപ്പിക്കുവാൻ ജെയിംസച്ചന് കഴിഞ്ഞു. 15 ഇടവകകളിൽ അനേകം മനുഷ്യരുടെ കണ്ണുനീരൊപ്പാനും കൂടെ നില്ക്കാനും അദ്ദേഹത്തിനു കഴിഞ്ഞു. പ്രിയപ്പെട്ട ജെയിംസച്ചാ സുവർണ്ണ ജൂബിലിയുടെ നിറവിൽ നില്ക്കുന്ന അങ്ങേക്ക് ഒരായിരം ജൂബിലി മംഗളങ്ങൾ!!!

## ഫാ. ജോസഫ് ആനിത്താനം



പാലാ രൂപതയിലെ കടുത്തുരുത്തിയിൽ ജോസഫ്-അന്നമ്മ ദമ്പതികളുടെ മകനായി 1948 ജൂലൈ 21-ാം തീയതി ബഹു. ആനിത്താനം അച്ചൻ ജനിച്ചു. അച്ചന് രണ്ടു സഹോദരങ്ങളും രണ്ടു സഹോദരിമാരും ഉണ്ട്. 2015ൽ അച്ചന്റെ പ്രിയപ്പെട്ട പിതാവും 2010ൽ മാതാവും മരിച്ചു. ഇപ്പോൾ പാലാ രൂപതയിലെ അറുനൂറ്റിമംഗലം ഇടവകയിലാണ് അച്ചന്റെ കുടുംബാംഗങ്ങൾ. 1964ൽ തലശ്ശേരി മൈനർ സെമിനാരിയിൽ ചേർന്ന് വടവാതൂർ സെമിനാരിയിലാണ് തത്വശാസ്ത്ര ദൈവശാസ്ത്ര പഠനങ്ങൾ പൂർത്തീകരിച്ചത്. 1972 ഡിസംബർ 18-ാം തീയതി അഭിവന്ദ്യ സെബാ

സ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിൽനിന്നു തിരുപ്പട്ടം സ്വീകരിച്ചു.

| | | | | |
|---|---|---|---|---|
| 1. | ചെമ്പേരി | - അസി. വികാരി | 13.04.1973 - 25.04.1974 |
| 2. | കണ്ണോത്ത് | - അസി. വികാരി | 25.04.1974 - 28.09.1974 |
| 3. | എടക്കോം | - വികാരി | 28.09.1974 - 30.03.1980 |
| 4. | സാൻതോം എസ്റ്റേറ്റ് | അസി. മാനേജർ | 30.03.1980 - 22.08.1980 |
| 5. | നെൽമേനി | - വികാരി | 22.08.1980 - 10.05.1986 |
| 6. | പരപ്പ | - വികാരി | 10.05.1986 - 12.05.1990 |
| 7. | നെടുംപുറംചാൽ | - വികാരി | 12.05.1990 - 07.05.1994 |
| 8. | കാർത്തികപുരം | - വികാരി | 07.05.1994 - 20.05.2000 |
| 9. | കിളിയന്തറ | - വികാരി | 21.05.2000 - 22.05.2004 |
| 10. | വായാട്ടുപറമ്പ് | - വികാരി | 23.05.2004 - 17.05.2008 |
| 11. | ചന്ദനക്കാംപാറ | - വികാരി | 18.05.2008 - 12.05.2012 |
| 12. | മാലോം | - വികാരി | 13.05.2012 - 14.05.2016 |
| 13. | നെല്ലിക്കാംപൊയിൽ | - വികാരി | 14.05.2016 - 27.06.2020 |
| 14. | കരുണാപുരം | - വികാരി | 28.06.2020 |

മലബാറിന്റെ വികസനത്തിനുവേണ്ടി മുകളിൽ സൂചിപ്പിച്ചിരിക്കുന്ന പ്രദേശങ്ങളിൽ കഠിനാദ്ധ്വാനത്തിന്റെ വഴിയിലൂടെ നടന്ന ഒരു ശ്രേഷ്ഠ പുരോഹിതനാണ് ബഹു. ആനിത്താനം അച്ചൻ. സ്കൂളുകൾക്ക് ആരംഭം കുറിച്ചും പല സ്കൂൾ കെട്ടിടങ്ങൾ പണിതും വിദ്യാഭ്യാസ മേഖലയിൽ മായാത്ത അടയാളങ്ങൾ പതിപ്പിച്ച ശുശ്രൂഷയാണ് ആനിത്താനം അച്ചൻ കാഴ്ചവച്ചത്. വായാട്ടുപറമ്പ്, നെല്ലിക്കാംപൊയിൽ എന്നീ ഫൊറോനകളിൽ ഫൊറോനാ വികാരിയായി ശുശ്രൂഷ ചെയ്തു. നമ്മുടെ അതിരൂപതയെ സംബന്ധിച്ച് അന്തസുറ്റ ഒരു പുരോഹിതനെയാണ് ആനിത്താനം അച്ചനിലൂടെ ഈശോ നല്കിയത്. പൗരോഹിത്യത്തിന്റെ 50 വർഷങ്ങൾ പൂർത്തിയാക്കിയ പ്രിയപ്പെട്ട ആനിത്താനം അച്ചന് അതിരൂപതാ കുടുംബത്തിന്റെ ജൂബിലി മംഗളങ്ങൾ!!!

## ഫാ. ഫിലിപ്പ് ചേന്നാട്ട്



പാലാ രൂപതയിലെ കടപ്ലാമറ്റം ഇടവകയിൽ ചേന്നാട്ട് ജോസഫ്-അന്നമ്മ ദമ്പതികളുടെ മകനായി ബഹു. ഫിലിപ്പച്ചൻ 1947 ജൂലൈ 13-ാം തീയതി ജനിച്ചു. അച്ചന് രണ്ട് സഹോദരന്മാരും 3 സഹോദരിമാരും ഉണ്ട്. സഹോദരിമാരിൽ ഒരാൾ സന്യാസിനിയാണ്. ഇപ്പോൾ നമ്മുടെ അതിരൂപതയിൽ വെമ്പുവ ഇടവകയിലാണ് ഫിലിപ്പച്ചന്റെ കുടുംബാംഗങ്ങൾ താമസിക്കുന്നത്. 1964ൽ തലശ്ശേരി മൈനർ സെമിനാരിയിൽ ചേർന്നു. ഫിലോസഫി പഠനം വടവാതൂർ മേജർ സെമിനാരിയിലും തിയോളജി പഠനം റോമിലെ ഉർബനിയാനം കോളേജിലും നടത്തി. 1973 ജൂൺ 1-ാം തീയതി പരിശുദ്ധ പിതാവ് പോൾ ആറാമൻ മാർപാപ്പായിൽനിന്നും തിരുപ്പട്ടം സ്വീകരിച്ചു. തലശ്ശേരിക്കു കിട്ടിയ പുണ്യമാണ് ബഹു. ഫിലിപ്പച്ചൻ.

| | | | | |
|---|---|---|---|---|
| 1. | ചെമ്പേരി | - അസി. വികാരി | 10.11.1974 | - 01.05.1977 |
| 2. | താഴേകോട് | - വികാരി | 15.04.1977 | - 12.05.1984 |
| 3. | മഞ്ഞക്കടവ് | - വികാരി | 13.05.1984 | - 09.05.1987 |
| 4. | പാണത്തൂർ | - വികാരി | 10.05.1987 | - 26.04.1991 |
| 5. | പുലിക്കുരുമ്പ | - വികാരി | 27.04.1991 | - 12.05.1995 |
| 6. | ഭീമനടി | - വികാരി | 13.05.1995 | - 16.05.1999 |
| 7. | കുന്നോത്ത് | - വികാരി | 16.05.1999 | - 19.05.2002 |
| 8. | തിരുമേനി | - വികാരി | 19.05.2002 | - 20.05.2005 |
| 9. | മാലോം | - വികാരി | 21.05.2005 | - 17.05.2008 |
| 10. | പനത്തടി | - വികാരി | 18.05.2008 | - 12.05.2012 |
| 11. | മണ്ഡപം | - വികാരി | 13.05.2012 | - 16.05.2015 |
| 12. | നെല്ലിപ്പാറ | - വികാരി | 16.05.2015 | - 13.05.2018 |
| 13. | വരക്കാട് | - വികാരി | 13.05.2018 | - 14.05.2022 |
| 14. | വെള്ളക്കല്ല് | - വികാരി | 14.05.2022 | |

ബഹു. ഫിലിപ്പച്ചൻ അജപാലനമേഖലകളിൽ തനതു ശൈലി കൊണ്ട് നമ്മുടെ അതിരൂപതയെ പടുത്തുയർത്തിയ പുരോഹിതനാണ്. ഡോക്മാറ്റിക് തിയോളജിയിൽ റോമിൽനിന്നും ബിരുദം സ്വന്തമാക്കാനും ലോകപരിചയവും അനുഭവസമ്പത്തും സ്വായത്തമാക്കുവാനും ഭാഗ്യം ലഭിച്ച ആളാണ് ബഹു. ഫിലിപ്പച്ചൻ. പെരുന്തൽമണ്ണയ്ക്കടുത്ത് കരിങ്കൽത്താണിയിലെ സെന്റ് മേരീസ് ഹോസ്പിറ്റലിനു തുടക്കം കുറിച്ചത് ഫിലിപ്പച്ചനായിരുന്നു. പാണത്തൂർ, പുലിക്കുരുമ്പ, പനത്തടി ഇടവകകളിൽ പള്ളിമുറികൾ കുന്നോത്ത്, മാലോം, ഭീമനടി ഇടവകകളിൽ സ്കൂൾ കെട്ടിടങ്ങൾ ഇങ്ങനെ ഒട്ടനവധി നിർമ്മാണപ്രവർത്തനങ്ങൾ ബഹു. ഫിലിപ്പച്ചൻ നടത്തിയിട്ടുണ്ട്. നമ്മുടെ അതിരൂപതയുടെ വളർച്ചയിൽ തന്റെ ഭാഗധേയം കുറവില്ലാതെ പൂർത്തിയാക്കിയ പുരോഹിതനാണ് ബഹു. ഫിലിപ്പച്ചൻ. പൗരോഹിത്യ സ്വീകരണത്തിന്റെ 50 ആണ്ടുകൾ ആഘോഷിക്കുന്ന ഫിലിപ്പച്ചന് അതിരൂപതാ കുടുംബത്തിന്റെ അനുമോദനങ്ങൾ!!!

## ഫാ. മാത്യു മണിമലത്തറപ്പേൽ



പാലാ രൂപതയിലെ മരങ്ങാട്ടുപ്പള്ളി ഇടവകയിൽ ജോസഫ്-ഏലിയാമ്മ ദമ്പതികളുടെ മകനായി 1947 സെപ്റ്റംബർ 18-ാം തീയതി ബഹു. മാത്യു അച്ചൻ ജനിച്ചു. തലശ്ശേരി മൈനർ സെമിനാരിയിലും തുടർന്ന് ആലുവ മേജർ സെമിനാരിയിലും വൈദിക പഠനം പൂർത്തിയാക്കി. അഭിവന്ദ്യ വള്ളോപ്പിള്ളി പിതാവിൽനിന്നും 1972 ഡിസംബർ 19-ാം തീയതി തിരുപ്പട്ടം സ്വീകരിച്ചു. ആലുവ പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽനിന്നും M.Th പഠനവും പൂർത്തിയാക്കി.

| | | | | |
|---|---|---|---|---|
| 1. | കണ്ണോത്ത് | - അസി. വികാരി | 10.10.1974 | - 10.10.1974 |
| 2. | എടൂർ | - അസി. വികാരി | 02.05.1976 | - 15.05.1977 |

| | | | | |
|---|---|---|---|---|
| 3. | ചെമ്പേരി | - അസി. വികാരി | 15.05.1977 | - 27.08.1977 |
| 4. | ചെറുപാറ-കാര്യപ്പള്ളി | - വികാരി | 28.08.1977 | - 16.04.1983 |
| 5. | പനത്തടി | - വികാരി | 17.04.1983 | - 19.05.1989 |
| 6. | മണ്ഡപം | - വികാരി | 20.05.1989 | - 12.05.1990 |
| 7. | വെള്ളരിക്കുണ്ട് | - വികാരി | 13.05.1990 | - 07.05.1993 |
| 8. | ചരൾ | - വികാരി | 08.05.1993 | - 18.05.1997 |
| 9. | കല്യാൺ | - വികാരി | 01.02.1998 | - 21.03.2003 |
| 10. | കീഴ്പ്പള്ളി | - വികാരി | 22.03.2003 | - 10.05.2003 |
| 11. | തളിപ്പറമ്പ് | - വികാരി | 11.05.2003 | - 13.05.2006 |
| 12. | പുളിങ്ങോം | - വികാരി | 14.05.2006 | - 23.05.2009 |
| 13. | മാങ്ങോട് | - വികാരി | 24.05.2009 | - 18.05.2013 |
| 14. | മണിക്കടവ് | - വികാരി | 19.05.2013 | - 14.05.2017 |
| 15. | മേരിഗിരി | - വികാരി | 13.05.2018 | - 14.05.2022 |
| 16. | ശാന്തിഭവൻ-കരുവഞ്ചാൽ | | 14.05.2022 | |

ചെറുപാറ, കാര്യപ്പള്ളി പ്രദേശത്തുള്ള ജനമനസ്സുകളിൽ വികസനനായകനായി മാത്യു അച്ചൻ തിളങ്ങി നില്ക്കുന്നു. ചെറുപാറയിൽ പള്ളിമുറി, സൺഡേ സ്കൂൾ കെട്ടിടം, ചെറുപാറ തട്ടുമ്മൽ റോഡിന്റെ നിർമ്മാണവും പയ്യന്നൂർ-ചെറുപാറ ബസ് റൂട്ട് തുറന്നതും കാര്യപ്പള്ളിയിൽ പള്ളിമുറി നിർമ്മിച്ചതും മാത്യു അച്ചനാണ്. പനത്തടിയിലും, വെള്ളരിക്കുണ്ടിലും അടോട്ടുകയത്തിലും അച്ചൻ നടത്തിയ നിർമ്മാണപ്രവർത്തനങ്ങൾ ഈ പ്രദേശങ്ങളുടെ വളർച്ചക്ക് നിർണ്ണായകമായ ഘടകങ്ങളായിരുന്നു. സീറോ മലബാർ സഭയുടെ മിഷൻ രൂപതയായി കല്യാൺ രൂപതയുടെ വളർച്ചക്ക് തലശ്ശേരി നല്കിയ സമ്മാനമായിരുന്നു ബഹു. മാത്യു അച്ചന്റെ കല്യാൺ രൂപതയിലെ പ്രവർത്തനങ്ങൾ. മേരിഗിരി ഫൊറോനാ വികാരിയായി ശേഷ്ഠമായ ശുശ്രൂഷക്ക് ശേഷം വിശ്രമജീവിതത്തിനായി കരുവഞ്ചാലിലെ ശാന്തി ഭവനിലേക്ക് ബഹു. മാത്യു അച്ചൻ മാറി. കഠിനാദ്ധ്വാനം മുഖമുദ്രയാക്കിയ ഒരു ജീവിതശൈലിയായിരുന്ന മാത്യു അച്ചന്റേത്. പൗരോഹിത്യത്തിന്റെ 50 വർഷങ്ങൾ അഭിമാനത്തോടെ അച്ചന് ഓർമ്മിക്കാം. അതിരൂപത കുടുംബത്തിന്റെ ജൂബിലി മംഗളങ്ങൾ!!

## ഫാ. പോൾ മൂഞ്ഞേലി



കോതമംഗലം രൂപതയിലെ നടവക്കാട് ഇടവകയിൽ 1947 ഒക്ടോബർ 7-ാം തീയതി മൂഞ്ഞേലി വർക്കി-ഏലി ദമ്പതികളുടെ മകനായി ജനിച്ചു. പോളച്ചന് അഞ്ച് സഹോദരങ്ങളുണ്ട്. 1964ൽ തലശ്ശേരി മൈനർ സെമിനാരിയിൽ ചേർന്ന് വടവാതൂർ സെന്റ് തോമസ് മേജർ സെമിനാരിയിൽ വൈദിക പരിശീലനം പൂർത്തിയാക്കി 1972 ഡിസംബർ 20-ാം തീയതി തലശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽവച്ച് അഭിവന്ദ്യ വള്ളോപ്പിള്ളി പിതാവിൽ നിന്നു തിരുപ്പട്ടം സ്വീകരിച്ചു.

| | | | |
|---|---|---|---|
| 1. | നടവയൽ | - അസി. വികാരി | 1973 - 1974 |
| 2. | ചെമ്പേരി | - അസി. വികാരി | മെയ് 1974 - നവം. 1974 |
| 3. | കൊട്ടോടി, പനത്തടി, പാണത്തൂർ, പടിമരുത് | - വികാരി | നവം. 1974 - ഏപ്രിൽ 1978 |
| 4. | ഗണ്ഡിബാഗ് | - വികാരി | ഏപ്രിൽ 1978 - മെയ് 1981 |
| 5. | മണിപ്പാറ | - വികാരി | ജൂൺ 1981 - മെയ് 1984 |
| 6. | പൂവാരൻതോട് | - വികാരി | മെയ് 1984 - മെയ് 1985 |
| 7. | ചെടിക്കുളം | - വികാരി | മെയ് 1985 - ഒക്ടോ. 1988 |
| 8. | പെരുമ്പന്ന | - വികാരി | ഒക്ടോ. 1988 - മെയ് 1992 |
| 9. | പുറവയൽ | - വികാരി | മെയ് 1992 - മെയ് 1996 |
| 10. | കുന്നുംകൈ | - വികാരി | 04.05.1996 - 15.05.1999 |
| 11. | ചെറുപാറ | - വികാരി | 16.05.1999 - 22.05.2004 |
| 12. | വിജയഗിരി | - വികാരി | 23.05.2004 - 21.05.2005 |
| 13. | കണ്ണിവയൽ | - വികാരി | 22.05.2005 - 17.05.2008 |
| 14. | കൊന്നക്കാട് | - വികാരി | 18.05.2008 - 14.05.2011 |
| 15. | വെമ്പുവ | - വികാരി | 15.05.2011 - 16.05.2014 |
| 16. | പുലിക്കുരുമ്പ | - വികാരി | 17.05.2014 - 14.05.2017 |
| 17. | എണ്ണപ്പാറ | - വികാരി | 14.05.2017 - 11.05.2019 |
| 18. | ചേപ്പറമ്പ | - വികാരി | 12.05.2019 - 12.06.2021 |

ഈശോയുടെ കരുണാദ്രസ്നേഹം കൈമുതലാക്കിയ പുരോഹിതജീവിതമാണ് ബഹു. പോളച്ചന്റേത്. ശാന്തതയുടെ ആൾരൂപമാണ് മുഞ്ഞേലിൽ അച്ചൻ. ഒരു ഇളംതെന്നൽപോലെയാണ് പോളച്ചന്റെ സാന്നിധ്യം. ബഹു. പോളച്ചൻ ശുശ്രൂഷ ചെയ്ത ഇടവകകളിൽ നടത്തിയ പ്രവർത്തനങ്ങൾ മലബാറിന്റെ മുതൽക്കൂട്ടായി. രോഗാവസ്ഥയുടെ ചില ബുദ്ധിമുട്ടുകൾ പോളച്ചനെ തേടി വന്നപ്പോഴും ചെറുപുഞ്ചിരിയോടെയാണ് പോളച്ചൻ അതിനെ സ്വീകരിച്ചത്. വിശ്രമജീവിതം നയിക്കുന്ന പോളച്ചന് കഴിഞ്ഞ 50 വർഷങ്ങളിലെ ശ്രേഷ്ഠമായ പൗരോഹിത്യ ശുശ്രൂഷയുടെ ഓർമ്മകളുടെ സമൃദ്ധി ഉണ്ടെന്ന് വ്യക്തമാണ്. പ്രിയപ്പെട്ട പോളച്ചന് അതിരൂപത കുടുംബത്തിന്റെ ജൂബിലി മംഗളങ്ങൾ!!!

## ഫാ. അബ്രാഹം പോണാട്ട്



പാലാ രൂപതയിലെ മേലുകാവുമറ്റം ഇടവകയിലെ പോണാട്ട് ജോസഫ്-ഏലിക്കുട്ടി ദമ്പതികളുടെ മകനായി 1945 ഫെബ്രുവരി 14-ാം തീയതി ബഹു. പോണാട്ടച്ചൻ ജനിച്ചു. 1963ൽ തലശ്ശേരി മൈനർ സെമിനാരിയിൽ ചേർന്ന് ആലുവ സെന്റ് ജോസഫ് സെമിനാരിയിൽ വൈദികപരിശീലനം പൂർത്തിയാക്കി 1972 ഡിസംബർ 20-ാം തീയതി അഭിവന്ദ്യ വള്ളോപ്പിള്ളി പിതാവിൽനിന്നും തിരുപ്പട്ടം സ്വീകരിച്ചു.

| | | | |
|---|---|---|---|
| 1. അഭി. വള്ളോപ്പിള്ളി പിതാവിന്റെ സെക്രട്ടറി | | - 10.10.1974 | - 30.10.1979 |
| 2. ഡയറക്ടർ ഫാമിലി അപ്പൊസ്റ്റൊലേറ്റ് | | - 03.05.1975 | - 30.10.1979 |
| 3. പുതുപ്പാടി, മൈലാടുംപാറ | - വികാരി | - 01.11.1979 | - 30.04.1983 |
| 4. സന്ദേശഭവൻ | - അസി. ഡയറക്ടർ | - 01.05.1983 | - 09.05.1992 |
| 5. മിഷൻലീഗ് | - ഡയറക്ടർ | - 05.05.1983 | - 05.05.1993 |
| 6. യൂത്ത് അപ്പൊസ്റ്റൊലേറ്റ് | - ഡയറക്ടർ | - 15.08.1985 | - 27.04.1991 |
| 7. ഫാമിലി അപ്പൊസ്റ്റൊലേറ്റ് | - ,, | - മെയ് 1985 | - 09.05.1992 |
| 8. ട്രൈബ്യൂണൽ നോട്ടറി | | - ഡിസം. 1977 | - 01.08.1993 |
| 9. പെരുമ്പുന്ന | - വികാരി | - 09.05.1992 | - 15.05.1997 |
| 10. ചാൻസലർ | | - 15.06.1997 | - 23.05.2004 |
| 11. കരുവഞ്ചാൽ ഹോസ്പിറ്റൽ & ശാന്തിഭവൻ ഡയറക്ടർ | | - 23.05.2004 | - 17.05.2008 |
| 12. പേരാവൂർ | - വികാരി | - 18.05.2008 | - 12.05.2012 |
| 13. വികാരി ജനറാൾ | | - 13.05.2012 | |
| പ്രൊട്ടോ സിഞ്ചെല്ലൂസ് | | - 31.12.2013 | - 14.05.2017 |
| 14. തളിപ്പറമ്പ | - വികാരി | - 14.05.2017 | - 14.05.2022 |
| 15. ഉന്മറപ്പൊയിൽ | - വികാരി | - 14.05.2022 | |

അതിരൂപതാ കേന്ദ്രവുമായി ബന്ധപ്പെട്ട ദീർഘകാലത്തെ ശുശ്രൂഷക്ക് അവസരം ലഭിച്ച ആളാണ് ബഹു. പോണാട്ടച്ചൻ. നമ്മുടെ അതിരൂപതയെ വളരെ അടുത്തറിഞ്ഞ അഭിവന്ദ്യ പിതാക്കന്മാരോട് ഏറ്റവും അടുത്ത് പ്രവർത്തിച്ച ശ്രേഷ്ഠമായ പൗരോഹിത്യ ജീവിതമായിരുന്നു അച്ചന്റേത്. പോണാട്ടച്ചന്റെ ശുശ്രൂഷാമേഖലകൾ ഏറെ വൈവിധ്യങ്ങൾ നിറഞ്ഞതായിരുന്നു. അതിരൂപതയുടെ വളർച്ചയിൽ വിസ്മരിക്കാനാവാത്ത സംഭാവനകൾ പോണാട്ടച്ചൻ നല്കിയിട്ടുണ്ട്. ഫാമിലി, യൂത്ത്, മിഷൻലീഗ് തുടങ്ങിയ അപ്പൊസ്റ്റൊലേറ്റുകളുടെ വളർച്ചയുടെ ആദ്യനാളുകളിൽ പോണാട്ടച്ചന്റെ കഠിനാദ്ധ്വാനവും ദീർഘവീക്ഷണവും വളരെ സഹായകമായിട്ടുണ്ട്. ചാൻസലർ, പ്രോട്ടോ സിഞ്ചെല്ലൂസ് തുടങ്ങിയ പ്രധാനപ്പെട്ട ഉത്തരവാദിത്വങ്ങൾ ഏറ്റവും മാതൃകാപരമായി നിർവ്വഹിച്ച പുരോഹിതനാണ് ബഹു. പോണാട്ടച്ചൻ. സമാനതകളില്ലാത്ത ശുശ്രൂഷാമേഖലകളിലൂടെയാണ് ബഹു. പോണാട്ടച്ചൻ കഴിഞ്ഞ 50 വർഷങ്ങൾ പിന്നിട്ടത്. പൗരോഹിത്യത്തിന്റെ ഗോൾഡൻ ജൂബിലി നിറവിൽ നിൽക്കുന്ന പ്രിയപ്പെട്ട പോണാട്ടച്ചന് അതിരൂപത കുടുംബത്തിന്റെ ജൂബിലി മംഗളങ്ങൾ!!!



## ഫാ. ജോസഫ് കൊരട്ടിപ്പറമ്പിൽ

പാലാ രൂപതയിലെ പൈങ്ങുളം ഇടവകയിൽ കൊരട്ടിപറമ്പിൽ ഔസേപ്പ്-മറിയം ദമ്പതികളുടെ മകനായി 1947 സെപ്റ്റംബർ 29-ാം തീയതി ബഹു. ജോസഫ് അച്ചൻ ജനിച്ചു. രണ്ട് സഹോദരന്മാരാണ് അച്ചനുള്ളത്. ഇപ്പോൾ പൈസക്കരി ഇടവകയിലാണ് അച്ചന്റെ കുടുംബാംഗ

ങ്ങൾ താമസിക്കുന്നത്. 1964ൽ തലശ്ശേരി മൈനർ സെമിനാരിയിൽ ചേർന്ന് ആലുവ പൊന്തിഫിക്കൽ സെമിനാരിയിൽ മേജർ സെമിനാരിയിൽ പരിശീലനം പൂർത്തിയാക്കി 1972 ഡിസംബർ 23-ാം തീയതി അഭിവന്ദ്യ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിൽനിന്നും തിരുപ്പട്ടം സ്വീകരിച്ചു.

| | | | |
|---|---|---|---|
| 1. | കൂരാച്ചുണ്ട് | അസി. വികാരി | 1973 - 1974 |
| 2. | ജഡ്ക്കൽ | വികാരി | 1974 - 1976 |
| 3. | ആലക്കോട് | അസി. വികാരി | 1976 - 1977 |
| 4. | പൊട്ടൻപ്ലാവ് | വികാരി | 1977 - 1980 |
| 5. | മാടത്തിൽ | വികാരി | 1980 - 1981 |
| 6. | പന്തല്ലൂർ | വികാരി | 1981 - 1984 |
| 7. | മണ്ഡപം | വികാരി | 1984 - 1989 |
| 8. | പനത്തടി | വികാരി | 1989 - 1993 |
| 9. | കുന്നോത്ത് | വികാരി | 1973 - 1974 |
| 10. | മാട്ടറ | വികാരി | 18.05.1997 - 19.05.2001 |
| 11. | രയറോം | വികാരി | 20.05.2001 - 22.05.2004 |
| 12. | ഉദയഗിരി | വികാരി | 23.05.2004 - 17.05.2008 |
| 13. | വെമ്പുവ | വികാരി | 18.05.2008 - 27.06.2011 |
| 14. | അൽഫോൻസാഗിരി | വികാരി | 15.05.2011 - 12.05.2012 |
| 15. | കച്ചേരിക്കടവ് | വികാരി | 13.05.2012 - 16.05.2015 |
| 16. | ചുണ്ടപ്പറമ്പ് | വികാരി | 17.05.2015 - 13.05.2018 |
| 17. | പടിയൂർ | വികാരി | 13.05.2018 - 27.06.2020 |
| 18. | ശാന്തിഭവൻ | | 28.06.2020 |

നല്ലിടയനായി ദൈവജനത്തിന്റെ ഹൃദയത്തിൽ ഇടം പിടിച്ച പുരോഹിത ജീവിതമാണ് ബഹു. കൊരട്ടിപ്പറമ്പിലച്ചന്റേത്. ശാന്തത മുഖമുദ്രയാക്കി, ആഴമായ പൗരോഹിത്യ ബോധ്യങ്ങളോടെ മലബാറിന്റെ വളർച്ചയ്ക്കു അത്യദ്ധ്വാനം ചെയ്ത പുരോഹിതഗണത്തിൽ മുൻപന്തിയിലാണ് ബഹു. കൊരട്ടിപ്പറമ്പിലച്ചന്റെ സ്ഥാനം. താൻ ശുശ്രൂഷ ചെയ്ത ഇടവകകളിലെല്ലാം ദൈവജനത്തിന്റെ ഹൃദയത്തിൽ ജീവിച്ച, അവരുടെ സങ്കടങ്ങളിൽ കൂടെ നിന്ന ഉന്നതമായ പൗരോഹിത്യ ശുശ്രൂഷ ബഹു. ജോസഫ് അച്ചൻ അതിരൂപതക്ക് സമ്മാനിച്ചു. പൗരോഹിത്യ സ്വീകരണത്തിന്റെ 50 വർഷങ്ങൾ സന്തോഷത്തോടെ ഓർമ്മിക്കുന്ന ഞങ്ങളുടെ പ്രിയപ്പെട്ട കൊരട്ടിപറമ്പിലച്ചന് ജൂബിലി മംഗളങ്ങൾ!!!



## ഫാ. ജേക്കബ് പുളിക്കക്കുന്നേൽ

കാഞ്ഞിരപ്പള്ളി രൂപതയിലെ ആനിക്കാട് ഇടവകയിൽ പുളിക്കക്കുന്നേൽ അബ്രാഹം-ഏലിക്കുട്ടി ദമ്പതികളുടെ മകനായി 1943 ജൂൺ മാസം 27-ാം തീയതി ബഹു. പുളിക്കക്കുന്നേലച്ചൻ ജനിച്ചു. അച്ചന് 4 സഹോദരന്മാരും 2 സഹോദരിമാരുമുണ്ട്. തലശ്ശേരി മൈനർ സെമിനാരിയിലും

വടവാതൂർ മേജർ സെമിനാരിയിലുമായി വൈദികപരിശീലനം പൂർത്തിയാക്കി 1972 ഡിസംബർ 21-ാം തീയതി അഭിവന്ദ്യ വള്ളോപ്പിള്ളി പിതാവിൽനിന്നും തിരുപ്പട്ടം സ്വീകരിച്ചു. ഇപ്പോൾ അങ്ങാടിക്കടവ് ഇടവകയിലാണ് അച്ചന്റെ കുടുംബാംഗങ്ങൾ താമസിക്കുന്നത്.

| | | | | |
|---|---|---|---|---|
| 1. | കോടഞ്ചേരി | അസി. വികാരി | 15.04.1973 | - 31.07.1973 |
| 2. | കണ്ണിവയൽ | വികാരി | 01.08.1973 | - 30.04.1978 |
| 3. | മണിപ്പാറ | വികാരി | 01.05.1978 | - 10.05.1981 |
| 4. | കരുവാരക്കുണ്ട് | വികാരി | 10.05.1981 | - 06.05.1984 |
| | പാത്തിരിക്കോട് | വികാരി | 10.05.1981 | - 05.01.1984 |
| 5. | കാപ്പിമല | വികാരി | 06.05.1984 | - 05.01.1985 |
| 6. | പുലിക്കുരുമ്പ, മണ്ടളം | വികാരി | 05.01.1985 | - 15.05.1988 |
| 7. | തടിക്കടവ് | വികാരി | 15.05.1985 | - 19.05.1989 |
| 8. | ധർമ്മസ്ഥല | വികാരി | 20.05.1989 | - 12.05.1990 |
| 9. | ബോൾമിനാർ | വികാരി | 22.05.1989 | - 12.05.1990 |
| 10. | കുന്നുംകൈ, ബെഡൂർ | വികാരി | 13.05.1990 | - 08.05.1993 |
| 11. | തിരുമേനി | വികാരി | 08.05.1993 | - 01.08.1998 |
| 12. | നെടുംപുറഞ്ചാൽ | വികാരി | 02.08.1998 | - 15.05.1999 |
| 13. | വിമലഗിരി (പരപ്പ) | വികാരി | 16.05.1999 | - 20.05.2000 |
| 14. | വിളക്കന്നൂർ | വികാരി | 21.05.2000 | - 10.05.2003 |
| 15. | പടുപ്പ് | വികാരി | 11.05.2003 | - 21.05.2005 |
| 16. | കല്ലുവയൽ | വികാരി | 22.05.2005 | - 17.05.2008 |
| 17. | തയ്യേനി | വികാരി | 15.05.2008 | - 14.05.2011 |
| 18. | കൊളക്കാട് | വികാരി | 10.05.2011 | - 06.05.2014 |
| 19. | രത്നഗിരി | വികാരി | 17.05.2014 | - 14.05.2017 |
| 20. | പെരുമ്പുന്ന, മേല്മുരിങ്ങോടി | വികാരി | 14.05.2017 | - 27.06.2020 |
| 21. | പെരങ്ങാല | വികാരി | 28.06.2020 | |

തലശ്ശേരി അതിരൂപതയുടെ വളർച്ചയുടെ ആദ്യകാലഘട്ടങ്ങളിൽ അസൗകര്യങ്ങളുടെ നടുവിൽ ത്യാഗോജ്ജ്വലമായ ജീവിതം നയിച്ച പുരോഹിതനാണ് ബഹു. പുളിക്കക്കുന്നേലച്ചൻ. കണ്ണിവയലിലെ ആദ്യത്തെ ദൈവാലയം, പുലിക്കുരുമ്പയിൽ ഹൈസ്കൂൾ കെട്ടിടം, തടിക്കടവിൽ ദൈവാലയമുഖവാരം, തിരുമേനി ദൈവാലയം, വിളക്കന്നൂരിൽ വൈദികമന്ദിരം, തയ്യേനിയിൽ പാരീഷ്ഹാൾ രണ്ടാംനില, കൊളക്കാട് പള്ളിമുറി ഇപ്രകാരം ധാരാളം നിർമ്മാണ പ്രവർത്തനങ്ങൾ ബഹു. പുളിക്കക്കുന്നേലച്ചൻ നടത്തിയിട്ടുണ്ട്. കഠിനാദ്ധ്വാനത്തിന്റെയും ആത്മാർപ്പണത്തിന്റെയും പുരോഹിതജീവിതമാണ് ബഹു. പുളിക്കക്കുന്നേലച്ചൻ നമ്മുടെ അതിരൂപതക്കു സമ്മാനിച്ചത്. പ്രിയപ്പെട്ട ജേക്കബ് അച്ചന് പൗരോഹിത്യ സ്വീകരണത്തിന്റെ ജൂബിലി മംഗളങ്ങൾ!!!

## ഫാ. തോമസ് തൈക്കുന്നുംപുറം



മാനന്തവാടി രൂപതാംഗമായ തൈക്കുന്നുംപുറം തോമസച്ചൻ പാലാ രൂപതയിലെ കൊഴുവനാൽ ഇടവകയിൽ തൈക്കുന്നുംപുറം തോമസ്-റോസ ദമ്പതികളുടെ മകനായി 1947 ഡിസംബർ മാസം 12-ാം തീയതി ജനിച്ചു. തലശ്ശേരി മൈനർ സെമിനാരിയിലും ആലുവ പൊന്തിഫിക്കൽ സെമിനാരിയിൽനിന്ന് വൈദികപരിശീലനവും പൂർത്തിയാക്കി. 1972 ഡിസംബർ 21ന് അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിൽ നിന്നും വൈദികപട്ടം സ്വീകരിച്ചു. അതിനുശേഷം എടൂർ ഇടവകയിൽ അസിസ്റ്റന്റ് വികാരിയായും പിന്നീട് കൊല്ലൂർ, മംഗളം, പാറത്തോട്ടം, ചെന്നലോട്, വാഴവറ്റ, ആടിക്കൊല്ലി, പുതുശ്ശേരിക്കടവ്, തെനേരി, ആറാട്ടുതറ, ബത്തേരി, പടമല, കേണിച്ചിറ, മരക്കടവ്, ഒണ്ടയങ്ങാടി എന്നീ ഇടവകകളുടെ വികാരിയായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. രൂപതയുടെ സിഞ്ചെല്ലൂസ് ആയും രൂപതാ ആലോചനാസമിതി അംഗമായും ബോയ്സ് ടൗൺ, തരിയോട് റീജിയൺ പ്രോജക്ട്, സെന്റ് ജോസഫ് ഹോസ്പിറ്റൽ, വിയാനി ഭവൻ എന്നിവിടങ്ങളിൽ ഡയറക്ടറായും തോമസൻ സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഇപ്പോൾ ചുള്ളിയോട് ഇടവകയിൽ വികാരിയായി സേവനമനുഷ്ഠിച്ചു വരുന്നു.

അജഗണങ്ങളോട് ഒപ്പം സഞ്ചരിച്ച് അവർക്ക് ശരിയായ ദിശാബോധം നല്കുന്ന ഇടയൻ എന്ന് എല്ലാവരും ഒരേ സ്വരത്തിൽ പറയുന്ന വ്യക്തിത്വമാണ് അച്ചന്റേത്. ആത്മീയകാര്യങ്ങളിൽ എന്നതുപോലെ സമൂഹത്തിന്റെ ഭൗതിക ഉന്നമനത്തിനുവേണ്ടി നിരവധി സേവനമേഖലകളിൽ അച്ചൻ നിറസാന്നിദ്ധ്യമാണ്. Andheri Hilfe Sisuskhema-ലൂടെ അച്ചൻ ചെയ്ത കാര്യങ്ങൾ സാമൂഹിക ഉന്നമനത്തിന് ഏറെ സഹായിച്ചിട്ടുണ്ട്. ഇടവകയിലെ കുടുംബങ്ങളെ സാമൂഹിക പ്രതിബദ്ധത ഉള്ളവരാക്കിത്തീർക്കാൻ അച്ചൻ എപ്പോഴും ശ്രദ്ധിക്കാറുണ്ട്. അവിഭക്ത തലശ്ശേരി അതിരൂപതയിൽ ശ്രേഷ്ഠമായ പുരോഹിത ശുശ്രൂഷ നിർവ്വഹിച്ച വിശിഷ്ട വ്യക്തിത്വമാണ് ബഹു. തൈക്കുന്നുംപുറത്തച്ചൻ. ബഹു. അച്ചന് തലശ്ശേരി അതിരൂപത കുടുംബത്തിന്റെ ജൂബിലി മംഗളങ്ങൾ!!!

## ഫാ. ജോസഫ് വള്ളോപ്പിള്ളിൽ



മാനന്തവാടി രൂപതാംഗമായ വള്ളോപ്പിള്ളിൽ ജോസഫച്ചൻ പാലാ രൂപതയിലെ കുടുക്കച്ചിറ ഇടവകയിൽ വള്ളോപ്പിള്ളിൽ വർക്കി-റോസ ദമ്പതികളുടെ മകനായി 1945 ജനുവരി മാസം 19-ാം തീയതി ജനിച്ചു. വിദ്യാഭ്യാസത്തിനുശേഷം പാലാ സെന്റ് തോമസ് കോളേജിൽ നിന്ന് ഡിഗ്രി ബിരുദവും പൂർത്തിയാക്കി വൈദിക പരിശീലനത്തിനായി തലശ്ശേരി മൈനർ സെമിനാരിയിൽ ചേർന്നു. ബംഗ്ലൂർ

പൊന്തിഫിക്കൽ സെമിനാരിയിൽ നിന്ന് ഫിലോസഫിയും റോമിലെ ഉർബാനിയാന പൊന്തിഫിക്കൽ യൂണിവേഴ്സിറ്റിയിൽനിന്ന് തിയോളജിയും ധാർമ്മികദൈവശാസ്ത്രത്തിൽ ഉന്നതബിരുദവും നേടി. 1973 ജനുവരി 6ന് റോമിലെ സെന്റ് പീറ്റേഴ്സ് ബസിലിക്കയിൽ വച്ച് വിശുദ്ധ പോൾ ആറമൻ മാർപാപ്പായിൽനിന്നും വൈദികപട്ടം സ്വീകരിച്ചു. അതിനുശേഷം ബത്തേരി ഇടവകയിൽ അസിസ്റ്റന്റ് വികാരിയായും, മൈനർ സെമിനാരിയുടെ ആത്മീയ പിതാവ് ആയും കൊമ്മയാട്, പയ്യംമ്പള്ളി, ശിശുമല, കോട്ടത്തറ, തലഞ്ഞി, പുത്തൂർവയൽ, തൃശ്ശിലേരി, കമ്മന, കൊളവയൽ, നെല്ലിയോടി എന്നീ ഇടവകകളുടെ വികാരിയായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഇപ്പോൾ വിയാനിഭവനിൽ വിശ്രമജീവിതം നയിക്കുന്നു.

അവിഭക്ത തലശ്ശേരി അതിരൂപതയിൽ ബഹു. ജോസഫ് അച്ചൻ ചെയ്ത സേവനങ്ങൾ നിസ്തുലങ്ങളാണ്. പൗരോഹിത്യത്തിന്റെ ഗോൾഡൻ ജൂബിലി ആഘോഷിക്കുന്ന പ്രിയപ്പെട്ട ജോസഫച്ചന് തലശ്ശേരി അതിരൂപത കുടുംബത്തിന്റെ മംഗളങ്ങൾ!!!



## ഫാ. സെബാസ്റ്റ്യൻ വടക്കേൽ

1946 മെയ് മാസം 4-ാം തീയതിയാണ് ബഹു. സെബാസ്റ്റ്യൻ അച്ചൻ ജനിച്ചത്. തലശ്ശേരി മൈനർ സെമിനാരിയിൽ ചേരുകയും വൈദികപരിശീനം പൂർത്തിയാക്കി 1972 ഡിസംബർ മാസം 18-ാം തീയതി അഭിവന്ദ്യ വള്ളോപ്പിള്ളി പിതാവിൽനിന്നും തിരുപ്പട്ടം സ്വീകരിച്ചു.

| | | | |
|---|---|---|---|
| 1. | കണിച്ചാർ | - അസി. വികാരി | 1973 - 1974 |
| 2. | ആലക്കോട് | - അസി. വികാരി | 1974 - 1975 |
| 3. | കൂടരഞ്ഞി | - അസി. വികാരി | 1975 - 1976 |
| 4. | പൂവാരംതോട് | - വികാരി | 1976 - 1978 |
| 5. | കൽക്കുണ്ട് | - വികാരി | 1978 - 1984 |
| 6. | വെറ്റിലപ്പാറ | - വികാരി | 1984 - 1986 |
| 7. | താഴേക്കോട് | - വികാരി | 1986 - 1987 |
| 8. | കുളിരുമുണ്ടി+മഞ്ഞക്കടവ് | - വികാരി | 1987 - 1991 |
| 9. | പൂവാരംതോട് | - ഇൻചാർജ് | 1989 |
| 10. | ചാപ്പൻതോട്ടം | - വികാരി | 1991 - 1995 |
| 11. | പെരുവണ്ണാമൂഴി | - വികാരി | 1995 - 1999 |
| 12. | കരിയത്തുംപാറ | - വികാരി | 1999 - 2002 |
| 13. | പടത്തുകടവ് | - വികാരി | 2002 - 2005 |
| 14. | സാവന്തവാടി (എസ്റ്റേറ്റ്) | ഡയറക്ടർ | 2005 - 2006 |
| 15. | മൈലേള്ളാംപാറ | - വികാരി | 2006 - 2009 |
| 16. | കല്ലാനോട് | - വികാരി | 2009 - 2012 |
| 17. | ആനിക്കാംപൊയിൽ | - വികാരി | 2012 - 2015 |

| | | | |
|---|---|---|---|
| 18. | മലാപ്പറമ്പ | - വികാരി | 2015 - 2018 |
| 19. | മാവൂർ | - വികാരി | 2018 - 2021 |
| 20. | തിരൂർ | - വികാരി | 2020 - 2021 |

താമരശ്ശേരി രൂപതാംഗമായ ബഹു. സെബാസ്റ്റ്യൻ വടക്കേൽ അച്ചൻ തന്റെ പൗരോഹിത്യ സ്വീകരണത്തിന്റെ 50 വർഷങ്ങൾ പൂർത്തിയാക്കിയിരിക്കുന്നു. തലശ്ശേരി അതിരൂപതയിലെ കണിച്ചാർ, ആലക്കോട് ഇടവകകളിൽ ബഹു. അച്ചൻ സേവനം ചെയ്തിട്ടുണ്ട്. പൗരോഹിത്യത്തിന്റെ ഗോൾഡൻ ജൂബിലി ആഘോഷിക്കുന്ന പ്രിയപ്പെട്ട ജോസഫച്ചന് തലശ്ശേരി അതിരൂപത കുടുംബത്തിന്റെ മംഗളങ്ങൾ!!!

## സിൽവർ ജൂബിലി

## ആർച്ചുബിഷപ്പ് മാർ ജോസഫ് പാംപ്ലാനി



ചരൾ ഇടവകയിൽ പാംപ്ലാനി തോമസ് - മേരി ദമ്പതികളുടെ മകനായി 1969 ഡിസംബർ 3-ാം തീയതി അഭിവന്ദ്യ പാംപ്ലാനി പിതാവ് ജനിച്ചു. മൂന്നു സഹോദരന്മാരും മൂന്നു സഹോദരിമാരും പിതാവിനുണ്ട്. തലശ്ശേരി മൈനർ സെമിനാരിയിലും ആലുവ പൊന്തിഫിക്കൽ സെമിനാരിയിലും വൈദിക പരിശീലനം പൂർത്തിയാക്കി 1997 ഡിസംബർ 30-ാം തീയതി അഭിവന്ദ്യ വലിയമറ്റം പിതാവിൽ നിന്നും തിരുപ്പട്ടം സ്വീകരിച്ചു.

| | | | |
|---|---|---|---|
| 1. | പേരാവൂർ | അസി. വികാരി | 01.02.1998 - 06.02.1999 |
| 2. | ദീപഗിരി | വികാരി | 07.02.1999 - 15.09.2001 |
| 3. | ബെൽജിയം | ഉപരിപഠനം | 2001 - 2006 |
| 4. | ബൈബിൾ അപ്പസ്റ്റോലേറ്റ് | ഡയറക്ടർ | 2006 |
| 5. | ആൽഫ ഇൻസ്റ്റിറ്റ്യൂട്ട് | ഡയറക്ടർ | 2007 |
| 6. | വികാരി ജനറാൾ | | 14.05.2017 |
| 7. | സഹായമെത്രാൻ & പ്രോട്ടോ സിഞ്ചെല്ലൂസ് | | 18.11.2017 |
| 8. | ആർച്ചുബിഷപ്പ് | | 20.04.2022 |

തലശ്ശേരി അതിരൂപതയ്ക്കു ദൈവം നല്കിയ ഏറ്റവും വിശിഷ്ടമായ സമ്മാനമാണ് അഭിവന്ദ്യ പാംപ്ലാനി പിതാവിന്റെ പൗരോഹിത്യജീവിതം. മലബാറിലെ സുറിയാനി സഭയുടെ വളർച്ചയുടെ ഏറ്റവും നിർണ്ണായകഘട്ടത്തിലാണ് നമ്മുടെ അതിരൂപതയുടെ അമരക്കാരനായി പാംപ്ലാനിപിതാവിനെ ദൈവം നിയോഗിക്കുന്നത്. വിജ്ഞാനത്തിന്റെയും ആത്മീയതയുടെയും സവിശേഷമായ നിറവ് അഭിവന്ദ്യ പിതാവിനു ദൈവം നല്കി. നലംതികഞ്ഞ ദൈവശാസ്ത്രജ്ഞൻ, ബൈബിൾ പണ്ഡിതൻ, അനുഗ്രഹീത ധ്യാനഗുരു എന്നീ നിലകളിൽ കേരളകത്തോലിക്കാസഭയ്ക്കും ഭാരതസഭയ്ക്കും അഭിമാനമാണ് നമ്മുടെ പിതാവ്.

യോഹന്നാന്റെ സുവിശേഷത്തിലെ ശിഷ്യത്വം (യോഹ 20:24-29) ആയിരുന്നു പിതാവിന്റെ പ്രബന്ധവിഷയം. ജർമ്മൻ, ഹീബ്രു, ഗ്രീക്ക്, ഇംഗ്ലീഷ് ഭാഷകളിലെ നൈപുണ്യം പിതാവ് സ്വന്തമാക്കിയിട്ടുണ്ട്. ഉപരിപഠനത്തിനു ശേഷം തിരികെ എത്തി അതിരൂപതയുടെ ബൈബിൾ അപ്പസ്റ്റോലേറ്റിന്റെ സാരഥ്യം ഏറ്റെടുത്തു. പിന്നീടുള്ള കാലഘട്ടം നമ്മൾ അനുഭവിച്ചറിഞ്ഞതാണ്. അത്മായർക്ക് ദൈവശാസ്ത്രത്തിന്റെ വാതായനങ്ങൾ തുറന്ന ആൽഫ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സ്ഥാപനം അതിരൂപതയുടെ ചരിത്രത്തിലെ നാഴികക്കല്ലായിരുന്നു. രാജ്യാതിർത്തികൾ കടന്ന് തലശ്ശേരി അതിരൂപതയുടെ ഖ്യാതി പരന്ന മഹാസംരംഭമായി ആൽഫ ഇൻസ്റ്റിറ്റ്യൂട്ട് തലയെടുപ്പോടെ നില്ക്കുന്നു. നാല്പതിലേറെ ഗ്രന്ഥങ്ങൾ 400 ഓളം ഈടുറ്റ ലേഖനങ്ങൾ, വിവിധ മേജർ സെമിനാരികളിൽ അദ്ധ്യാപകൻ. ദൈവജനത്തിനും വൈദികർക്കും, മെത്രാന്മാർക്കും തുടങ്ങി എല്ലാതലത്തിലുമുള്ളവർക്കായി 1300 ലേറെ ധ്യാനങ്ങൾ, സി.ബി.സി.ഐ. ഡോക്ടറിനൽ കമ്മീഷൻ സെക്രട്ടറി, ഏഷ്യൻ ബിഷപ്സ് കോൺഫറൻസ് തിയോളജി കമ്മീഷൻ അംഗം, സി.ബി.സി.ഐ. ഇന്റർ റിഷ്യൽ ടെക്സ്റ്റ് ബുക്ക് കമ്മീഷൻ അംഗം, കെ.സി.ബി.സി. ഡോക്ടറിനൽ കമ്മീഷൻ മെമ്പർ, സീറോ മലബാർ സിനഡ് ഡോക്ടറിനൽ കമ്മീഷൻ അംഗം ഇപ്രകാരം വിവിധ മേഖലകളിൽ അഭിവന്ദ്യ പിതാവിന്റെ സേവനം ലഭിച്ചു.

2017 നവംബർ 8-ാം തീയതി തലശ്ശേരി അതിരൂപതയുടെ സഹായമെത്രാനായും തുടർന്ന് 2022 ഏപ്രിൽ 20ന് ആർച്ചുബിഷപ്പായും പിതാവിനെ ദൈവം നിയോഗിച്ചു. സീറോ മലബാർ സിനഡ് സെക്രട്ടറി, സ്ഥിരം സിനഡ് അംഗം, സെമിനാരി കമ്മീഷൻ അംഗം എന്നീ ഉത്തരവാദിത്വങ്ങളും അഭിവന്ദ്യ പിതാവ് നിർവ്വഹിക്കുന്നു. സമാനതകളില്ലാത്ത പുരോഹിത വ്യക്തിത്വം ആണ് അഭിവന്ദ്യ പിതാവിന്റേത്. തന്റെ വൈദികർക്കുവേണ്ടി ഉറച്ച നിലപാടുകൾ എടുക്കുന്ന, ദൈവജനത്തിന്റെ ഏത് ആവശ്യത്തിനും ഒപ്പം നില്ക്കുന്ന, പൊതുസമൂഹത്തിലും രാഷ്ട്രീയക്കാർക്കിടയിലും സമാരാധ്യനായ പിതാവാണ് നമുക്കുള്ളത്. സീറോ മലബർ സഭയുടെ മലബാർ പ്രൊവിൻസിന് ഏറ്റവും യോജ്യമായ നേതൃത്വമാണ് അഭിവന്ദ്യ പാംപ്ലാനി പിതാവിലൂടെ നമുക്ക് ലഭിക്കുന്നത്. ഏറ്റവും ശ്രേഷ്ഠനായ മേൽപ്പട്ടക്കാരനെ ലഭിച്ച നമ്മുടെ അതിരൂപത ഭാഗ്യവതിയാണ്. എന്നും പ്രഭാതത്തിൽ ബിഷപ്സ് ഹൗസിലെ ദൈവാലയത്തിൽ തന്റെ ജനത്തിനുവേണ്ടി ദിവ്യകാരുണ്യത്തിനുമുമ്പിൽ മുട്ടുകുത്തിനില്ക്കുന്ന ഈ നല്ലയിടയനാൽ തലശ്ശേരി അതിരൂപത അനുഗ്രഹീതയാണ്. വിശ്രമമില്ലാതെ ജോലി ചെയ്യുന്ന മടുപ്പില്ലാതെ യാത്രചെയ്യുന്ന ഞങ്ങളുടെ പ്രിയപിതാവിന് പൗരോഹിത്യത്തിന്റെ സിൽവർ ജൂബിലി മംഗളങ്ങൾ ആശംസിക്കുന്നു. ആയുസ്സും ആരോഗ്യവും നല്കി ദൈവം പിതാവിനെ അനുഗ്രഹിക്കട്ടെ!!!

## ഫാ. സെബാസ്റ്റ്യൻ ചേന്നോത്ത് (ബിജു)



പൈസക്കരി ഇടവകയിൽ ചേന്നോത്ത് മാത്യു-റോസമ്മ ദമ്പതികളുടെ മകനായി 1971 ഡിസംബർ 23-ാം തീയതി ബഹു. സെബാസ്റ്റ്യൻ അച്ചൻ ജനിച്ചു. രണ്ട് സഹോദരന്മാരും മൂന്ന് സഹോദരിമാരും ബഹു. ചേന്നോത്തച്ചനുണ്ട്. തലശ്ശേരി മൈനർ സെമിനാരിയിലും വടവാതൂർ സെമിനാരിയിലുമായി വൈദികപരിശീലനം പൂർത്തിയാക്കിയതിനുശേഷം 1997 ഡിസംബർ 30-ാം തീയതി അഭിവന്ദ്യ വലിയമറ്റം പിതാവിൽനിന്നും തിരുപ്പട്ടം സ്വീകരിച്ചു.

| | | | | |
|---|---|---|---|---|
| 1. | വെള്ളരിക്കുണ്ട് | അസി. വികാരി | 01.02.1998 | - 15.05.1999 |
| 2. | പടന്നക്കാട് | അസി. വികാരി | 16.05.1999 | - 05.02.2000 |
| 3. | എടൂർ | അസി. വികാരി | 06.02.2000 | - 20.05.2000 |
| 4. | മാവുഞ്ചാൽ | വികാരി | 21.05.2000 | - 10.05.2003 |
| 5. | തേർമല | വികാരി | 11.05.2003 | - 13.05.2006 |
| 6. | അരീക്കമല | വികാരി | 14.05.2006 | - 23.05.2009 |
| 7. | ചുള്ളി | വികാരി | 24.05.2009 | - 12.05.2012 |
| 8. | പടിമരുത് | വികാരി | 13.05.2012 | - 14.05.2017 |
| 9. | പരപ്പ | വികാരി | 14.05.2017 | - 14.05.2022 |

10. ചെമ്പേരി വിമല ഹോസ്പിറ്റൽ, കരുണാലയം, സാന്ത്വനം 14.05.2022

ശാന്തതയാണ് ബിജു അച്ചനിൽ പെട്ടെന്ന് പ്രതിഫലിക്കുന്ന പൗരോഹിത്യഗുണം. തന്റെ ശുശ്രൂഷാമേഖലകളിലെല്ലാം ആത്മാർത്ഥതയും കഠിനാദ്ധ്വാനവും മുഖമുദ്രയാക്കിയാണ് ബഹു. ചേന്നോത്തച്ചൻ പ്രവർത്തിക്കുന്നത്. പടിമരുതിലെ സുന്ദരമായ ദൈവാലയം ബിജു അച്ചന്റെ കഠിനാദ്ധ്വാനത്തിന്റെ ഉത്തമ ഉദാഹരണമാണ്. പരപ്പ ഇടവകയിലും മനോഹരമായ വൈദിക മന്ദിരം അച്ചൻ പണികഴിച്ചു. ഇപ്പോൾ ചെമ്പേരിയിലുള്ള നമ്മുടെ അതിരൂപതയുടെ ജീവകാരുണ്യപ്രവർത്തനങ്ങളുടെ ഏറ്റവും പ്രധാനപ്പെട്ട സ്ഥാപനത്തിന്റെ ഡയറക്ടറായി നിസ്തുലമായ ശുശ്രൂഷയാണ് ബഹു. അച്ചൻ നിർവഹിക്കുന്നത്. പൗരോഹിത്യസ്വീകരണത്തിന്റെ സിൽവർ ജൂബിലി ആഘോഷിക്കുന്ന പ്രിയപ്പെട്ട ബിജു അച്ചന് അതിരൂപത കുടുംബത്തിന്റെ ജൂബിലി മംഗളങ്ങൾ!!!

## ഫാ. സെബാസ്റ്റ്യൻ മണ്ഡപത്തിൽ (ബാബു)



അറബി ഇടവകയിൽ മണ്ഡപത്തിൽ ഫ്രാൻസിസ്-ക്ലാര ദമ്പതികളുടെ മകനായി 1971 ജനുവരി 14-ാം തീയതി ബഹു. സെബാസ്റ്റ്യൻ അച്ചൻ ജനിച്ചു. 1987ൽ തലശ്ശേരി മൈനർ സെമിനാരിയിൽ ചേർന്ന് വടവാതൂർ സെമിനാരിയിൽ വൈദികപരിശീലനം പൂർത്തിയാക്കി 1997 ഡിസംബർ 31-ാം തീയതി അഭിവന്ദ്യ വലിയമറ്റം പിതാവിൽനിന്നും തിരുപ്പട്ടം സ്വീകരിച്ചു.

| | | | |
|---|---|---|---|
| 1. കാഞ്ഞങ്ങാട് | അസി. വികാരി | 01.02.1998 | - 14.05.1999 |
| 2. വിജയപുരം | വികാരി | 14.05.1999 | - 19.05.2002 |
| 3. നെടുവാലൂർ | വികാരി | 19.05.2002 | - 30.06.2002 |
| 4. ചെങ്ങോം | വികാരി | 30.06.2002 | - 21.05.2005 |
| 5. ഉപരിപഠനം | | 22.05.2005 | |
| 6. ഡയറക്ടർ കെ.സി.വൈ.എം. | | 13.05.2007 | - 13.05.2012 |
| 7. ഭീമനടി | വികാരി | 20.05.2012 | - 14.05.2016 |
| 8. മെൽബൺ സീറോ മലബാർ രൂപത | | | |

ഊർജ്ജ്വസ്വലതയും തീക്ഷ്ണതയും ബാബു അച്ചന്റെ പ്രത്യേക തകളാണ്. ഗായകൻ, വയലിനിസ്റ്റ്, സംഘാടകൻ ഇങ്ങനെ ഒട്ടനവധി കഴിവുകളാൽ അനുഗ്രഹീതനാണ് പ്രിയപ്പെട്ട മണ്ഡപത്തിലച്ചൻ. നമ്മുടെ അതിരൂപതയിലെ യുവജനപ്രസ്ഥാനത്തിന് ഗംഭീരമായ നേതൃത്വമാണ് ബാബു അച്ചൻ നല്കിയത്. ഭീമനടിയിലെ വൈദികമന്ദിരം മണ്ഡപത്തിലച്ചനാണ് പണി കഴിപ്പിച്ചത്. മെൽബൺ സീറോ മലബാർ രൂപതയിൽ പ്രവാസികളായ സീറോമലബാർ വിശ്വാസികളെ സംഘടിപ്പിച്ച് അതിമനോഹരമായ ഒരു ദൈവാലയം ബാബു അച്ചൻ നിർമ്മിച്ചു. തലശ്ശേരി കടലിൽ ഒഴുകിപ്പോയ ബാബു അച്ചനെ ഈശോ തിരികെ നല്കിയത് നന്ദിയോടെ ഓർമിക്കുന്നു. നല്ലവനായ ദൈവം നമ്മുടെ അതിരൂപതയ്ക്ക് നല്കിയ സമ്മാനമാണ് ബഹു. അച്ചൻ. അച്ചന് ജൂബിലിയുടെ പ്രാർത്ഥനാശംസകൾ!!!

## ഫാ. സെബാസ്റ്റ്യൻ മണപ്പാത്തുപറമ്പിൽ



ചരൾ ഇടവകയിൽ മണപ്പാത്തുപറമ്പിൽ ജോസഫ്-മേരി ദമ്പതികളുടെ മകനായി 1971 മെയ് 18-ാം തീയതി ബഹു. സെബാസ്റ്റ്യൻ അച്ചൻ ജനിച്ചു. തലശ്ശേരി മൈനർ സെമിനാരിയിൽ ചേർന്ന് ആലുവ പൊന്തിഫിക്കൽ സെമിനാരിയിൽ വൈദികപരിശീലനം പൂർത്തിയാക്കി 1997 ഡിസംബർ 30-ാം തീയതി അഭിവന്ദ്യ വലിയമറ്റം പിതാവിൽനിന്നും തിരുപ്പട്ടം സ്വീകരിച്ചു.

| | | | |
|---|---|---|---|
| 1. ഭീമനടി | അസി. വികാരി | 01.02.1998 | - 16.05.1998 |
| 2. പാലാവയൽ | അസി. വികാരി | 17.05.1998 | - 15.05.1999 |
| 3. അട്ടേങ്ങാനം | വികാരി | 16.05.1999 | - 10.05.2003 |
| 4. കാലാങ്കി | വികാരി | 11.05.2003 | - 17.03.2006 |
| 5. കോട്ടയം അമ്മവീട് ഡയറക്ടർ | | 18.05.2006 | - 11.05.2019 |
| 6. ആനറ | വികാരി | 12.05.2019 | - 01.02.2020 |
| 7. കോട്ടയം അമ്മവീട് ഡയറക്ടർ | | 20.02.2020 | |

ദീനാനുകമ്പയും പാവപ്പെട്ടവരിൽ ഈശോയുടെ തിരുമുഖവും കണ്ടുകൊണ്ടുള്ള പൗരോഹിത്യശുശ്രൂഷയുമാണ് ബഹു. മണപ്പാത്തുപറമ്പിലച്ചനെ വ്യത്യസ്തനാക്കുന്നത്. ഗായകൻ, തബലിസ്റ്റ്, വോളിബോൾ കളിക്കാരൻ തുടങ്ങിയ മേഖലകളിലെല്ലാം ആവോളം കഴിവുകൾ പ്രിയപ്പെട്ട സെബാ

സ്റ്റ്യൻ അച്ചനിൽ ദൈവം കൊടുത്തിട്ടുണ്ട്. സേവനം ചെയ്ത ഇടവകകളി ലെല്ലാം ഈശോയുടെ കരുണാർദ്ര സ്നേഹം ദൈവജനത്തിന് സമൃദ്ധമായി നല്കിയ പുരോഹിതജീവിതമാണ് അച്ചന്റേത്. തെരുവിലെ കുഞ്ഞുങ്ങൾക്കും അനാഥർക്കും അമ്മവീട് ഒരുക്കിയതാണ് മണപ്പാത്തുപറമ്പിലച്ചന്റെ ഏറ്റവും ശ്രേഷ്ഠമായ സംഭാവന. കോട്ടയത്തുള്ള അമ്മവീട് സന്ദർശിച്ചിട്ടുള്ള ആർക്കും സെബാസ്റ്റ്യൻ അച്ചന്റെ ശുശ്രൂഷയുടെ മഹത്വം മനസ്സിലാകും. പൗരോഹിത്യ സ്വീകരണത്തിന്റെ സിൽവർ ജൂബിലി ആഘോഷിക്കുന്ന അച്ചന് തലശ്ശേരി അതിരൂപത കുടുംബത്തിന്റെ ആശംസകൾ!!!

## ഫാ. ഫിലിപ്പ് കവിയിൽ



ചന്ദനക്കാംപാറ ഇടവകയിൽ 1970 മെയ് 23-ാം തീയതി കവിയിൽ ചാക്കോ-ത്രേസ്യ ദമ്പതികളുടെ മകനായി ബഹു. കവിയിൽ അച്ചൻ ജനിച്ചു. തലശ്ശേരി മൈനർ സെമി നാരിയിൽ ചേർന്ന് ആലുവ പൊന്തിഫിക്കൽ സെമിനാരി യിൽ വൈദികപരിശീലനം പൂർത്തിയാക്കി. 1997 ഡിസം ബർ 30-ാം തീയതി അഭിവന്ദ്യ വലിയമറ്റം പിതാവിൽനിന്നും തിരുപ്പട്ടം സ്വീകരിച്ചു.

| | | | | |
|---|---|---|---|---|
| 1. മേരിഗിരി | അസി. വികാരി | 01.02.1998 | - | 16.05.1998 |
| 2. ആലക്കോട് | അസി. വികാരി | 17.05.1998 | - | 15.05.1999 |
| 3. അറബി | വികാരി | 16.05.1999 | - | 20.05.2000 |
| 4. ഉപരിപഠനം | ബാംഗ്ലൂർ | 21.05.2000 | - | 20.08.2002 |
| 5. ഉപരിപഠനം | ജർമ്മനി, ഓസ്ട്രിയ | 03.08.2002 | - | 14.05.2017 |
| 6. ചെമ്പേരി കരുണാലയം ഡയറക്ടർ | | 14.05.2017 | - | 13.05.2018 |
| 7. ബൈബിൾ അപ്പ. & ആൽഫ ഡയറക്ടർ | | 13.05.2018 | - | 17.08.2022 |
| 8. സന്ദേശഭവൻ ഡയറക്ടർ | | 12.05.2019 | | |

സൗമ്യമായ പെരുമാറ്റശൈലിയാണ് ബഹു. ഫിലിപ്പച്ചന്റേത്. ആളുക ളോട് പെട്ടെന്ന് സംവദിക്കുവാനും ബന്ധം സ്ഥാപിക്കുവാനുമുള്ള പ്രത്യേക വരം ലഭിച്ചയാളാണ് ഫിലിപ്പച്ചൻ. ബൈബിൾ പഠനത്തിൽ ഡോക്ടറേറ്റ് നേടിയിട്ടുള്ള ഫിലിപ്പച്ചൻ മനോഹരമായ വചനവ്യാഖ്യാനങ്ങൾ പ്രസംഗ ങ്ങളിലൂടെയും എഴുത്തുകളിലൂടെയും നല്കുന്നുണ്ട്. വിദേശത്തെ പഠന കാലത്തെ ബന്ധങ്ങൾ അതിരൂപതയിൽ ധാരാളം പ്രോജക്ടുകൾ പാസ്സാ ക്കുവാൻ ബഹു. ഫിലിപ്പച്ചൻ പ്രയോജനപ്പെടുത്തിയിട്ടുണ്ട്. പാസ്റ്ററൽ കോഡി നേറ്റർ, Aifal Language പഠനകേന്ദ്രത്തിന്റെ ഉത്തരവാദിത്വം, എകെസിസി യുടെ നേതൃത്വം അതിലെല്ലാമുപരി സന്ദേശഭവൻ ഡയറക്ടർ എന്ന നില യിൽ നിസ്തുലമായ സേവനമാണ് ബഹു. ഫിലിപ്പച്ചൻ കാഴ്ചവയ്ക്കുന്നത്. സന്ദേശഭവനിൽ കാലത്തിനൊത്ത നിർമ്മാണപ്രവർത്തനങ്ങൾ നടത്തി കെട്ടിടം സൗകര്യപ്രദവും മനോഹരമാക്കിയത് ബഹു. ഫിലിപ്പച്ചന്റെ സംഭാവനയാണ്. നമ്മുടെ അതിരൂപതയ്ക്കു ലഭിച്ച സമ്മാനമാണ് ഫിലിപ്പച്ചന്റെ പൗരോഹിത്യ ജീവിതം. അച്ചന് ജൂബിലി മംഗളങ്ങൾ സ്നേഹപൂർവ്വം നേരുന്നു!!!

## ഫാ. ജോൺ ഓണംകുളം (നോബിൾ)



വായാട്ടുപറമ്പ് ഇടവകയിൽ ഓണംകുളം ജോൺ-ത്രേസ്യാമ്മ ദമ്പതികളുടെ മകനായി 1971 നവംബർ മാസം 3-ാം തീയതി ബഹു. ജോൺ അച്ചൻ ജനിച്ചു. രണ്ടുസഹോദരങ്ങളും 3 സഹോദരിമാരുമാണ് അച്ചനുള്ളത്. തലശ്ശേരി മൈനർ സെമിനാരിയിൽ ചേർന്ന് വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിൽ നിന്നും വൈദികപരിശീലനം പൂർത്തിയാക്കി 1998 ജനുവരി 01-ാം തീയതി അഭിവന്ദ്യ വലിയമറ്റം പിതാവിൽനിന്നും തിരുപ്പട്ടം സ്വീകരിച്ചു.

| | | | | |
|---|---|---|---|---|
| 1. | പൈസക്കരി | അസി. വികാരി | 01.02.1998 | - 15.05.1999 |
| 2. | എടൂർ | അസി. വികാരി | 16.05.1999 | - 06.02.2000 |
| 3. | എണ്ണപ്പാറ | വികാരി | 06.02.2000 | - 20.05.2000 |
| 4. | പാത്തൻപാറ | വികാരി | 21.05.2000 | - 10.05.2003 |
| 5. | പരപ്പ | വികാരി | 11.05.2003 | - 01.06.2003 |
| 6. | ഉപരിപഠനം | റോം | 01.06.2003 | - 2006 ജൂൺ |
| 7. | രത്നഗിരി | വികാരി | 19.02.2006 | - 12.05.2007 |
| 8. | ചാൻസലർ | | 13.05.2007 | - 12.05.2012 |
| 9. | വെളിമാനം | വികാരി | 13.05.2012 | - 14.05.2017 |
| 10. | പുലിക്കുരുമ്പ | വികാരി | 14.05.2017 | - 14.05.2022 |
| 11. | പൈസക്കരി | വികാരി | 14.05.2022 | |

ഊർജ്ജസ്വലതയും പ്രസന്നതയും നോബിളച്ചന്റെ പ്രത്യേകതകളാണ്. അച്ചനുചുറ്റും സദാസമയവും യുവജനങ്ങൾ നിൽക്കുന്ന മനോഹര പൗരോഹിത്യ ജീവിതമാണ് അച്ചന്റേത്. ദൈവജനത്തിനു നടുവിൽ ജീവിക്കുന്ന പുരോഹിതനാണ് ഓണംകുളം അച്ചൻ. നോബിളച്ചനാണ് രത്നഗിരി ദൈവാലയം നിർമ്മാണം പൂർത്തിയാക്കിയത്. വെളിമാനത്ത് യു.പി. സ്കൂൾ കെട്ടിടവും പാരീഷ്ഹാളും പണി കഴിപ്പിച്ചു. പുലിക്കുരുമ്പ ദൈവാലയം പുനർനിർമ്മിച്ചത് ഏവരുടെയും പ്രശംസ പിടിച്ചുപറ്റിയ നിർമ്മാണ പ്രവർത്തനമായിരുന്നു. ചാൻസലർ എന്ന നിലയിൽ അതിരൂപതാ കേന്ദ്രത്തിൽ നോബിളച്ചന്റെ പ്രവർത്തനങ്ങൾ നിസ്തുലമായിരുന്നു. നമ്മുടെ അതിരൂപതയ്ക്കു ലഭിച്ച തീഷ്ണമതിയായ ഒരു പുരോഹിത ജീവിതമാണ് ബഹു. നോബിളച്ചന്റേത്. അച്ചന് ജൂബിലി വർഷത്തിൽ ഒരായിരം ആശംസകൾ!!!



## ഫാ. ജോസഫ് പന്തലാടിക്കൽ (നോബിൾ)

തോമാപുരം ഇടവകയിൽ വർക്കി-റോസമ്മ ദമ്പതികളുടെ മകനായി 1971 ഏപ്രിൽ 13-ാം തീയതി ബഹു. പന്തലാടിക്കൽ അച്ചൻ ജനിച്ചു. ഒരു സഹോദരനും ഒരു സഹോദരിയും അച്ചനുണ്ട്. തലശ്ശേരി മൈനർ സെമിനാരിയിലും വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിലും വൈദികപരിശീലനം പൂർത്തിയാക്കി 1997

ഡിസംബർ 27-ാം തീയതി അഭിവന്ദ്യ വലിയമറ്റം പിതാവിൽനിന്നും തിരുപ്പട്ടം സ്വീകരിച്ചു.

| | | | | | |
|---|---|---|---|---|---|
| 1. | ഉദയഗിരി | അസി. വികാരി | 01.02.1998 | – | 15.05.1999 |
| 2. | നെടുവാലൂർ | വികാരി | 16.05.1999 | – | 19.05.2007 |
| 3. | ചുള്ളി | വികാരി | 20.05.2001 | – | 22.05.2004 |
| 4. | ദീപഗിരി | വികാരി | 23.05.2004 | – | 12.05.2007 |
| 5. | മാവുഞ്ചാൽ | വികാരി | 13.05.2007 | – | 17.05.2008 |
| 6. | കല്ലുവയൽ | വികാരി | 18.05.2008 | – | 12.05.2012 |
| 7. | ചെടിക്കുളം | വികാരി | 13.05.2012 | – | 14.05.2016 |
| 8. | ശ്രീകണ്ഠപുരം | വികാരി | 14.05.2016 | – | 14.05.2017 |
| 9. | ഷംഷാബാദ് | രൂപത | 14.05.2017 | – | 02.02.2019 |
| 10. | രാമനാഥപുരം | രൂപത | 02.02.2019 | | |

സംഗീതമേഖലയിൽ ദൈവം കഴിവുകൾ വാരിക്കോരി കൊടുത്ത ഒരു വ്യക്തിത്വമാണ് നോബിൾ അച്ചന്റേത്. നമ്മുടെ അതിരൂപതയിൽ തിരുപ്പട്ടങ്ങൾക്കും മറ്റു പ്രധാന ആഘോഷങ്ങൾക്കും ബഹു. നോബിളച്ചന്റെ നേതൃത്വത്തിലുള്ള ഗായകസംഘങ്ങൾ ഉണ്ടായിട്ടുണ്ട്. ദൈവജനത്തിനുവേണ്ടി കഠിനാദ്ധ്വാനം ചെയ്യാനുള്ള നല്ലമനസ്സ് സ്വന്തമാക്കിയ പുരോഹിതനാണ് ബഹു. നോബിളച്ചൻ. സീറോ മലബാർ സഭയിലെ മിഷൻ രൂപതയായ ഷംഷാബാദിലും ഇപ്പോൾ രാമനാഥപുരത്തും ത്യാഗോജ്ജ്വലമായ അജപാലന പ്രവർത്തനങ്ങളാണ് ബഹു. നോബിൾ അച്ചൻ കാഴ്ചവയ്ക്കുന്നത്. പ്രിയപ്പെട്ട നോബിളച്ചന് ജൂബിലി മംഗളങ്ങൾ!!!

## ഫാ. ജോസഫ് പൂവത്തോലിൽ



മാങ്ങോട് ഇടവകയിൽ പൂവത്തോലിൽ തോമസ്-അന്നമ്മ ദമ്പതികളുടെ മകനായി 1971 നവംബർ മാസം 18-ാം തീയതി ബഹു. ജോസഫച്ചൻ അച്ചൻ ജനിച്ചു. തലശ്ശേരി മൈനർ സെമിനാരിയിലും ആലുവ പൊന്തിഫിക്കൽ സെമിനാരിയിലും വൈദികപരിശീലനം പൂർത്തിയാക്കി 1997 ഡിസംബർ 30-ാം തീയതി അഭിവന്ദ്യ വലിയമറ്റം പിതാവിൽനിന്നും തിരുപ്പട്ടം സ്വീകരിച്ചു.

1. ചെമ്പന്തൊട്ടി അസി. വികാരി 01.02.1998 – 20.05.2000
2. മാനടുക്കം വികാരി 21.05.2000 – 01.09.2002
3. ഉപരിപഠനം MSW
4. പൊന്ന്യം മെഷാർ കോളേജ് അഡ്മിനിസ്ട്രേറ്റർ 01.09.2004 – 13.05.2006
5. കരുവഞ്ചാൽ ഹോസ്പിറ്റൽ, ശാന്തിഭവൻ ഡയറക്ടർ 18.05.2008 – 18.05.2013
6. കണ്ണൂർ വികാരി 19.05.2013 – 14.05.2017
7. കോളയാട് വികാരി 14.05.2017 – 11.05.2019
8. പെരുമ്പടവ് വികാരി 12.05.2019 – 27.06.2020

| | | |
|---|---|---|
| 9. അരവഞ്ചാൽ | വികാരി | 28.06.2020 – 12.06.2021 |
| 10. പുറവയൽ | വികാരി | 12.06.2021 |

തന്റെ കർമ്മമേഖലകളിൽ നല്ലിടയനായ ഈശോയുടെ സാന്നിധ്യം ദൈവജനത്തിനു നല്കാൻ കഴിയുന്ന പുരോഹിതജീവിതമാണ് ബഹു. പൂവത്തോലിൽ അച്ചന്റേത്. കരുവഞ്ചാൽ ഹോസ്പിറ്റലിന്റെ ഡയറക്ടറായും ശാന്തിഭവൻ ഡയറക്ടറായും നിസ്തുലമായ പ്രവർത്തനങ്ങളാണ് അച്ചൻ കാഴ്ചവച്ചത്. സാമൂഹികസേവനത്തിൽ ബിരുദാനന്തരബിരുദം കരസ്ഥമാക്കിയ ബഹു. പൂവത്തോലിലച്ചന്റെ TSSS-ലെ നിസ്വാർത്ഥമായ സേവനങ്ങൾ അനുകരണാർഹമാണ്. ഏതു കാര്യത്തിലും തന്റേതായ നിലപാടുകളുള്ള അച്ചൻ സമൂഹത്തിന്റെ നന്മയ്ക്കും വളർച്ചയ്ക്കുമായി അത് പ്രകടിപ്പിക്കുകയും ചെയ്യുന്ന വ്യക്തിയാണ്. കോളയാടുള്ള മനോഹരമായ പാരീഷ്ഹാൾ ബഹു. ജോസഫച്ചൻ പണികഴിപ്പിച്ചതാണ്. പ്രിയപ്പെട്ട പൂവത്തോലിൽ അച്ചനിലൂടെ നമ്മുടെ അതിരൂപതയ്ക്കു ലഭിക്കുന്ന എല്ലാ നന്മകൾക്കും ദൈവത്തിന് നന്ദി പറഞ്ഞുകൊണ്ട് ജൂബിലി മംഗളങ്ങൾ ആശംസിക്കുന്നു!!!

## ഫാ. ജെയിംസ് പുത്തൻനടയിൽ (ബെന്നി)



പാത്തൻപാറ ഇടവകയിൽ പുത്തൻനട ജോസഫ്-മേരി ദമ്പതികളുടെ മകനായി 1968 മെയ്മാസം 29-ാം തീയതി ബഹു. പുത്തൻനടയിൽ അച്ചൻ ജനിച്ചു. രണ്ടു സഹോദരന്മാരും രണ്ട് സഹോദരിമാരും ബെന്നിച്ചനുണ്ട്. തലശ്ശേരി മൈനർ സെമിനാരിയിലും ആലുവ പൊന്തിഫിക്കൽ മേജർ സെമിനാരിയിലും വൈദികപരിശീലനം പൂർത്തിയാക്കി 1997 ഡിസംബർ മാസം 30-ാം തീയതി അഭിവന്ദ്യ വലിയമറ്റം പിതാവിൽ നിന്നും തിരുപ്പട്ടം സ്വീകരിച്ചു.

| | | |
|---|---|---|
| 1. തോമാപുരം | അസി. വികാരി | 01.02.1998 – 06.02.1999 |
| 2. ഉരുപ്പുംകുറ്റി | വികാരി | 07.02.1999 – 19.05.2002 |
| 3. പടന്നക്കാട് | വികാരി | 19.05.2002 – 22.05.2004 |
| 4. ഉപരിപഠനം | റോം | 16.09.2004 – 22.12.2006 |
| 5. തേർമല | വികാരി | 22.12.2006 – 12.05.2007 |
| 6. ഫാമിലി അപ്പസ്തോലേറ്റ് | ഡയറക്ടർ | 13.05.2007 – 12.05.2012 |
| 7. മദർഹോം | അഡ്മിനിസ്ട്രേറ്റർ | 13.05.2012 – 13.05.2018 |
| 8. ചെമ്പേരി കരുണാലയം, സാന്ത്വനം വിമലാ ഹോസ്പിറ്റൽ | ഡയറക്ടർ | 13.05.2018 – 14.05.2022 |
| 9. മദർഹോം | ഡയറക്ടർ | 4.05.2022 |

അനുഗ്രഹീതനായ വചനപ്രഘോഷകൻ എന്നനിലയിൽ നമ്മുടെ രൂപതയിലും കേരളത്തിൽ മുഴുവനും പുറത്തും പ്രശസ്തനായ വ്യക്തിയാണ് ബഹു. പുത്തൻനടയിൽ അച്ചൻ. ശുശ്രൂഷ ചെയ്ത ഇടവകകളിൽ ദൈവജനത്തിന്റെ ഹൃദയത്തിൽ ഇടം കണ്ടെത്തിയ ജനകീയനായ ഒരു അജപാലകൻ കൂടിയാണ് ബെന്നിയച്ചൻ. ഫാമിലി അപ്പസ്തോലേറ്റിന്റെ ഡയറക്ടർ എന്ന നിലയിൽ നൂതനമായ പല പരിപാടിയും ബെന്നിച്ചന്റെ നേതൃത്വത്തിൽ

സംഘടിപ്പിക്കുകയുണ്ടായി. നമ്മുടെ അതിരൂപതയുടെ ധ്യാനകേന്ദ്രമായ മദർഹോമിന്റെ ചുക്കാൻ പിടിക്കുന്നത് ബെന്നിച്ചനാണ്. കരിസ്മാറ്റിക് പ്രസ്ഥാനത്തിന്റെയും നേതൃത്വവും ബഹു. പുത്തൻനടയിൽ അച്ചനാണ് നിർവ്വഹിക്കുന്നത്. അനേകർക്ക് വചനവിരുന്ന് ഒരുക്കുവാൻ ബെന്നിയച്ചനെ ദൈവം അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് ജൂബിലി മംഗളങ്ങൾ!!!

## 2. ഏകദിന ക്ലാസ്സ് സന്ദേശഭവനിൽ

നമ്മുടെ ഇടവകകളിൽ നിന്നും വിവിധ സെക്റ്റുകളിലേക്ക് പോയവർ തിരികെ കത്തോലിക്കാ വിശ്വാസത്തിലേക്ക് വരാനുള്ള അപേക്ഷകളുമായി കൂരിയായിൽ വരുന്നുണ്ട്. ഇങ്ങനെ വീണ്ടും കത്തോലിക്കാ വിശ്വാസത്തിലേക്ക് വരുന്നവർക്കായി 2022 നവംബർ 12 ശനിയാഴ്ച രാവിലെ 9.30 മുതൽ വൈകിട്ട് 4 മണി വരെ ഏകദിന ക്ലാസ്സ് മതബോധന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്നുണ്ട്. ഇടവകകളിൽ ഇത്തരം ആളുകൾ ഉണ്ടെങ്കിൽ അവരെ ഈ ക്ലാസ്സിലേക്ക് പറഞ്ഞയക്കുമല്ലോ.

## 3. പ്രെസ്ബിത്തേരിയം

തലശ്ശേരി അതിരൂപതയിലെ മുഴുവൻ വൈദികരുടെയും യോഗം 2022 നവംബർ 3ന് രാവിലെ 10.00 മുതൽ വൈകിട്ട് 4 വരെ തലശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ ചേരുന്നു. എല്ലാ തലശ്ശേരി അതിരൂപതാ വൈദികരും അതിരൂപതയിൽ വികാരിമാരും അസി. വികാരിമാരുമായി സേവനം ചെയ്യുന്ന സന്യാസവൈദികരും ഈ യോഗത്തിൽ പങ്കെടുക്കണം. പൗരോഹിത്യ സ്വീകരണത്തിന്റെ സിൽവർ ജൂബിലി ആഘോഷിക്കുന്ന അഭിവന്ദ്യ പാംപ്ലാനി പിതാവിന്റെയും മറ്റു വൈദികരുടെയും കൂടാതെ ഗോൾഡൻ ജൂബിലി ആഘോഷിക്കുന്ന വൈദികരുടെയും ജൂബിലി ആഘോഷവും ഈ യോഗത്തോടൊപ്പം നടത്തുന്നുണ്ട്.

## 4. പുതിയ ഡയറക്ടറി

നമ്മുടെ അതിരൂപതയെ സംബന്ധിച്ച ഏറ്റവും പുതിയ വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഡയറക്ടറി തയ്യാറായിട്ടുണ്ട്. പ്രൊക്യൂറേറ്ററിന്റെ ഓഫീസിൽ നിന്നും വാങ്ങാവുന്നതാണ്. 250 രൂപയാണ് ഡയറക്ടറിയുടെ വില. എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും സന്യാസഭവനങ്ങളിലും ഡയറക്ടറി വാങ്ങി സൂക്ഷിക്കേണ്ടതാണ്.

## 5. 2023 ലെ ഡയറി

നമ്മുടെ അതിരൂപതയിൽ നടക്കുന്ന പ്രധാന സംഭവങ്ങളുടെ തീയതികളും 2023ലെ അനുദിന വിശുദ്ധ ഗ്രന്ഥവായനകളും അനുദിനവിശുദ്ധരെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഡയറി തയ്യാറായിട്ടുണ്ട്. കൂരിയായിൽ നിന്നും ഡയറി കൈപ്പറ്റാവുന്നതാണ്.

## 6. കുർബാന കണക്ക് ബുക്ക്

2023 മുതൽ 2030 വരെ വർഷങ്ങളിലെ തീയതികളും തിരുനാൾ ദിനവും ഉൾപ്പെടുത്തി കുർബാന കണക്ക് ബുക്ക് തയ്യാറാക്കിയിട്ടുണ്ട്. പ്രൊക്യൂറേറ്ററുടെ ഓഫീസിൽ നിന്ന് കുർബാന കണക്ക് ബുക്ക് വാങ്ങാവുന്നതാണ്.



## 7. നവസന്യാസിനി

തിരുഹൃദയസന്യാസിനി സമൂഹം തലശ്ശേരി സെന്റ് ജോസഫ് പ്രൊവിൻസിൽ നവസന്യാസിനിയായി 2022 ഒക്ടോബർ 8-ാം തീയതി സഭാവസ്ത്രസ്വീരണവും ആദ്യ വ്രതവാഗ്ദാനവും നടത്തിയ Sr. Jency D Marak SH ന് (മേഘാലയ) തലശ്ശേരി അതിരൂപത കുടുംബത്തിന്റെ എല്ലാ വിധ പ്രാർത്ഥനാശംസകളും നേരുന്നു.

## 8. ആദരാഞ്ജലികൾ

**1. ശ്രീ. സി.ആർ. മത്തായി ചൂരയ്ക്കൽ :-** എടത്തൊട്ടി ഇടവക വികാരി ബഹു. രാജു ചുരയ്ക്കൽ അച്ചന്റെ പ്രിയപ്പെട്ട പിതാവ് സി.ആർ. മത്തായി 2022 ഒക്ടോബർ 10-ാം തീയതി നിര്യാതനായി. 2022 ഒക്ടോബർ 12-ാം തീയതി എറണാകുളം അതിരൂപതയിലെ തിരുമുടിക്കുന്ന് ലിറ്റിൽ ഫ്ളവർ ദൈവാലയത്തിൽ മൃതസംസ്ക്കാരം നടന്നു. പിതാവിന്റെ വേർപാടിൽ ദുഃഖിക്കുന്ന രാജു അച്ചനും കുടുംബാംഗങ്ങൾക്കും അതിരൂപത കുടുംബത്തിന്റെ അനുശോചനങ്ങൾ. പരേതന്റെ ആത്മശാന്തിയ്ക്കായി നമുക്ക് പ്രാർത്ഥിക്കാം.

**2. റവ. സി. ത്രേസില്ല എഫ്.സി.സി. (88) :-** ഫ്രാൻസിസ്ക്കൻ ക്ലാരിസ്റ്റ് സന്യാസിനി സമൂഹം തലശ്ശേരി സെന്റ് ജോസഫ്സ് എഫ്.സി.സി. പ്രൊവിൻസ് അംഗമായ സി. ത്രേസില്ല 2022 ഒക്ടോബർ 12-ാം തീയതി നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. വാർദ്ധക്യസഹജമായ രോഗത്താൽ ക്ഷീണിതയായി കിടപ്പിലായിരുന്നു. കല്ലൂർക്കുളം, കോട്ടത്തറ, കരിക്കോട്ടക്കരി, കുടിയാൻമല, ഈരൂട്, വെള്ളരിക്കുണ്ട്, കുന്നോത്ത്, ചെമ്പന്തൊട്ടി, ചെമ്പേരി ബാലഭവൻ, കരിമ്പം, പരിയാരം എന്നീ ഭവനങ്ങളിൽ ബഹു. ത്രേസില്ലാമ്മ ശുശ്രൂഷ ചെയ്തിട്ടുണ്ട്. മൃതസംസ്ക്കാര ശുശ്രൂഷകൾ മോൺ. ആന്റണി മുതുകുന്നേലച്ചന്റെ മുഖ്യകാർമ്മികത്വത്തിൽ 2022 ഒക്ടോബർ 13-ാം തീയതി കുന്നോത്ത് നോവിഷ്യേറ്റ് ഹൗസ് സെമിത്തേരിയിൽ നടന്നു. ബഹു. സിസ്റ്ററിന്റെ ആത്മശാന്തിക്കുവേണ്ടി പ്രാർത്ഥിക്കാം.



## 9. സ്നേഹസ്മൃതി

| | | | |
|---|---|---|---|
| 1. | റവ. ഫാ. ജോൺ ആറാംചേരി | - | 02-11-1975 |
| 2. | മോൺ. തോമസ് മൂലക്കുന്നേൽ | - | 03-11-2001 |
| 3. | റവ. ഫാ. തോമസ് നിലയ്ക്കപ്പള്ളി | - | 10-11-2006 |
| 4. | റവ. ഫാ. ഫിലിപ്പ് കണക്കഞ്ചേരി | - | 11-11-2004 |
| 5. | റവ. ഫാ. ജോസഫ് ചൂരയ്ക്കമറ്റം | - | 12-11-1998 |
| 6. | റവ. ഫാ. സെബാസ്റ്റ്യൻ ഇളംതുരുത്തിയിൽ | - | 18-11-1982 |
| 7. | റവ. ഫാ. അഗസ്റ്റിൻ പന്നിക്കോട്ട് | - | 26-11-2011 |
| 8. | റവ. ഫാ. തോമസ് കാവുംപുറം | - | 26-11-2016 |

**ഫാ. ജോസഫ് മുട്ടത്തുകുന്നേൽ**
*ചാൻസലർ*

# ഇടവകാ നവീകരണ ധ്യാനം

**ആമുഖം**

നമ്മുടെ അതിരൂപത ഒരു നവീകരണ കാലഘട്ടത്തെ സ്വപ്നം കണ്ട് ഒരുങ്ങുകയാണല്ലോ! കാലഘട്ടത്തിന്റെ വെല്ലുവിളികളെ തിരിച്ചറിഞ്ഞ് ശുശ്രൂഷകൾ കാലികമാക്കുക എന്നതാണ് ലക്ഷ്യം. അതിരൂപതയുടെ സമഗ്രനവീകരണം ലക്ഷ്യംവെച്ചുകൊണ്ട് എല്ലാ ഇടവകയിലും ധ്യാനം നടത്തുകയാണ്. കൃപയുടെ നിറവുള്ള ഒരു വിശ്വാസസമൂഹത്തെ രൂപപ്പെടുത്തുക, ഇടവകാ കൂട്ടായ്മയും സഭാത്മക ജീവിതവും ശക്തിപ്പെടുത്തുക, നവ അജപാലന കർമപദ്ധതിയിലൂടെ ദൈവോന്മുഖമായ ഒരു ജനതയുടെ രൂപീകരണമാണ് നമ്മുടെ സ്വപ്നം.

**ആപ്തവാക്യം :** സഭ ക്രിസ്തുവിൽ പണിയപ്പെട്ടുകൊണ്ടിരിക്കുന്ന ഭവനം

**ഒരുക്കം:** രണ്ടു മാസത്തെ ഒരുക്കം, തുടർന്ന് ധ്യാനം

*ആദ്യമാസം* - വീട് വെഞ്ചരിപ്പ് : വികാരിയച്ചന്റെ നേതൃത്വം

രണ്ടാം മാസം - ഹോം മിഷൻ : ഇടവകയിലെ അതത് സന്യാസസഭാ സിസ്റ്റേഴ്സ് നേതൃത്വം (വികാരി ക്രമീകരിക്കണം).

അതിരൂപത കേന്ദ്രത്തിലെ വൈദികർ ഒരുമാസം മുൻപ് ഒരു ഞായറാഴ്ച ഇടവകയെ ഒരുക്കും. പിതാവിന്റെ ക്ഷണക്കത്ത്, ധ്യാനവിജയ പ്രാർത്ഥന അയച്ചുതരും. പ്രിന്റ് എടുത്ത് ഭവനങ്ങളിൽ എത്തിക്കണം, ബാനർ അടിച്ച് ഇടവകയിൽ കെട്ടുക.

**അടുത്ത ഒരുക്കം**

കുടുംബകൂട്ടായ്മകൾ, അഖണ്ഡ ജപമാല, ആരാധന, പ്രത്യേക കാറോസൂസാ, etc ഇടവകയിൽ വികാരിയച്ചന്റെ നേതൃത്വത്തിൽ.

**ധ്യാനസമയം** ***വ്യാഴം മുതൽ - ഞായർ വരെ***

| | |
|---|---|
| 4.00 PM ജപമാല | 6.45 PM ഗാനശുശ്രൂഷ, ഇടവേള |
| 4.30 PM ഗാനശുശ്രൂഷ, ഒരുക്കം | 7.00 PM Talk |
| 4.45 PM വി. കുർബാന | 8.00 PM ആരാധന |
| 5.45 PM Talk | 9.00 PM സമാപനം |

**കുമ്പസാരം**

3-ാം ദിവസം ഉച്ചകഴിഞ്ഞ് 3 മണിമുതൽ അടുത്ത ഫൊറോനാ വൈദികർ, സന്യാസ വൈദികർ എന്നിവരുടെ സഹായം മുൻകൂർ തേടുക. കുമ്പസാര ക്രമീകരണം ബഹു. വികാരി നടത്തണം.

**സമാപന ദിവസം**

അഭിവന്ദ്യ പിതാക്കന്മാർ, ജനറാളച്ചന്മാർ വി. കുർബ്ബാനയ്ക്ക് നേതൃത്വം സൗഖ്യാഭിഷേക ആരാധന, പരിഹാര പ്രദക്ഷിണം (കുടുംബ യൂണിറ്റുകളിൽനിന്നും ദൈവാലയത്തിലേക്ക് അല്ലെങ്കിൽ നിർദിഷ്ട സ്ഥലങ്ങളിൽ നിന്നും പള്ളിയിലേക്ക്.) സ്നേഹവിരുന്ന് etc.

**ധ്യാനവിചിന്തന വിഷയങ്ങൾ**

1-ാം ദിവസം - സഭ: വിശ്വസിക്കുന്നവരുടെ സമൂഹം
2-ാം ,, - സഭ: ആരാധിക്കുന്നവരുടെ സമൂഹം
3-ാം ,, - സഭ: സ്നേഹിക്കുന്നവരുടെ സമൂഹം
4-ാം ,, - സഭ: പങ്കുവെക്കുന്നവരുടെ സമൂഹം

*(ജീവിതനവീകരണ പ്രസക്തി, വിശ്വാസ ജീവിതം നേരിടുന്ന പ്രശ്നങ്ങൾ, ക്രിസ്തീയ കുടുംബം, കൗദാശിക ജീവിതം, സാമൂഹ്യ തിന്മകൾ അനുതാപം കുമ്പസാരം. ഞായർ ആചാരണവും ഇടവക കൂട്ടായ്മയും, സഭാത്മക ജീവിതം, മുതലായവ പ്രധാന വിചിന്തന വിഷയം)*

**ധ്യാന ദിവസങ്ങൾ**

ടീം അംഗങ്ങൾ ധ്യാന ഇടവകയിൽ മുഴുവൻ സമയവും ഉണ്ടാകും. അത്യാവശ്യക്കാർക്ക് കൗൺസിലിംഗ് നടത്തുന്നതാണ്

**ധ്യാന ടീം**

20 ടീം സജ്ജമാണ്
(അതിരൂപത വൈദികർ, സന്യാസവൈദികർ, സിസ്റ്റേഴ്സ്)

**2022 ലെ ധ്യാനങ്ങൾ**

ഡിസംബർ 01-04 ചെമ്പേരി ഫൊറോന
ഡിസംബർ 15-18 മേരിഗിരി ഫൊറോന

**2023 ലെ ധ്യാനങ്ങൾ**

| | |
|---|---|
| 2023 ഫെബ്രുവരി | 23-26 തോമാപുരം ഫൊറോന |
| 2023 മാർച്ച് | 09-12 ചെറുപുഴ ഫൊറോന |
| 2023 മാർച്ച് | 23-26 പൈസക്കരി ഫൊറോന |
| മാർച്ച് - ഏപ്രിൽ | 30-02 ചെമ്പന്തൊട്ടി ഫൊറോന |
| 2023 ഡിസംബർ | 07-10 കുന്നോത്ത് ഫൊറോന |
| 2023 ഡിസംബർ | 14-17 എടൂർ ഫൊറോന |

**2024 ലെ ധ്യാനങ്ങൾ**

| | |
|---|---|
| 2024 ഫെബ്രുവരി | 15-18 പേരാവൂർ ഫൊറോന |
| 2024 ഫെബ്രുവരി | 22-25 വായാട്ടുപറമ്പ ഫൊറോന |
| ഫെബ്രു.- മാർച്ച് | 29-03 പനത്തടി ഫൊറോന |
| 2024 മാർച്ച് | 07-10 തളിപ്പറമ്പ് ഫൊറോന |
| 2024 മാർച്ച് | 14-17 വെള്ളരിക്കുണ്ട് ഫൊറോന |
| 2024 മാർച്ച് | 21-24 ആലക്കോട് ഫൊറോന |
| 2024 ഡിസംബർ | 05-08 കാഞ്ഞങ്ങാട് ഫൊറോന |
| 2024 ഡിസംബർ | 19-22 നെല്ലിക്കാംപൊയിൽ ഫൊറോന |

**NB:** ധ്യാനസംബന്ധമായ എല്ലാ കാര്യങ്ങൾക്കും ടോം ഓലിക്കരോട്ടച്ചനുമായി ബന്ധപ്പെടേണ്ടതാണ്.

**മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി**
കൺവീനർ

**ഫാ. ടോം ഓലിക്കരോട്ട്**
കോർഡിനേറ്റർ

## ഇടവക നവീകരണ ധ്യാനം

**ചെമ്പേരി ഫൊറോന 2022 ഡിസംബർ 01 മുതൽ – 04 വരെ (വ്യാഴം മുതൽ – ഞായർ വരെ)**

| നമ്പർ | ഇടവക | ധ്യാന ടീം | ഹോം മിഷൻ ടീം | ധ്യാനവിളംബരം 30.10.2022 കൺവീനർ |
|---|---|---|---|---|
| 1 | അരീക്കമല | ഫാ. ജിത്ത് കളപ്പുര & SABS ടീം | NS സിസ്റ്റേഴ്സ് | ഫാ. ടോം ഓലിക്കരോട്ട് |
| 2 | ചെമ്പേരി 1 | മോൺ. മാത്യു ഇളംതുരുത്തിപ്പടവിൽ & NS ടീം | FCC സിസ്റ്റേഴ്സ് | മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി |
| 3 | ചെമ്പേരി 2 | ഫാ. ബിജു മുട്ടത്തുകുന്നേൽ & SH ടീം | DST, SD സിസ്റ്റേഴ്സ് | |
| 4 | ചെമ്പേരി 3 | ഫാ. ആന്റണി വെട്ടിയാനിക്കൽ & ടീം | SMHC സിസ്റ്റേഴ്സ് | |
| 5 | ദീപഗിരി | ഫാ. കുര്യാക്കോസ് കോലക്കുന്നേൽ & SABS ടീം | NS സിസ്റ്റേഴ്സ് | ഫാ. ഫിലിപ്പ് കവിയിൽ |
| 6 | കനകക്കുന്ന് | ഫാ. ജിസ് കളപ്പുര & MSMI ടീം | CMC സിസ്റ്റേഴ്സ് | ഫാ. മാത്യു ശാസ്താംപടവിൽ |
| 7 | കുടിയാന്മല | ഫാ. ജെയിംസ് പുത്തൻനട & ടീം | FCC സിസ്റ്റേഴ്സ് | ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ |
| 8 | ലിസിഗിരി | ഫാ. സേവ്യർ പുത്തൻപുര (Sr.) & ടീം | SKD സിസ്റ്റേഴ്സ് | ഫാ. ജോൺസൺ കോവൂർപുത്തൻപുര |
| 9 | നെല്ലിക്കുറ്റി 1 | ഫാ ജോർജ് വള്ളിമല & ടീം | MSMI സിസ്റ്റേഴ്സ് | ഫാ. ജേക്കബ് വെണ്ണായപ്പിള്ളി |
| 10 | നെല്ലിക്കുറ്റി 2 | ഫാ ക്രിസ്റ്റി ചക്കാനിക്കുന്നേൽ & ടീം | | |
| 11 | പൊൻമല | ഫാ. ജോസ് തച്ചുകുന്നേൽ OFM & ടീം | SKD സിസ്റ്റേഴ്സ് | ഫാ.ചാക്കോ കുടിപ്പറമ്പിൽ |
| 12 | പൂപ്പറമ്പ് | ഫാ. ജോസഫ് വടക്കേപ്പറമ്പിൽ & ടീം | FUSCO & SMS ടീം | ഫാ. തോമസ് വാളിപ്ലാക്കൽ |
| 13 | പൊട്ടൻപ്ലാവ് | ഫാ. സെബാസ്റ്റ്യൻ മുട്ടത്തുപാറ & CMC ടീം | SKD സിസ്റ്റേഴ്സ് | ഫാ. സെബാസ്റ്റ്യൻ ചെരിപുറത്ത് |
| 14 | പുലിക്കുരുമ്പ | ഫാ. തോമസ് OCD & ടീം | SH സിസ്റ്റേഴ്സ് | മോൺ. ആന്റണി മുതുകുന്നേൽ |
| 15 | രത്നഗിരി | ഫാ. ചാക്കോ കുടിപ്പറമ്പിൽ & MSJ ടീം | NS സിസ്റ്റേഴ്സ് | ഫാ. ജോസഫ് കാക്കരമറ്റം |

**അധീഷണൽ ടീം**

**1. ഫാ ടോം ഓലിക്കരോട്ട് & ടീം 2. ഫാ. തോമസ് കൊച്ചുകരോട്ട് & ടീം 3. ഫാ. മാത്യു വേങ്ങക്കുന്നേൽ & ടീം**

# ഇടവക നവീകരണ ധ്യാനം

## മേരിഗിരി ഫൊറോന 2022 ഡിസംബർ 15 മുതൽ – 18 വരെ (വ്യാഴം മുതൽ – ഞായർ വരെ)

| നമ്പർ | ഇടവക | ധ്യാന ടീം | ഹോം മിഷൻ ടീം | ധ്യാനവിളംബരം 30.10.2022 കൺവീനർ |
|---|---|---|---|---|
| 1 | ചെറുപാറ | ഫാ. കുര്യാക്കോസ് കോലക്കുന്നേൽ & FCC ടീം | CMC സിസ്റ്റേഴ്സ് | ഫാ. ചാക്കോ കുടിപ്പറമ്പിൽ |
| 2 | മേരിഗിരി 1 | മോൺ. മാത്യു ഇളംതുരുത്തിപ്പടവിൽ & NS ടീം | MSMI സിസ്റ്റേഴ്സ് | ഫാ. ജോസഫ് കാക്കരമറ്റം |
| 3 | മേരിഗിരി 2 | ഫാ. ബിജു മുട്ടത്തുകുന്നേൽ & SH ടീം | | |
| 4 | മേരിഗിരി 3 | ഫാ. ജിത്ത് കളപ്പുര & SABS ടീം | | |
| 5 | എടക്കോം | ഫാ. ക്രിസ്റ്റി ചക്കാനിക്കുന്നേൽ & ടീം | FCC സിസ്റ്റേഴ്സ് | മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി |
| 6 | കൊടോപ്പള്ളി | ഫാ. ജിസ് കളപ്പുര & MSMI ടീം | DST സിസ്റ്റേഴ്സ് | ഫാ. തോമസ് വാളിപ്ലാക്കൽ |
| 7 | പച്ചാണി | ഫാ. സേവ്യർ പുത്തൻപുര (Sr.) & ടീം | DC സിസ്റ്റേഴ്സ് | ഫാ. സെബാസ്റ്റ്യൻ ചെരിപുറത്ത് |
| 8 | വെള്ളരിയാനം | ഫാ. ജോർജ് വള്ളിമല & ടീം | CPS സിസ്റ്റേഴ്സ് | ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ |
| 9 | രയറോം | ഫാ തോമസ് OCD & ടീം | MSMI സിസ്റ്റേഴ്സ് | ഫാ. ടോം ഓലിക്കരോട്ട് |
| 10 | വിമലശ്ശേരി | ഫാ ജോസഫ് വടക്കേപ്പറമ്പിൽ & ടീം | FCC സിസ്റ്റേഴ്സ് | ഫാ. മാത്യു ശാസ്താംപടവിൽ |
| 11 | പെരിങ്ങാല | ഫാ. ജോസ് തച്ചുകുന്നേൽ OFM & ടീം | CMC സിസ്റ്റേഴ്സ് | ഫാ. ജോൺസൺ കോവൂർപുത്തൻപുര |
| 12 | കാര്യപ്പള്ളി | ഫാ. സെബാസ്റ്റ്യൻ മുട്ടത്തുപാറ & CMC ടീം | CMC സിസ്റ്റേഴ്സ് | ജേക്കബ് വെണ്ണായപ്പിള്ളി |
| 13 | പെരുമ്പടവ് | ഫാ. ടോം ഓലിക്കരോട്ട് & ടീം | SH സിസ്റ്റേഴ്സ് | മോൺ. ആന്റണി മുതുകുന്നേൽ |

**അധീഷണൽ ടീം**

**1. ഫാ. ചാക്കോ കുടിപ്പറമ്പിൽ & എം. എസ്. ജെ. ടീം  2. ഫാ. ജെയിംസ് പുത്തൻനട & ടീം**

**3. ഫാ. മാത്യു വേങ്ങക്കുന്നേൽ & ടീം**

# വിശ്വാസ പരിശീലനം

"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും
മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്കാ 2:52).

**1. മതാധ്യാപകദിനം നവംബർ 4**

വിശ്വാസപരിശീലകരുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി. ചാൾസ് ബൊറോമിയോയുടെ തിരുനാൾ ദിനമായ നവംബർ 4-നാണ് മതാധ്യാപകദിനം. എല്ലാ സൺഡേ സ്കൂളുകളിലും നവംബർ 6-ാം തീയതി ഞായറാഴ്ച മതാധ്യാപകദിനം ആചരിക്കുകയും അധ്യാപകർക്ക് സമ്മാനങ്ങൾ നൽകുകയും ചെയ്യണം. ഹെഡ്മാസ്റ്റർ ബഹു. വികാരിയച്ചനുമായി ആലോചിച്ച് മതാധ്യാപകദിനം സമുചിതമായി ആഘോഷിക്കാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്യുമല്ലോ. അതിരൂപതയിലെ എല്ലാ വിശ്വാസപരിശീലകർക്കും മതാധ്യാപകദിനത്തിന്റെ മംഗളങ്ങളും പ്രാർത്ഥനകളും ആശംസിക്കുകയും അധ്യാപകരുടെ ശുശ്രൂഷയെ നന്ദിയോടെ ഓർക്കുകയും ചെയ്യുന്നു.

**2. അസൈൻമെന്റ് ക്ലാസ് XII**

പന്ത്രണ്ടാം ക്ലാസിലെ കുട്ടികളുടെ ഈ അധ്യയനവർഷത്തെ അസൈൻമെന്റിന്റെ വിഷയം **'മാധ്യമങ്ങളുടെ നന്മയും അവ ഉയർത്തുന്ന വെല്ലു വിളികളും'** എന്നതാണ്. അസൈൻമെന്റ് ഓഫീസിൽ എത്തിക്കേണ്ട അവസാന തിയതി **നവംബർ 30 ആണ്.** ഇക്കാര്യം കുട്ടികളെ നേരത്തെ അറിയിച്ച് അസൈൻമെന്റ് എഴുതാൻ അവരെ ഒരുക്കേണ്ടതാണ്. ആമുഖം, ഉള്ളടക്കം, ഉപസംഹാരം, റഫറൻസ് ഗ്രന്ഥങ്ങൾ എന്നിവ അസൈൻമെന്റിന് ഉണ്ടായിരിക്കണം. കുറഞ്ഞത് പത്തുപേജെങ്കിലും അസൈൻമെന്റിന് ഉണ്ടായിരിക്കണം. കുട്ടിയുടെ മാമ്മോദീസാപേരും ബ്രായ്ക്കറ്റിൽ വിളിപ്പേരും വീട്ടുപേരും ഇടവകയും അസൈൻമെന്റിൽ എഴുതിയിരിക്കണം. താഴെ കൊടുത്തിരിക്കുന്ന മൂന്ന് അധ്യായങ്ങളെ ആസ്പദമാക്കിയാണ് വിഷയാവതരണം നടത്തേണ്ടത്.

**വിഷയം: "മാധ്യമങ്ങളുടെ നന്മയും അവ ഉയർത്തുന്ന വെല്ലുവിളികളും"**
അധ്യായം1 : മാധ്യമങ്ങളും അവയുടെ നന്മയും
2 : മാധ്യമങ്ങൾ ഉയർത്തുന്ന വെല്ലുവിളികൾ
3 : മാധ്യമങ്ങളെ എങ്ങനെ സമൂഹ നന്മയ്ക്കായി വിനിയോഗിക്കാം

അസൈൻമെന്റ് എഴുതാൻ സഹായകമായ ആധാരഗ്രന്ഥങ്ങൾ താഴെകൊടുക്കുന്നു.

1. രണ്ടാം വത്തിക്കാൻ കൗൺസിൽ, സാമൂഹ്യസമ്പർക്ക മാധ്യമങ്ങളെക്കുറിച്ചുള്ള ഡിക്രി
2. ഡോ. ഫ്രാൻസിസ് കാരയ്ക്കാട്ട് SDB, മീഡിയ ഗൈഡ്
3. ഡോ. ഫ്രാൻസിസ് കാരയ്ക്കാട്ട് SDB, മാധ്യമം തലമുറയുടെ മാർഗദർശി
4. ഡോ. ഫ്രാൻസിസ് കാരയ്ക്കാട്ട് SDB, മാധ്യമങ്ങൾ ചെയ്യുന്നതും നാം ചെയ്യേണ്ടതും
5. ഡോ. ഫ്രാൻസിസ് കാരയ്ക്കാട്ട് SDB, മാധ്യമങ്ങളുടെ അധിനിവേശം.

### 3. ഡിപ്ലോമ പരീക്ഷ രജിസ്ട്രേഷൻ (ക്ലാസ്സ് XII)

ഈ അധ്യായനവർഷം 12-ാം ക്ലാസിൽ പഠിക്കുന്ന റെഗുലർ കുട്ടികളുടെ ഡിപ്ലോമ രജിസ്ട്രേഷൻ ഇനിയും പൂർത്തിയാക്കാത്തവർ **നവംബർ 10-നുള്ളിൽ** പൂർത്തിയാക്കി ഫോമുകൾ ഓഫീസിൽ എത്തിക്കേണ്ടതാണ്. ഹെഡ്മാസ്റ്റർമാർക്ക് തന്നിരിക്കുന്ന രജിസ്ട്രേഷൻ ഫോമിൽ കുട്ടികളുടെ മാമ്മോദീസ പേര്, സ്കൂളിലെ പേര്, വീട്ടുപേര്, ജനനതീയതി, മാമ്മോദീസ തീയതി, മാതാപിതാക്കളുടെ മാമ്മോദീസ പേര് എന്നിവ നിർബന്ധമായും ഉണ്ടായിരിക്കണം. തീയതികൾ കൃത്യമായും പേരുകൾ അക്ഷരതെറ്റുകൂടാതെയും ചേർക്കേണ്ടതാണ്. ആവശ്യമായ വിവരങ്ങൾ കുട്ടികളുടെ പക്കൽ നിന്നും ശേഖരിച്ചതിനുശേഷം ഫോം പൂരിപ്പിച്ച് കുട്ടികളെ കാണിച്ച് ആവശ്യമായ തിരുത്തലുകൾ വരുത്തിയിട്ടായിരിക്കണം രജിസ്ട്രേഷൻ ഫോമുകൾ ഓഫീസിലേക്ക് അയക്കേണ്ടത്. രജിസ്ട്രേഷൻ നടത്താത്ത ആരെയും പരീക്ഷ എഴുതുവാൻ അനുവദിക്കുകയില്ല. സർട്ടിഫിക്കറ്റിൽ പിന്നീട് വരുന്ന തിരുത്തലുകൾക്ക് ഫൈൻ ഈടാക്കുന്നതായിരിക്കും.

**നിർദ്ദേശങ്ങൾ**

a. Internal Assesment മാർക്ക് ഇപ്പോൾ ചേർക്കേണ്ടതില്ല. കുട്ടികൾക്ക് രജിസ്ട്രേഷൻ നമ്പർ ഓഫീസിൽ നിന്നും നൽകി ഫോം തിരികെ നൽകുന്നതാണ്. അപ്പോഴാണ് ഇന്റേണൽ മാർക്ക് ചേർക്കേണ്ടത് (പരമാവധി 25 മാർക്ക്). മാർക്ക് കണക്കാക്കുമ്പോൾ വിശ്വാസപരിശീലനത്തിൽ കുട്ടിയുടെ ഭാഗഭാഗിത്വം, ക്ലാസ്സ് ടെസ്റ്റുകളിൽ കുട്ടിയുടെ പങ്കാളിത്തം, വി. കുർബാനയിൽ കുട്ടിയുടെ ഭാഗഭാഗിത്വം etc... കണക്കിലെടുക്കേണ്ടതാണ്.
b. രജിസ്ട്രേഷൻ ഫോം പൂരിപ്പിച്ച് നൽകിയിരിക്കുന്നത് അപൂർണ്ണമാണെങ്കിൽ പരീക്ഷയെഴുതാൻ അനുവദിക്കുന്നതല്ല.
c. രജിസ്ട്രേഷൻ ഫോം ഇംഗ്ലീഷിലായിരിക്കണം പൂരിപ്പിക്കേണ്ടത്.
d. **നവംബർ 10-നുള്ളിൽ** ഓഫീസിൽ ലഭിക്കത്തക്കവിധം രജിസ്ട്രേഷൻ ഫോം അയക്കേണ്ടതാണ്.

**4. XII-ാം ക്ലാസ്സ് ഡിപ്ലോമ സേ പരീക്ഷ**

XII-ാം ക്ലാസ്സിലെ ഡിപ്ലോമ പരീക്ഷയിൽ തോറ്റവർക്ക് 2022 ജനുവരി 26-ന് നടത്തുന്ന പരീക്ഷയ്ക്ക് പേര് രജിസ്റ്റർ ചെയ്ത് പരീക്ഷ എഴുതാവുന്നതാണ്. സൺഡേ സ്കൂൾ ലെറ്റർപാഡിൽ കുട്ടിയുടെ പേരും വീട്ടുപേരും, പരീക്ഷ എഴുതിയ വർഷം, കഴിഞ്ഞ പരീക്ഷയ്ക്ക് കിട്ടിയ മാർക്കുകൾ, രജിസ്റ്റർ നമ്പർ എന്നിവ എഴുതി ഹെഡ്മാസ്റ്ററിന്റെ ഒപ്പോടുകൂടി **നവംബർ 10-ന്** ഓഫീസിൽ ലഭിക്കത്തക്കവിധം അയയ്ക്കേണ്ടതാണ്.

**5. ഡിപ്ലോമ: നോൺ റെഗുലർ സ്റ്റുഡൻസ്**

വിശ്വാസപരിശീലനം പൂർത്തിയാക്കാതെ ഉന്നത പഠനത്തിനായ് ഇടവകയ്ക്ക് പുറത്ത് പഠിക്കുന്ന കുട്ടികൾ, അവർ പഠിക്കുന്ന ഇടവകയിൽനിന്ന് പഠനം പൂർത്തിയാക്കി എന്ന് സാക്ഷ്യപ്പെടുത്തുന്ന വികാരിയച്ചന്റെയോ ഹെഡ്മാസ്റ്ററിന്റെയോ കത്ത് ഹാജരാക്കിയാൽ അവരെ പരീക്ഷ എഴുതിപ്പിക്കേണ്ടതാണ്. പരീക്ഷയെ സംബന്ധിച്ച് ബഹു. വികാരിയച്ചന്മാർ പൊതുവായ നിർദ്ദേശം പള്ളിയിൽ കൊടുക്കുമല്ലോ. ഇപ്രകാരമുള്ള കുട്ടികളുടെ പേരുവിവരങ്ങൾ ലെറ്റർപാഡിൽ എഴുതി ഹെഡ്മാസ്റ്ററിന്റെ ഒപ്പോടുകൂടി **നവംബർ 10-ന്** ഓഫീസിൽ ലഭിക്കത്തക്കവിധം അയയ്ക്കണം. അവർ അസൈൻമെന്റ് എഴുതേണ്ടതാണ്.

**6. ക്രിസ്മസ് പരീക്ഷ ഡിസംബർ 11**

ക്രിസ്മസ് പരീക്ഷ ഡിസംബർ 11 ഞായറാഴ്ച്ച രാവിലെ 11.30 മുതൽ 1.30 വരെയാണ്. പരീക്ഷയ്ക്ക് ഒരുങ്ങേണ്ട പാഠഭാഗങ്ങൾ താഴെക്കൊടുക്കുന്നു.

| | | |
|---|---|---|
| ക്ലാസ് I, II | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 6-10 അദ്ധ്യായങ്ങൾ<br>4-5 അദ്ധ്യായങ്ങൾ |
| ക്ലാസ് III | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 6-10 അദ്ധ്യായങ്ങൾ<br>5-8 അദ്ധ്യായങ്ങൾ |
| ക്ലാസ് IV-VII | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 6-10 അദ്ധ്യായങ്ങൾ<br>3-4 അദ്ധ്യായങ്ങൾ |
| ക്ലാസ് VIII | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 6-10 അദ്ധ്യായങ്ങൾ<br>6-10 അദ്ധ്യായങ്ങൾ |
| ക്ലാസ് IX | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 6-10 അദ്ധ്യായങ്ങൾ<br>3-4 അദ്ധ്യായങ്ങൾ |
| ക്ലാസ് X | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 6-10 അദ്ധ്യായങ്ങൾ<br>ഭാഗം 2:1-5അദ്ധ്യായങ്ങൾ |
| ക്ലാസ് XI | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 5-8 അദ്ധ്യായങ്ങൾ<br>3-4 അദ്ധ്യായങ്ങൾ |
| ക്ലാസ് XII | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 6-10 അദ്ധ്യായങ്ങൾ<br>സത്യമറിയാൻ (പേജ് 25-47) |

**NB:** ഏതെങ്കിലും കാരണത്താൽ പരീക്ഷ (ഓണം, ക്രിസ്മസ്) എഴുതാൻ സാധിക്കാത്തവർക്ക് പിന്നീട് പ്രൈവറ്റായി ക്ലാസ് ടീച്ചർ പരീക്ഷ നടത്തേണ്ടതാണ്.

**7. ജനറൽ ചോദ്യങ്ങൾ**

ക്രിസ്മസ് പരീക്ഷയുടെ ജനറൽ ചോദ്യങ്ങൾ വാട്സ്ആപ്പ് ഗ്രൂപ്പിൽ **നവംബർ 27-ന്** പ്രസിദ്ധീകരിക്കുന്നതായിരിക്കും. **4 മുതൽ 7 വരെയുള്ള ക്ലാസുകൾക്കും 8 മുതൽ 12 വരെയുള്ള ക്ലാസുകൾക്കും** വ്യത്യസ്ത ജനറൽ ചോദ്യങ്ങളാണ് ഉള്ളത്. അധ്യാപകർ ജനറൽ ചോദ്യങ്ങൾ കുട്ടികൾക്ക് നല്കി അവരെ ഒരുക്കേണ്ടതാണ്.

**8. "സോൾട്ട് 2022"**

നവംബർ മാസം മുതൽ പ്ലസ്ടു കുട്ടികളുടെ റീജിയണൽ സംഗമങ്ങൾ **"സോൾട്ട് 2022"** ആരംഭിക്കുന്നു. സംഗമം ഞായറാഴ്ച രാവിലെ 9 മണിക്ക് വി. കുർബാനയോടെ ആരംഭിച്ച് വൈകുന്നേരം 4 മണിക്ക് അവസാനിക്കും. ഉച്ചവരെ ആനുകാലിക വിഷയങ്ങളെക്കുറിച്ചും ഉച്ചകഴിഞ്ഞ് കരിയർ ഗൈഡൻസ് സംബന്ധമായ ക്ലാസ്സുകളും നല്കുന്നതാണ്. കുട്ടികളോടൊപ്പം ക്ലാസ്സധ്യാപകരും സംഗമത്തിൽ പങ്കെടുക്കുന്നു. രജിസ്ട്രേഷൻ ഫീസായി ഒരു കുട്ടി നൽകേണ്ടത് 150 രൂപയാണ്.

| **തീയതി** | **സ്ഥലം** | **പങ്കെടുക്കേണ്ട ഫൊറോനകൾ** |
|---|---|---|
| നവംബർ 13 | വിമൽജ്യോതി എഞ്ചിനിയറിംഗ് കോളേജ് | ചെമ്പേരി, ചെമ്പൻതൊട്ടി, പൈസക്കരി, നെല്ലിക്കാംപൊയിൽ |
| നവംബർ 20 | പേരാവൂർ | എടൂർ, കുന്നോത്ത്, പേരാവൂർ |
| നവംബർ 27 | ആലക്കോട് | ആലക്കോട്, മേരിഗിരി, തളിപ്പറമ്പ്, വായാട്ടുപറമ്പ് |
| ഡിസംബർ 4 | ചെറുപുഴ | ചെറുപുഴ, തോമാപുരം, വെള്ളരിക്കുണ്ട് |
| ഡിസംബർ 18 | ഗുഡ്ഷെപ്പേർഡ് പാസ്റ്ററൽ സെന്റർ, പടന്നക്കാട് | കാഞ്ഞങ്ങാട്, കാസർഗോഡ്, പനത്തടി |

**9. "എൻലൈറ്റ് 2022"**

നവംബർ, ഡിസംബർ, ജനുവരി മാസങ്ങളിൽ 7,8,9 ക്ലാസ്സുകളിലെ കുട്ടികൾക്ക് വേണ്ടി ബോധവത്ക്കരണ ക്ലാസ്സുകൾ **"എൻലൈറ്റ് 2022"** വിശ്വാസപരിശീലനകേന്ദ്രത്തിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്നു. ലൈംഗികത, ലഹരി വസ്തുക്കൾ, പ്രണയം എന്നീ വിഷയങ്ങളെക്കുറിച്ചുള്ള ബോധവത്ക്കരണം കുട്ടികൾക്ക് നല്കുന്നു. ഫൊറോന ആവശ്യപ്പെടുന്നതനുസരിച്ച് രണ്ടോ മൂന്നോ സെന്ററുകളിൽ വച്ച് ക്ലാസ്സ് നടത്തുന്നതാണ്. റിസോഴ്സ് ടീം അംഗങ്ങളെ വിശ്വാസപരിശീലനകേന്ദ്രം നല്കുന്നതായിരിക്കും. റിസോഴ്സ് ടീം അംഗങ്ങളുടെ യാത്രാ ചിലവ്, ഇതര ചിലവുകൾ മുതലായവ ഫൊറോന വഹിക്കേണ്ടതാണ്.

**10. ഏകദിന സെമിനാർ:-** അതിരൂപതാ മതബോധനകമ്മിറ്റിയുടെ നിർദ്ദേശപ്രകാരമുള്ള ഏകദിന സെമിനാർ നടന്നുകൊണ്ടിരിക്കുന്നു. രാവിലെ 9.30 മുതൽ വൈകുന്നേരം 4 മണിവരെയായിരിക്കും ഏകദിന സെമിനാറിന്റെ സമയം. സെമിനാറിൽ ഫൊറോനയിലെ മുഴുവൻ വിശ്വാസപരിശീലകരും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

**11. ഏകദിന സെമിനാർ: നവംബർ മാസം പേരാവൂർ ഫൊറോന – നന്ദി**

ഒക്ടോബർ 4-ാം തീയതി ചൊവ്വാഴ്ച പേരാവൂർ ഫൊറോനയിലെ വിശ്വാസപരിശീലകർക്കായി ഏകദിന സെമിനാർ സംഘടിപ്പിച്ചു. ആർച്ച് പ്രീസ്റ്റ് റവ. ഡോ. തോമസ് കൊച്ചുകരോട്ട് സെമിനാർ ഉദ്ഘാടനം ചെയ്തു. അതിരൂപതാ ഡയറക്ടർ റവ. ഡോ. ജേക്കബ് വെണ്ണായപ്പിള്ളിൽ മീറ്റിംഗിന് അദ്ധ്യക്ഷത വഹിച്ചു. മീറ്റിംഗിൽ വച്ച് ശ്രീ. ബേബി പാലയ്ക്കലോടി സാറിനെ ആദരിച്ചു. റവ. ഡോ. ജേക്കബ് വെണ്ണായപ്പിള്ളിൽ, ശ്രീ. ജോബി മൂലയിൽ എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. ഫൊറോന പ്രസിഡന്റ് ശ്രീ. ജോൺസൺ പൊട്ടയ്ക്കൽ സ്വാഗതവും സെക്രട്ടറി ശ്രീ. റെന്നി എഴുത്തുപള്ളിക്കൽ നന്ദിയും പറഞ്ഞു. സെമിനാറിൽ 155 വിശ്വാസപരി ശീലകർ പങ്കെടുത്തു.

**12. ഏകദിന സെമിനാർ – നവംബർ മാസം**

ആലക്കോട്, വായാട്ടുപറമ്പ് – നവംബർ 12

**13. ഫുൾഡേ ക്ലാസ്:-** വാർഷിക കലണ്ടറിൽ നല്കിയിരിക്കുന്നപ്രകാരം മാസത്തിലെ അവസാന ഞായറാഴ്ച്ച എല്ലാ സൺഡേ സ്കൂളുകളിലും ഫുൾഡേ ക്ലാസ് നടത്തുമല്ലോ. ഗ്രൂപ്പുകളുടെ കലാപരിപാടികൾ, സംഘ ടനാപ്രവർത്തനങ്ങൾ, സെമിനാറുകൾ, ആരാധന, കുമ്പസാരം മുതലായ വയ്ക്ക് ഉച്ചകഴിഞ്ഞുള്ള സമയം പ്രയോജനപ്പെടുത്താവുന്നതാണ്.

**14. അതിരൂപതാ വിസിറ്റേഴ്സ് സന്ദർശനം**

2022-2023 അധ്യയനവർഷത്തെ സൺഡേസ്കൂൾ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനുവേണ്ടിയുള്ള അതിരൂപതാ വിസിറ്റേഴ്സിന്റെ സന്ദർ ശനം ഒക്ടോബർ മാസത്തിൽ ആരംഭിച്ചു. വിസിറ്റർ വരുന്ന വിവരം തലേ ഞായറാഴ്ച്ച കുട്ടികളെ അറിയിക്കുകയും വി. കുർബ്ബാന കഴിഞ്ഞുള്ള പൊതു കൂട്ടായ്മയിലും സ്റ്റാഫ് മീറ്റിംഗിലും വിസിറ്ററിനു സ്വാഗതം പറയേണ്ടതും കുട്ടികളെ പൊതുവായി കാണുന്നതിനുള്ള അവസരം ക്രമീകരിക്കേണ്ടതു മാണ്. **സ്റ്റാഫ് മീറ്റിംഗിൽ മുഴുവൻ അധ്യാപകരുടെയും സാന്നിധ്യം ഉണ്ടാ യിരിക്കണം. അവരുടെ യാത്രയ്ക്കാവശ്യമായ റ്റി.എ. സൺഡേസ്കൂളിൽ നിന്നും കൊടുക്കേണ്ടതാണ്.**

**നവംബർ മാസത്തിലെ അതിരൂപത വിസിറ്റ്**

**06-11-2022:** കീഴ്പ്പള്ളി, കണ്ണിവയൽ, തളിപ്പറമ്പ്, പടുപ്പ്, ബളാൽ, മുണ്ടാ നൂർ, ഉമ്മറപൊയിൽ, പയ്യാവൂർ, നെല്ലിയടുക്കം, ആനപ്പന്തി, വെള്ളാട്, പെരുമ്പുന്ന, കോട്ടൂർ, എടക്കോം.

**13-11-2022:** വെളിമാനം, മണ്ടപം, മാനടുക്കം, ഭീമനടി, ഇരിട്ടി, തിരുമേനി, ചുണ്ടപറമ്പ്, എടക്കാനം, അൽഫോൻസഗിരി, എടത്തൊട്ടി, ചേപ്പറമ്പ്, പെർള, വെള്ളരിയാനം.

**20-11-2022:** ചെടിക്കുളം, വരക്കാട്, പനത്തടി, കൊന്നക്കാട്, പുറവയൽ, കാലി ച്ചാനടുക്കം, വെമ്പുവ, മാടത്തിൽ, പൊയിനാച്ചി, കരുവൻചാൽ, ചെട്ടി യാംപറമ്പ്, വിളക്കന്നൂർ, കാര്യപ്പള്ളി.

**27-11-2022:** എടൂർ, കാവുംതല, പയ്യന്നൂർ, പാണത്തൂർ, പരപ്പ, പടിയൂർ,

ചെറുപുഴ, ഏറ്റുപാറ, ചായോത്ത്, കുന്നോത്ത്, കരുണാപുരം, കണിച്ചാർ, മണ്ടളം, മേരിഗിരി.

## 15. വിസിറ്റ് - നന്ദി

ഒക്ടോബർ മാസത്തിൽ 76 സൺഡേസ്കൂളുകളിൽ അതിരൂപതാ വിസിറ്റ് നടത്തി. സഹകരിച്ച എല്ലാ ബഹു. വികാരിയച്ചൻമാർക്കും, വിസിറ്റേഴ്സിനും, പ്രധാനാധ്യാപകർക്കും വിശ്വാസപരിശീലകർക്കും നന്ദി.

## 16. ഓഫീസ്, റിക്കാർഡുകൾ

എല്ലാ സൺഡേസ്കൂളുകളിലെയും ഓഫീസും റിക്കാർഡുകളും ഈ അധ്യയന വർഷം പുനഃക്രമീകരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. ഓഫീസ്, റിക്കാർഡുകൾ, ഫയലുകൾ തുടങ്ങിയവ ഹെഡ്മാസ്റ്ററിന്റെയും സെക്രട്ടറിയുടേയും നേതൃത്വത്തിൽ ക്രമമാക്കേണ്ടതും ചിട്ടയായി സൂക്ഷിക്കേണ്ടതുമാണ്. ഓഫീസിൽ ലെറ്റർപാഡും സീലും ഉണ്ടായിരിക്കേണ്ടതാണ്. അതിരൂപത വിസിറ്റർ വരുമ്പോൾ ഓഫീസ് റിക്കാർഡുകൾ പരിശോധിക്കുന്നതാണ്.

## 17. വിശ്വാസപരിശീലകരുടെ ധ്യാനം

2022-2023 പ്രവർത്തന വർഷത്തിൽ പരിയാരം മദർഹോമിൽ വച്ച് വിശ്വാസപരിശീലകർക്ക് മൂന്ന് ദിവസം നീണ്ടു നിൽക്കുന്ന ധ്യാനം സംഘടിപ്പിക്കുന്നു. അതിരൂപതയിൽ വിശ്വാസപരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാ മതാധ്യാപകരും ധ്യാനത്തിൽ പങ്കെടുക്കണം. ധ്യാനം നടത്തുന്ന തീയതികൾ നവംബർ 11-13, ഡിസംബർ 16-18. ധ്യാനം വെള്ളിയാഴ്ച രാവിലെ 9.30-ന് ആരംഭിച്ച് ഞായറാഴ്ച 4 മണിക്ക് അവസാനിക്കുന്നതാണ്.
**നവംബർ 11-13:** കാഞ്ഞങ്ങാട്, കാസർഗോഡ്, തളിപ്പറമ്പ്, ചെമ്പേരി, തോമാപുരം.
**ഡിസംബർ 16-18:** വെള്ളരിക്കുണ്ട്, കാസർഗോഡ്, ചെറുപുഴ, മുൻധ്യാനങ്ങളിൽ പങ്കെടുക്കാൻ പറ്റാതിരുന്ന വിശ്വാസപരിശീലകർ.
**NB:** മുകളിൽ തന്നിരിക്കുന്ന തീയതി അനുസരിച്ച് ധ്യാനത്തിൽ പങ്കെടുക്കാൻ ശ്രദ്ധിക്കുമല്ലോ. അത്യാവശ്യമുള്ള സൺഡേ സ്കൂളുകൾക്ക് ഓഫീസിൽ അറിയിച്ച് തീയതി മാറ്റാവുന്നതാണ്.

## 18. വിശ്വാസപരിശീലകരുടെ ധ്യാനം - നന്ദി

ചെമ്പന്തൊട്ടി, മേരിഗിരി, നെല്ലിക്കാംപൊയിൽ, വായാട്ടുപറമ്പ് ഫൊറോനയിലെ വിശ്വാസപരിശീലകർക്കായി സെപ്റ്റംബർ 14, 15, 16 തീയതികളിൽ പരിയാരം മദർഹോം ധ്യാനകേന്ദ്രത്തിൽ വച്ച് ധ്യാനം സംഘടിപ്പിച്ചു. ധ്യാനം ശുശ്രൂഷകൾക്ക് റവ. ഫാ. ജെയിംസ് പുത്തൻനട, റവ. ഫാ. ആന്റണി വെട്ടിയാനിയ്ക്കൽ, ധ്യാനകേന്ദ്രത്തിലെ ശുശ്രൂഷകർ എന്നിവർ നേതൃത്വം നൽകി. 303 വിശ്വാസപരിശീലകർ ധ്യാനത്തിൽ സംബന്ധിച്ചു. എല്ലാവർക്കും അതിരൂപതാ വിശ്വാസപരിശീലന കേന്ദ്രത്തിന്റെ നന്ദി.

## 19. മിഷൻ ഞായർ ഒക്ടോബർ 23 - നന്ദി

ആഗോളമിഷൻ ഞായറായ ഒക്ടോബർ 23-ാം തീയതി എല്ലാ സൺഡേ സ്കൂളുകളും സമുചിതമായി ആചരിച്ചു. എല്ലാവർക്കും അഭിനന്ദനങ്ങൾ.

**20. രാജത്വത്തിരുനാൾ - നവംബർ 20**

മിശിഹായുടെ രാജത്വത്തിരുനാൾ ദിനമായ നവംബർ 20-ാം തീയതി എല്ലാ ഇടവകകളിലും സമുചിതമായി ആഘോഷിക്കുവാൻ വേണ്ട ക്രമീകരണങ്ങൾ നടത്തുമല്ലോ.

**21. Mission Quest 2022 - നന്ദി**

സീറോമലബാർ മിഷൻ ഓഫീസും മതബോധന കമ്മീഷനും സംയുക്തമായി കുട്ടികൾക്കും മുതിർന്നവർക്കുംവേണ്ടി നടത്തിയ മിഷൻ ക്വിസ്സിൽ അതിരൂപതയിൽ നിന്നും ധാരാളം പേർ പങ്കെടുത്തു. പങ്കെടുത്ത എല്ലാവർക്കും അഭിനന്ദനങ്ങൾ.

**22. പ്രധാനാധ്യാപകരുടെ മീറ്റിംഗ് - നന്ദി**

ഒക്ടോബർ മാസത്തിൽ നടത്തിയ മീറ്റിംഗിൽ സഹകരിച്ച ബഹു. ഫൊറോന വികാരിയച്ചൻമാർക്കും പ്രധാനധ്യാപകർക്കും നന്ദി.

**23. പാഠപുസ്തക പരിഷ്കരണം:-** പാഠപുസ്തക പരിഷ്കരണ കമ്മിറ്റിയുടെ മീറ്റിംഗ് സെപ്റ്റംബർ 28, 29 തീയതികളിൽ സന്ദേശഭവനിൽ ചേർന്നു. മീറ്റിംഗിൽ എറണാകുളം, തലശ്ശേരി, ഇരിങ്ങാലക്കുട, പാലക്കാട് എന്നീ രൂപതകളിലെ വിശ്വാസപരിശീലന ഡയറക്ടർമാരും തിരഞ്ഞെടുക്കപ്പെട്ട വിശ്വാസപരിശീലകരും പങ്കെടുത്തു.

**24. സീറോമലബാർ പ്രതിഭാസംഗമം 2022-23**

2011-2012 അധ്യയനവർഷം മുതൽ ഓരോ രൂപതയിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന 12-ാം ക്ലാസിൽ വിശ്വാസപരിശീലനം നടത്തുന്ന രണ്ട് ആൺകുട്ടികൾക്കും രണ്ട് പെൺകുട്ടികൾക്കും സഭാതലത്തിൽ സീറോ മലബാർ വിശ്വാസപരിശീലന കമ്മീഷൻ പ്രത്യേക പരിശീലനം കൊടുത്തുവരുന്നു.

**ഫൊറോനാതല ക്യാമ്പ്:-** ഫൊറോനാതല ക്യാമ്പ് ഒക്ടോബർ മാസത്തിൽ ഫൊറോനകളിൽ വച്ച് നടത്തുന്നു. ഓരോ ഇടവകയും 12-ാം ക്ലാസിലെ രണ്ട് ആൺകുട്ടികളെയും രണ്ട് പെൺകുട്ടികളെയും ക്യാമ്പിലേക്ക് അയക്കുക. **40 കുട്ടികളിൽ കൂടുതലുള്ള ഇടവകകളിൽ നിന്നും 3 ആൺകുട്ടികളെയും 3 പെൺകുട്ടികളെയും ക്യാമ്പിനയക്കാവുന്നതാണ്.** ക്യാമ്പിൽ പങ്കെടുക്കുന്നവർ ബൈബിൾ, നോട്ട്ബുക്ക്, പേന, ഉച്ചഭക്ഷണം എന്നിവ കൊണ്ടുവരേണ്ടതാണ്. ക്യാമ്പ് നടത്തേണ്ട തീയതിയും നേതൃത്വം നൽകേണ്ട ടീമിനെയും ഫൊറോന പ്രസിഡണ്ട് ബഹു. ഫൊറോന വികാരിയച്ചനുമായി ആലോചിച്ച് തീരുമാനിക്കണം. അതിരൂപത ക്യാമ്പിൽ പങ്കെടുക്കേണ്ട 3 ആൺകുട്ടികളുടെയും 3 പെൺകുട്ടികളുടെയും പേരുകൾ നവംബർ 13-നുള്ളിൽ ഓഫീസിൽ അറിയിക്കേണ്ടതാണ്.

**അതിരൂപതാതല ക്യാമ്പ്**

ഫൊറോനാതലത്തിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന കുട്ടികളുടെ അതിരൂപതാ ക്യാമ്പ് ഡിസംബർ 3, 4 തീയതികളിലായി തലശ്ശേരി സന്ദേശഭവനിൽ വച്ച് നടത്തുന്നു. ക്യാമ്പ് ശനിയാഴ്ച്ച രാവിലെ 10.00 മണിക്ക് ആരംഭിച്ച് ഞായറാഴ്ച്ച 1.00 മണിക്ക് അവസാനിക്കുന്നു. പങ്കെടുക്കുന്നവർ ബൈബിൾ, നോട്ട്ബുക്ക്, പേന, ടോയ്‌ലറ്റ് സാധനങ്ങൾ എന്നിവ കൊണ്ടു

വരേണ്ടതാണ്. ക്യാമ്പിനായി തിരഞ്ഞെടുത്ത കുട്ടികളെ തീയതിയും മറ്റു വിവരങ്ങളും മുൻകൂട്ടി അറിയിക്കുമല്ലോ. ഫൊറോനാ പ്രസിഡന്റ് പ്രസ്തുത കുട്ടികളുടെ പേരുകളും ഇടവകയും ഫോൺ നമ്പറും ഓഫീസിലേക്ക് നവംബർ 13-നകം അയച്ചുതരേണ്ടതാണ്.

**25. ആസ്പെക്ട് 2022-2023**

2022-2023 വിശ്വാസപരിശീലനവർഷത്തിൽ അധ്യാപകരുടെ തുടർപരിശീലനത്തിനായി ഉപയോഗിക്കുന്നത് സീറോമലബാർ മതബോധന കമ്മീഷൻ പ്രസിദ്ധീകരിച്ചിരിക്കുന്ന **"വിശ്വാസപരിശീലകരുടെ രൂപവത്ക്കരണം"** എന്ന പുസ്തകമാണ്. 211 പേജുകളുള്ള ഈ പുസ്തകത്തിന് 100 രൂപയാണ് വിലയായി നല്കേണ്ടത്. എല്ലാ വിശ്വാസപരിശീലകരും ഈ പുസ്തകത്തിന്റെ ഒരു കോപ്പി നിർബന്ധമായും വാങ്ങേണ്ടതും പഠനം ആരംഭിക്കേണ്ടതുമാണ്. നവംബർ 15-നുള്ളിൽ പുസ്തകങ്ങൾ വിതരണം ചെയ്യുന്നതാണ്.

**26. ഓഫീസിൽ അടയ്ക്കേണ്ട തുകകൾ**

2022-23 പ്രവർത്തന വർഷത്തിൽ ഓഫീസിൽ അടയ്ക്കേണ്ട വിവിധ തുകകൾ (പാഠപുസ്തകങ്ങൾ, ഉപപാഠപുസ്തകങ്ങൾ etc...) ശേഖരിച്ച് ബാങ്ക് വഴി അടയ്ക്കണമെന്ന് ഓർമിപ്പിക്കുന്നു. താഴെ കൊടുത്തിരിക്കുന്ന അക്കൗണ്ടിലേയ്ക്കാണ് തുക ട്രാൻസ്ഫർ ചെയ്യേണ്ടത്. തുക ട്രാൻസ്ഫർ ചെയ്യുന്നവർ ഡയറക്ടറച്ചനെ ഫോൺ വഴി അറിയിക്കുകയോ വാട്സ്ആപ്പ് നമ്പറിലേക്ക് സന്ദേശം നൽകുകയോ ചെയ്യണം.

A/c Holder : Department of Catechesis, A/c No : 0078053000073503
IFSC : SIBL 0000078, Bank : South Indian Bank, Thalassery

**27. ആദരാഞ്ജലികൾ**

പുറവയൽ സൺഡേസ്കൂൾ പ്രധാനധ്യാപകർ വർക്കി പള്ളൂരത്തിൽ സാറിന്റെ മാതാവ് അന്നക്കുട്ടി പള്ളൂരത്തിൽ, ചുണ്ടപറമ്പ് സൺഡേ സ്കൂളിൽ പതിനൊന്നാം ക്ലാസ്സ് വിദ്യാർത്ഥിയായിരുന്ന തോമസ് ഇമ്മാനുവേൽ ചിറമാട്ടേൽ, കരുവഞ്ചാൽ സൺഡേസ്കൂളിൽ ഈ വർഷം പഠനം പൂർത്തിയാക്കിയ അഞ്ജു ജോസ് താഴത്തുപറമ്പിൽ എന്നിവർ നിത്യ സമ്മാനത്തിനായി വിളിക്കപ്പെട്ടു. കുടുംബാംഗങ്ങളെ വിശ്വാസപരിശീലന കേന്ദ്രത്തിന്റെ അനുശോചനവും പ്രാർത്ഥനയും അറിയിക്കുന്നു.

**28. ഡയറക്ടറച്ചൻമാരുടെ സന്ദർശനം**

ഡയറക്ടറച്ചൻ വിളക്കന്നൂർ, കടുമേനി, പരിയാരം, വായാട്ടുപറമ്പ്, ബാലപുരം, നെല്ലിക്കുറ്റി എന്നീ സൺഡേസ്കൂളുകളിലും അസി. ഡയറക്ടറച്ചൻ ബാലേശുഗിരി, പൊൻമല, ചന്ദനക്കാംപാറ, വെള്ളാട്, മാവുംചാൽ എന്നീ സൺഡേസ്കൂളുകളിലും സന്ദർശനം നടത്തി.

സ്നേഹത്തോടെ,

**ഫാ. ജേക്കബ് വെണ്ണായപ്പിള്ളിൽ**
ഡയറക്ടർ

# ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട് &
# ബൈബിൾ അപ്പൊസ്റ്റോലേറ്റ്

**ബിരുദദാന ചടങ്ങ് 2023 ജനുവരി മാസത്തോടെ...**

ഈ വർഷം ബിരുദ - ബിരുദാനന്തര പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികളുടെ ബിരുദദാന ചടങ്ങ് 2023 ജനുവരി 21 -ാം തീയതി, രാവിലെ 10 മണി മുതൽ തലശ്ശേരി സന്ദേശഭവനിൽ വച്ച് നടത്തുന്നു. വിശദവിവരങ്ങൾ കോ-ഓർഡിനേറ്റേർസ് മുഖാന്തരം പിന്നീട് അറിയിക്കുന്നതാണ്.

**സഭാ നവീകരണ ധ്യാനം**

കേരള കത്തോലിക്കാസഭ സഭാനവീകരണ വർഷമായി ആചരിക്കുന്നു. ഈ വർഷം നമ്മുടെ അതിരൂപത എല്ലാ ഇടവകകളിലും നവീകരണ ധ്യാനങ്ങൾ വചനപ്രഘോഷണസമിതിയുടെ നേതൃത്വത്തിൽ നടത്തുന്നുണ്ട്. അതിരൂപത പ്രത്യേകമായി ക്രമീകരിക്കുന്ന ധ്യാനടീമുകളായിരിക്കും ഇടവകകളിൽ ധ്യാനത്തിന് എത്തുന്നത്. ധ്യാനത്തിന് ഒരുക്കമായ ഹോംമിഷൻ, വീട് വെഞ്ചരിപ്പ് എന്നിവയും ക്രമീകരിക്കുന്നതാണ്. 2022 ഡിസംബർ മാസത്തിൽ 1 മുതൽ 4 വരെ ചെമ്പേരി ഫൊറോനയിലും 14 മുതൽ 18 വരെ മേരിഗിരി ഫൊറോനയിലും നവീകരണധ്യാനം നടത്തുന്നു. 2022 ഒക്ടോബർ 30ന് ചെമ്പേരി ഫൊറോനയിലും നവംബർ 6 ന് മേരിഗിരി ഫൊറോനയിലും ധ്യാന വിളംബരത്തിനായി അതിരൂപതാ കേന്ദ്രത്തിൽ നിന്ന് വൈദികർ എത്തുന്നതാണ്.

**You Cat**

നമ്മുടെ അതിരൂപതയിൽ 12-ാം ക്ലാസ്സ് വേദപാഠം കഴിഞ്ഞ കുട്ടി

കളുടെ തുടർ വിശ്വാസപരിശീലനം ഉറപ്പാക്കുന്ന അഡൽറ്റ് കാറ്റക്കിസം പ്രോഗ്രാം – **You Cat** ഈ വർഷം മുതൽ ആരംഭിക്കുന്നു. അതിരൂപതയുടെ ദൈവശാസ്ത്ര കേന്ദ്രമായ ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടാണ് പാഠപുസ്തകം തയ്യാറാക്കുന്നത്. വിശ്വാസ പരിശീലനകേന്ദ്രം, യുവജനപ്രേഷിതത്വം, എന്നീ ഡിപ്പാർട്ട്മെന്റുകളുടെ പങ്കാളിത്തത്തോടെയായിരിക്കും ക്ലാസ്സുകൾ ക്രമീകരിക്കുന്നത്. അതിരൂപതാതല യൂത്ത് ക്ലാസ്സുകൾക്ക് ഒരു ഏകീകൃത സിലബസ് ഉറപ്പാക്കുകയും യുവജനങ്ങളോടൊത്തുള്ള യാത്ര വിശ്വാസപരിശീലനത്തിലും തുടരുകയുമാണ് ഇതിലൂടെ ലക്ഷ്യം വയ്ക്കുന്നത്. ആധുനിക കാലത്ത് യുവജനങ്ങളെ ബാധിക്കുന്ന വിഷയങ്ങൾ ഉൾപ്പെടുത്തിയാണ് പാഠപുസ്തകം തയ്യാറാക്കുന്നത്.

**ലോഗോസ് ബൈബിൾ ക്വിസ് അതിരൂപതാ തല വിജയികൾ – 2022**

## A Group

| Name | Parish | Mark | Rank |
|---|---|---|---|
| Anjala Vadakkekkara | Chavaragiri | 73 | 1 |
| Alfred Thomas Churathil | Vellarikkundu | 70 | 2 |
| Angel Maria Edatt | Vijayapuram | 66 | 3 |

## B Group

| Name | Parish | Mark | Rank |
|---|---|---|---|
| Thomas Naganoolil | Cherupara | 91 | 1 |
| Ashin Tom Benny Narimattathil | Nellickampoil | 86 | 2 |
| Ben Joseph Ellimoottil | Chettiyamparambu | 85.5 | 3 |

## C Group

| Name | Parish | Mark | Rank |
|---|---|---|---|
| Treesa Kulathingal | Edoor | 97.5 | 1 |
| Aleena Orappuzhickal | Ottathai | 97 | 2 |
| Sr. Helna Valappila | Kariyappally | 89 | 3 |

## D Group

| Name | Parish | Mark | Rank |
|---|---|---|---|
| Bindu Titas Vayalumkal | Panathady | 99 | 1 |
| Rejish Perumattikunnel | Pariyaram | 98.5 | 2 |
| Sr. Archana Maria CMC | Nellickampoil | 98 | 3 |

**E Group**

| Name | Parish | Mark | Rank |
|---|---|---|---|
| Rosily Varikaplamthadathil | Thiroor | 97 | 1 |
| Molly Karakkadayil | Jayagiri | 95 | 2 |
| Sr. Rose Maria FCC | Naduvil | 94 | 3 |

**F Group**

| Name | Parish | Mark | Rank |
|---|---|---|---|
| Anna Edappattu | Melechovva | 96 | 1 |
| Brigit Chacko Plathottathil | Thomapuram | 88 | 2 |
| Thresiamma Vettikkal | Thomapuram | 85 | 3 |

റെജീഷ് പെരുമാട്ടിക്കുന്നേൽ - പരിയാരം - 81%
ജൂബി ജോസ് കരുമനപ്പള്ളിൽ - പരിയാരം - 50%
ജോയ്സ് ജോസഫ് - അഴകത്ത് - 47%

**ബധിരഭിന്ന ശേഷി വിഭാഗം**

നിമ്മി ഏലിയാസ് തേൻപള്ളിയിൽ - 99
തങ്കച്ചൻ പുത്തൻ പറമ്പിൽ - 60
ആന്റണി വി.എ - 34

**ലോഗോസ് ക്വിസ് സെമിഫൈനൽ മത്സരങ്ങൾ**

**പഠനഭാഗം**

| | |
|---|---|
| ജോഷ്വാ 1-12 | മർക്കോസ് 9-16 |
| പ്രഭാഷകൻ 23-26 | 1 കൊറി 9-16 |

കെ.സി.ബി.സി, വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ വർഷത്തെ ലഘുപഠനങ്ങൾ, എഴുത്തു പരീക്ഷയായിരിക്കും.

പരീക്ഷയ്ക്ക് 50 ചോദ്യങ്ങൾ ഉണ്ടായിരിക്കും. ഓപ്ഷൻ ഉണ്ടായിരിക്കില്ല. പരീക്ഷാസമയം - നവം. 6, ഉച്ചകഴിഞ്ഞ് 2-3. 1.30 നു മുമ്പായി സെന്ററിലെത്തി ഹാൾടിക്കറ്റുകൾ വാങ്ങേണ്ടതാണ്.

സ്ഥലം: കോഴിക്കോട് പ്രൊവിഡൻസ് സ്കൂൾ (നടക്കാവിനു സമീപം, കെ.എസ്.ആർ.ടി.സി. സ്റ്റാന്റിൽ നിന്ന് ഒരു കി.മി.) കോൺടാക്ട് നമ്പർ. റവ. ഫാ. മെജോ ജോസ് 8281803826.

പരീക്ഷാ സെന്ററിലേക്ക് വ്യക്തിപരമായി പോകേണ്ടതാണ്. പോകാൻ അസൗകര്യമുള്ളവർ വിവരം അറിയിക്കണം. നമ്പർ - 8086312826.

## ഗ്രൂപ്പ് ഫൈനൽ മത്സരങ്ങൾ

സെമിഫൈനൽ മത്സരങ്ങളിൽ ജേതാക്കളാകുന്നവർക്കുള്ള ഫൈനൽ മത്സരങ്ങൾ 2022 നവംബർ 19 ന് രാവിലെ 9.30 നും അവരിൽ നിന്നു തിരഞ്ഞെടുക്കപ്പെടുന്നവർക്കുള്ള ഫൈനൽ മത്സരം നവംബർ 20 ന് രാവിലെ 9 മണിക്കും പി. ഒ. സി യിൽ വച്ച് നടക്കുന്നതായിരിക്കും. നിശ്ചിത പഠനഭാഗങ്ങളോടൊപ്പം പൊതുവായ ചോദ്യങ്ങളും ഉണ്ടായിരിക്കും. ഗ്രൂപ്പ് ഫൈനൽ മത്സരങ്ങൾ വിവിധ റൗണ്ടുകളായിട്ടായിരിക്കും നടത്തുക.

## ലോഗോസ് ഫമീലിയ ക്വിസ് - ഫൈനൽ

പരീക്ഷാ സമയം നവംബർ 19, രാവിലെ 10 മണി, പരീക്ഷാ രീതി മുകളിൽ സൂചിപ്പിച്ചിരിക്കുന്നതുപോലെ ആയിരിക്കും. സ്ഥലം: എറണാകുളം പി.ഒ.സി.

## ഭിന്നശേഷി വിഭാഗത്തിനുള്ള ഫൈനൽ മത്സരങ്ങൾ

സെമിഫൈനൽ മത്സരങ്ങൾ നവം.19 നു രാവിലെ 10.15 നും ഫൈനൽ മത്സരം ഉച്ചകഴിഞ്ഞും എറണാകുളം പി.ഒ.സി യിൽ വച്ചു നടക്കുന്നതായിരിക്കും. പരീക്ഷയുടെ 98% ചോദ്യങ്ങളും അവർക്കു നൽകിയിരിക്കുന്ന 300 ചോദ്യങ്ങളിൽ നിന്നും 2% പഠനഭാഗത്തുനിന്നുമായിരിക്കും. ലോഗോസ് അവാർഡ് ദാനം നവംബർ 20, 3 മണിക്ക് പി.ഒ.സി യിൽ വച്ച്.

## നവംബർ മാസത്തിലെ ദൈവശാസ്ത്രക്ലാസ്സുകളുടെ സമയക്രമീകരണം

### BTh ഇംഗ്ലീഷ് വിഭാഗം

| വിഷയം | തീയതി |
|---|---|
| മനുഷ്യദർശനം: ദൈവശാസ്ത്രവീക്ഷണത്തിൽ | 13.11.2022 |

### MTh ഇംഗ്ലീഷ് വിഭാഗം

| വിഷയം | തീയതി |
|---|---|
| വിജ്ഞാനഗ്രന്ഥങ്ങൾ | 12.11.2022 |

### ഡിപ്ലോമ ഇംഗ്ലീഷ് വിഭാഗം

| വിഷയം | തീയതി |
|---|---|
| പരിശുദ്ധ ത്രിത്വം | 08.11.2022 |
| വി. പൗലോസ്ശ്ലീഹായുടെ ലേഖനങ്ങൾ | 09.11.2022 |
| കാനൻ നിയമങ്ങൾ | 22.11.2022 |
| ആരാധനാക്രമ ദൈവശാസ്ത്രം | 23.11.2022 |

**ഡിപ്ലോമ മലയാളം വിഭാഗം**

| വിഷയം | തീയതി |
|---|---|
| യുഗാന്ത്യദൈവശാസ്ത്രം | 02.11.2022 |
| വി. യോഹന്നാന്റെ സുവിശേഷം | 03.11.2022 |
| പഞ്ചഗ്രന്ഥത്തിന്റെ ദൈവശാസ്ത്രം | 15.11.2022 |
| വി. പൗലോസ്ശ്ലീഹായുടെ ലേഖനങ്ങൾ | 16.11.2022 |

## മാർതോമാശ്ലീഹാ: ഭാരതം കണ്ട ആത്മീയ തേജസ്

മാർതോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950-ാം വാർഷികം ആചരിക്കുന്നതിന്റെ ഭാഗമായി, മാർതോമാശ്ലീഹായെക്കുറിച്ച് സമഗ്രമായ അറിവ് നൽകുന്ന പുസ്തകം ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ചു. മാർതോമാക്രിസ്ത്യാനികളുടെ ഭവനങ്ങളിൽ സൂക്ഷിക്കേണ്ട ഒരു വിശിഷ്ട ഗ്രന്ഥമാണിത്. മാർതോമാശ്ലീഹായെക്കുറിച്ചുള്ള വിവരങ്ങൾക്കൊപ്പം ശ്ലീഹായോടുള്ള വ്യത്യസ്ത പ്രാർത്ഥനകളും കൂടി ഉൾപ്പെടുത്തിയ പുസ്തകത്തിന് 70 രൂപയാണ് മുഖവില. 50 രൂപയ്ക്ക് ഇടവകകൾക്ക് നൽകുന്നതാണ്. അതിരൂപതയിലെ KCYM ഓഫീസ് ആണ് വിതരണത്തിന്റെ ചുമതല വഹിക്കുന്നത്. വിശദവിവരങ്ങൾക്ക്: ഫാ. ജിൻസ് വാളിപ്ലാക്കൽ - 9497439045; ആൽഫാ ഓഫീസ് - 8086312826

## ബൈബിൾ സന്ധ്യ

കേരളസഭ സഭാനവീകരണ വർഷമായി ആചരിക്കുന്ന ഈ കാലഘട്ടത്തിൽ വ്യക്തികളെയും സഭയെയും നവീകരിക്കുന്നതിന് ദൈവവചനത്തിനുള്ള ശക്തി തിരിച്ചറിയാനും തിരുവചനത്തോട് ആഭിമുഖ്യം വളർത്താനും സഹായിക്കുക എന്ന ലക്ഷ്യത്തോടെ ഇടവകളിൽ വചനസന്ധ്യ നടത്താൻ അതിരൂപതാബൈബിൾ അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ ടീം തയ്യാറായിട്ടുണ്ട്. വചനപ്രഘോഷണം, ആരാധന, മ്യൂസിക് മിനിസ്ട്രി, ഡോക്യുമെന്ററി പ്രദർശനം ഇവ ഉൾപ്പെടുന്ന പ്രോഗ്രാമാണ് വചനസന്ധ്യയിൽ. അതിരൂപതയിലെ അച്ചന്മാരുടെ ടീമാണ് പ്രോഗ്രാം നടത്തുന്നത്. ഇടവകകളിൽ നടത്താൻ താത്പര്യമുള്ളവർ ബൈബിൾ അപ്പൊസ്റ്റൊലേറ്റിന്റെ ഓഫീസുമായി ബന്ധപ്പെടുമല്ലോ. **നമ്പർ 8086312826**

സ്നേഹപൂർവ്വം,

**ഫാ. ഫിലിപ്പ് കവിയിൽ**
*പ്രസിഡന്റ്, ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്*

**ഫാ. ടോം ഓലിക്കരോട്ട്**
*ഡയറക്ടർ, ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്,*
*ബൈബിൾ അപ്പൊസ്റ്റൊലേറ്റ്*

# ചെറുപുഷ്പ മിഷൻലീഗ്

സ്നേഹ ബഹു. അച്ചന്മാരെ, സിസ്റ്റേഴ്സ്, പ്രിയ മിഷനറിമാരെ,

ഈശോയുടെ രാജത്വത്തിരുനാൾ ആഘോഷിക്കുവാൻ ഏറ്റവും അടുത്ത് ഒരുങ്ങിക്കൊണ്ടിരിക്കുകയാണല്ലോ. സ്നേഹത്തിന്റെ നിയമത്താൽ മനുഷ്യഹൃദയങ്ങളെ അടക്കിഭരിക്കുന്ന സ്നേഹരാജാവാണ് നമ്മുടെ ക്രിസ്തു. സഹോദരന്റെ കാലുകഴുകുവാനും, സ്നേഹവും സേവനവും ആവശ്യമുള്ളവർക്കെല്ലാം ഉദാരതയോടെ നൽകുവാനും നമ്മെ പഠിപ്പിച്ച മിശിഹായുടെ രാജത്വത്തിരുനാൾ ആഘോഷിക്കുമ്പോൾ സഹോദരങ്ങളെ സ്നേഹിക്കുന്ന; അവർക്ക് നന്മചെയ്യുന്ന; ത്യാഗങ്ങൾ ഏറ്റെടുത്ത് പ്രേഷിത തീക്ഷ്ണതയാൽ ജ്വലിക്കുന്ന നല്ല പ്രേഷിതരായി ഈ വർഷത്തെ രാജത്വത്തിരുന്നാൾ നമുക്ക് ആഘോഷിക്കാം... എല്ലാവർക്കും രാജത്വത്തിരുന്നാളിന്റെ മംഗളങ്ങൾ... പ്രാർത്ഥനകൾ....

| |
|---|
| അനുസ്മരിക്കുന്ന തിരുനാൾ : മിശിഹായുടെ രാജത്വത്തിരുനാൾ |
| അനുസ്മരിക്കുന്ന വിശുദ്ധൻ : വി. അന്ത്രയോസ് |
| പ്രാർത്ഥനാനിയോഗം : മേഖലാസമിതികളുടെ നിയോഗങ്ങൾക്കു വേണ്ടി |
| സുകൃതം : 75 പരിശുദ്ധരാജ്ഞി ജപം |
| സുകൃതജപം : രക്ഷകനായ ഈശോയെ, ശുദ്ധീകരണാത്മാക്കളുടെമേൽ കരുണയായിരിക്കണമേ. |
| വിശുദ്ധയെ അറിയാൻ, സ്നേഹിക്കാൻ : നവമാലിക അദ്ധ്യായം 5 |

**1. ശാഖകൾ ശ്രദ്ധിക്കാൻ**

1 ചൊവ്വ : സകല വിശുദ്ധരുടെയും തിരുനാൾ, ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ - കാർട്ടൂൺ, പോസ്റ്റർ നിർമ്മാണം.

2 ബുധൻ : സകല മരിച്ചവരുടെയും തിരുനാൾ

4 വെള്ളി : മതാദ്ധ്യാപകദിനം
6 ഞായർ : മതാദ്ധ്യാപകരെ ആദരിക്കൽ
10 വ്യാഴം : അതിരൂപതാ തെരഞ്ഞെടുപ്പ് വിജ്ഞാപനം
19 ശനി : വൃദ്ധമാതാപിതാക്കളെ, മാതൃവേദി പ്രവർത്തകരെ ആദരിക്കുന്നു
20 ഞായർ : രാജത്വത്തിരുനാൾ
30 ചൊവ്വ : ആൽബം, ഉപന്യാസം, ക്ലിക്ക്ഷോട്ട്, പൂമ്പാറ്റ എന്നിവ അതിരൂപതയിൽ എത്തിക്കേണ്ട അവസാന ദിവസം.

**2. മേഖലകൾ ശ്രദ്ധിക്കാൻ**

എക്സിക്യൂട്ടീവ്, സെമിനാർ, ലഹരി വിരുദ്ധപ്രവർത്തനങ്ങൾ, മതാദ്ധ്യാപകദിനം, മിശിയുടെ രാജത്വത്തിരുനാൾ, മേഖലാ ഭാരവാഹികൾക്ക് ട്രെയിനിംഗ്.

**3. രാജത്വതിരുനാൾ**

നവംബർ 20-ാം തീയതി ഞായറാഴ്ച ക്രിസ്തുരാജന്റെ തിരുനാൾ ആചരിക്കുകയാണല്ലോ. ക്രിസ്തുവാണ് നമ്മുടെ രാജാവും നേതാവും നാം അനുകരിക്കേണ്ട മാതൃകയും എന്ന ബോധ്യം കുട്ടികൾക്ക് ലഭിക്കത്തക്കവിധം വിവിധ പരിപാടികൾ ക്രമീകരിക്കുമല്ലോ. അതിരൂപതാ തലത്തിൽ നെല്ലിക്കാംപൊയിൽ മേഖലയിലെ മണിപ്പാറ ശാഖയിൽ വച്ച് രാജത്വതിരുനാൾ ആചരിക്കും.

**4. മിഷൻ പച്ചക്കറിത്തോട്ടം**

പച്ചക്കറിത്തോട്ടമത്സരത്തിൽ പങ്കെടുക്കുവാൻ അതിരൂപതയിൽ പേര് രജിസ്റ്റർ ചെയ്തിരിക്കുന്ന ശാഖകളുടെ പേരുകൾ ചുവടെ ചേർക്കുന്നു. കരയത്തുംചാൽ, തളിപ്പറമ്പ്, ചേപ്പറമ്പ്, രയറോം, പൊയ്നാച്ചി, മണിപ്പാറ, പേരാവൂർ, ചീമേനി, മാട്ടറ, ഉമ്മറപൊയിൽ, തയ്യേനി, ഏറ്റുപാറ, ജയഗിരി, കണിച്ചാർ, അൽഫോൻസാഗിരി, മുണ്ടാനൂർ, കാർത്തികപുരം, മേരിഗിരി, ആനപ്പന്തി, കനകപ്പള്ളി, കടുമേനി, കോടോപ്പള്ളി, ആനറ, പയ്യാവൂർ, ജോസ്ഗിരി, വെള്ളാട്, പാടിച്ചാൽ, നടുവിൽ, വിജയപുരം, കോഴിച്ചാൽ, മണ്ഡപം, തോമാപുരം, പുളിങ്ങോം, കണ്ണൂർ, ആലക്കോട്, പെരുമ്പടവ്, കരുവഞ്ചാൽ, മാനടുക്കം, പടിമരുത്, മേരിപുരം, വാണിയപ്പാറ, ചെടിക്കുളം, ചെമ്പന്തൊട്ടി. അധികം താമസിക്കാതെതന്നെ അതിരൂപതാ ടീം ഒന്നാംഘട്ടം പച്ചക്കറിത്തോട്ടസന്ദർശനം നടത്തുന്നതിനായി പേര് രജിസ്റ്റർചെയ്ത ശാഖകളിൽ എത്തുന്നതായിരിക്കും എന്നകാര്യം ഓർമ്മിപ്പിക്കട്ടെ.

**5. പ്രബന്ധരചന**

ചെറുപുഷ്പ മിഷൻലീഗ് തലശ്ശേരി അതിരൂപത സുവർണ്ണ ജൂബിലി സ്മാരക അവാർഡിനായി 18 വയസ്സിൽ താഴെയുള്ള മിഷൻലീഗ് അംഗങ്ങൾക്കായി നടത്തുന്ന പ്രബന്ധരചനാ ഓഫീസിൽ ലഭിക്കേണ്ട അവസാന തിയ്യതി ഈ മാസം 30 ആണെന്ന് ഓർമ്മിപ്പിക്കുന്നു. (കൂടുതൽ വിവരങ്ങൾക്ക് സെപ്റ്റംബർ മാസത്തെ ഗിരിദീപം പേജ് 32 -33, മാർഗ്ഗരേഖ 59

എന്നിവ കാണുക) വിഷയം: "**ജൂബിലി നിറവിൽ പ്രേഷിതരാകാം തോമാ ശ്ലീഹാ തൻ വഴിയെ**".

**6. ക്ലിക്ക് ഷോട്ട്: ഷോർട്ട് ഫിലിം**

5-ാം ക്ലാസ്സ് മുതൽ 12-ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്കായി നടത്തുന്ന ക്ലിക്ക് ഷോട്ട്: ഷോർട്ട് ഫിലിം മത്സരത്തിൽ പങ്കെടുക്കുന്നവർ ക്ലിക്ക് ഷോട്ട് പെൻഡ്രൈവിൽ ആക്കി ഈ മാസം 30 ന് മുമ്പ് അതിരൂപതാ ഓഫീസിൽ എത്തിക്കുമല്ലോ (കൂടുതൽ വിവരങ്ങൾക്ക് സെപ്റ്റംബർ മാസത്തെ ഗിരി ദീപം പേജ് 31-32, മാർഗ്ഗരേഖ പേജ് 57-58 എന്നിവ കാണുക)

**7. പൂമ്പാറ്റ ആംഗ്യപ്പാട്ട്**

5-ാം ക്ലാസ്സ് മുതൽ 10-ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്കായി നടത്തുന്ന പൂമ്പാറ്റ ആംഗ്യപ്പാട്ട് മത്സരത്തിൽ പങ്കെടുക്കുന്നവർ ആംഗ്യപ്പാട്ട് പെൻഡ്രൈവിൽ ആക്കി ഈ മാസം 30 ന് മുമ്പ് അതിരൂപതാ ഓഫീസിൽ എത്തിക്കുമല്ലോ (കൂടുതൽ വിവരങ്ങൾക്ക് സെപ്റ്റംബർ മാസത്തെ ഗിരി ദീപം പേജ് 32-33, മാർഗ്ഗരേഖ പേജ് 58 എന്നിവ കാണുക)

**8. ആൽബം**

"**ജൂബിലി നിറവിൽ പ്രേഷിതരാകാം; തോമാശ്ലീഹാതൻ വഴിയെ**" എന്ന വിഷയത്തെ ആസ്പദമാക്കി ശാഖകളിൽ നിന്ന് മേഖലയിൽ എത്തി ക്കുന്ന ആൽബങ്ങളിൽ ഒന്നാംസ്ഥാനം ലഭിക്കുന്ന ആൽബം ഈ മാസം 30 ന് മുമ്പ് അതിരൂപതാ ഓഫീസിൽ എത്തിക്കണമെന്നകാര്യം ഓർമ്മിപ്പിക്കട്ടെ. ആൽബനിർമ്മാണത്തെക്കുറിച്ചുള്ള (കൂടുതൽ വിവരങ്ങൾക്ക് സെപ്റ്റംബർ മാസത്തെ ഗിരിദീപം പേജ് 31, മാർഗ്ഗരേഖ പേജ് 59-60 കാണുക)

**9. ടീം ക്വിസ്സ്:** ഈ വർഷത്തെ ടീം ക്വിസ്സ് 2023 ജനുവരി 26 ന് ആണ് എന്ന കാര്യം ഓർമ്മിപ്പിക്കുന്നു.

**നിബന്ധനകൾ**

- ടീം ക്വിസ് ഈ പ്രവർത്തനവർഷം 5 മുതൽ 10 വരെ ക്ലാസ്സുകളിൽ മത ബോധനം പഠിക്കുന്ന കുട്ടികൾക്കായിരിക്കും.
- 6 പേർ ഉൾപ്പെടുന്ന മേഖലാ ടീം ആണ് മത്സരിക്കേണ്ടത്. ഇതിൽ 2 ആൺകുട്ടികളും 2 പെൺകുട്ടികളും നിർബന്ധമായി ഉണ്ടായിരിക്കണം. മേഖലാ ടീം ഒരേ ശാഖയിൽ നിന്ന്തന്നെ വേണമെന്ന് നിർബന്ധമില്ല.
- മത്സരം വ്യക്തിഗതമായിരിക്കണം. ചർച്ച ചെയ്ത് എഴുതാൻ പാടില്ല.
- മത്സരത്തിൽ പങ്കെടുക്കുന്ന ടീം അംഗങ്ങളുടെ മുഴുവൻ മാർക്കും കൂട്ടിയാ യിരിക്കും വിജയിച്ച ടീമിനെ നിശ്ചയിക്കുക. വ്യക്തിഗത സമ്മാനം ഉണ്ടാ യിരിക്കും.
- മത്സരത്തിൽ പങ്കെടുക്കുന്നവർക്ക് അംഗത്വകാർഡ്, ബാഡ്ജ്, പഠിക്കുന്ന ക്ലാസ് തെളിയിക്കുന്ന ശാഖാഡയറക്ടറുടെ കത്ത് എന്നിവ ഉണ്ടായിരിക്കണം.
- ക്വിസ്മത്സരത്തെപ്പറ്റിയുള്ള അതിരൂപതാ എക്സിക്യൂട്ടീവിന്റെ തീരുമാനം അന്തിമമായിരിക്കും.

- **ടീം ക്വിസ് പഠനഭാഗങ്ങൾ:**ലോഗോസ് ക്വിസ് പഠനഭാഗം 30%, പ്രേഷിതവഴിയിലെ വിജയഗാഥ 5 മുതൽ 14 വരെയുള്ള അദ്ധ്യായങ്ങൾ 30%, സഭ 20% ,എന്റെ മിഷൻലീഗ് പുസ്തകം 20%
- ജനുവരി 20 ന് മുമ്പായി മേഖലാ തലത്തിൽ ടീം ക്വിസ്സ് നടത്തി മേഖലാ വിജയികളായ ടീമിന്റെ വിവരം അതിരൂപതാ ഓഫീസിൽ അറിയിക്കേണ്ടതാണ്.

## 10. കൈയ്യെഴുത്ത് മാസിക

ശാഖകളിൽ കൈയ്യെഴുത്ത് മാസിക നിർമ്മാണം ആരംഭിച്ചു കാണുമല്ലോ. മേഖലാ തലത്തിൽ ഒന്നാംസ്ഥാനം ലഭിക്കുന്ന കൈയ്യെഴുത്ത് മാസിക ജനുവരി 26 നുള്ളിൽ അതിരൂപതാ ഓഫീസിൽ എത്തിക്കുമല്ലോ.

### നിബന്ധനകൾ

- മാസിക 100 പേജിൽ കവിയരുത്. അളവ് A4 Size
- മാസികയിലെ ചിത്രങ്ങളുൾപ്പെടെയുള്ള എല്ലാ രചനകളും സി.എം.എൽ. അംഗങ്ങളുടെ സൃഷ്ടിയായിരിക്കണം. ഇവയിൽ അംഗങ്ങളുടെ പേരും, അംഗത്വനമ്പറും, ഫോൺനമ്പറും നിർബന്ധമായും ചേർത്തിരിക്കണം.
- ബഹു. അച്ചൻമാർ, സിസ്റ്റേഴ്സ്, ബ്രദേഴ്സ് എന്നിവരുടെ രചനകൾ മാസികയിൽ ഉൾപ്പെടുത്താൻ പാടില്ല. എന്നാൽ ആശംസകൾ ഉൾപ്പെടുത്താം.
- രചനകൾ ക്രിസ്തീയ ആദർശം പ്രതിഫലിപ്പിക്കുന്നവയായിരിക്കണം. ക്രിസ്തീയ ആശയങ്ങൾക്ക് വിരുദ്ധമായതൊന്നും രചനകളിൽ പാടില്ല.
- ലേഖനം, ചെറുകഥ, കാർട്ടൂൺ, കവിത, ഫലിതബിന്ദുക്കൾ, മഹത്വചനങ്ങൾ, കടങ്കതകൾ, ക്വിസ്, പദപ്രശ്നം, നിങ്ങൾക്കറിയാമോ, നുറുങ്ങുകൾ, ഹാസ്യഭാവന, ഏകാങ്കം, ചിത്രങ്ങൾ, കളർഡ്രോയിംഗ്, പെൻസിൽ ഡ്രോയിംഗ്, തുടങ്ങിയവ മാസികയിൽ ഉൾപ്പെടുത്താം.
- രചനകളുടെ വൈവിധ്യം, ഉൾക്കൊള്ളുന്ന മൂല്യങ്ങൾ, നിലവാരം, മാസികയുടെ കലാമേൻമ, എഡിറ്റിംഗ്, ചമയം, ആശംസകൾ, ആമുഖം, ഉചിതമായപേര്, മുഖചിത്രം തുടങ്ങിയവയെല്ലാം വിലയിരുത്തപ്പെടും.
- കൈയെഴുത്ത് മാസികാമത്സരത്തെപ്പറ്റിയുള്ള അതിരൂപതാ എക്സിക്യൂട്ടീവ് തീരുമാനങ്ങളും, ഏറ്റവും നല്ല കൈയെഴുത്ത്മാസിക തിരഞ്ഞെടുക്കുന്നതിൽ ജഡ്ജിംഗ് കമ്മിറ്റിയുടെ തീരുമാനങ്ങളും അന്തിമമായിരിക്കും.
- കൈയെഴുത്ത് മാസികയിലെ രചനകളിൽ 75%, 17 വയസ്സിൽ താഴെയുള്ള മിഷൻലീഗ് അംഗങ്ങളുടേത് ആയിരിക്കണം.
- ഈ വർഷത്തെ പഠനവിഷയമായ **"ജൂബിലി നിറവിൽ പ്രേഷിതരാകാം; തോമാശ്ലീഹാതൻ വഴിയെ"**എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള രചനകൾ നിർബന്ധമായും മാസികയിൽ ഉൾക്കൊള്ളിച്ചിരിക്കണം.
- കൈയെഴുത്ത് മാസിക അതിരൂപതാ ഓഫീസിൽ എത്തിക്കേണ്ട അവസാന തിയതി ജനുവരി 26.

## 11. ക്രിസ്കാർഡ് നിർമ്മാണ മത്സരം

ക്രിസ്മസ് ആഘോഷ ഭാഗമായി മിഷൻലീഗ്അംഗങ്ങൾക്കായി നട

ത്തുന്ന ക്രിസ്കാർഡ് നിർമ്മാണ മത്സരം ഈ വർഷം നടത്തപ്പെടുന്നു. ശാഖകളിൽ മത്സരം നടത്തി ശാഖകളിൽ നിന്ന് ഒന്നാം സ്ഥാനം ലഭിക്കുന്നവർ ഡിസംബറിൽ റീജിയണൽ തലത്തിൽ നടത്തപ്പെടുന്ന അതിരൂപതാ മത്സരത്തിൽ പങ്കെടുക്കേണ്ടതാണ് എന്നകാര്യം ഓർമ്മിപ്പിക്കുന്നു.

**ക്രിസ്കാർഡ് നിബന്ധനകൾ**

- ചായക്കൂട്ടുകൾ, പഴയ ക്രിസ്തുമസ് കാർഡുകൾ, ഇലകൾ, പൂക്കൾ, തുടങ്ങിയവ ഉപയോഗിക്കാം.
- 15 സെ.മീ വീതിയും, 21 സെ.മീ നീളവുമുള്ള ചാർട്ടുപേപ്പറിലാണ് കാർഡ് നിർമ്മിക്കേണ്ടത്.
- നിർമ്മാണ സമയം 2 മണിക്കൂർ
- അംഗത്വകാർഡ് നിർബന്ധമാണ്.
- ശാഖകളിൽ മത്സരം നടത്തി ഒന്നാം സ്ഥാനം ലഭിക്കുന്നവരാണ് അതിരൂപതാതലത്തിൽ നടക്കുന്ന റീജിയണൽ മത്സരത്തിൽ പങ്കെടുക്കേണ്ടത്. (തീയതിയും, സ്ഥലവും, സമയവും പിന്നീട് അറിയിക്കുന്നതായിരിക്കും)
- ആൺ പെൺ വിത്യാസം ഇല്ല

## 12. തെരഞ്ഞെടുപ്പ് വിജ്ഞാപനം

ചെറുപുഷ്പ മിഷൻലീഗ് തലശ്ശേരി അതിരൂപതയുടെ 2022-2025 വർഷത്തേക്കുള്ള ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് നിയമാവലി 3-10 ഭാഗം 31 - 40 വരെയുള്ള വകുപ്പുകൾ അനുസരിച്ച് നടത്തുന്നതിനുവേണ്ടി 2022 ഡിസംബർ 10-ാം തീയതി ശനിയാഴ്ച രാവിലെ 10 മണിക്ക് തളിപ്പറമ്പ് സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽ വച്ച് അതിരൂപതാ മാനേജിംഗ് കമ്മറ്റി ചേരുന്നു. വോട്ടേഴ്സ് ലിസ്റ്റിൽ പേരുള്ള (മേഖലാ, അതിരൂപതാ എക്സിക്യൂട്ടീവ് ഉപരിഘടക ഭാരവാഹികൾ) എല്ലാവരും തെരഞ്ഞെടുപ്പിൽ പങ്കെടുക്കണമെന്ന് താൽപര്യപ്പെടുന്നു. നിയമാവലി 31, 32 വകുപ്പുകൾ അനുസരിച്ച് പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ജനറൽ ഓർഗനൈസർ, ആറ് റീജണൽ ഓർഗനൈസേഴ്സ്, അഞ്ച് സംസ്ഥാന മാനേജിംഗ് കമ്മറ്റി പ്രതിനിധികൾ, മൂന്ന് ഓഡിറ്റേഴ്സ് എന്നിവരെ മാനേജിംഗ് കമ്മറ്റിയിൽ നിന്നും തെരഞ്ഞെടുക്കുന്നു.

**തലശ്ശേരി** **പ്രിസൈഡിംഗ് ഓഫീസർ**

01.11.2022 ജിന്റോ തകിടിയേൽ, സംസ്ഥാന ജനറൽ സെക്രട്ടറി

NB : - നവംബർ 10-ന് കരട് വോട്ടർപട്ടിക, ഓഫീസിൽ പ്രസിദ്ധീകരിക്കുന്നു.
നിർദ്ദേശാനുസരണം,

ജെയ്സൺ പുളിച്ചമാക്കൽ, അതിരൂപതാ സെക്രട്ടറി

## 13. മതാദ്ധ്യാപക ദിനം

നവംബർ 4-ാം തീയതി മതാദ്ധ്യാപക ദിനമാണല്ലോ. നവംബർ 4-ാം തീയതി വെള്ളിയാഴ്ചയായതിനാൽ നവംബർ 6-ാം തീയതി ഞായറാഴ്ച എല്ലാ ശാഖകളിലും മതാദ്ധ്യാപകരെ ആദരിക്കുമല്ലോ. അതിരൂപതാതലം പുറവയൽ ശാഖയിൽ വച്ച് നടത്തപ്പെടുന്നതാണ്.

**14. ശാഖാ സന്ദർശനങ്ങൾ**

അതിരൂപതാ ഭാരവാഹികൾ നവംബർ മാസം വായാട്ടുപറമ്പ് (നവംബർ - 6), ആലക്കോട് (നവംബർ - 13), മേരിഗിരി (നവംബർ - - 20), ചെറുപുഴ (നവംബർ - 27), എന്നീ മേഖലകളിലെ ശാഖകൾ സന്ദർശിക്കുന്നതാണ് എന്നകാര്യം ഓർമ്മപ്പെടുത്തുന്നു. അന്നേ ദിവസം ശാഖാ വൈസ്ഡയറക്ടേഴ്സ് ശാഖകളിൽ വേണ്ട ക്രമീകരണങ്ങൾ ചെയ്യുവാൻ ശ്രദ്ധിക്കുമല്ലോ.

**15. മിഷൻകലണ്ടർ**

അതിരൂപതയിൽ നൽകിയ എണ്ണമനുസരിച്ച് മിഷൻകലണ്ടർ എല്ലാ ശാഖകളിലും എത്തികാണും എന്ന് വിചാരിക്കുന്നു. മിഷൻ കലണ്ടറിന്റെ തുക ഈ വർഷം മുതൽ 10 രൂപയാണ് എന്നകാര്യം സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു. 4 രൂപ മേഖലയ്ക്കും 6 രൂപ രൂപതയ്ക്കുമാണ് നൽകേണ്ടത്. കലണ്ടറിന്റെ തുക ആരും നേരിട്ട് അതിരൂപതയിൽ അടക്കേണ്ടതില്ല. അവരവരുടെ മേഖലയിലാണ് അടയ്ക്കേണ്ടത്. മേഖലവഴി തുക അതിരൂപതയിൽ അടയ്ക്കുവാൻ മേഖല ഭാരവാഹികൾ ശ്രദ്ധിക്കുമല്ലോ.

**16. വൈസ്ഡയറക്ടേഴ്സിന്റെ ശ്രദ്ധയ്ക്ക്**

ഈ വർഷത്തെ മിഷൻ പിരിവിന്റെ 2% ദയവായി എത്രയും വേഗം ഓഫീസിൽ എത്തിക്കുവാൻ ബഹു. വൈസ്ഡയറക്ടേഴ്സ് ശ്രദ്ധിക്കുമല്ലോ. കൂടാതെ 2022 -2023 വർഷത്തെ വാർഷിക വിഹിതം, (500 രൂപ) അംഗത്വ ഫീസ് (ഒരുകുട്ടിക്ക് 5 രൂപ വീതം) എന്നിവ ഇനിയും അടച്ചുതീർക്കാനുള്ളവർ എത്രയുംവേഗം അടച്ച് തീർത്ത് സഹകരിക്കുമല്ലോ.

**17. വി. കൊച്ചുത്രേസ്യായുടെ തിരുനാളും അംഗത്വ നവീകരണവും**

വി. കൊച്ചുത്രേസ്യായുടെ തിരുനാളും അംഗത്വ നവീകരണവും ഒക്ടോബർ 2-ാം തീയതി ഞായറാഴ്ച ചെമ്പന്തൊട്ടി ശാഖയിൽ വച്ച് നടന്നു. പരിപാടികൾക്ക് വേണ്ട ക്രമീകരണങ്ങൾ ചെയ്ത് തന്ന ശാഖാ ഡയറക്ടർ ബഹു. ആന്റണി മഞ്ഞളാംകുന്നേൽ അച്ചനും വൈസ്ഡയറക്ടർ സിസ്റ്ററിനും ഭാരവാഹികൾക്കും മതാദ്ധ്യാപകർക്കും അതിരൂപതാകുടുംബത്തിന്റെ നന്ദി.

**18. മിഷൻലീഗ് 76-ാം സ്ഥാപകദിനം:** 2.10.22 ന് മിഷൻലീഗിന്റെ 76-ാം സ്ഥാപകദിനം അതിരൂപതാതലം ചെമ്പന്തൊട്ടി ശാഖയിൽ വച്ച് നടത്തി.

**19. മിഷൻ ഞായർ ആഘോഷം**

23.10.22 ന് മിഷൻ ഞായർ ആഘോഷം അതിരൂപതാതലം പൈസക്കരി മേഖലയിലെ ചന്ദനക്കാംപാറ ശാഖയിൽ വച്ച് നടത്തി. മിഷൻ ഞായർ ആഘോഷങ്ങൾക്ക് വേണ്ട ക്രമീകരണങ്ങൾ ചെയ്ത് തന്ന ശാഖാ ഡയറക്ടർ ബഹു. ജോസഫ് ചാത്തനാട്ട് അച്ചനും വൈസ്ഡയറക്ടർ സിസ്റ്ററിനും ഭാരവാഹികൾക്കും മതാദ്ധ്യാപകർക്കും അതിരൂപതാകുടുംബത്തിന്റെ നന്ദി. അതോടൊപ്പം മിഷൻ ഞായർ സാഘോഷം കൊണ്ടാടിയ എല്ലാ ശാഖകൾക്കും മേഖലകൾക്കും പ്രത്യേകം നന്ദി.

**20. അതിരൂപതാ കൗൺസിൽ വാർഷികം-പ്ലാറ്റിനം ജൂബിലി സമാപനം**

ചെറുപുഷ്പ മിഷൻലീഗ് തലശ്ശേരി അതിരൂപതാ 63-ാം കൗൺസിൽ വാർഷകവും പ്ലാറ്റിനം ജൂബിലി സമാപനവും പ്രേഷിതറാലിയും ഒക്ടോബർ 8-ാം തീയതി ശനിയാഴ്ച ആലക്കോട് സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽ വച്ച് നടന്നു. കൗൺസിൽ സമ്മേളനം തലശ്ശേരി അതിരൂപതാ വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി ഉദ്ഘാടനം ചെയ്തു. അതിരൂപതാ പ്രസിഡന്റ് ശ്രീ സുനിൽ കല്ലിടുക്കിൽ അധ്യക്ഷത വഹിച്ചു. 2021 -2022 വർഷത്തെ പ്രവർത്തനറിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. അന്തർദേശീയ വൈസ്ഡയറക്ടർ റവ. ഫാ. ആന്റണി തെക്കേമുറി, സംസ്ഥാന പ്രസിഡന്റ് ശ്രീ. ബേബി പ്ലാശ്ശേരി, പാസ്റ്ററൽ കോഡിനേറ്റർ റവ. ഫാ. ഫിലിപ്പ് കവിയിൽ, ആലക്കോട് മേഖലാ ഡയറക്ടർ ഫാ. തോമസ് മേനപ്പാട്ട്പടിക്കൽ, ആലക്കോട് മേഖലാ പ്രസിഡന്റ് ശ്രീ. മാത്യു പാലപ്പള്ളി, ആലക്കോട് മേഖലാ വൈസ് ഡയറക്ടർ സി. അഞ്ജലി എസ് എച്ച്, അതിരൂപതാ ജൂനിയർ പ്രസിഡന്റ് ജിതിൻ മണ്ണംപ്ലാക്കൽ, ആലക്കോട് സൺഡേ സ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ. ടോമി കുന്നേൽപറമ്പിൽ എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. ആലക്കോട് ശാഖയിലെ വർഗ്ഗീസ് മാന്താനത്ത് സംഗീതം ആലപിച്ചു. കാർത്തികപുരം ശാഖയിലെ കുട്ടികൾ മാർഗ്ഗംകളി അവതരിപ്പിച്ചു. അതോടൊപ്പം ജൂബിലി മെഗാക്വിസ് സംസ്ഥാനതല വിജയികൾ, പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് നടത്തിയ നിയമാവലിക്വിസ് മത്സരവിജയികൾ എന്നിവരെ ആദരിച്ചു.

ഉച്ചഭക്ഷണത്തെത്തുടർന്ന് നടന്ന വാർഷികാഘോഷം അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് ഉദ്ഘാടനം ചെയ്തു. മാർ ജോർജ് വലിയമറ്റം പൗരോഹിത്യ സുവർണ്ണജൂബിലി സ്മാരക പ്രേഷിത അവാർഡ് ജേതാവ് ശ്രീ. ബേബി ജോസഫ് പാലക്കാട്ട്, ശ്രീ ജെയ്സൺ മർക്കോസ് പ്രേഷിത അവാർഡ് ജേതാവ് ശ്രീ. ബാബു പതിപ്പള്ളി, സംസ്ഥാന മാലിപ്പറമ്പിൽ അവാർഡ് ജേതാവ് ഫാ. അബ്രാഹം പോണാട്ട് എന്നിവരെ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് ആദരിച്ചു. 2021 - 22 പ്രവർത്തന വർഷത്തെ ബെസ്റ്റ് ശാഖാ - മേഖലാ അവാർഡ് ദാനം അഭിവന്ദ്യ പിതാവ് നിർവഹിച്ചു. മുൻ സുപ്രീംകോടതി ജസ്റ്റീസ് കുര്യൻ ജോസഫ് സാർ മുഖ്യ പ്രഭാഷണം നടത്തി. സംസ്ഥാന ഡയറക്ടർ റവ. ഫാ. ഷിജു ഐക്കരക്കാനായിൽ അനുഗ്രഹപ്രഭാഷണം നടത്തി. വിശ്വാസപരിശീലന കേന്ദ്രം ഡയറക്ടർ ഫാ. ജേക്കബ് വെണ്ണായപ്പിള്ളി **'മിഷൻജ്യോതി'** പ്രകാശനം ചെയ്തു. ഉദയഗിരി ശാഖയിലെ സാറാ മുത്തുമാക്കുഴി സംഗീതം ആലപിച്ചു. വിജയഗിരി, ആലക്കോട് എന്നീ ശാഖകളിലെ കുട്ടികളുടെ രംഗപൂജകളോടെ ആരംഭിച്ച കൗൺസിൽ വാർഷിക സമ്മേളനത്തിൽ അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് വടക്കേപ്പറമ്പിൽ സ്വാഗതവും അതിരൂപതാ ജനറൽ ഓർഗനൈസർ ശ്രീ സുനിൽ ചെന്നിക്കര, അതിരൂപതാ സെക്രട്ടറി ശ്രീ ജെയ്സൺ പുളിച്ചമാക്കൽ എന്നിവർ നന്ദിയും പറഞ്ഞു. അതോടൊപ്പം ആലക്കോട് മേഖലയുടെ നേതൃത്വത്തിൽ പ്ലാറ്റിനം ജൂബിലി ആന്തം ആലപിച്ചു. തുടർന്ന് ചെണ്ടമേളങ്ങളുടെയും ബാന്റ് മേളങ്ങളുടെയും അകമ്പടിയോടെ ചെമ്മ

ഞ്ഞകൊടികളും കൈകളിലേന്തി പ്രാർത്ഥനാ മന്ത്രങ്ങളും മുദ്രാവാക്യങ്ങളും മുഴക്കിക്കൊണ്ട് മനോഹരമായ ഡിസ്പ്ലേകളും, ഫ്ലോട്ടുകളുമായി ആലക്കോട് ടൗണിലേക്ക് നടത്തിയ പ്രേഷിത റാലിയിൽ 5000 ത്തോളം കുട്ടികളും മുതിർന്നവരും പങ്കെടുത്തു. അതിരൂപതാ കൗൺസിൽ - വാർഷിക, പ്ലാറ്റിനം ജൂബിലി സമാപന സമ്മേളനങ്ങളുടെയും പ്രേഷിതറാലിയുടെയും വിജയ ത്തിനായി രാപകൽ അദ്ധ്വാനിച്ച ആലക്കോട് ഫൊറോന വികാരി ബഹുമാ നപ്പെട്ട മാണി ആട്ടേൽ അച്ചനും, കൊച്ചനും, മേഖലാ എക്സിക്യൂട്ടീവ് അംഗ ങ്ങൾക്കും, മതാധ്യാപകർക്കും, ഇടവകാ സമൂഹത്തിനും അതിരൂപതാകുടും ബത്തിന്റെ അകൈതവമായ നന്ദി.

## 21. ആംഗ്യഭാഷാദിനാചരണം

25.09.2022 ന് ചെറുപുഷ്പ മിഷൻലീഗിന്റെയും ആംഗ്യഭാഷാ ആത്മീയ ശുശ്രൂഷയുടെയും (ADAM) നേതൃത്വത്തിൽ അന്താരാഷ്ട്രാ ആംഗ്യഭാഷാ ദിനം ആലക്കോട് സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽ വച്ച് ആചരിച്ചു. അതിരൂപതാ ജനറൽ ഓർഗനൈസർ ശ്രീ. സുനിൽ ചെന്നിക്കരയുടെ അധ്യ ക്ഷതയിൽ ചേർന്ന സമ്മേളനം അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് വടക്കേപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു. തലശ്ശേരി അതിരൂപതാ ആംഗ്യഭാഷാ ആത്മീയ ശുശ്രൂഷാ ഡയറക്ടർ ഫാ. ജോർജ് കളരിമുറിയിൽ ദിവ്യബലിക്ക് നേതൃത്വം നൽകുകയും, വിവിധ പരിപാടികളെ ആംഗ്യഭാഷയിൽ വിവർത്തനം ചെയ്യുകയും ചെയ്തു. അതിരൂപതാ എക്സിക്യൂട്ടീവ് അംഗം ശ്രീ. ഷിജോ പുതുപറമ്പിൽ ആശംസകൾ അർപ്പിച്ച് സംസാരിച്ചു.

**22. നല്ലിടയൻ പദ്ധതി :** നെല്ലിക്കാംപോയിൽ മേഖലയുടെ നേതൃത്വത്തിൽ മണിപ്പാറ ശാഖയിലെ ആൻസി മാടപ്പാട്ട് എന്ന വ്യക്തിക്ക് ആടിനെ നൽകി.

## 23. ശാഖാ സന്ദർശനങ്ങൾ

**25.09.2022 ഞായർ :** കുന്നോത്ത് മേഖലയിലെ 13 ശാഖകൾ അതിരൂ പതാ ഓർഗനൈസിംഗ് ടീം സന്ദർശിച്ചു. അങ്ങാടിക്കടവ് - സുനിൽ കല്ലിടു ക്കിൽ, ആനപ്പന്തി - സി. ആൻലിയ എസ്.എ, ബി.എസ്, മുടയരഞ്ഞി - സി. ഡെൽന എസ്.എ, ബി.എസ്, ചരൾ - സി. ആൽഫിയ സി എം സി, പെരിങ്കരി - സി. സ്മിജ സി എം സി, പേരട്ട- ബാബു പതിപ്പള്ളിൽ, കിളിയ ന്തറ - ഷാജി പള്ളുരത്തിൽ, രണ്ടാംകടവ് - ജെയ്സൺ പുളിച്ചമാക്കൽ, എടക്കാനം - ബെന്നി മാടപ്പാട്ട്, കച്ചേരിക്കടവ്- സി ട്രീസ ജോയി എഫ് സി സി, കുന്നോത്ത് - സി. മരിയറ്റ് എം എസ് എം ഐ, മാടത്തിൽ - മാണി കണിയാരോലിക്കൽ, പാലത്തിൻകടവ് - ബിജു മണ്ണനാൽ.

**02.10.2022 ഞായർ :** നെല്ലിക്കാംപൊയിൽ മേഖലയിലെ 17 ശാഖകളും, അതിരൂപതാ ഓർഗനൈസിംഗ് ടീം സന്ദർശിച്ചു. വിളമന - സി. ആൻലിയ എസ്.എ, ബി.എസ്, ഉളിക്കൽ - സി. ഡെൽന എസ്.എ, ബി.എസ്, പുറവ യൽ - സി. ആൽഫിയ സി എം സി, മാട്ടറ - സി. സ്മിജ സി എം സി, കാഞ്ഞിരക്കൊല്ലി - ബാബു പതിപ്പള്ളിൽ, ശാന്തിനഗർ - ഷാജി പള്ളുര ത്തിൽ, ഇരിട്ടി- ജെയ്സൺ പുളിച്ചമാക്കൽ, മണിപ്പാറ - ബെന്നി മാടപ്പാട്ട്,

അറബി - സി. മരിയറ്റ് എംഎസ്എംഐ, ആനറ - മാണി കണിയാരോലിക്കൽ, തിരൂർ - ബിജു മണ്ണനാൽ, കാലാങ്കി - സജി കുന്നത്ത്, കല്ലുവയൽ - സി. ജിൻസി എംഎസ്എംഐ, മണിക്കടവ് - സി. ജ്യോതിസ് എസ് എച്ച്, മുണ്ടാനൂർ - സി. ജ്യോത്സന എഫ് സി സി, നെല്ലിക്കാംപൊയിൽ - സി. സ്റ്റെഫിൻ എംഎസ്എംഐ, തേർമല - മിനി ആശാരിപ്പറമ്പിൽ.

**09.10.2022 ഞായർ :** പൈസക്കരി മേഖലയിലെ 8 ശാഖകളും, നെല്ലിക്കാംപൊയിൽ മേഖലയിലെ 1 ശാഖയും, ചെമ്പേരി മേഖലയിലെ 1 ശാഖകളും, അതിരൂപതാ ഓർഗനൈസിംഗ് ടീം സന്ദർശിച്ചു. പാടാൻകവല - ഷാജി പള്ളുരത്തിൽ, പടിയൂർ- ജെയ്സൺ പുളിച്ചമാക്കൽ, ഏറ്റുപാറ - സി. മരിയറ്റ് എംഎസ്എംഐ, ജോസ്മൗണ്ട് - ബിജു മണ്ണനാൽ, ചന്ദനക്കാംപാറ - സജി കുന്നത്ത്, പയ്യാവൂർ - സി. ജ്യോത്സന എഫ് സി സി, ചുണ്ടപ്പറമ്പ് - സി ജെസ്റ്റീന എംഎസ്എംഐ, പൈസക്കരി, മുത്താറിക്കുളം - സുനിൽ കല്ലിടുക്കിൽ, പൊൻമല - ഫാ. ജോസഫ് വടക്കേപ്പറമ്പിൽ.

**16.10.2022 ഞായർ :** ചെമ്പേരി മേഖലയിലെ 8 ശാഖകളും, പൈസക്കരി മേഖലയിലെ 1 ശാഖയും അതിരൂപതാ ഓർഗനൈസിംഗ് ടീം സന്ദർശിച്ചു. അരീക്കമല - സി. ആൽഫിയ സിഎംസി, ദീപഗിരി- ഷാജി പള്ളുരത്തിൽ, കനകക്കുന്ന് - ബിജു മണ്ണനാൽ, കുടിയാൻമല - സി. ജെസ്റ്റീന എംഎസ്എംഐ, ലിസിഗിരി - സി. സ്റ്റെഫിൻ എംഎസ്എംഐ, നെല്ലിക്കുറ്റി - സി ക്ലെറിൻ എസ്.എ, ബി.എസ്, പൂപ്പറമ്പ് - സി. ഡെൽന എസ്.എ, ബി.എസ്, പൊട്ടംപ്ലാവ് - സി ഹെലൻ എഫ് സി സി, രത്നഗിരി - സജി കുന്നത്ത്, വെമ്പുവ - മാണി കണിയാരോലിക്കൽ.

## 24. സെമിനാറുകൾ, ക്ലാസ്സുകൾ

- 25.09.2022 ന് ആലക്കോട് ശാഖയിലെ കുട്ടികൾക്ക് ഡയറക്ടർ റവ. ഫാ. ജോസഫ് വടക്കേപ്പറമ്പിൽ ക്ലാസ്സ് എടുത്തു.
- 09.10.2022 ന് പൊൻമല ശാഖയിലെ കുട്ടികൾക്ക് ഡയറക്ടർ റവ. ഫാ. ജോസഫ് വടക്കേപ്പറമ്പിൽ ക്ലാസ്സ് എടുത്തു.
- 16.10.2022 ന് മാവുഞ്ചാൽ, വെള്ളാട് ശാഖകളിലെ കുട്ടികൾക്ക് ഡയറക്ടർ റവ. ഫാ. ജോസഫ് വടക്കേപ്പറമ്പിൽ ക്ലാസ്സ് എടുത്തു.

## 25. പ്രതിഷേധം

ഒക്ടോബർ 2 ഞായറാഴ്ച പ്രവൃത്തിദിനമാക്കിക്കൊണ്ടുള്ള സർക്കാർ നടപടിക്കെതിരെ പ്രതിഷേധിച്ചു.

## 26. ആദരാഞ്ജലികൾ

2019 വർഷത്തെ മാർ ജോർജ് വലിയമറ്റം പ്രേഷിത അവാർഡ് ജേതാവും ന്യൂ മലബാർ ചാരിറ്റബിൾ ട്രസ്റ്റ് ഡയറക്ടറുമായ സ്വർഗ്ഗീയ സമ്മാനത്തിനായി വിളിക്കപ്പെട്ട ചാക്കോ മുല്ലക്കുടിയിലിനും, ചെറുപുഷ്പ മിഷൻലീഗ് സംഘടനയ്ക്ക് പ്രേഷിത തീക്ഷ്ണതയുടെയും വിശുദ്ധിയുടെയും നിഷ്കളങ്കതയുടെയും സജീവസാന്നിധ്യം പകർന്നേകി സ്വർഗ്ഗീയ

സമ്മാനത്തിനായി വിളിക്കപ്പെട്ട ചുണ്ടപ്പറമ്പ് ശാഖയിലെ തോമസ് ചിറമാട്ടേലിനും അതിരൂപതാ കുടുംബത്തിന്റെ പ്രാർത്ഥനകളും ആദരാഞ്ജലികളും.

**27. അതിരൂപതാതല മിഷൻകലോത്സവം**

04.10.2022 ന് ചെമ്പേരി നിർമ്മല ഹൈസ്കൂളിൽ വച്ച് നടന്ന അതിരൂപതാ കലോത്സവത്തിൽ വായാട്ടുപറമ്പ്, ആലക്കോട്, തോമാപുരം എന്നീ മേഖലകൾ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി.

**അതിരൂപതാ മിഷൻ കലോത്സവ വിജയികൾ**

| പേര് വീട്ടുപേര് | ഇടവക | മേഖല |
|---|---|---|
| **പ്രസംഗം - സബ്ജൂനിയർ (Boys)** | | |
| I A - ആൽഫ്രഡ് മമ്പള്ളിക്കുന്നേൽ | അങ്ങാടിക്കടവ് | കുന്നോത്ത് |
| II B - എഡ്വിൻ മുളയന്നൂർ | ഉദയഗിരി | ആലക്കോട് |
| III B - അലൻസോ വട്ടോളിയിൽ | എടൂർ | എടൂർ |
| **പ്രസംഗം - സബ്ജൂനിയർ (Girls)** | | |
| I A - റോസ്മേരി സിബി പയ്യനാട്ട് | മേരിപുരം | പനത്തടി |
| II A - ദിയ കുളത്തിങ്കൽ | തോമാപുരം | തോമാപുരം |
| III A - റോസ്മേരിനരിപ്പാറയിൽ | കാസർഗോഡ് | കാസർഗോഡ് |
| **സംഗീതം - സബ്ജൂനിയർ (Boys)** | | |
| I A - വർഗ്ഗീസ് മാന്താനത്ത് | ആലക്കോട് | ആലക്കോട് |
| II A - ജോസഫ് ചേന്നാട്ട് | വിമലശ്ശേരി | മേരിഗിരി |
| III A - മാത്യു പാമ്പാടിയിൽ | തലശ്ശേരി | തളിപ്പറമ്പ് |
| **സംഗീതം - സബ്ജൂനിയർ (Girls)** | | |
| I A - ജിയന്ന പൂവത്തുംമൂട്ടിൽ | വെള്ളരിക്കുണ്ട് | വെള്ളരിക്കുണ്ട് |
| II A - ജീവൽമരിയ മുണ്ടയ്ക്കാട്ട് | ആര്യപ്പറമ്പ് | പേരാവൂർ |
| III A - എയ്ഞ്ചൽ പൊൻപാറ | നെല്ലിക്കുറ്റി | ചെമ്പേരി |
| **ബൈബിൾ വായന - സബ്ജൂനിയർ (Boys)** | | |
| I A - ഇമ്മാനുവേൽ ചിറയ്ക്കൽപൂവേലിൽ | പേരാവൂർ | പേരാവൂർ |
| II A - ജോസഫിൻ മ്ലാക്കുഴിയിൽ | വരക്കാട് | തോമാപുരം |
| III A - അശോക് പുറവക്കാട്ട് | ചെമ്പന്തൊട്ടി | ചെമ്പന്തൊട്ടി |
| **ബൈബിൾ വായന - സബ്ജൂനിയർ (Girls)** | | |
| I A - ഹയ മരിയ കട്ടക്കയം | കരുവഞ്ചാൽ | വായാട്ടുപറമ്പ് |
| II A - ആദ്യമരിയ കൂട്ടാല | മാട്ടറ | നെല്ലിക്കാംപൊയിൽ |
| III B- അഡോണ ആലപ്പാട്ട് | അങ്ങാടിക്കടവ് | കുന്നോത്ത് |
| **പ്രസംഗം - ജൂനിയർ (Boys)** | | |
| I A - തോമസ് കുര്യൻ തടിക്കൽ | പുലിക്കുരുമ്പ | ചെമ്പേരി |
| II A - അജയ് ഇഗ്നേഷ്യസ് മനയാനി | തളിപ്പറമ്പ് | തളിപ്പറമ്പ് |
| III A - ആൽബിൻ പള്ളിച്ചിറ | പൈസക്കരി | പൈസക്കരി |

**പ്രസംഗം - ജൂനിയർ (Girls)**

| | | |
|---|---|---|
| I A - അന്ന പുത്തൻപുരയ്ക്കൽ | വെള്ളാട് | വായാട്ടുപറമ്പ് |
| II A - നിയ ആൻ കുമ്പളപ്പള്ളിൽ | കണ്ണൂർ | തളിപ്പറമ്പ് |
| III A - സേറാലീസ് വെട്ടിക്കാട്ട് | എടൂർ | എടൂർ |

**സംഗീതം - ജൂനിയർ (Boys)**

| | | |
|---|---|---|
| I A - ലോയിഡ് തുരുത്തിയിൽ | നെല്ലിക്കാംപൊയിൽ | നെല്ലിക്കാംപൊയിൽ |
| II A - അബ്രാഹം കൊരട്ടിയിൽ | തളിപ്പറമ്പ് | തളിപ്പറമ്പ് |
| III A - മാത്യു ഇല്ലിമൂട്ടിൽ | ചെട്ടിയാപറമ്പ് | പേരാവൂർ |

**സംഗീതം - ജൂനിയർ (Girls)**

| | | |
|---|---|---|
| I A - ആഗ്നസ്പുത്തൻപുരയ്ക്കൽ | മണിക്കടവ് | നെല്ലിക്കാംപൊയിൽ |
| II A - മരിയ കൂട്ടിയാനി | ചെറുപുഴ | ചെറുപുഴ |
| III B - എൽസ തുണ്ടിയിൽ | വായാട്ടുപറമ്പ് | വായാട്ടുപറമ്പ് |

**ക്വിസ് - ജൂനിയർ (Boys)**

| | | |
|---|---|---|
| I C - ഗോഡ്വിൻ പൂന്തോട്ടാൽ | കരിക്കോട്ടക്കരി | എടൂർ |
| II C - പവൽപോൾ കലശ്ശിയിൽ | പരിയാരം | തളിപ്പറമ്പ് |
| III C - ജോർജ് തണങ്ങാട്ട് | അങ്ങാടിക്കടവ് | കുന്നോത്ത് |

**ക്വിസ് - ജൂനിയർ (Girls)**

| | | |
|---|---|---|
| I C - അലോന കാഞ്ഞിരത്തിങ്കൽ | മണ്ഡപം | തോമാപുരം |
| II C - ഫിലോമിൻ മ്ലാക്കുഴിതെക്കേയറ്റത്ത് | പടുപ്പ് | പനത്തടി |
| III C - മരിയ പന്തലാങ്കൽ | പൈസക്കരി | പൈസക്കരി |

**പ്രസംഗം - സീനിയർ (Boys)**

| | | |
|---|---|---|
| I A - കുര്യൻ മാത്യു കവലവഴിക്കൽ | കുന്നോത്ത് | കുന്നോത്ത് |
| II A - ജോയൽ മടത്തിമ്യാലിൽ | പാടിച്ചാൽ | ചെറുപുഴ |
| III A - ജോൺ കുപ്പത്താനത്ത് | പാണത്തൂർ | പനത്തടി |

**പ്രസംഗം - സീനിയർ (Girls)**

| | | |
|---|---|---|
| I A - മരിയ മനയ്ക്കലത്ത് | കച്ചേരിക്കടവ് | കുന്നോത്ത് |
| II A - മരിയ പുതിയേടത്ത് | ചന്ദനക്കാംപാറ | പൈസക്കരി |
| III A - മരിയ മുരിയംങ്കരി | പനത്തടി | പനത്തടി |

**സംഗീതം - സീനിയർ (Boys)**

| | | |
|---|---|---|
| I A - ജോസഫ് കണ്ണംകുളത്ത് | അങ്ങാടിക്കടവ് | കുന്നോത്ത് |
| II A - ജോസഫ് വട്ടക്കുന്നേൽ | മാലോം | വെള്ളരിക്കുണ്ട് |
| III A - തോമസ് തെള്ളിക്കുന്നേൽ | പുറവയൽ | നെല്ലിക്കാംപൊയിൽ |

**സംഗീതം - സീനിയർ (Girls)**

| | | |
|---|---|---|
| I A - മെറിൻ മേലൂക്കുന്നേൽ | വായാട്ടുപറമ്പ് | വായാട്ടുപറമ്പ് |
| II A - മേരി റോസ് കീഴേത്തുപറമ്പിൽ | താബോർ | ചെറുപുഴ |
| III A - ടെസ്ലിൻ കണ്ടത്തിനാനി | വെള്ളരിക്കുണ്ട് | വെള്ളരിക്കുണ്ട് |

**ക്വിസ് - സീനിയർ (Boys)**

| | | |
|---|---|---|
| I B - ആൽബി മുട്ടത്തുപാറ | കടുമേനി | തോമാപുരം |
| II C - സിറിൽ സിറിയക് കുന്നത്ത് | ചെമ്പന്തൊട്ടി | ചെമ്പന്തൊട്ടി |
| III C - അലക്സ് മുടകാലിൽ | മാട്ടറ | നെല്ലിക്കാംപൊയിൽ |

**ക്വിസ് - സീനിയർ (Girls)**

| | | |
|---|---|---|
| I B - എയ്ഞ്ചൽ ആനിത്തോട്ടത്തിൽ | വിമലശ്ശേരി | മേരിഗിരി |
| II B - ക്ലാര പുല്ലൻകാവുങ്കൽ | കരുവഞ്ചാൽ | വായാട്ടുപറമ്പ് |
| III B- ക്ലാര കണ്ണീറ്റുകണ്ടത്തിൽ | അങ്ങാടിക്കടവ് | കുന്നോത്ത് |

**പ്രസംഗം - സൂപ്പർ സീനിയർ (Boys)**

| | | |
|---|---|---|
| I B - ചാക്കോ തെക്കേകൊണ്ടാരം | വായാട്ടുപറമ്പ് | വായാട്ടുപറമ്പ് |
| II B - ഷൈബി കുഴിവേലിപ്പുറം | ചെമ്പേരി | ചെമ്പേരി |
| III B - വിനിൽ ചെറുചെറുപ്പിൽ | പയ്യാവൂർ | പൈസക്കരി |

**പ്രസംഗം - സൂപ്പർ സീനിയർ (Girls)**

| | | |
|---|---|---|
| I A - മറിയാമ്മ വേരനാനിക്കൽ | വായാട്ടുപറമ്പ് | വായാട്ടുപറമ്പ് |
| II C - ട്രീസ ജോസഫ് പുതുപ്പറമ്പിൽ | പാടിച്ചാൽ | ചെറുപുഴ |
| III C- ആനീസ് ഊരിയാമന്നത്ത് | മണിക്കടവ് | നെല്ലിക്കാംപൊയിൽ |

**സംഗീതം - സൂപ്പർ സീനിയർ (Boys)**

| | | |
|---|---|---|
| I A - ജോമോൻ പറയൻകുഴി | ഉദയഗിരി | ആലക്കോട് |
| II A - ജേക്കബ്ബ് കൈതയ്ക്കൽ | കരുവഞ്ചാൽ | വായാട്ടുപറമ്പ് |
| III A - തോമസ് കണവല | കോളയാട് | പേരാവൂർ |

**സംഗീതം - സൂപ്പർ സീനിയർ (Girls)**

| | | |
|---|---|---|
| I A - അഞ്ജു അഴകത്ത് | ചെറുപുഴ | ചെറുപുഴ |
| II A - അന്ന കളപ്പുര | കുന്നുംകൈ | തോമാപുരം |
| III A - റോസ്മരിയ തോട്ടുങ്കൽ | പൈസക്കരി | പൈസക്കരി |

**ക്വിസ് - സൂപ്പർ സീനിയർ (Boys)**

| | | |
|---|---|---|
| I A - സെബാസ്റ്റ്യൻ ചിറ്റംവേലിൽ | ചെടിക്കുളം | എടൂർ |
| II B - ജെയിംസ് ആക്കപ്പള്ളിൽ | മാവുഞ്ചാൽ | വായാട്ടുപറമ്പ് |
| III B - ഡോ. സാജൻ പഴേപ്പറമ്പിൽ | ചെറുപുഴ | ചെറുപുഴ |

**ക്വിസ് - സൂപ്പർ സീനിയർ (Girls)**

| | | |
|---|---|---|
| I B - മേരി കാരക്കടയിൽ | ജയഗിരി | ആലക്കോട് |
| II B - റോസമ്മ കപ്പിലുമാക്കൽ | തോമാപുരം | തോമാപുരം |
| III B - മരിയ മുകളെക്കാലായിൽ | തേർമല | നെല്ലിക്കാംപൊയിൽ |

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് വടക്കേപ്പറമ്പിൽ**
അതിരൂപതാ ഡയറക്ടർ

# തിരുബാലസഖ്യം

സ്നേഹ ബഹുമാനപ്പെട്ട അച്ചന്മാരെ, ആനിമേറ്റേഴ്സ്, കുഞ്ഞുങ്ങളെ,

നവംബർ 20-ാം തീയതി നമ്മുടെ രാജാവും നേതാവുമായ ക്രിസ്തു രാജന്റെ രാജത്വതിരുനാൾ നാം ആഘോഷിക്കുകയാണല്ലോ, അന്നേ ദിനം വിവിധ പരിപാടികളോടുകൂടെ തിരുനാൾ ആഘോഷിക്കുവാൻ ആനിമേറ്റേഴ്സും മതാദ്ധ്യാപകരും കുട്ടികളെ ഒരുക്കുമല്ലോ. എല്ലാ കൊച്ചുകൂട്ടുകാർക്കും രാജത്വത്തിരുനാളിന്റെ മംഗളങ്ങളും... പ്രാർത്ഥനകളും...

അനുസ്മരിക്കുന്ന തിരുനാൾ : വി. മിശിഹായുടെ രാജത്വതിരുനാൾ
അനുസ്മരിക്കുന്ന വിശുദ്ധ : വി. സിസിലി
പ്രാർത്ഥനാനിയോഗം : എല്ലാ സഭാ അധികാരികൾക്കും വേണ്ടി
സുകൃതംജപം : ഈശോയെ രാജാവായി എന്റെ ഹൃദയത്തിൽ എഴുന്നള്ളി വരേണമേ
വചനം : ഞാൻ നല്ല ഇടയനാണ്. നല്ല ഇടയൻ ആടുകൾക്കുവേണ്ടി ജീവനർപ്പിക്കുന്നു (യോഹ :10-11)
പ്രവൃത്തി : ശുദ്ധീകരാത്മാക്കൾക്കുവേണ്ടി പ്രാർത്ഥിക്കാൻ കുട്ടികളെ പഠിപ്പിക്കുക.
മനപാഠമാക്കുക : ദുഃഖത്തിന്റെ രഹസ്യം പഠിക്കുക.
എയ്ഞ്ചൽസ് വോയ്സ് : ക്രിസ്തുരാജൻ ഫാൻസിഡ്രസ്സ് മത്സരം (ആൺകുട്ടികൾക്ക് മാത്രം)

**1. ശാഖകൾ ശ്രദ്ധിക്കാൻ**

1 ചൊവ്വ : സകല വിശുദ്ധരുടെയും തിരുനാൾ
2 ബുധൻ : സകല മരിച്ചവരുടെയും തിരുനാൾ
4 വെള്ളി : മതാദ്ധ്യാപകദിനം
6 ഞായർ : മതാദ്ധ്യാപകരെ ആദരിക്കൽ
19 ശനി : വൃദ്ധമാതാപിതാക്കളെ, മാതൃവേദി പ്രവർത്തകരെ ആദരിക്കുന്നു.
20 ഞായർ: രാജത്വത്തിരുനാൾ

**2. മതാദ്ധ്യാപക ദിനം**

നവംബർ 4-ാം തീയതി മതാദ്ധ്യാപക ദിനമാണല്ലോ. നവംബർ 4-ാം തിയതി വെള്ളിയാഴ്ചയായതിനാൽ നവംബർ 6-ാം തീയതി ഞായറാഴ്ച എല്ലാ ശാഖകളിലും മതാദ്ധ്യാപകരെ ആദരിക്കുമല്ലോ. അതിരൂപതാതലം പുറവയൽ ശാഖയിൽ വച്ച് നടത്തപ്പെടുന്നതാണ്.

**3. രാജത്വതിരുനാൾ**

നവംബർ 20-ാം തീയതി ഞായറാഴ്ച ക്രിസ്തുരാജന്റെ തിരുനാൾ ആചരിക്കുകയാണല്ലോ. ക്രിസ്തുവാണ് നമ്മുടെ രാജാവും നേതാവും നാം അനുകരിക്കേണ്ട മാതൃകയും എന്ന ബോധ്യം കുട്ടികൾക്ക് ലഭിക്കത്തക്കവിധം വിവിധ പരിപാടികൾ ക്രമീകരിക്കുമല്ലോ. അതിരൂപതാ തലത്തിൽ നെല്ലിക്കാംപൊയിൽ മേഖലയിലെ മണിപ്പാറ ശാഖയിൽ വച്ച് രാജത്വതിരുനാൾ ആചരിക്കും.

**4. മദർതെരേസ ഫാൻസിഡ്രസ്സ് മത്സര വിജയികൾ**

| | | | |
|---|---|---|---|
| I st | ആൻമരിയ പാപ്പാനാംചിറ | - | കരയത്തുംചാൽ |
| II nd | ജുവൽ ഉഴുത്തുവാൽ | - | അങ്ങാടിക്കടവ് |
| III rd | ജുവൽ വേലിക്കകത്ത് | - | വെള്ളരിക്കുണ്ട് |

**5. ക്രിസ്തുരാജൻ ഫാൻസിഡ്രസ്സ് മത്സരം**

മിശിഹായുടെ രാജത്വതിരുനാളിനോടനുബന്ധിച്ച് ആൺകുട്ടികൾക്കായി ക്രിസ്തുരാജൻ ഫാൻസി ഡ്രസ്സ് മത്സരം സംഘടിപ്പിക്കുന്നു. ഫോട്ടോ എടുത്ത് holychildhoodtly01@gmail.com എന്ന emil അക്കൗണ്ടിലേക്ക് അയയ്ക്കുക.. അയക്കേണ്ട അവസാന ദിവസം നവംബർ 25. അയയ്ക്കുമ്പോൾ പേര്, വീട്ടുപേര്, ഇടവക, അംഗത്വനമ്പർ എന്നിവ കൃത്യമായി രേഖപ്പെടുത്തിയിരിക്കണം. രേഖപ്പെടുത്താതെ അയക്കുന്നത് മത്സരത്തിൽ പരിഗണിക്കുന്നതല്ല. ഒരു ശാഖയിൽ നിന്നും ഒരുകുട്ടിക്ക് മാത്രമേ മത്സരത്തിൽ പങ്കെടുക്കാൻ അവസരം ഉണ്ടായിരിക്കുകയുള്ളൂ.

**6. ആനിമേറ്റേഴ്സിന്റെ ശ്രദ്ധയ്ക്ക്**

2022 -2023 വർഷത്തെ തിരുബാലസഖ്യം കുട്ടികളുടെ അംഗത്വ ഫീസ് (ഒരു കുട്ടിക്ക് 5 രൂപ വീതം) ഇനിയും അടച്ചുതീർക്കാനുള്ളവർ എത്രയും വേഗം അടച്ച് തീർത്ത് സഹകരിക്കുമല്ലോ.

**7. ശാഖാ സന്ദർശനങ്ങൾ:** അതിരൂപതാ ഭാരവാഹികൾ നവംബർ മാസം വായാട്ടുപറമ്പ് (നവംബർ - 6), ആലക്കോട് (നവംബർ - 13), മേരിഗിരി (നവംബർ - 20), ചെറുപുഴ (നവംബർ-27), എന്നീ മേഖലകളിലെ ശാഖകൾ സന്ദർശിക്കുന്നതാണ് എന്നകാര്യം ഓർമ്മപ്പെടുത്തുന്നു. തിരുബാലസഖ്യം ആനിമേറ്റേഴ്സ് അന്നേ ദിവസം തിരുബാലസഖ്യം റെക്കോഡുകൾ കൃത്യമായി എഴുതി സൂക്ഷിക്കുകയും ശാഖകളിൽ വേണ്ട ക്രമീകരണങ്ങൾ ചെയ്യുവാൻ ശ്രദ്ധിക്കുകയും ചെയ്യുമല്ലോ.

**8) ഈശോയെപ്പോലെ പ്രാർത്ഥിക്കാം ...**

ഈ മാസം നമുക്ക് ഈശോയെപ്പോലെ പ്രാർത്ഥിക്കാം എന്ന അഞ്ചാം

അധ്യായം പഠിക്കാം. സ്വർഗ്ഗസ്ഥനായ പിതാവിന്റെ മുമ്പിൽ ഏത് ജോലി ചെയ്യുന്നതിന് മുമ്പും ഈശോ പ്രാർത്ഥിച്ചിരുന്നു. കൂട്ടുകാരെ, നമുക്കും ഈശോയെപ്പോലെ പ്രാർത്ഥനയിൽ വളരാം, നമ്മുടെ മാതാപിതാക്കൾക്കു വേണ്ടി, സഹോദരങ്ങൾക്കുവേണ്ടി, കൂട്ടുകാർക്കുവേണ്ടി എല്ലാവർക്കും വേണ്ടി ഈശോയോട് നമുക്ക് പ്രാർത്ഥിക്കാം.

**9) നിറം കൊടുക്കാമോ?**

പ്രിയ കൂട്ടുകാരെ, ഈശോയെപ്പോലെ പ്രാർത്ഥിക്കാം എന്ന അഞ്ചാം അധ്യായത്തിലെ പേജ് 27 ലെ ചിത്രം ക്രയോൺസ് ഉപയോഗിച്ച് മനോഹരമായി കളർചെയ്ത് ഏറ്റവും നല്ല 3 എണ്ണം സെപ്റ്റംബർ 20 ന് മുമ്പ്അതിരൂപതയിലേക്ക് അയച്ച് തരുമല്ലോ.

**10) നിങ്ങൾക്കറിയാമോ?**

പ്രിയ കൂട്ടുകാരെ, ഈശോയെപ്പോലെ പ്രാർത്ഥിക്കാം എന്ന അഞ്ചാം അധ്യായത്തിലെ പേജ് 28 ൽ കൊടുത്തിരിക്കുന്നത് സുവിശേഷത്തിലെ ഒരു ഉപമയുടെ ചിത്രമാണ്. സുവിശേഷവും അദ്ധ്യായവും വാക്യവും വ്യക്തമാക്കി ഉപമയ്ക്ക് ഉചിതമായ അടിക്കുറിപ്പ് തയ്യാറാക്കി ഏറ്റവും നല്ല 3 എണ്ണം സെപ്റ്റംബർ 20 ന് മുമ്പ്അതിരൂപതയിലേക്ക് അയച്ച് തരുമല്ലോ.

**11) നിറംകൊടുക്കാമോ ഒക്ടോബർ മാസത്തെ വിജയികൾ**

| | | |
|---|---|---|
| I | തെരേസ അറക്കപ്പറമ്പിൽ | - നെല്ലിക്കുറ്റി |
| II | ആൽഫ്രഡ് തെക്കേൽ | - ആര്യപ്പറമ്പ് |
| III | ആൽവിൻ മേച്ചേരിതകിടിയേൽ | - രാജമുടി |

**12) നിങ്ങൾക്കറിയാമോ ഒക്ടോബർ മാസത്തെ വിജയികൾ**

| | | |
|---|---|---|
| I | ലിസ്മരിയ ചേന്നോത്ത് | - വെള്ളാട് |
| II | ആൻതെരേസ ജിമ്മി | - തോമാപുരം |
| III | എലിസബത്ത് പുരയിടത്തിൽ | - കാവുംന്തല |

**13) എയ്ഞ്ചൽസ് ഫെസ്റ്റ് 2022 -23 (കലോത്സവം)**

**പൊതുവായ നിർദ്ദേശങ്ങൾ**

1) മത്സര ഇനങ്ങൾ - പ്രസംഗം, സംഗീതം, കഥ, ആംഗ്യപ്പാട്ട്, ജറുസലേം ക്വിസ്, സ്കിറ്റ്.
2) പ്രസംഗം, സംഗീതം, കഥ, എന്നീ ഇനങ്ങൾ വ്യക്തിഗമായിരിക്കും.
3) ആംഗ്യപ്പാട്ട്, ജറുസലേം ക്വിസ്, സ്കിറ്റ് എന്നീ ഇനങ്ങൾ ഗ്രൂപ്പ് ആയിരിക്കും.
4) ഒരു കുട്ടിക്ക് ഒരു വ്യക്തി ഗത ഇനത്തിലും ഒരു ഗ്രൂപ്പ് ഇനത്തിലും പങ്കെടുക്കാവുന്നതാണ്.
5) 50 കുട്ടികളിൽ താഴെയുള്ള ശാഖകൾക്ക് ഒരു കുട്ടിക്ക് 2 വ്യക്തിഗത ഇനത്തിലും 2 ഗ്രൂപ്പ് ഇനത്തിലും പങ്കെടുക്കാവുന്നതാണ്.
6) പ്രസംഗം, സംഗീതം, കഥ, എന്നീ ഇനങ്ങളിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും മത്സരിക്കാം.
7) മേഖലാ മത്സരത്തിൽ വ്യക്തിഗത ഇനത്തിൽ ഒന്നാം സ്ഥാനം കിട്ടുന്ന

ആൺകുട്ടിക്കും, പെൺകുട്ടിക്കും അതുപോലെ തന്നെ ഗ്രൂപ്പിനത്തിൽ ഒന്നാം സ്ഥാനം കിട്ടുന്ന ടീം മിനും അതിരൂപതാ മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്.

8) ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങൾ ലഭിക്കുന്ന മേഖലകൾക്ക് ട്രോഫിയും ക്യാഷ് അവാർഡും നൽകുന്നതായിരിക്കും.

9) മേഖലാ വിജയികളായവരുടെ ലിസ്റ്റ് അതിരൂപതയിൽ നിന്ന് നൽകുന്ന ഫോമിൽ കൃത്യമായി പൂരിപ്പിച്ച് ഡിസംബർ 30 ന് അതിരൂപതാ ഓഫീസിൽ എത്തിക്കുമല്ലോ.

7) എന്തെങ്കിലും സംശയം ഉള്ളവർക്ക് അതിരൂപതാ ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്.

8) അതിരൂപതാ എയ്ഞ്ചൽസ് ഫെസ്റ്റ് 2023 ജനുവരി 14 ശനിയാഴ്ച ആയിരിക്കും. സ്ഥലവും, സമയവും മറ്റ് കാര്യങ്ങളും പിന്നീട് അറിയിക്കുന്നതായിരിക്കും.

## പ്രസംഗം

- പ്രസംഗം സമയം - 4 മിനുട്ട്
- വിഷയം - വിശ്വാസത്തിന് ധീരസാക്ഷ്യം വഹിച്ചു രക്തസാക്ഷിയായ മാർതോമാ ശ്ലീഹ എന്റെ ജീവിതത്തിൽ
- വിഷയാധിഷ്ഠിതമായിരിക്കണം, ആശയ സ്ഫുടത, അക്ഷര സ്ഫുടത, ഭാഷാശുദ്ധി, സഭാകമ്പമില്ലാതെ സംസാരിക്കാനുള്ള കഴിവ്, സന്ദർഭോചിത ശബ്ദനിയന്ത്രണം തുടങ്ങിയവ പരിഗണിക്കന്നതായിരിക്കും.

## സംഗീതം

- ക്രിസ്തീയ ഭക്തിഗാനങ്ങളേ ആലപിക്കാവൂ.
- പാട്ടിന്റെ പല്ലവി, അനുപല്ലവി, വീണ്ടും പല്ലവി പാടി അവസാനിപ്പിക്കുന്നു.
- അവതരണം, താളം, ശ്രുതി, ലയം തുടങ്ങിയവ പ്രത്യേകം പരിഗണിക്കപ്പെടും.
- സംഗീതോപകരണങ്ങൾ, മൈക്ക് ഇവ അനുവദനീയമല്ല.

## കഥ

- ഏതെങ്കിലും വിശുദ്ധരുടെ ജീവിതത്തെയോ, ബൈബിൾ കഥാ പാത്രത്തെയോ ആസ്പദമാക്കിയുള്ളതായിരിക്കണം.
- സമയം - 4 മിനുട്ട്
- വിഷയാവതരണം, ആംഗ്യം, ഭാവം, മോഡുലേഷൻ, സന്ദേശം തുടങ്ങിയവ പ്രത്യേകം പരിഗണിക്കുന്നതായിരിക്കും.

## ജറുസലേം ക്വിസ്

- **പഠനഭാഗം :** വി. മത്തായി 1 മുതൽ 6 വരെയുള്ള അദ്ധ്യായങ്ങൾ, വി. മർക്കോസ് 1 മുതൽ 6 വരെയുള്ള അദ്ധ്യായങ്ങൾ വി. ലൂക്കാ 1 മുതൽ 4 വരെയുള്ള അദ്ധ്യായങ്ങൾ വി. യോഹന്നാൻ 1 മുതൽ 4 വരെയുള്ള അദ്ധ്യായങ്ങൾ കൂടാതെ വി. മത്തായി, വി. മർക്കോസ്, വി. ലൂക്കാ, വി. യോഹന്നാൻ എന്നീ സുവിശേഷങ്ങളുടെ ആമുഖം.
- 2 പേർ അടങ്ങിയ ടീം (ആൺ പെൺ വിത്യാസം ഇല്ല)
- ഒരു ഇടവകയ്ക്ക് ഒരു ടീം മാത്രം

- വ്യത്യസ്ത ചോദ്യശൈലികൾ - ഒറ്റവാക്കിൽ ഉത്തരം എഴുതുക, പൂരിപ്പിക്കുക, ബ്രായ്ക്കറ്റിൽ നിന്നും തിരഞ്ഞെടുത്ത് എഴുതുക, തുടങ്ങിയ രീതിയിൽ ആയിരിക്കും ചോദ്യങ്ങൾ ഉണ്ടാവുക.

## ആംഗ്യപ്പാട്ട്

- പാട്ട് ബൈബിൾ അധിഷ്ഠിതമായതോ, ക്രിസ്തീയ ആശയങ്ങൾ ഉൾക്കൊള്ളുന്നതോ ആയിരിക്കണം. ഉപമ, സംഭവം, അദ്ഭുതം തുടങ്ങിയവയുടെ ആവിഷ്ക്കാരമോ, ആശയവിപുലീകരണമോ ആകാം.
- മുഴുവൻ സമയവും ലൈനിൽ നിന്ന് കളിക്കണം. ആവശ്യമനുസരിച്ച് മിന്നോട്ടോ, പിറകോട്ടോ, വട്ടം കറങ്ങുകയോ ആകാം, എന്നാൽ ഗ്രൂപ്പ് ഡാൻസ് പോലെ ആകരുത്.
- 8 പേർ അടങ്ങിയ ടീം 5 പേരിൽ കുറയാൻ പാടില്ല. ആൺ കുട്ടികളും പെൺകുട്ടികളും ഉണ്ടായിരിക്കണം (ഒരു കുട്ടിയെങ്കിലും നിർബന്ധമാണ്)
- മേക്കപ്പ് പ്രത്യേകം പരിഗണിക്കുന്നതല്ല. ആൺകുട്ടികൾക്കും, പെൺകുട്ടികൾക്കും ഒരുപോലുള്ള ഇഷ്ടമുള്ള ഡ്രസ് ധരിക്കാം.
- സമയം - ഒരു പാട്ടിന്റെ സമയം (പല പാട്ടുകൾ മാറിമാറി പാടേണ്ടതില്ല)
- പാട്ട്, താളം, ആംഗ്യം, ഒരുമ, ആശയം, അവതരണം തുടങ്ങിയവ പ്രത്യേകം പരിഗണിക്കപ്പെടും.
- കുട്ടികൾതന്നെ പാടി കളിക്കേണ്ടതാണ്. റെക്കോഡിംഗ് അനുവദനീയമല്ല.

## സ്കിറ്റ്

- ക്രിസ്തീയ ആശയം ഉൾക്കൊള്ളുന്ന കാലിക പ്രസക്തിയുള്ള ഒരു വിഷയം ആയിരിക്കണം.
- 10 പേർ അടങ്ങിയ ടീം
- പശ്ചാത്തല സംഗീതം, രംഗസജ്ജീകരണം എന്നിവ പാടില്ല.
- സ്റ്റേജിൽ പൊതുവായി ബെഞ്ച്, കസേര എന്നിവ ഉപയോഗിക്കാവുന്നതാണ്.
- ടെക്നിക്കൽ കാര്യങ്ങൾക്ക് മുതിർന്നവരുടെ സഹായം തേടാവുന്നതാണ്. സ്കിറ്റിന് ശബ്ദം റെക്കോഡ് ചെയ്ത് ഇടുകയോ, പുറമെ നിന്ന് നൽകുകയോ ചെയ്യാവുന്നതാണ്.
- കഥാപാത്രത്തിന് ചേർന്ന അടിസ്ഥാന മേക്കപ്പ് ആവാം
- അവതരണം, ക്രിസ്തീയ ആശയം, സന്ദേശം, അഭിനയമികവ്, കാലിക പ്രസക്തി തുടങ്ങിയവ പരിഗണിക്കുന്നതാണ്.
- മികച്ച അഭിനയം കാഴ്ചവയ്ക്കുന്ന ആൺകുട്ടിക്കും പെൺകുട്ടിക്കും പ്രത്യേക സമ്മാനം ഉണ്ടായിരിക്കും.
- സമയം - 15 മിനുട്ട്
- സ്കിറ്റിന് ശബ്ദം റെക്കോഡിംഗ് ചെയ്യുകയോ പുറമെ നിന്ന് നൽകുകയോ ചെയ്യുന്നവർ കുട്ടികളുടെ തന്നെ ശബ്ദം നൽകേണ്ടതാണ്.

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് വടക്കേപ്പറമ്പിൽ**
അതിരൂപതാ ഡയറക്ടർ

# യുവജന ശുശ്രൂഷ

"യുവജനങ്ങളെ, നിങ്ങളുടെ ജീവിതം സത്യമായും സഭയിൽ ആഘോഷി ക്കപ്പെടേണ്ടതാണ്." *(വി. ജോൺ പോൾ പാപ്പാ)*

പ്രിയപ്പെട്ട വികാരിയച്ചാ, ഡയറക്ടേഴ്സ്, ആനിമേറ്റേഴ്സ്, യുവജ നസുഹൃത്തുക്കളെ,

ദൈവരാജ്യം സ്നേഹത്തിൽ അധിഷ്ഠിതമാണ്. ഈശോ സ്ഥാപിച്ച ദൈവരാജ്യത്തിന്റെ വക്താക്കളാണ് നം എന്ന ഓർമ്മ എപ്പോഴും നമ്മിൽ ഉണ്ടായിരിക്കട്ടെ. നമ്മുടെ ഹൃദയങ്ങളിൽ ക്രിസ്തു രാജൻ ജയിക്കാൻ, ക്രിസ്തു രാജ്യം ലോകമെങ്ങും പ്രത്യേ കിച്ച് നം ജീവിക്കുന്ന ചുറ്റുപാടുകളിൽ വ്യാപിക്കാൻ ആഗ്രഹിച്ച് പരിശ്രമിക്കാം. ഏവർക്കും സമാഗതമാകുന്ന **ക്രിസ്തുരാജന്റെ തിരു നാൾ** മംഗളങ്ങൾ ഏറ്റവും സ്നേഹത്തോടെ ആശംസിക്കുന്നു.

### സകല മരിച്ചവരുടെയും ഓർമ്മ

നവംബർ മാസത്തിൽ ശുദ്ധീകരണ ആത്മാക്കളെയും മരണമ ടഞ്ഞ സകലരെയും നമ്മുടെ പ്രാർത്ഥനയിൽ പ്രത്യേകം അനുസ്മ രിക്കാം. യുവജനങ്ങളുടെ നേതൃത്വത്തിൽ സിമിത്തേരി വൃത്തിയാ ക്കുകയും സിമിത്തേരി സന്ദർശിച്ച് പ്രാർത്ഥിക്കുകയും ചെയ്യണ മെന്ന് ഓർമ്മിപ്പിക്കുന്നു

### കൊന്ത - Live Rosary (പ്രാർത്ഥനാ യജ്ഞം)

അതിരൂപതാ സമിതിയുടെ നേതൃത്വത്തിൽ പത്ത് ദിനങ്ങളി ലായി ലൈവ് റോസറി നടത്തപ്പെടുന്നു. ഒക്ടോബർ 22 മുതൽ 31 വരെയുള്ള ദിവസങ്ങളിലായി ചെമ്പന്തൊട്ടി, എടൂർ, ചെറുപുഴ, പേരാ വൂർ, പൈസക്കരി, വയാട്ടുപറമ്പ്, ആലക്കോട്, മേരിഗിരി, ചെമ്പേരി, നെല്ലിക്കാംപൊയിൽ പള്ളികളിലാണ് നടത്തപ്പെടുന്നത്.

### സംയുക്ത സിൻഡിക്കേയ്റ്റ്

കെസിവൈഎം, എസ്എംവൈഎം സംയുക്ത സിൻഡിക്കേയ്റ്റ് നവംബർ 12 ന് തളിപ്പറമ്പിൽ വച്ച് നടത്തപ്പെടുന്നു. എല്ലാ ഫൊറോന

ഡയറക്ടർമാരും, ആനിമേറ്റർമാരും, അൽമായ ആനിമേറ്റർമാരും, സിൻഡിക്കേറ്റ് അംഗങ്ങളും ഇതിൽ പങ്കെടുക്കണം. അതിരൂപതയിലെ യുവ ജന പ്രേഷിതത്വത്തിന്റെ ചുമതല വഹിക്കുന്ന വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി യോഗത്തിൽപങ്കെടുക്കുന്നു. 2022-23 സമിതിയുടെ പ്രവർത്തനങ്ങൾ ക്രോഡീകരിക്കുന്ന പ്രധാനപ്പെട്ട മീറ്റിംഗ് ആകയാൽ എല്ലാ വരും പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

## പ്രവർത്തന വർഷ ഉദ്ഘാടനം

2022-23 സമിതിയുടെ പ്രവർത്തന വർഷ ഉദ്ഘാടനം ചെമ്പേരി ഫൊറോ നയുടെ ആതിഥേയത്വത്തിൽ ചെമ്പേരി വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജിൽ വച്ച് നടത്തപ്പെട്ടു. അതിരൂപത വികാരി ജനറാൾ മോൺ. ആന്റണി മുതുകുന്നേൽ ഉദ്ഘാടനം ചെയ്തു. ചെമ്പേരി ഫൊറോന വികാരി വെരി. റവ. ഫാ. ജോർജ് കാഞ്ഞിരക്കാട്ട് ആശംസാ പ്രഭാഷണം നടത്തി. അതിരൂപതാ പ്രസിഡന്റ് കുമാരി ചിഞ്ചു വട്ടപ്പാറ അദ്ധ്യക്ഷത വഹിച്ചു. അതിരൂപതാ ഡയറക്ടർ റവ. ഫാ. ജിൻസ് വാളിപ്ലാക്കൽ ആമുഖപ്രഭാ ഷണം നടത്തി. സംസ്ഥാന സെക്രട്ടറി ഷിജോ നിലയ്ക്കപ്പള്ളി, ഫൊറോന പ്രസിഡന്റ് ടെന്നി വേങ്ങത്താനം, ഫൊറോന ഡയറക്ടർ ഫാ. വിപിൻ ആന ചാരിൽ, അതിരൂപതാ ജനറൽ സെക്രട്ടറി നിഖിൽ സാബു, വൈസ് പ്രസി ഡന്റ് റിജു മാത്യു, ഫൊറോന അൽമായ ആനിമേറ്റർ ജോമോൻ കരിനാട്ട്, ഫൊറോന വൈസ് പ്രസിഡന്റ് ബിസ്മി വിൽസൺ എന്നിവർ പ്രസംഗിച്ചു.

## യുവ പ്രതിഭകൾക്ക് ആദരവ് - ഇടയനോടൊപ്പം

അതിരൂപതാ സമിതിയുടെ പ്രവർത്തന വർഷ ഉദ്ഘാടനവേളയിൽ വ്യത്യസ്ത മേഖലകളിൽ മികവാർന്ന പ്രകടനം കാഴ്ച വെച്ച സിൻസ് ജോർജ് (യുവസംരംഭകൻ), അൻജെലീന തെരേസ (ദീപിക കളർ ഇന്ത്യ പെയിന്റിങ്ങിൽ കണ്ണൂർ ജില്ല ഒന്നാം സ്ഥാനജേതാവ്), എൽസിറ്റ ജോസ് (കണ്ണൂർ ജില്ല ഒളിമ്പിക്സിൽ വുഷോയിൽ ഗോൾഡ് മെഡൽ, ജൂഡോയിൽ സിൽവർ മെഡൽ ജേതാവ്) ആൻമരിയ ജയിംസ് (വേൾഡ് ഡാൻസ് ഓൺലൈൻ ഇന്റർനാഷൺൽ ഡാൻസ് കോണ്ടസ്റ്റ് 2021 ൽ കുച്ചുപ്പുടിയിൽ ഒന്നാം സ്ഥാനം) എന്നിവരെ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് ആദരിച്ചു. അതിരൂപതാ സമിതിയുടെ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നട ത്തിയ ഫൊറോനകളെ അഭിനന്ദിച്ച് മൊമന്റോ നൽകി. തുടർന്ന് അഭിവന്ദ്യ പിതാവ് യുവജനങ്ങളോടൊപ്പം സംവദിച്ചു.

## Re-Turn (ഫൊറോന വിസിറ്റ്)

2022-23 അതിരൂപതാ സമിതിയുടെ ഫൊറോന വിസിറ്റ് **Re-Turn** എടൂർ ഫൊറോനയിൽ വച്ച് ഉദ്ഘാടനം ചെയ്യപ്പെട്ടു. സംഘടനാ പ്രവർത്തനങ്ങളെ വിലയിരുത്തി സംസാരിക്കുകയും, തുടർപ്രവർത്തനങ്ങളെ കുറിച്ച് യൂണിറ്റ് പ്രസിഡന്റുമാർ സംസാരിക്കുകയും ചെയ്തു. അതിരൂപതാ പ്രസിഡന്റ് കുമാരി ചിഞ്ചു വട്ടപ്പാറ, അതിരൂപതാ ഡയറക്ടർ ഫാ. ജിൻസ് വാളിപ്ലാ ക്കൽ, അതിരൂപതാ, ഫൊറോന, യൂണിറ്റ് ഭാരവാഹികൾ പങ്കെടുത്തു.

### Sigin of Love (ബധിര മൂകദിനം)

കെസിവൈഎം തലശ്ശേരി അതിരൂപതയുടെ നേതൃത്വത്തിൽ ബധിര മൂക ദിനാഘോഷം **Sigin of Love** നടത്തി. നെല്ലിക്കാംപൊയിൽ ഫൊറോന യുടെ നേതൃത്വത്തിൽ ഇരിട്ടി ചാവറ സ്പീച്ച് ആൻ ഹിയറിംങ്ങ് സ്കൂളിൽ വച്ച് നടത്തപ്പെട്ടു. കുട്ടികളുടെ കലാവിരുന്നിൽ പങ്കാളികളായും അവർക്ക് സമ്മാനങ്ങൾ നൽകിയും മധുരപലഹാരങ്ങൾ പങ്കുവച്ചും ഈ ദിനം ആച രിച്ചു. ആതിഥേയത്വം വഹിച്ച നെല്ലിക്കാംപൊയിൽ ഫൊറോനക്കും സ്ഥല സൗകര്യങ്ങൾ ഒരുക്കി തന്ന ചാവറ സ്കൂൾ അധികാരികൾക്കും അതിരൂപ തയുടെ ഹൃദയം നിറഞ്ഞ നന്ദി.

### ഉത്സവ് - സംസ്ഥാന കലോത്സവം

ഇടുക്കിയിൽ വച്ച് നടന്ന കെസിവൈഎം സംസ്ഥാന കലോത്സവത്തിൽ തലശ്ശേരി അതിരൂപതയിൽ നിന്നും പ്രതിനിധികൾ പങ്കെടുത്തു. അതിരൂ പതാ കലോത്സവം നടത്താൻ സാധിക്കാത്തതിനാൽ പ്രാതിനിധ്യ സ്വഭാവ ത്തിലണ് പങ്കെടുത്തത്. ക്വിസ്സ് വിഭാഗത്തിൽ ഒന്നാം സ്ഥാനവും, ഡിബേറ്റ് വിഭാഗത്തിൽ രണ്ടാം സ്ഥാനവും വിവിധ കലാമത്സരങ്ങൾ, രചനാ മത്സര ങ്ങൾ എന്നിവയ്ക്ക് ഗ്രേഡുകൾ സ്വന്തമാക്കിയും 78 പോയിന്റുകൾ നേടി. മത്സരത്തിൽ പങ്കെടുത്തവർക്കും, സമ്മാനങ്ങൾ നേടിയവർക്കും വേണ്ടതായ സഹായ ക്രമീകരണങ്ങൾ ഒരുക്കിയ ഡയറക്ടേഴ്സ്, ആനിമേറ്റേഴ്സ്, പ്രസി ഡന്റുമാർ, ഭാരവാഹികൾ എല്ലാവർക്കും അതിരൂപതയുടെ നന്ദി.

### 2022 – 23 പ്രവർത്തന വർഷ ലോഗോ പ്രകാശനം

2022-23 സമിതിയുടെ പ്രവർത്തന വർഷ ലോഗോ പ്രകാശനം ചെയ്തു. ഇരിക്കൂർ എം.എൽ.എ സജീവ് ജോസഫ് സാറുമായി യുവജനങ്ങൾ സംവ ദിച്ചു. മലയോര മേഖലയിൽ കാട്ടാന ശല്യത്തിന്റെ ദുരന്തമുഖങ്ങളും മല യോര പ്രദേശത്തെ റോഡുകളുടെ ദുരിത അവസ്ഥകളും ടൂറിസം മേഖല യുമയി ബന്ധപ്പെട്ട കാര്യങ്ങളും ചർച്ച ചെയ്തു. ഭരണരംഗങ്ങളിൽ ഇവ അവതരിപ്പിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കാമെന്ന് യുവജനങ്ങൾക്ക് എം.എൽ.എ ഉറപ്പ് നല്കി.

### പന്തംകൊളുത്തി പ്രകടനവും പ്രമേയ അവതരണവും

ഞായറാഴ്ച പ്രവർത്തി ദിവസമാക്കുന്നതിൽ പ്രതിഷേധിച്ച് അതിരൂപതാ സമിതിയുടെ ആഹ്വാന പ്രകാരം ഫൊറോന സമിതിയുടെ നേതൃത്വത്തിൽ യൂണിറ്റുകളിൽ പന്തംകൊളുത്തി പ്രകടനവും പ്രമേയ അവതരണവും സംഘടിപ്പിച്ചു. വെള്ളരിക്കുണ്ട്, ചെമ്പന്തൊട്ടി, എടൂർ, പൈസക്കരി തുടങ്ങിയ ഫൊറോനകൾ ധീരമായ വിധത്തിൽ പ്രതിഷേധം നടത്തി. ഫൊറോനകൾക്ക് അഭിനന്ദനങ്ങൾ.

### ദയഭായ്ക്ക് ഐക്യദാർഢ്യം

കാസറഗോഡ് ജില്ലയിലെ ആരോഗ്യമേഖലയെ കണ്ടില്ലെന്ന് നടിക്കുന്ന സർക്കാറിന്റെ നിലപാടിനെതിരെ സമരം ചെയ്യുന്ന ദയാഭായിക്ക് ഐക്യ ദാർഢ്യവുമായി തലശ്ശേരി കെ.സി.വൈ.എം രംഗത്ത് വന്നു.

**സ്നേഹസ്പർശം (TURN to LOVE)** - പനത്തടി ഫൊറോനയുടെ ആതിഥേയത്വത്തിൽ തലശ്ശേരി അതിരൂപതയുടെ നേതൃത്വത്തിൽ അമ്പലത്തറ സ്നേഹാലയത്തിൽ വച്ച് അഗതിദിനാചരണം നടത്തി. യുവജനങ്ങളുടെയും, സ്നേഹാലയത്തിലെ അന്തേവാസികളുടെയും കലാപരിപാടികൾ ഈ കൂട്ടായ്മയെ മനോഹരമാക്കി. അന്തേവാസികളോടൊപ്പം ഉച്ചഭക്ഷണം കഴിച്ച ശേഷം യുവജനങ്ങൾ പിരിഞ്ഞു. അഗതി ദിനാചരണം ഏറ്റെടുത്ത് നടത്തിയ അമലിന്റെ നേതൃത്വത്തിലുള്ള ഫൊറോന സമിതിക്ക് നന്ദി.

**SWIPE - UP ഗാന്ധിജയന്തി ദിനാഘോഷം**

കെസിവൈഎം തലശ്ശേരി അതിരൂപതയുടെ നേതൃത്വത്തിൽ ഗാന്ധിജയന്തി ആചരണം നടത്തി. റോഡരുകിലെ സൈൻ ബോഡുകളും, പൊതുസ്ഥലങ്ങളും വൃത്തിയാക്കികൊണ്ട് നിരവധി യുവജനങ്ങൾ ഇതിൽ പങ്കുചേർന്നു. അതിരൂപതാ സമിതിയുടെ നേതൃത്വത്തിൽ എടൂർ ഫൊറോനയുടെ ആഥിധേയത്വത്തിൽ എടൂർ ടൗണിലെ സൈൻബോഡുകൾ വൃത്തിയാക്കി. അതിരൂപതാ പ്രസിഡന്റ് കുമാരി ചിഞ്ചു വട്ടപ്പാറ, അതിരൂപതാ ഡയറക്ടർ ഫാ. ജിൻസ് വാളിപ്ലാക്കൽ, എടൂർ ഫൊറോന പ്രസിഡന്റ് റോണിറ്റ്, എടൂർ ഫൊറോന ഡയറക്ടർ ഫാ. ബിബിൻ ഇലഞ്ഞിപറമ്പിൽ, അതിരൂപതാ, ഫൊറോന, യൂണിറ്റ് തലങ്ങളിലെ ഭാരവാഹികൾ ഇതിന് നേതൃത്വം നൽകി. വിവിധ ഫൊറോനകളിലെ വിവിധ യൂണിറ്റുകളിൽ ഇത്തരം പ്രവർത്തനങ്ങൾ ക്രമീകരിച്ച എല്ലാവർക്കും നന്ദി.

**നിവേദനം നൽകി** - വർദ്ധിച്ചു വരുന്ന തെരുവ് നായ വിഷയത്തിൽ നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പൈസക്കരി ഫൊറോനയുടെ നേതൃത്വത്തിൽ പയ്യാവൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന് നിവേദനം നൽകി. **നെല്ലിക്കാംപൊയിൽ** ഫൊറോനയുടെ നേതൃത്വത്തിൽ വർദ്ധിച്ചു വരുന്ന തെരുവ് നായ വിഷയത്തിൽ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഉളിക്കൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി.സി ഷാജിക്ക് നിവേദനം നൽകി. **എടൂർ** ഫൊറോനയുടെ നേതൃത്വത്തിൽ ലോക പേ വിഷബാധ ദിനത്തോടനുബന്ധിച്ച് വർദ്ധിച്ച് വരുന്ന തെരുവ് നായ ശല്യത്തിനെതിരെ ഉടൻ പരിഹാരമെടുക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് അതിരൂപത സമിതിയുടെ ആഹ്വാന പ്രകാരം ആറളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന് നിവേദനം നൽകി.

**പ്രതിഷേധ ധർണ്ണ സംഘടിപ്പിച്ചു -** ആറളം ഫാമിൽ കാട്ടാന ആക്രമണത്തിൽ കൊല്ലപ്പെട്ട വാസുവിനെ അനുസ്മരിച്ച് എടൂർ ഫൊറോനയുടെ നേതൃത്വത്തിൽ വർദ്ധിച്ചുവരുന്ന വന്യജീവി ശല്യത്തിനെതിരെയും, തെരുവ്നായ ശല്യത്തിനെതിരെയും പ്രതിഷേധ ധർണ്ണ സംഘടിപ്പിച്ചു.

**മീഡിയ വർക്ക് ഷോപ്പ് -**വാഴ്ത്തപ്പെട്ട കാർലോ അകുിറ്റസിന്റെ തിരുനാൾ ദിനത്തോടനുബന്ധിച്ച് **എടൂർ** ഫൊറോനയുടെ നേതൃത്വത്തിൽ മീഡിയ വർക്ക് ഷോപ്പ് നടത്തി. എടൂർ ഫൊറോന പ്രസിഡന്റ് ശ്രീ. റോണിറ്റ്

നേതൃത്വം നൽകി. **WAVES - ആലക്കോട്** ഫൊറോനയുടെ മീഡിയ വിംഗ് ലോഗോ പ്രകാശനം കെസിവൈഎം സംസ്ഥാന സെക്രട്ടറി ഷിജോ നില ക്കപ്പള്ളി, കെസിവൈഎം തലശ്ശേരി അതിരൂപത വൈസ് പ്രസിഡന്റ് റിജു മത്യു എന്നിവർ ചേർന്ന് നിർവ്വഹിച്ചു.

**വടംവലി മത്സരം - ചെമ്പേരി** ഫൊറോനയുടെയും നെല്ലിക്കുറ്റി യൂണി റ്റിന്റെയും സംയുക്താഭിമുഖ്യത്തിൽ ജീവകാരുണ്യ ഫണ്ട് സമാഹാരാർത്ഥം നെല്ലിക്കുറ്റിയിൽ വച്ച് വടംവലി മത്സരം നടത്തി. **വെള്ളരിക്കുണ്ട്** ഫൊറോ നയുടെ നേതൃത്വത്തിൽ അതിരൂപതയിലെ എല്ലാ യൂണിറ്റുകൾക്കും വേണ്ടി യുള്ള വടംവലി മത്സരം അട്ടക്കണ്ടം ഇടവകയിൽ വച്ച് നടത്തപ്പെട്ടു.

**അഗതി ദിനാഘോഷം - എടൂർ** ഫൊറോനയിലെ യുവജനങ്ങളുടെ നേതൃത്വത്തിൽ കാരാപറമ്പിലുള്ള മൈത്രിഭവനിൽ വച്ച് അഗതി ദിനാ ഘോഷം സംഘടിപ്പിച്ചു. **വായാട്ടുപറമ്പ്** ഫൊറോനയുടെ നേതൃത്വത്തിൽ കാരുണ്യ ഭവനിൽ വച്ച് **കൂടെ** എന്ന പേരിൽ അഗതി ദിനാചരണം നടത്തി.

**ആരവ് - ലോക സമാധാന ദിനം** : ലോക സമാധാന ദിനത്തോടനു ബന്ധിച്ച് കരിക്കോട്ടക്കരി ടൗണിൽ വച്ച് കേരള പോലീസുമായി സംയോ ജിച്ച് ആരവ് എന്ന പേരിൽ ലോകസമാധാന സന്ദേശ കൂട്ടായ്മ നടത്തി. അതേ തുടർന്ന് ലഹരിക്കെതിരെയുള്ള പ്രചരണത്തിന്റെ തുടക്കമായി ലഹരി വിരുദ്ധ പ്രതിഞ്ജ എടുക്കുകയും ചെയ്തു.

**ലഹരി വിരുദ്ധ ദിനാചരണവും ലഹരി വിരുദ്ധ ക്യാമ്പയിൻ ഉദ്ഘാ ടവും - തോമാപുരം** ഫൊറോനയുടെ നേതൃത്വത്തിൽ നടത്തിയ ലഹരി വിരുദ്ധ ക്യാമ്പയിൻ ചിറ്റാരിക്കാൽ പോലീസ് സ്റ്റേഷൻ സി ഐ രഞ്ജിത്ത് രവീന്ദ്രൻ ഉദ്ഘാടനം ചെയ്തു. **അകലാം അകറ്റാം - ലഹരി വിരുദ്ധ സെമി നാർ - വെള്ളരിക്കുണ്ട്** ഫൊറോനയുടെ നേതൃത്വത്തിൽ വർദ്ധിച്ചു വരുന്ന ലഹരി ഉപയോഗത്തിനെതിരെ ഫൊറോനയിലെ വിവിധ യൂണിറ്റുകളിൽ ഏക ദിന സെമിനാർ നടത്തപ്പെട്ടു. **Reditus** - ലഹരിവിരുദ്ധ ക്യാമ്പയിൻ **നെല്ലി ക്കാംപൊയിൽ** ഫൊറോനയുടെ നേതൃത്വത്തിൽ വർദ്ധിച്ചു വരുന്ന ലഹരി ഉപയോഗത്തിനെതിരെ ലഹരിവിരുദ്ധ ക്യാമ്പയിൻ സംഘടിപ്പിച്ചു.

**സൗജന്യ നേത്ര പരിശോധന ക്യാമ്പ് -** ചെമ്പേരി ഫൊറോന കെ.സി .വൈ.എം, മാതൃവേദി എന്നീ സംഘടനകളുടെ സംയുക്താഭിമുഖ്യത്തിൽ നേത്ര പരിശോധന ക്യാമ്പ് സംഘടിപ്പിച്ചു. ഇരിക്കൂർ എം.എൽ.എ. അഡ്വ. സജീവ് ജോസഫ് പരിപാടി ഉദ്ഘാടനം ചെയ്തു. ഷിജോ നിലയ്ക്കപ്പള്ളി, കെസിവൈഎം അതിരൂപത വൈസ്പ്രസിഡന്റ് റിജു മാത്യു എന്നിവർ ചേർന്ന് നിർവ്വഹിച്ചു.

**നൈറ്റ് വിജിൽ -** ആലക്കോട് ഫൊറോനയുടെ നേതൃത്വത്തിൽ നെല്ലി പ്പാറ യൂണിറ്റിൽ വച്ച് നൈറ്റ് വിജിൽ നടത്തപ്പെട്ടു. അതിരൂപതാ ഡയറ ക്ടർ റവ. ഫാ. ജിൻസ് വാളിപ്ലാക്കൽ പ്രാർത്ഥനകൾക്ക് നേതൃത്വം നൽകി.

**Night Vigil** - കാസറഗോഡ് ഫൊറോനയുടെ നേതൃത്വത്തിൽ കസറ ഗോഡ് പള്ളിയിൽ വച്ച് റവ. ഫാ. ജോർജ് വള്ളിമല പ്രാർത്ഥനാ കൂട്ടായ്മക്ക് നേതൃത്വം നൽകി.

**SEED - Night Vigil** - **ചെമ്പേരി** ഫൊറോന പുലിക്കുരുമ്പ യൂണിറ്റിൽ വച്ച് നൈറ്റ് വിജിൽ നടത്തി. റവ. ഫാ. വിപിൻ വലിയനിരപ്പിൽ ക്ലാസ്സ് നയിച്ചു. കുമ്പസാരം, ആരാധന എല്ലാം ക്രമീകരിച്ചു. ധാരാളം യുവജനങ്ങൾ പങ്കെടുത്തു. **ELYSIAN - നെല്ലിക്കാംപൊയിൽ** ഫൊറോനയുടെ നേതൃത്വത്തിൽ പുറവയൽ യൂണിറ്റിൽ വച്ച് നൈറ്റ് വിജിൽ നടത്തപ്പെട്ടു. ധാരാളം യുവജനങ്ങൾ പ്രാർത്ഥനാ കൂട്ടായ്മയിൽ പങ്കെടുത്തു.

പ്രവർത്തന വർഷ ഉദ്ഘാടനം – **ആലക്കോട്** ഫൊറോനയുടെ നേതൃത്വത്തിൽ ഉദയഗിരി യൂണിറ്റിൽ വച്ച് 2022-23 പ്രവർത്തന വർഷ ഉദ്ഘാടനം നടത്തി. **DILECTIONE -22 നെല്ലിക്കാംപൊയിൽ** ഫൊറോനയുടെ നേതൃത്വത്തിൽ പ്രവർത്തന വർഷ ഉദ്ഘാടനവും 2021-22 ഫൊറോന സമിതിക്ക് ആദരവും നൽകി.

**റോസ് ഗാർഡൻ**

കുന്നോത്ത് ഫൊറോനയുടെ നേതൃത്വത്തിൽ ഫൊറോനയിലെ എല്ലാ യൂണിറ്റുകളിലും ജപമാല നടത്തി സമിതിക്ക് അഭിനന്ദനങ്ങൾ!!!

## SWIPE -UP

കുന്നോത്ത് ഫൊറോനയുടെ നേതൃത്വത്തിൽ Sign ബോഡുകൾ വൃത്തിയാക്കി മാതൃകയായി. കിളിയന്തറ മുതൽ മാടത്തിൽവരെയുള്ള സ്ഥലത്തെ ബോഡുകളാണ് ക്ലീനാക്കിയത്. നേതൃത്വം കൊടുത്ത ഫൊറോന സമിതിക്ക് നന്ദി.

## Turn to Jesus Through Mary

കെസിവൈഎം നെല്ലിക്കാംപൊയിൽ ഫൊറോനയുടെ നേതൃത്വത്തിൽ ജപമാല റാലി നടത്തി. കൊട്ടാടി കവല മുതൽ കാഞ്ഞരക്കൊല്ലി വരെ റാലി സംഘടിപ്പിച്ചു. അഭിനന്ദനങ്ങൾ...

**അമ്മയോടൊപ്പം**

മേരിഗിരി ഫൊറോനയിലെ എല്ലാ യൂണിറ്റുകളെയും കോർത്തിണക്കി ജപമാല അമ്മയോടൊപ്പം നടത്തുന്നു. ഫൊറോന സമിതിക്ക് അഭിനന്ദനങ്ങൾ!!!

സ്നേഹപൂർവം,

**ഫാ. തോമസ് വാളിപ്ലാക്കൽ**
ഡയറക്ടർ

# കുടുംബ പ്രേഷിതത്വം

## I) മാര്യേജ് പ്രിപ്പറേഷൻ കോഴ്സ് (എം.പി.സി)

902 എം.പി.സി കോഴ്സ് പടന്നക്കാട് ഗുഡ് ഷെപ്പേർഡ് പള്ളിയിൽ വച്ച് സെപ്റ്റംബർ 22 – 24 വരെയുള്ള തീയതികളിൽ നടക്കുകയുണ്ടായി. കോഴ്സിൽ 102 ഓളം പേർ സംബന്ധിച്ച് വിവാഹത്തിനായി ഒരുങ്ങി.

| | |
|---|---|
| **MPC 2022**<br>December 15 - 17 | (Thursday, Saturday) Thalassery |
| **MPC 2023**<br>January 26 - 28 | (Thursday, Saturday) Padannakkad |
| February 23 - 25 | (Thursday, Saturday) Thalassery |
| March 16 -18 | (Thursday, Saturday) Padannakkad |
| April 20 -22 | (Thursday, Saturday) Thalassery |
| May 25 - 27 | (Thursday, Saturday) Padannakkad |

**Time Schedule :**

കോഴ്സിന്റെ ഒന്നാംദിവസം രാവിലെ 9 മണിക്ക് രജിസ്ട്രേഷനോടെ ആരംഭിച്ച് മൂന്നാം ദിവസം വൈകിട്ട് 4.30 ന് എം.പി.സി. സമാപിക്കുന്നു.

- എം.പി.സി കോഴ്സ് Online & Offline ആയി കൂടാൻ ആഗ്രഹിക്കുന്നവർ **www.familytly.com** എന്ന വെബ് സൈറ്റിൽ രജിസ്റ്റർ ചെയ്യാൻ വികാരിയച്ചൻമാർ ഓർമ്മിപ്പിക്കുമല്ലോ. എം.പി.സി യുടെ ഫീസ് **1250** രൂപയായിരിക്കും. Online Registration ചെയ്യുമ്പോൾ Reg. Fee 650 രൂപ അടയ്ക്കേണ്ടതാണ്. കോഴ്സിനു വരുമ്പോൾ ബാക്കി 600 രൂപ കൊണ്ടുവരേണ്ടതാണ്.

- കോഴ്സിൽ പങ്കെടുക്കുന്നവർ അപേക്ഷാഫോം ഡൗൺലോഡ് ചെയ്ത് പ്രിന്റ് ഔട്ട് എടുത്ത് വികാരിയച്ചന്റെ ഒപ്പും സീലും വച്ച് കൊണ്ടുവരേണ്ടതാണ്.

3.

| Online MPC 2022 | Online MPC 2023 |
|---|---|
| December 5 - 7 | March 27 - 29 |

**Time Schedule**

- I[st] Day 10.00 am - 05.00 pm
- II[nd] Day 02.00 pm - 07.00 pm
- III[rd] Day 02.00 pm - 07.00 pm

## 4. Prolife Marriage Bureau

മലബാർ മേഖല പ്രോലൈഫ് സമിതി നടത്തുന്ന ബ്യൂറോ. പെൺകുട്ടികൾക്ക് സൗജന്യ രജിസ്ട്രേഷൻ, ആൺകുട്ടികൾക്ക് രജി. ഫീ 500 രൂപ നാല് മാസത്തേക്ക്.

Web site: www.prolifemarry.com Contact No : 6235445544.

## III. മാതൃവേദി

1. **തൂവാനീസ നിയോഗം –** ഈ മാസത്തെ തൂവാനീസ നിയോഗത്തിൽ ജപമാലയിൽ നമുക്ക് സെമിത്തേരി സന്ദർശിച്ച് പ്രാർത്ഥിക്കാം.

2. **യൂണിറ്റ്തല പ്രവർത്തനം** – ഈ മാസത്തെ യൂണിറ്റ്തല പ്രവർത്തനം – മുതിർന്ന മാതൃവേദി അംഗങ്ങൾക്ക് ആദരവ് നൽകുക.

3. **ഓൺലൈഫ് മീഡിയ പ്രോഗ്രാമുകൾ നൽകേണ്ട മേഖല**
 – തോമാപുരം മേഖല

4. **മാതൃവേദി പ്രവർത്തന പദ്ധതി – നവംബർ 2022**

| | | |
|---|---|---|
| 1 | – | സകല വിശുദ്ധരുടെയും തിരുനാൾ<br>മാർ അലക്സ് താരാമംഗലം പിതാവിന്റെ മെത്രാഭിഷേകം |
| 2 | – | സകല മരിച്ചവരുടെയും ഓർമ്മ |
| 3-5 | – | എം.പി.സി. – തലശ്ശേരി |
| 5 | – | വി. സഖറിയായും, ഏലീശ്വായും |
| 14 | – | ശിശുദിനം |
| 20 | – | മിശിഹായുടെ രാജത്വത്തിരുനാൾ |
| 21 | – | കന്യകാ മറിയത്തിന്റെ കാഴ്ചവയ്പ്പ് |
| 22 | – | വി. സിസിലി |
| 22-24 | – | സഖറിയാസ് കൺവെൻഷൻ – പേരാവൂർ മേഖല |
| 28-30 | – | സഖറിയാസ് കൺവെൻഷൻ – പനത്തടി മേഖല |

5. **അമ്മയ്ക്കൊരെഴുത്ത് മത്സരം**

അതിരൂപതയിലെ അമ്മമാർക്കായി അമ്മയ്ക്കൊരെഴുത്ത് മത്സരം

സെപ്റ്റംബർ 7-ാം തീയതി രാവിലെ നടന്നു. എല്ലാ മേഖലകളിൽ നിന്നും തെരഞ്ഞെടുത്ത 123 രചനകൾ രൂപതയിൽ മൂല്യനിർണ്ണയം ചെയ്തു.

## വിജയികൾ

**ഒന്നാം സ്ഥാനം :** ഷാന്റി വടക്കേപ്പറമ്പിൽ - കടുമേനി (തോമാപുരം മേഖല)

**രണ്ടാം സ്ഥാനം :** നൈസ് മനോജ് കുഴിത്തോട്ട് - പയ്യാവൂർ(പൈസക്കരി മേഖല)

**മൂന്നാം സ്ഥാനം :** തങ്കമ്മ വെട്ടത്ത് - പൈസക്കരി (പൈസക്കരി മേഖല)

**പ്രോത്സാഹന സമ്മാനങ്ങൾ**

1) സൗമ്യ അയ്യാങ്കൽ - ലിസ്സിഗിരി (ചെമ്പേരി മേഖല)
2) അമ്പിളി മുണ്ടക്കൽ - ചെമ്പേരി (ചെമ്പേരി മേഖല)
3) സിസമ്മ പഴേപറമ്പിൽ - പടന്നക്കാട് (കാഞ്ഞങ്ങാട് മേഖല)
4) ബിന്ദു റെജി പൂവപ്പുഴ - എണ്ണപ്പാറ (കാഞ്ഞങ്ങാട് മേഖല)
5) ജിജിൻ ബിജു കണ്ണേറ്റ് - അങ്ങാടിക്കടവ് (കുന്നോത്ത് മേഖല)
6) ബിന്ദു ആലാനിക്കൽ - കച്ചേരിക്കടവ് (കുന്നോത്ത് മേഖല)
7) സെലിൻ കൊച്ചുപറമ്പിൽ - ആടാംപാറ (പൈസക്കരി മേഖല)
8) ആശ തടത്തിൽ പുരയിടത്തിൽ - ആടാംപാറ (പൈസക്കരി മേഖല)
9) മോളി വടക്കേക്കര - പൂളക്കുറ്റി (പേരാവൂർ മേഖല)
10) ആലീസ് തോണക്കര - പൂളക്കുറ്റി (പേരാവൂർ മേഖല)
11) ഷൈനി കാഞ്ഞിരത്തിങ്കൽ - മണ്ടളം (തോമാപുരം മേഖല)
12) സജി കുരിശ്ശുമ്മൂട്ടിൽ - കാവുന്തല (തോമാപുരം മേഖല)
13) ഡിംപിൾ ജോസ് കൂട്ടുങ്കൽ - പാലാവയൽ (തോമാപുരം മേഖല)
14) ലീലാമ്മ പുത്തൻപുര - വായാട്ടുപറമ്പ് (വായാട്ടുപറമ്പ് മേഖല)

മത്സരത്തിൽ പങ്കെടുത്തവർക്കും, വിജയികൾക്കും അഭിനന്ദനങ്ങൾ

### 6. അമ്മക്കൂട്ടം - ചെമ്പന്തൊട്ടി മേഖല

സെപ്റ്റംബർ 27-ാം തീയതി ചെമ്പന്തൊട്ടി മേഖലയുടെ അമ്മക്കൂട്ടം പരിപാടിയിൽ അതിരൂപതാ സമിതി ടീം പങ്കെടുത്തു. ലഹരി വിരുദ്ധസെമിനാർ ഡോ. സി. റിൻസി എസ്.എച്ച് ന്റെ നേതൃത്വത്തിൽ നടത്തി.

## 7. അതിരൂപതാ ജനറൽബോഡി മീറ്റിംഗ്

ഒക്ടോബർ 5-ാം തീയതി യൂണിറ്റ് ആനിമേറ്റേഴ്സിന്റെയും പ്രസിഡണ്ടുമാരുടെയും ഒരു ജനറൽബോഡി മീറ്റിംഗ് അതിരൂപതാ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറയുടെ നേതൃത്വത്തിൽ ഓൺലൈനായി നടന്നു. മീറ്റിംഗിൽ 140 ഓളം പേർ പങ്കെടുത്തു.

## 9. സ്പിരിചൽ ഗാതറിംഗ്

അമ്മമാർക്കായുള്ള ഓൺലൈൻ സ്പിരിചൽ ഗാതറിംഗ് ഒക്ടോബർ 16-ാം തീയ്യതി ഞായർ 7.45 മുതൽ 8.45 വരെ ഓൺലൈനായി നടന്നു.

ഡോ. സി. സൂസൻ സി.എം.സി, സി. ക്ലാരിസ് സി.എം.സി എന്നിവർ ആത്മീയ സംഗമത്തിന് നേതൃത്വം നൽകി. 200 ഓളം പേർ പങ്കെടുത്തു.

### 10. വെബിനാർ

തലശ്ശേരി അതിരൂപതയിലെ അമ്മമാർക്കായി ഒക്ടോബർ 5-ാം തീയതി ആരോഗ്യവും ശുചിത്വവും എന്ന വിഷയത്തെക്കുറിച്ച് ഒരു വെബിനാർ ഓൺലൈനായി നടന്നു. ഡോ. ധന്യ പൊതുവാൾ ക്ലാസ് നയിച്ചു വെബിനാറിൽ 290 ഓളം അമ്മമാർ പങ്കുകൊണ്ടു.

### 8. മാതൃവേദി മേഖലാ സന്ദർശനം

നവംബർ മാസത്തിൽ അതിരൂപതാ ടീം വിവിധ മേഖലകളിൽ സന്ദർശനം നടത്തുന്നതാണ്. നിശ്ചയിക്കപ്പെട്ട ദിനങ്ങളിൽ സന്ദർശനത്തിന് വേണ്ട ക്രമീകരണങ്ങൾ നടത്താൻ മേഖലാ സമിതി ശ്രദ്ധിക്കുമല്ലോ. മേഖലാഭാരവാഹികളും യൂണിറ്റ് പ്രസിഡണ്ട്, ആനിമേറ്റർ എന്നിവരാണ് മേഖലാ സന്ദർശന സമയത്ത് സന്നിഹിതരാകേണ്ടത്. പുതുതായി നിലവിൽ വന്ന മേഖല സമിതിയും പഴയ മേഖല സമിതിയും, പുതിയതും പഴയതുമായ യൂണിറ്റ് പ്രസിഡണ്ടുമാരും ഈ മീറ്റിംഗിൽ പങ്കെടുക്കേണ്ടതാണ്. എല്ലാ യൂണിറ്റുകളുടെയും മേഖലകളുടെയും മിനിട്ട്സ് ബുക്ക്, ഹാജർ ബുക്ക് എന്നിവ പരിശോധനയ്ക്കായി കൊണ്ടുവരേണ്ടതാണ്. 2022-23 വർഷത്തെ യൂണിറ്റ് വിഹിതം കഴിഞ്ഞവർഷം നൽകിയ അതേ തുകയും ഇതോടൊപ്പം കൊണ്ടുവരണമെന്നോർമ്മിപ്പിക്കുന്നു.

**മേഖല സന്ദർശനം - തീയതിയും സമയവും**

| തീയതി | മേഖല | സമയം |
|---|---|---|
| നവംബർ 14 | എടൂർ,<br>പേരാവൂർ | 10.30 am - 12.30 pm<br>02.30 am - 04.30 pm |
| നവംബർ 15 | നെല്ലിക്കാംപൊയിൽ, കുന്നോത്ത്<br>(ഇരിട്ടിയിൽ വച്ച്) | 02.30 pm - 04.30 pm |
| നവംബർ 16 | ചെമ്പേരി<br>പൈസക്കരി | 10.30 am - 12.30 pm<br>02.30 pm - 04.30 pm |
| നവംബർ 17 | കാഞ്ഞങ്ങാട്<br>പനത്തടി | 10.30 am - 12.30 pm<br>02.30 pm - 04.30 pm |
| നവംബർ 21 | തോമാപുരം<br>വെള്ളരിക്കുണ്ട് | 10.30 am - 12.30 pm<br>02.30 pm - 04.30 pm |
| നവംബർ 24 | മേരിഗിരി<br>ചെറുപുഴ | 10.30 am - 12.30 pm<br>02.30 pm - 04.30 pm |
| നവംബർ 25 | ആലക്കോട്<br>വായാട്ടുപറമ്പ് | 10.30 am - 12.30 pm<br>02.30 pm - 04.30 pm |
| നവംബർ 29 | ചെമ്പന്തൊട്ടി<br>തളിപ്പറമ്പ് | 10.30 am - 12.30 pm<br>02.30 pm - 04.30 pm |

## 11. അറിയിപ്പുകൾ

- വചനദീപ്തി വീഡിയോകൾ യൂട്യൂബ് ചാനലിൽ നൽകിയിരിക്കുന്നത് പരമാവധി ആളുകൾ കാണുവാൻ വേണ്ടി പരിശ്രമിക്കുമല്ലോ. നവംബർ 15 വരെയാണ് വ്യൂവേഴ്സിന്റെ എണ്ണം കണക്കാക്കുന്നത്. അതിനുള്ളിൽ ഏറ്റവും കൂടുതൽ ആളുകൾ കാണുന്ന വീഡിയോയ്ക്ക് പ്രത്യേകം സമ്മാനം ഉണ്ടായിരിക്കുന്നതാണ്.
- മാതൃവേദി കലണ്ടറിന്റെ തുക ഓരോ യൂണിറ്റിൽ നിന്നും ശേഖരിച്ച് മേഖല വിസിറ്റിന് വരുമ്പോൾ ഏൽപ്പിക്കുവാൻ മേഖലാ സമിതി ശ്രദ്ധിക്കുക. 2022-23 വർഷത്തെ യൂണിറ്റ് വിഹിതവും ഇപ്രകാരം ഏൽപ്പിക്കുമല്ലോ.
- പുതുതായി തെരഞ്ഞെടുത്ത യൂണിറ്റ്, മേഖല ഭാരവാഹികളുടെ ലിസ്റ്റ് ഫോൺനമ്പർ സഹിതം ശേഖരിച്ച് മേഖല വിസിറ്റിന് വരുമ്പോൾ ഏൽപ്പിക്കേണ്ടതാണ്.
- അതിരൂപതാ ടീമിന്റെ മേഖലാ സന്ദർശനത്തിനാവശ്യമായ ക്രമീകരണങ്ങൾ നടത്തുവാൻ മേഖലാ സമിതി ശ്രദ്ധിക്കേണ്ടതാണ്.
- ജീവോത്സവത്തിൽ പങ്കെടുക്കാനുള്ള കുടുംബങ്ങളെ കണ്ടെത്തി രജിസ്റ്റർ ചെയ്യിപ്പിക്കാനും, പേര് വിവരങ്ങൾ പ്രോലൈഫ് അംഗങ്ങളെ അറിയിക്കാനും യൂണിറ്റ് പ്രസിഡണ്ടുമാർ ശ്രദ്ധിക്കുക.
- രൂപതാ ഭാരവാഹികളുടെ മത്സരത്തിനായി നോമിനേഷൻ ലിസ്റ്റ് നൽകേണ്ട അവസാന തീയതി **ഡിസംബർ : 5**

## 12. സഖറിയാസ് കൺവെൻഷൻ

ഒക്ടോബർ 18-20 വരെ പൈസക്കരി മേഖലയ്ക്കുവേണ്ടിയുള്ള സഖറിയാസ് കൺവെൻഷൻ നടത്തപ്പെട്ടു. രജിസ്ട്രേഷൻ നടത്തുന്നതിനും കൺവെൻഷൻ ദിനങ്ങളിൽ ശുശ്രൂഷകൾ നിർവ്വഹിക്കുന്നതിനും മാതൃവേദി അംഗങ്ങൾ താൽപര്യപൂർവ്വം പങ്കുചേർന്നു. മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി കൺവെൻഷൻ ഉദ്ഘാടനം ചെയ്തു. വിവിധദിനങ്ങളിൽ മേഖല വികാരി വെരി. റവ. ഫാ. നോബിൾ ഓണംകുളം, മേഖലാ ഡയറക്ടർ ഫാ. ജോസഫ് ചാത്തനാട്ട്, അതിരൂപതാ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ എന്നിവർ വി. കുർബ്ബാനയർപ്പിച്ചു. ക്രിസ്റ്റീൻ മലബാർ ടീമിന്റെ നേതൃത്വത്തിൽ ക്ലാസുകൾ നടത്തി. കൺവെൻഷൻ വിജയകരമാക്കാൻ കാര്യക്ഷമമായി പ്രവർത്തിച്ച മേഖലാസമിതിക്കും പൈസക്കരി ഇടവകയ്ക്കും മറ്റ് മാതൃവേദി അംഗങ്ങൾ, ക്രിസ്റ്റീൻ ശുശ്രൂഷകർ എന്നിവർക്കും കൃതജ്ഞതയർപ്പിക്കുന്നു.

### 13. നന്ദി

ഒക്ടോബർ മാസം യൂട്യൂബിലേക്ക് പ്രോഗ്രാമുകൾ ക്രമീകരിച്ചു നൽകിയ വായാട്ടുപറമ്പ് മേഖലയ്ക്കും, വചനദീപ്തി പ്രോഗ്രാമിനുവേണ്ടി മനോഹരമായ പ്രസംഗങ്ങൾ അവതരിപ്പിച്ച മാതൃവേദി അംഗങ്ങൾക്കും മേഖലാ ടീമിനും പ്രത്യേകം നന്ദിയും അഭിനന്ദനങ്ങളും.

## V. അമല പ്രോലൈഫ്

### ജീവോത്സവം 2023

വലിയ കുടുംബങ്ങളെ ഓരോ വർഷവും അതിരൂപതാതലത്തിൽ ഒരുമിച്ച് കൂട്ടുന്ന ജീവോത്സവം ഈ വർഷം ഡിസംബർ 3 ശനിയാഴ്ച രാവിലെ 10 മുതൽ ഉച്ചയ്ക്ക് 1 മണിവരെ തളിപ്പറമ്പ് പള്ളിയിൽ വച്ച് നടത്തപ്പെടുന്നു. ഇതിനായി ഈ വർഷം ജനിച്ച നാലാമത്തെ മുതലുള്ള കുട്ടികളും അവരുടെ കുടുംബാംഗങ്ങളുടെ വിവരങ്ങളും അറിയിച്ച് രജിസ്ട്രേഷൻ നടത്തുക. ഈ സ്നേഹ സംഗമത്തിൽ അഭിവന്ദ്യ അതിരൂപതാദ്ധ്യക്ഷൻ വലിയ കുടുംബങ്ങളെ ആദരിക്കുകയും ആശീർവദിക്കുകയും ചെയ്യുന്നതാണ്.

### ജീവോപഹാരം

വെള്ളാട് ഇടവകയിൽ പാണാംപറമ്പിൽ ജോസ് - മരിയ ദമ്പതികളുടെ അഞ്ചാമത്തെ കുട്ടി ജസീക്ക മറിയത്തിന് ഡയറക്ടറച്ചന്റെയും പ്രോലൈഫ് സമിതിയുടെയും നേതൃത്വത്തിൽ ജീവോപഹാരം നൽകി ആദരിച്ചു.

സ്നേഹപൂർവം,

**ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ**
ഡയറക്ടർ

# വിമൽജ്യോതി എഞ്ചിനിയറിംഗ് കോളേജ്, ചെമ്പേരി

**അഡ്മിഷൻ 2022–23**

2022–23 അദ്ധ്യയന വർഷത്തേക്കുള്ള B.Tech, M.Tech, MBA അഡ്മിഷൻ പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലായിരിക്കുകയാണ്. ഒഴിവുള്ള ഏതാനും സീറ്റുകളിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. താല്പര്യമുള്ളവർ ഉടൻതന്നെ കോളേജ് ഓഫീസുമായി ബന്ധപ്പെടുക. കൂടുതൽ വിവരങ്ങൾക്ക് **9400062919, 8281750777, 9846423448, 0460 2212240** എന്നീ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

**Website : www.vjec.ac.in    E-mail: admission@vjec.ac.in**

**ജ്യോതിർഗമയ 2022**

2022 അദ്ധ്യയനവർഷത്തെ പ്രവേശനോത്സവം ജ്യോതിർഗമയ 2022 ഒക്ടോബർ 25–ാം തീയതി കോളേജ് ഓഡിറ്റോറിയത്തിൽ നടത്തപ്പെട്ടു. വിമൽ ജ്യോതി സ്ഥാപനങ്ങളുടെ രക്ഷാധികാരിയും, തലശ്ശേരി അതിരൂപതാ ആർച്ച്ബിഷപ്പുമായ മാർ ജോസഫ് പാംപ്ലാനി ചടങ്ങിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. കോളേജ് പ്രിൻസിപ്പൽ ഡോ. ബെന്നി ജോസഫ് സ്വാഗതം പറഞ്ഞ ചടങ്ങിന് വിമൽ ജ്യോതി സ്ഥാപനങ്ങളുടെ മാനേജർ റവ. ഫാ. ജെയിംസ് ചെല്ലംകോട്ട് അദ്ധ്യക്ഷ പ്രസംഗം നടത്തി. ബർസാർ റവ. ഫാ. ലാസർ വരമ്പകത്ത് നവാഗതർക്ക് പ്രതിജ്ഞ ചൊല്ലിക്കൊടുത്തു.

കഴിഞ്ഞ അക്കാദമിക വർഷത്തിൽ പാഠ്യ, പാഠ്യേതര മേഖലകളിൽ മികവുതെളിയിച്ച വിദ്യാർത്ഥികൾക്ക് സമ്മാനങ്ങളും മെമന്റോകളും നൽകി ആദരിച്ചു.

കോളേജിന്റെ അദ്ധ്യാപക രക്ഷാകർത്തൃസമിതി പ്രതിനിധി ശ്രീ .വിനോദ് പി., സ്റ്റുഡന്റ് ചെയർമാൻ മിസ്റ്റർ വിജയ് കൃഷ്ണ എ.കെ. എന്നിവർ ആശംസകൾ നേർന്നു. ഒന്നാം വർഷ വിദ്യാർത്ഥി

കളുടെ കോർഡിനേറ്റർ പ്രൊഫ. ജോർജ് കെ.വി. ഏവർക്കും നന്ദി രേഖപ്പെടുത്തി.

## പ്ലേസ്മെന്റ് വാർത്തകൾ

- ബ്രഹുരാഷ്ട്ര ഐ.ടി കമ്പനിയായ QUEST GLOBAL വിമൽ ജ്യോതിയിലെ അവസാനവർഷ വിദ്യാർത്ഥികൾക്കായി നവംബർ മാസത്തിൽ ക്യാമ്പസ് റിക്രൂട്ട്മെന്റ് നടത്തുന്നു.
- ഇന്ത്യയിൽനിന്നുള്ള മൾട്ടിനാഷണൽ ഐ.ടി കമ്പനിയായ TATA Consultancy Services (TCS) നടത്തിയ ക്യാമ്പസ് റിക്രൂട്ട്മെന്റ് ടെസ്റ്റിൽ 10 വിദ്യാർത്ഥികൾ ഷോർട്ട്ലിസ്റ്റ് ചെയ്യപ്പെട്ടു. 3 വിദ്യാർത്ഥികൾക്ക് ഇതുവരെ ഓഫർ ലെറ്റർ ലഭിച്ചു. ബാക്കിയുള്ള വിദ്യാർത്ഥികളുടെ ഇന്റർവ്യൂ റിസൾട്ട് ഈ മാസം അവസാനത്തോടെ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.
- PENTAGON SPACE PVT. LTD. അവരുടെ കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി പ്രൊജക്ടിന്റെ ഭാഗമായി 10 കുട്ടികളെ തിരഞ്ഞെടുക്കുകയും, സൗജന്യ പരിശീലനം നൽകിയശേഷം ഏറ്റവും കുറഞ്ഞത് 3 ലക്ഷം രൂപ വാർഷിക ശമ്പളത്തിൽ ജോലി നൽകുകയും ചെയ്യുന്നു. ഇതിനായുള്ള സെലക്ഷൻ ടെസ്റ്റ് ഒക്ടോബർ 22-ാം തീയതി നടത്തുന്നു.
- ലണ്ടൻ ആസ്ഥാനമായി പ്രവർത്തിക്കുന്ന മൾട്ടിനാഷണൽ പ്രൊഫഷണൽ സർവ്വീസസ് കമ്പനിയായ ERNST & YOUNG (E&Y) 2023 വർഷത്തിൽ ബി.ടെക് പഠനം പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്കായി ക്യാമ്പസ് റിക്രൂട്ട്മെന്റ് സംഘടിപ്പിക്കുന്നു. 100-ലധികം ഒഴിവുകൾ നിലവിലുണ്ട്. ഡിസംബർ മാസം പകുതിയോടെ സെലക്ഷൻ നടപടിക്രമങ്ങൾ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.
- പ്ലേസ്മെന്റ് ട്രെയിനിംഗ് മേഖലയിൽ പ്രവർത്തിക്കുന്ന PROGRESSUM, KNOW-UP KNOWLEDGE FOUNDATION എന്നീ കമ്പനികളുമായി സഹകരിച്ച് രണ്ട്, നാല് വർഷ ബി.ടെക് വിദ്യാർത്ഥികൾക്കായി ദ്വിദിന പരിശീലന പരിപാടി ഒക്ടോബർ 14-15 തീയതികളിലായി സംഘടിപ്പിച്ചു. വിവിധ മത്സരപരീക്ഷകൾക്കും, റിക്രൂട്ട്മെന്റ് ടെസ്റ്റുകൾക്കും കുട്ടികളെ സജ്ജരാക്കുന്നതിന് വേണ്ടിയാണ് ഈ പരിശീലന പരിപാടി നടത്തിയത്. ക്വാണ്ടിറ്റേറ്റീവ് അഭിരുചി, ഗണിതവും യുക്തിസഹവുമായ ന്യായവാദം, വാക്കാലുള്ള കഴിവും ഇംഗ്ലീഷ് ഉപയോഗവും എന്നിവയ്ക്ക് ഊന്നൽ നൽകിയുള്ള പരിശീലനമായിരുന്നു.

## വിമൽ ജ്യോതിയിൽ ഇന്റർ കോളേജ് ചെസ് മത്സരം നടത്തി

കേരള സാങ്കേതിക സർവ്വകലാശാലയുടെ ഇന്റർ കോളേജ് എഫ്-സോൺ ചെസ് മത്സരം വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജിലെ മോൺ. മാത്യു എം ചാലിൽ ഓഡിറ്റോറിയത്തിൽ ഒക്ടോബർ 19-ാം തീയതി നടന്നു. വിമൽ ജ്യോതി ചെസ് ടീമിന് മൂന്നാം സ്ഥാനം ലഭിച്ചു. വിജയികൾക്ക് അഭിനന്ദനങ്ങൾ.

## വിമൽ ജ്യോതിയിൽ റാഗിംങ്ങ് വിരുദ്ധ ബോധവത്കരണ ക്ലാസ്

ചെമ്പേരി വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജ് എൻ.എസ്.എസ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ നടന്ന ക്ലാസ് കണ്ണൂർ ജില്ല റൂറൽ പോലീസ് മേധാവി പി.ബി രാജീവ് ഐ.പി.എസ് ഉദ്ഘാടനം ചെയ്തു. ഡി.വൈ.എസ്.പി നാർക്കോട്ടിക് സെൽ മേധാവി രമേഷൻ വി., കോളേജ് പ്രിൻസിപ്പാൾ ഡോ. ബെന്നി ജോസഫ്, ഫിനാൻസ് മാനേജർ ഫാ. ലാസർ വരമ്പകത്ത്, പി.ആർ.ഒ. സെബാസ്റ്റ്യൻ പുത്തൻപുര എന്നിവർ സംസാരിച്ചു. അഡ്വ: എം.എം. ഷജിത്ത് ക്ലാസുകൾ നയിച്ചു. എൻ.എസ്.എസ് ഓഫീസർ എം. വാസുദേവൻ നായർ നന്ദി പറഞ്ഞു.

## വിമൽ ജ്യോതി എം.ബി.എ കോളേജ്

- 2022-24 ബാച്ചിലേക്കുള്ള വിദ്യാർത്ഥികളുടെ അഡ്മിഷൻ തുടരുന്നു. എൻട്രൻസ് ഇല്ലാത്തവർക്കും അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക് : **0460 2212240, 9400512240** എന്നീ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്. Website : **www.vjim.ac.in** E-mail: **admission@vjim.ac.in**

## 2022-ലെ വിവിധ സ്കോളർഷിപ്പുകൾ

**ഗോൾഡൻ സ്കോളർഷിപ്പ്:** യുജി പരീക്ഷയിൽ 70 ശതമാനത്തിലധികം മാർക്ക് നേടുന്ന മികച്ച 10 വിദ്യാർത്ഥികൾക്ക് 40,000 രൂപ. സെമസ്റ്റർ ഫീസ് പേയ്മെന്റിനൊപ്പം ക്രമീകരിച്ച നാല് തവണകളായി (10000 x 4) ഇത് ലഭ്യമാണ്.

- യുജി പരീക്ഷയിൽ 70 ശതമാനത്തിലധികം മാർക്ക് നേടുന്ന 10 വിദ്യാർത്ഥികൾക്ക് മാർക്ക് അടിസ്ഥാനത്തിൽ 20,000 രൂപ നൽകും. സെമസ്റ്റർ ഫീസ് പേയ്മെന്റിനൊപ്പം ക്രമീകരിച്ച നാല് തവണകളായി (5,000x4) ഇത് ലഭ്യമാണ്.

**സിൽവർ സ്കോളർഷിപ്പ് :** KMAT-ൽ മികച്ച മാർക്ക് നേടുന്ന 10 വിദ്യാർത്ഥികൾക്ക് 5000 രൂപ ലഭിക്കും.

## വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ ഒന്നാം വർഷ വിദ്യാർത്ഥികളെ സ്വാഗതം ചെയ്തുകൊണ്ട് ജ്യോതിർഗമയ-2022 സംഘടിപ്പിച്ചു

ചെമ്പേരി: ചെമ്പേരി വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ ഒന്നാം വർഷ വിദ്യാർത്ഥികളുടെ ക്ലാസുകൾ ആരംഭിച്ചു. ആദ്യദിവസം വിദ്യാർത്ഥികളെ വരവേൽക്കുന്നതിനായി ജ്യോതിർഗമയ-2022 എന്ന പേരിൽ പരിപാടി സംഘടിപ്പിച്ചു. തലശ്ശേരി അതിരൂപത ആർച്ചുബിഷപ്പ് മാർ ജോസഫ് പാംപ്ലാനി ചടങ്ങിൽ മുഖ്യാതിഥി ആയിരുന്നു. ഒക്ടോബർ 25ന് നടന്ന ജ്യോതിർഗമയ-2022 പരിപാടിയിൽ ഒന്നാം വർഷ വിദ്യാർത്ഥികളും അവരുടെ മാതാപിതാക്കളും പങ്കെടുത്തു. കോളേജ് മാനേജർ ഫാ. ജെയിംസ് ചെല്ലങ്കോട്ട്, പ്രിൻസിപ്പൽ ഡോ. ബെന്നി ജോസഫ്, ബർസാർ ഫാ. ലാസർ വരമ്പകത്ത്, പി.ടി.എ. വൈസ് പ്രസിഡന്റ് വിനോദ് പി, സ്റ്റുഡന്റ് ചെയർമാൻ വിജയ് കൃഷ്ണ എ.കെ. പ്രൊഫ. ജോർജ് കെ.വി. എന്നിവർ പ്രസംഗിച്ചു.

## വിമൽജ്യോതിയിൽ റാഗിംഗ് വിരുദ്ധ ബോധവത്കരണ ക്ലാസ് സംഘടിപ്പിച്ചു

ചെമ്പേരി : വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ് എൻ.എസ്.എസ്. യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ റാഗിംഗ് വിരുദ്ധ ബോധവത്കരണ ക്ലാസ്സ് സംഘടിപ്പിച്ചു. കണ്ണൂർ ജില്ലാ റൂറൽ പോലീസ് മേധാവി പി.ബി. രാജീവ് ഉദ്ഘാടനം ചെയ്തു. അഡ്വ. എം.എം. ഷജിത്ത് ക്ലാസുകൾ നയിച്ചു. നാർകൊട്ടിക് സെൽ ഡി.വൈ.എസ്.പി. വി. രമേശൻ, കോളേജ് പ്രിൻസിപ്പൽ ഡോ. ബെന്നി ജോസഫ്, ഫിനാൻസ് മാനേജർ ഫാദർ ലാസർ വരമ്പകത്ത്, പി ആർ ഒ സെബാസ്റ്റ്യൻ പുത്തൻപുര. എൻ.എസ്.എസ്. ഓഫീസർ എം. വാസുദേവൻ നായർ എന്നിവർ പ്രസംഗിച്ചു.

## സാങ്കേതിക സർവകലാശാല എഫ് സോൺ ചെസ്സ് വിജയികൾ

കണ്ണൂർ: ഡോ. എ.പി.ജെ. അബ്ദുൽ കലാം ടെക്നോളജിക്കൽ യൂണി വേഴ്സിറ്റിയുടെ നേതൃത്വത്തിൽ ചെമ്പേരി വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ ചെസ്സ് മത്സരം നടത്തി. പുരുഷവിഭാഗത്തിൽ ഗവണ്മെന്റ് എഞ്ചിനീയറിംഗ് കോളേജ് വയനാട് ഒന്നാം സ്ഥാനവും, കോളേജ് ഓഫ് എഞ്ചിനീയറിംഗ് തലശ്ശേരി, വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ് ചെമ്പേരി എന്നിവ യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി. വനിതാ വിഭാഗത്തിൽ ഗവണ്മെന്റ് എഞ്ചിനീയറിംഗ് കോളേജ് വയനാട് ഒന്നാം സ്ഥാനവും, ഗവണ്മെന്റ് എഞ്ചിനീയറിംഗ് കോളേജ് കണ്ണൂർ രണ്ടാം സ്ഥാനവും, വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ് ചെമ്പേരി മൂന്നാമത്തെ സ്ഥാനവും കരസ്ഥമാക്കി. മത്സരം വിമൽ ജ്യോതി എഞ്ചിനീയ റിംഗ് കോളേജ് ബർസാർ ഫാ. ലാസർ വരമ്പത്ത് ഉദ്ഘാടനം ചെയ്തു. കോളേജ് പ്രിൻസിപ്പൽ ഡോ. ബെന്നി ജോസഫ് അധ്യക്ഷത വഹിച്ചു. പ്രൊഫ. പി.വൈ. ജോഷ്വ, സെബാസ്റ്റ്യൻ പുത്തൻപുര, പ്രൊഫ.എം.എ. ഷാജി, എ.കെ. വിജയകൃഷ്ണൻ എന്നിവർ പ്രസംഗിച്ചു.

## എഡി.എസ്.യു. ആനിമേറ്റർമാർക്കായി ശില്പശാല നടത്തി

ചെമ്പേരി : കേരളം ലഹരിയുടെയും ആന്ധമായ ആചാരങ്ങളുടെയും ഇരുട്ടിൽ തപ്പിതടയുകയാണെന്നു തലശേരി അതിരൂപത വികാരി ജനറൾ മോൺ. സെബാസ്റ്റ്യൻ പാലക്കുഴി. ചെമ്പേരി വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ് ഓഡിറ്റോറിയത്തിൽ നടന്ന എഡി.എസ്.യു. കണ്ണൂർ - കാസർഗോഡ് ജില്ലാതല ആനിമേറ്റേഴ്സ് അധ്യാപക ശില്പശാല ഉദ്ഘാടനം ചെയ്ത പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. കോർപ്പറേറ്റ് മാനേജർ ഫാ. മാത്യു ശാസ്താംപടവിൽ അധ്യക്ഷത വഹിച്ചു. റവ. ഡോ. ജോൺസൺ അന്ത്യാംകുളം. ഫാ. സോണി വടശ്ശേരി, ടോമി വെട്ടിക്കാട്ട് എന്നിവർ സെമിനാർ നയിച്ചു. മദ്യവിരുദ്ധ പ്രസ്ഥാനങ്ങളുടെ അതിരൂപത ഡയറക്ടർ ഫാ. ചാക്കോ കുടിപ്പറമ്പിൽ, ആൽബിൻ മുണ്ടുംപാലാ, മഞ്ജുഷ മനോജ് കണ്ടത്തിൽ എന്നിവർ നേതൃത്വം നൽകി.

സ്നേഹാശംസകളോടെ,

**ഫാ. ജെയിംസ് ചെല്ലങ്കോട്ട്**
മാനേജർ

# സാൻജോസ് മെട്രോപോളിറ്റൻ അക്കാഡമി ഫോർ റിസേർച്ച് ആന്റ് ട്രെയിനിംഗ്

Ph: 8281750777, 8281730777; E-mail: sanjoseacademytly@gmail.com

## 1. German Language

ജർമ്മൻ ഭാഷയുടെ A1, A2 എന്നീ പുതിയ ബാച്ചുകൾ ഒക്ടോബർ 17 ന് ആരംഭിച്ചു. പൂർണ്ണമായും റസിഡൻഷ്യൽ പ്രോഗ്രാംആണ്.

ജർമ്മൻ ഭാഷയുടെ പുതിയ Special Batch നവംബറിൽ ആരംഭിക്കും. ഇതിൽ 10 കുട്ടികൾക്ക് മാത്രമേ അഡ്മിഷൻ ഉണ്ടാവുകയുള്ളൂ.

## 2. IELTS, OET, UKVI

IELTS, OET, UKVI തുടങ്ങിയ കോഴ്സുകളിലേയ്ക്ക് എല്ലാ തിങ്കളാഴ്ചയും അഡ്മിഷൻ ആരംഭിക്കുന്നു.

എല്ലാ കോഴ്സുകളിലേക്കും ഉള്ള ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഹോസ്റ്റൽ സൗകര്യം ലഭ്യമാണ്. ചെമ്പേരിയിലുള്ള വിമൽജ്യോതി എഞ്ചിനിയറിംഗ് കോളേജിന്റെ ക്യാമ്പസിലാണ് സാൻജോസ് അക്കാഡമി പ്രവർത്തിക്കുന്നത്.

സാൻജോസ് അക്കാഡമി നടത്തുന്ന കോഴ്സുകളെക്കുറിച്ച് കൂടുതൽ അറിയുവാനും അഡ്മിഷൻ എടുക്കുവാനും അഡ്മിഷൻ എടുക്കുവാനും താഴെ പറയുന്ന നമ്പറുകളിൽ ബന്ധപ്പെടേണ്ടതാണ്. ഫോൺ - 8281750777, 8281730777

സ്നേഹാശംസകളോടെ,

**ഫാ. സോണി വടശ്ശേരിൽ**

ഡയറക്ടർ

# നിർമ്മലഗിരി കോളേജ്

## കൂത്തുപറമ്പ

### ലഹരി വിരുദ്ധ ദിനാചരണം

ലഹരി വിരുദ്ധ ദിനാചരണത്തോടനുബന്ധിച്ച് നിർമലഗിരി കോളേജ് എൻഎസ്എസിന്റെയും എൻസിസിയുടെയും സംയുക്താഭിമുഖ്യത്തിൽ ലഹരി വിരുദ്ധപ്രവർത്തനങ്ങളുടെ ഭാഗമായിലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലി കോളേജ് വൈസ് പ്രിൻസിപ്പൽ റവ. ഡോ. ജോബി ജേക്കബ് പ്രതിജ്ഞ ചൊല്ലി കൊടുത്തു എൻഎസ്എസ് പ്രോഗ്രാം ഓഫീസർമാരായ ഡോ. ജയ്സൺ ജോസഫ് ദീപ്തി ലിസ്ബത്ത് കെ.എൻ.സി.സി. ഓഫീസർമാരായ ലെഫ്. കേണൽ സുജാ മറിയാമ്മ ജോഷ്വാ ശ്രീ. കമിലോ ജോസഫ് നേതൃത്വം നൽകി.

### ലഹരി വിരുദ്ധ ക്ലാസ് ക്ലാസ് സംഘടിപ്പിച്ചു

നിർമലഗിരി കോളേജിലെ എൻ.എസ്.എസ്., എൻ.സി.സി. യൂണിറ്റുകളുടെ സംയുക്താഭിമുഖ്യത്തിൽ ലഹരി ഉപയോഗത്തിന്റെ ദൂഷ്യഫലങ്ങൾ വിശദമാക്കുന്ന ക്ലാസ് സംഘടിപ്പിച്ചു. കൂത്തുപറമ്പ് എക്സൈസ് സർക്കിൾ ഓഫീസ് പ്രിവന്റീവ് ഓഫീസർ ശ്രീ. സുഖേഷ് കുമാർ വണ്ടിച്ചാലിൽ ക്ലാസ് നയിച്ചു. കോളേജ് പ്രിൻസിപ്പൽ ഡോ. ഔസേപ്പച്ചൻ കെ.വി. അധ്യക്ഷത വഹിച്ച യോഗത്തിൽ കണ്ണൂർ എക്സൈസ് ഡിവിഷൻ ഓഫീസ് സർക്കിൾ ഇൻസ്പെക്ടർ ശ്രീ. സലിം കുമാർ ദാസ് മുഖ്യാതിഥിയായിരുന്നു. എൻ.എസ്.എസ്. ഓഫീസർമാരായ ഡോ. ജയ്സൺ ജോസഫ്, ശ്രീമതി ദീപ്തി ലിസ്ബത്ത്, എൻ.സി.സി. ഓഫീസർമാരായ ലഫ്. ഡോ. സുജ മറിയാമ്മ ജോഷ്വാ, ശ്രീ. കമില്ലോ ജോസഫ്, കുമാരി റോസ് മേരി എന്നിവർ പ്രസംഗിച്ചു.

## സുവർണജൂബിലി ആഘോഷം സംഘടിപ്പിച്ചു

നിർമലഗിരി കോളേജിൽ 1972 ൽ ബി.എസ്.സി. സുവോളജി പൂർവ്വ വിദ്യാർത്ഥികൾ തങ്ങളുടെ ബിരുദ പഠന ഗോൾഡൻ ജൂബിലി ആഘോഷം സംഘടിപ്പിച്ചു. സമ്മേളനം പ്രിൻസിപ്പാൾ ഡോ. ഔസേപ്പച്ചൻ കെ.വി. ഉദ്ഘാടനം ചെയ്തു. ബർസാർ ഫാ. ഷാജി തെക്കേമുറി അനുഗ്രഹ പ്രഭാഷണം നടത്തി. മുഖ്യഭാഷണം വൈസ് പ്രിൻസിപ്പാൾ റവ. ഡോ. ജോബി ജേക്കബ് നടത്തി. മുൻ സുവോളജി വകുപ്പ് മേധാവി പ്രൊഫ. ജോൺ എം.പിയെ ആദരിച്ചു. ശ്രീ. റെനി ജേക്കബ് സ്വാഗതവും ശ്രീ. ന്ദ്രൻ എം.കെ. നന്ദിയും പറഞ്ഞു.

## മാനസീകാരോഗ്യ ദിനാചരണം സംഘടിപ്പിച്ചു

നിർമലഗിരി കോളേജ് നാഷണൽ സർവ്വീസ് സ്കീമിന്റെ ആഭിമുഖ്യ ത്തിൽ ലോക മാനസികാരോഗ്യ ദിനത്തോടും ബാലികാ ദിനത്തോടു മനുബന്ധിച്ച് ഓറിയന്റേഷൻ പ്രോഗ്രാം സംഘടിപ്പിച്ചു. നിർമ്മലഗിരി കോളജ് പ്രിൻസിപ്പാൾ ഡോ. ഔസേപ്പച്ചൻ കെ.വി. അദ്ധ്യക്ഷത വഹിച്ചു. കൂത്തുപറമ്പ് ആയുഷ് ഗ്രാം ഡോ. ദീപ്തി, ഡോ. ശിൽപ എന്നിവർ കൗമാരക്കാരുടെ മാനസികാരോഗ്യം എന്ന വിഷയത്തെ ആസ് പദമാക്കി ക്ലാസ് നയിച്ചു. എൻ. എസ്.എസ്. പ്രോഗ്രാം ഓഫീസർ ദീപ്തി ലിസ്ബത്ത് സ്വാഗതം പറഞ്ഞു. വോളന്റിയർമാരായ അതുൽ കെ സണ്ണി, ജെറിൻ, അതുൽ രാജീവ്, യദു കൃഷ്ണൻ എന്നിവർ സംസാരിച്ചു

## മെഗാ ക്ലീനിംഗ് പ്രോഗ്രാം സംഘടിപ്പിച്ചു

നിർമലഗിരി കോളേജ് എൻ.എസ്.എസ്.മെഗാ ക്ലീനിംഗ് പ്രോഗ്രാം സംഘടിപ്പിച്ചു. ക്ലീൻ ഇന്ത്യാ പ്രോഗ്രാമിനോടനുബന്ധിച്ച് നിർമലഗിരി പോസ്റ്റ് ഓഫീസും പരിസരവും എൻ.എസ്.എസ്. വോളന്റിയേഴ്സ് വൃത്തിയാക്കി. പ്രോഗ്രാം ഓഫീസർ ദീപ്തി ലിസ്ബത്ത് കെ. നേതൃത്വം നൽകി.

## ശ്രീ. അനൂപ് കൃഷ്ണൻ എൻഡോവ്മെന്റ് പുരസ്കാര വിതരണവും അനുസ്മരണ പ്രഭാഷണവും സംഘടിപ്പിച്ചു

നിർമലഗിരി കോളേജ് 1996-1999 ബാച്ചിലെ ബി.എ. ഇക്കണോമിക്സ് വിദ്യാർഥിയായിരുന്ന ശ്രീ. അനൂപ് കൃഷ്ണന്റെ സ്മരണാർത്ഥം സഹപാഠികൾ ഏർപ്പെടുത്തിയ എൻഡോവ്മെന്റ് വിതരണവും അനുസ്മരണ പ്രഭാഷ ണവും ശനിയാഴ്ച കോളേജ് മിനി ഓഡിറ്റോറിയത്തിൽ വച്ച് നടന്നു. കേരള കേന്ദ്ര സർവകലാശാല ഇക്കണോമിക്സ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോ. ശ്യാം പ്രസാദ് 'Lessons from Lankan Crisis' എന്ന വിഷയത്തെ അധികരിച്ച് അനുസ്മരണ പ്രഭാഷണം നടത്തി. ചടങ്ങിൽ 2022 മാർച്ചിലെ ബി.എ. ഇക്കണോമിക്സ് പരീക്ഷയിൽ കോളേജ് ടോപ്പറായ കുമാരി അമയ ശ്രീ.എൻ. ക്യാഷ് അവാർഡും മെമെന്റോയും ഏറ്റുവാങ്ങി. ചടങ്ങിൽ വകുപ്പധ്യക്ഷൻ ഡോ. സെബാസ്റ്റ്യൻ ടി.കെ. അധ്യക്ഷത വഹിച്ചു. പൂർവ വിദ്യാർത്ഥി. ശ്രീ. രജിത് ആർ.എൽ. സ്വാഗതവും വിദ്യാർത്ഥി പ്രതിനിധി കുമാരി സെസി തോമസ് നന്ദിയും പറഞ്ഞു.

# നിർമ്മലഗിരി ആർട്സ് ആന്റ് സയൻസ് അക്കാദമി
## കൂത്തുപറമ്പ

### ഹിന്ദിദ്വൈവാരാഘോഷം നടത്തി

നിർമലഗിരി ആർട്സ് ആൻഡ് സയൻസ് അക്കാദമി ഹിന്ദി വിഭാഗത്തിന്റെ നേതൃത്വത്തിൽ സെപ്റ്റംബർ 14-ാം തീയതി ഹിന്ദി ദ്വൈവാരാഘോഷം കോളേജ് ബർസാർ ഫാ. ഷാജി തെക്കെമുറി ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പൽ ഡോ. ജോസ് എം.വി. ചടങ്ങിന് അധ്യക്ഷത വഹിച്ചു. ഹിന്ദി ഭാഷ പഠിക്കേണ്ടതിന്റെ ആവശ്യത്തെക്കുറിച്ച് ഹിന്ദി വിഭാഗം അധ്യക്ഷ ഡോ. ടെസ്സി ജോർജ് സംസാരിച്ചു. അസി. പ്രൊ. ശ്രീമതി വിനീത രേഷ്, അസി. പ്രൊഫ. സ്നേഹ പി.കെ. എന്നിവർ പ്രസംഗിച്ചു.

### പൗരോഹിത്യസുവർണ്ണ ജൂബിലി ആഘോഷിച്ചു

നിർമലഗിരി കോളേജ് മുൻ മാനേജരും തലശ്ശേരി അതിരൂപതാ വികാരി ജനറാളുമായിരുന്ന ഫാ. അബ്രാഹം പോണാട്ടിന്റെ പൗരോഹിത്യ സുവർണ ജൂബിലി ആഘോഷം നിർമലഗിരി കോളേജ് അധ്യാപകരും അഡ്മിനിസ്ട്രേറ്റീവ് അംഗങ്ങളും സംയുക്തമായി ആഘോഷിച്ചു. ചടങ്ങിൽ കോളേജ് പ്രിൻസിപ്പാൾ ഡോ. ഔസേപ്പച്ചൻ കെ.വി. അധ്യക്ഷത വഹിച്ചു. മുഖ്യ ഭാഷണം കോളേജ് ബർസാർ ഫാ. ഷാജി തെക്കേമുറി ആശംസകളറിയിച്ച് അധ്യാപക പ്രതിനിധി ഡോ. സെബാസ്റ്റ്യൻ ടി.കെ.യും അഡ്മിനിസ്ട്രേറ്റീവ് പ്രതിനിധി ശ്രീ. തോമസ് എം.ജെ. യും പറഞ്ഞു വൈസ് പ്രിൻസിപ്പാൾ ഫാ. ഡോ. ജോബി ജേക്കബ് സ്വാഗതവും ഡോ. അൻപിൻ രാജ ആർ.ഡി. നന്ദിയും പറഞ്ഞു. ബർസാർ ഫാ. ഷാജി തെക്കേമുറിയും പ്രിൻസിപ്പാൾ ഡോ. ഔസേപ്പച്ചൻ കെ.വിയും ഉപഹാരസമർപ്പണം നടത്തി. മീറ്റിംഗിന് ശേഷം സ്നേഹവിരുന്നും ഉണ്ടായിരുന്നു.

**പി ആർ ഒ**
നിർമലഗിരി കോളേജ്

## ലോക മാനസികാരോഗ്യ ദിനാചരണം നടത്തി

നിർമലഗിരി ആർട്സ് ആൻഡ് സയൻസ് അക്കാദമി സൈക്കോളജി വിഭാഗത്തിന്റെ നേതൃത്വത്തിൽ ലോക മാനസികാരോഗ്യ ദിനാചരണം ഒക്ടോബർ 10 ന് നടത്തപ്പെട്ടു. കോളേജ് ബർസാർ ഫാ. ഷാജി തെക്കെമുറിയിൽ ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പൽ ഡോ. എം. വി. ജോസ് അധ്യക്ഷത വഹിച്ചു. മാനസികാരോഗ്യം സംരക്ഷിക്കേണ്ടതിന്റെ കാലിക പ്രസക്തിയെക്കുറിച്ച് സിംഹാൻസ് അസിസ്റ്റന്റ് അഡ്മിനി സ്ട്രേറ്റർ ഡോ. സി. വിനീത ടോം SH (MBBS, MD - Psychiatry) ക്ലാസ്സെടുത്തു. വിദ്യാർത്ഥികളുടെ വിവിധ കലാപരിപാടികൾ ഉണ്ടായിരുന്നു. സൈക്കോളജി വിഭാഗ അധ്യക്ഷ ഡോ. സി. ഡിവിന ജോസഫ് MSMI സ്വാഗതവും നിഹാരിക രതീഷ് നന്ദിയും അർപ്പിച്ചു.

## പിടിഎ യോഗം നടത്തി

നിർമ്മലഗിരി ആർട്സ് ആൻഡ് സയൻസ് അക്കാദമിയുടെ പ്രഥമ പിടിഎ യോഗം ഒക്ടോബർ 15 ശനിയാഴ്ച മാർ വള്ളോപ്പള്ളി ഹാളിൽ വച്ച് കോളേജ് മാനേജരും തലശ്ശേരി അതിരൂപത വികാരി ജനറലുമായ മോൺ. ആൻറണി മുതുകുന്നേൽ ഉദ്ഘാടനം ചെയ്തു. കോളേജ് ബർസാർ ഫാ. ഷാജി തെക്കേമുറിയിൽ ക്ലാസ് നയിച്ചു. കോളേജ് പ്രിൻസിപ്പൽ ഡോക്ടർ എം.വി. ജോസ് യോഗത്തിന് നേതൃത്വം നൽകി. വൈസ് പ്രിൻസിപ്പൽ ഡോക്ടർ ടെസ്സി ജോർജ് സ്വാഗതവും വിനീത രേഷ് നന്ദിയും അർപ്പിച്ചു. രക്ഷാകർതൃ പ്രതിനിധികൾ സംസാരിച്ചു. വിദ്യാർത്ഥികളുടെ ടാലെന്റ് ഡേയിൽ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു.

## എൻ.എസ്.എസിന്റെ പുതിയ യൂണിറ്റ് അനുവദിച്ചു

ഈ വർഷം പുതുതായി ആരംഭിച്ച നിർമലഗിരി ആർട്സ് ആൻഡ് സയൻസ് അക്കാദമിക്ക് എൻ.എസ്.എസിന്റെ പുതിയ യൂണിറ്റ് അനുവദിച്ചു കിട്ടി.

**ബർസാർ**

നിർമലഗിരി ആർട്സ് & സയൻസ് അക്കാദമി

# ACCOMPANYING DEAF AND AWAKENING MISSION (ADAM)

3, 8, 17, 24 തീയതികളിൽ ഓൺലൈൻ വഴി വിശുദ്ധ കുർബാന അർപ്പിച്ചു.

**സെമിനാർ**

5 മുതൽ 10 വരെയുള്ള ദിവസങ്ങളിൽ തെലുങ്കാന സംസ്ഥാനത്തിലെ വാറംഗൽ ലിറ്റിൽ ഫ്ളവർ ഹയർസെക്കൻഡറി ബധിര വിദ്യാലയത്തിലെ കുട്ടികൾക്ക് ധാർമിക മൂല്യങ്ങൾ, സ്വഭാവരൂപീകരണം, ആംഗ്യഭാഷാ പരിശീലനം എന്നീ തലങ്ങളിൽ ക്ലാസുകൾ നൽകി. സ്കൂൾ പ്രിൻസിപ്പൽ സി. ജാൻസി മേരി ക്ലാസുകൾ ഉദ്ഘാടനം ചെയ്തു. 120 കുട്ടികൾ ക്ലാസിൽ പങ്കെടുത്തു.

**ബാംഗ്ലൂർ മിഷൻ :** സെപ്റ്റംബർ 10 ഞായറാഴ്ച സെൻറ് പാട്രിക് ചർച്ചിൽ വിശുദ്ധ കുർബാനയും ബൈബിൾ ക്ലാസ്സ് നൽകി. ആഗസ്റ്റ് 21ന് വിവാഹിതരായ ആദം മിനിസ്ട്രി അംഗങ്ങളായ മരിയ സണ്ണി മിരുൺ മാപോളിക്കൽ എന്നിവർക്ക് അനുമോദനങ്ങളും ആശംസകളും നേരുന്നു.

**2022 ആംഗ്യഭാഷ ദിനാചരണം**

23 വെള്ളിയാഴ്ച കെസിവൈഎം കാഞ്ഞങ്ങാട് ഫൊറോനയുടെ ആഭിമുഖ്യത്തിൽ ഫൊറോന ഭാരവാഹികളും, കാലിച്ചാനടുക്കം യൂണിറ്റ് ഭാരവാഹികളും, അതിരൂപത കെസിവൈഎം അതിരൂപത ജനറൽ സെക്രട്ടറി നിഖിൽ സാബുവിന്റെ നേതൃത്വത്തിൽ ലോക ആംഗ്യഭാഷാ ദിനത്തോടനുബന്ധിച്ച് ആദം മിനിസ്ട്രി ഡയറക്ടർ അച്ചനെ സന്ദർശിക്കുകയും മംഗളങ്ങൾ നേരുകയും പൊന്നാട അണിയിക്കുകയും ചെയ്തു.

**24 ശനി ആംഗ്യഭാഷാ പരിശീലനം - കലക്ട്രേറ്റ്**

കാസർഗോഡ് ജില്ല സാമൂഹ്യനീതി വകുപ്പും ആദം മിനിസ്ട്രിയും സംയുക്തമായി ലോക ആംഗ്യഭാഷാ ദിനത്തോടനുബന്ധിച്ച് കലക്ട്രേറ്റ് ഭവനിലെ ഉദ്യോഗസ്ഥർക്ക് ആംഗ്യഭാഷ പരിശീലനം സംഘടിപ്പിച്ചു. ബഹു. ജില്ലാ കലക്ടർ ഭണ്ഡാരി സ്വാഗത് രൺവീർ ചന്ദ് ഉൽഘാടനം ചെയ്തു. ഫ്രണ്ട് ഓഫീസ് വിഭാഗത്തിലെ ജോലിക്കാർ പരിശീലനത്തിൽ പങ്കു ചേർന്നു.

## ലോക ബധിര ദിനാഘോഷം ചെറുപുഷ്പം മിഷൻ ലീഗ്

25 ഞായർ, അതിരൂപത ചെറുപുഷ്പ മിഷൻ ലീഗിന്റെ ആഭിമുഖ്യത്തിൽ ആലക്കോട് ബധിര ബൈബിൾ കൂട്ടായ്മ അംഗങ്ങൾക്കായി അതിരൂപത ഡയറക്ടർ ഫാ. വിപിൻ വടക്കേപറമ്പിൽ വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി. ബധിര സമൂഹത്തിന് ചെറുപുഷ്പ മിഷൻ ലീഗിൽ അംഗത്വം നൽകുന്നതിനെക്കുറിച്ചും വിവിധ പരിപാടികൾ ആസൂത്രണം ചെയ്യുന്ന തിനെകുറിച്ചും വിപിൻ അച്ചൻ സംസാരിച്ചു. അതിരൂപതാ ഭാരവാഹികൾ സ്നേഹസമ്മാനങ്ങൾ നൽകുകയും മധുരം പങ്കുവയ്ക്കുകയും ചെയ്തു.

## ലോഗോസ് ക്വിസ്

കെസിബിസി ബൈബിൾ കമ്മീഷന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട ലോഗോസ് ക്വിസ്സിൽ 21 അംഗങ്ങൾ പങ്കുചേരുന്നു.

**ഒക്ടോബർ മാസം പോഗ്രാം**

1,15,22,29 തീയതികളിൽ ഓൺലൈൻ മീഡിയ വഴി വിശുദ്ധ കുർബാന അർപ്പിച്ചു.

- **തീർത്ഥാടനം:-** 30 ഞായറാഴ്ച പാലയൂർ, കോട്ടക്കാവ്, കൊടുങ്ങല്ലൂർ തുടങ്ങിയ തീർത്ഥാടന കേന്ദ്രങ്ങൾ സന്ദർശിക്കുകയും കാത്തലിക് ഡഫ് അസോസിയേഷൻ ഓഫ് ഇന്ത്യയുടെ നേതൃത്വത്തിൽ പാലയൂർ തീർത്ഥാടന കേന്ദ്രത്തിൽ ബലിയർപ്പിച്ച് പ്രാർത്ഥിക്കുകയും ചെയ്തു.

## നവംബർ മാസ പ്രോഗ്രാം

- 5, 19, 26 വിശുദ്ധ കുർബാന വൈകുന്നേരം 6.30ന് ഓൺലൈൻ മാധ്യ മത്തിൽ

**വിശുദ്ധ കുർബാന**

- 06 ഞായറാഴ്ച ആലക്കോട്
- 13 ഞായറാഴ്ച ബാംഗ്ലൂർ

സ്നേഹപൂർവം,

**ഫാ. ജോർജ് കളരിമുറിയിൽ**
ഡയറക്ടർ

# ഇൻഫാം

സ്നേഹമുള്ളവരെ,

കർഷകർ അവരുടെ അതിജീവനത്തിനായി പോരാടുന്ന ഏറ്റവും സങ്കീർണ്ണമായ ഒരു കാലത്തിലൂടെ കടന്നു പൊയ്ക്കൊണ്ടി രിക്കുന്നു. കാർഷിക വിളകൾ പ്രത്യേകിച്ച് തേങ്ങ കിലൊയ്ക്ക് ഇരു പത്തഞ്ചു രൂപ പോലും ലഭിക്കാത്ത സാഹചര്യം റബ്ബർ കിലൊ നൂറ്റമ്പത് രൂപ ലഭിക്കുന്നില്ല. ഒരു കാർഷിക വിളകൾക്കും, നാണ്യ വിളകൾക്കും ഉത്പാദന ചിലവിന് ആനുപാതികമായ വിലയില്ല ഈ ഒരു സാഹചര്യത്തിൽ എങ്ങനെ ഒരു കർഷക സമൂഹം മുന്നോട്ട് ജീവിക്കും? കർഷകർ ഒറ്റകെട്ടായി മുന്നോട്ട് പോയാൽ മാത്രമെ ഇതിന് ഒരു അവസാനം ഉണ്ടാവുകയുള്ളു. അതൊടൊപ്പം കർഷക രുടെ പക്ഷത്ത് ഇശ്ചാശക്തിയോടെ നിൽക്കുന്ന ഒരു ഗവൺമെന്റും നമുക്ക് ആവശ്യമുണ്ട്. എങ്കിൽ മാത്രമെ കർഷകജനതയ്ക്ക് മുന്നോട്ട് ജീവിക്കാൻ സാധിക്കുക ഉള്ളു.

തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റിയുടെ നേതൃത്വ ത്തിൽ ബയോ മൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ഉടൻ തന്നെ അതി ഏതാനും ഉൽപന്നങ്ങൾ നവമ്പറിൽ തന്നെ വിപണിയിൽ എത്തിക്കും. അതിനോട് എല്ലാവരും ആത്മാർത്ഥമായി സഹകരിക്കുക. നമ്മുടെ എല്ലാ ഇടവകകളിലും ഇൻഫാം യൂണിറ്റ് സ്ഥാപിക്കുക. അങ്ങനെ നന്നായി പ്രവർത്തിക്കാൻ നമുക്ക് സാധിക്കട്ടെ. ഇൻഫാം കണ്ണൂർ ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ ജില്ലാ ആസ്ഥാനത്തും റീജണലായും വിവിധ സമരപരിപാടികൾ നടത്തിവരുന്നു.

സ്നേഹപൂർവ്വം

**ഫാ. തോമസ് ചെരുവിൽ**
ഡയറക്ടർ

# കത്തോലിക്കാ കോൺഗ്രസ്
# (എ. കെ. സി. സി)

### തെരുവ് നായ്ക്കളുടെ ആക്രമണം നിയന്ത്രിക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടു

കോവിഡാനന്തര കാലത്ത് തെരുവ് നായ്ക്കൾ വ്യാപകമായി വർദ്ധിക്കുകയും മനുഷ്യരുടെ ജീവനും സ്വത്തിനും ഭീഷണിയായി തീരുകയും ചെയ്ത സാഹചര്യത്തിൽ തെരുവുനായ്ക്കളെ നിയന്ത്രിക്കുവാൻ വേണ്ട അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് കത്തോലിക്കാ കോൺഗ്രസ് തലശ്ശേരി അതിരൂപത കമ്മിറ്റിക്ക് വേണ്ടി പ്രസിഡണ്ട് അഡ്വക്കറ്റ് ടോണി ജോസഫ് പുഞ്ചക്കുന്നേൽ, ഡയറക്ടർ ഫാദർ ഫിലിപ്പ് കവിയിൽ, ജനറൽ സെക്രട്ടറി ബെന്നി പുതിയാമ്പുറം, ട്രഷറർ ഫിലിപ്പ് വെളിയത്ത് എന്നിവർ ബഹു. കേരള മുഖ്യമന്ത്രിക്കും കൃഷി മന്ത്രിക്കും നിവേദനങ്ങൾ സമർപ്പിച്ചു.

### ജാഗ്രത സമിതി

കെസിബിസി രൂപം കൊടുത്ത കേരള ജാഗ്രത സമിതിയുടെ മലബാർ മേഖല സമ്മേളനം 21/09/2022 ന് കോഴിക്കോട് പി.എം.ഒ.സി യിൽ വെച്ച് നടന്നു. യോഗത്തിൽ തലശ്ശേരി അതിരൂപതയെ പ്രതിനിധീകരിച്ച് പ്രസിഡണ്ട് അഡ്വക്കറ്റ് ടോണി ജോസഫ് പുഞ്ചക്കുന്നേൽ, ഗ്ലോബൽ സമിതി വൈസ് പ്രസിഡണ്ട് ബേബി നെട്ടനാനി, രൂപത ജനറൽ സെക്രട്ടറി ബെന്നി പുതിയാമ്പുറം, വൈസ് പ്രസിഡണ്ട് അഡ്വക്കറ്റ് ഷീജ സെബാസ്റ്റ്യൻ എന്നിവർ പങ്കെടുത്തു. സീറോ മലബാർ സഭ അംഗങ്ങൾ കാർഷിക മേഖലയിലും, വിദ്യാഭ്യാസ മേഖലയിലും, ആതുര സേവന രംഗത്തും, കേന്ദ്ര-കേരള

ഗവൺമെന്റ് സർവ്വീസുകളിലും പിന്തള്ളപ്പെടുകയാണ്. സഭാംഗങ്ങളുടെ വിദേശ കുടിയേറ്റം മൂലവും, അനിയന്ത്രിതമായ വിധത്തിൽ ജനസംഖ്യയിലുണ്ടാകുന്ന കുറവ് മൂലം നാം ന്യൂനപക്ഷങ്ങളിലെ ന്യുനപക്ഷമായി മാറുകയാണെന്നും യോഗത്തിൽ തലശ്ശേരി അതിരൂപത പ്രതിനിധികൾ ഉത്കണ്ഠ രേഖപ്പെടുത്തി. ഇതിനെതിരെ സത്വര നടപടികൾ സ്വീകരിക്കണമെന്നും യോഗം തീരുമാനിച്ചു. ഓരോ രൂപതയിലും ജാഗ്രതാ സമിതികൾ രൂപീകരിക്കാൻ യോഗം തീരുമാനമെടുത്തു.

## മദർ തെരേസ യാത്ര

തലശ്ശേരി അതിരൂപത കത്തോലിക്ക കോൺഗ്രസിന്റെയും, കാത്തലിക് യൂത്ത് കൗൺസിലിന്റെയും നേതൃത്വത്തിൽ മദർ തെരേസ യാത്ര നടത്തി. പ്രവർത്തികൊണ്ട് സാധുജനങ്ങളുടെ മധ്യസ്ഥയായിത്തീർന്ന മദർ തെരേസയുടെ ഓർമ്മ തിരുനാളിനോട് അനുബന്ധിച്ച് തലശ്ശേരി അതിരൂപതയിലെ ഓരോ ഫൊറോനയിലേയും ഒന്നിലധികം വൃദ്ധസദനങ്ങൾ സന്ദർശിച്ച് സാമ്പത്തിക സഹായങ്ങൾ, ഭക്ഷണസാധനങ്ങൾ എന്നിവ വിതരണം ചെയ്തു. അതിരൂപത ഭാരവാഹികൾ, ഫെറോനാ പ്രസിഡണ്ടുമാരായ ജോണി തോലമ്പുഴ, ജിമ്മി ഐത്തമറ്റം, കെ.ഡി മാർട്ടിൻ, ഷിജിത്ത് തോമസ്, ടോമി കണയാങ്കൽ, മൈക്കിൾ ചാണ്ടിക്കൊല്ലി, മാത്യു വെള്ളാംകോട്, ബെന്നിച്ചൻ മഠത്തിനാൽ യൂത്ത് കൗൺസിൽ ഭാരവാഹികളായ സിജോ കണ്ണേഴത്, സിജോ അമ്പാട്ട്, മരിയ പുത്തൻപുരയിൽ, രാജീവ് തോമസ്, ടോണി ചെമ്പുകാലായിൽ എന്നിവർ നേതൃത്വം നൽകി.

## രാഹുൽ ഗാന്ധി എം.പിക്ക് നിവേദനം സമർപ്പിച്ചു

27/09/2022ന് പെരിന്തൽമണ്ണയിൽ വെച്ച് നടന്ന പ്രത്യേകം തെരഞ്ഞെടുക്കപ്പെട്ട 50 കർഷക പ്രതിനിധികളിൽ ഒരാളായി അതിരൂപത പ്രസിഡണ്ട് അഡ്വക്കേറ്റ് ടോണി ജോസഫ് പുഞ്ചക്കുന്നേൽ ഭാരത് ജോഡോ യാത്ര നടത്തുന്ന രാഹുൽ ഗാന്ധി എംപിയെ നേരിൽ കാണുകയും കർഷകർ അഭിമുഖീകരിക്കുന്ന വിഷയങ്ങളെ സംബന്ധിച്ച് നേരിട്ട് സംസാരിച്ച് നിവേദനം നൽകുകയും ചെയ്തു. കർഷക വിഷയങ്ങൾ പാർലമെന്റിൽ അവതരിപ്പിക്കാം എന്ന് രാഹുൽഗാന്ധി അദ്ദേഹത്തിന് ഉറപ്പു നൽകി.

## ന്യൂനപക്ഷ ഫിനാൻസ് കോർപറേഷൻ ചെയർമാന് സ്വീകരണം നൽകി.

ന്യൂനപക്ഷ ഫിനാൻസ് കോർപറേഷൻ ചെയർമാനും, കത്തോലിക്കാ കോൺഗ്രസിന്റെ ഗ്ലോബൽ സമിതി മുൻ വൈസ് പ്രസിഡണ്ടുമായ ശ്രീ സ്റ്റീഫൻ ജോർജിന് (Ex MLA) സ്വീകരണം നൽകി.

29/09/2022 ന് തളിപ്പറമ്പ് സെന്റ് മേരീസ് പാരിഷ് ഹാളിൽ വെച്ച് നടന്ന സ്വീകരണ യോഗത്തിൽ ഡയറക്ടർ ഫാദർ ഫിലിപ്പ് കവിയിൽ ചെയർമാൻ

സ്റ്റീഫൻ സാറിനെ അതിരൂപതക്കു വേണ്ടി അഭിനന്ദനങ്ങളും പൂർണ പിന്തുണയും അറിയിച്ചു. അതിരൂപത പ്രസിഡന്റ് അഡ്വക്കറ്റ് ടോണി ജോസഫ് പുഞ്ചക്കുന്നേൽ അദ്ധ്യക്ഷത വഹിച്ച ഈ യോഗം അദ്ദേഹത്തെ പൊന്നാടയണിയിച്ച് ആദരിച്ചു.

ന്യൂനപക്ഷ കോർപ്പറേഷനിൽ നിന്നും ന്യൂനപക്ഷങ്ങൾക്ക് ലഭിക്കുന്ന വിവിധ സഹായ പദ്ധതികളെക്കുറിച്ച് ചെയർമാൻ വിവരിച്ചു.

## ഞായറാഴ്ച പ്രവർത്തി ദിനം ആക്കുന്നതിനെതിരെ പ്രതിഷേധിച്ചു

ക്രൈസ്തവർ പരിശുദ്ധമായി ആചരിക്കുന്ന ഞായറാഴ്ച ദിവസങ്ങൾ പ്രവർത്തിദിനം ആക്കുന്നപ്രവണതക്കെതിരെ അതിരൂപത കമ്മിറ്റിയുടെ നിർദേശപ്രകാരം വിവിധ യൂണിറ്റുകളിൽ പ്രതിഷേധ ധർണ്ണകൾ നടത്തി. അതിരൂപതാതല ഉദ്ഘാടനം പയ്യന്നൂർ സെന്റ് തോമസ് പള്ളി പരിസരത്ത് വെച്ച് പ്രസിഡന്റ് അഡ്വക്കറ്റ് ടോണി ജോസഫ് പുഞ്ചക്കുന്നേൽ ഉദ്ഘാടനം ചെയ്തു. തളിപ്പറമ്പ് ഫൊറോന ഡയറക്ടർ ഫാദർ മാത്യു ആലങ്കോട് അദ്ധ്യക്ഷത വഹിച്ചു.

## യൂണിറ്റ് സന്ദർശനം

അതിരൂപത - ഫൊറോന ഭാരവാഹികളുടെ നേതൃത്വത്തിൽ വിവിധ യൂണിറ്റുകൾ സന്ദർശിച്ചു പ്രവർത്തനങ്ങൾ വിലയിരുത്തി.

## ഗ്ലോബൽ സമിതിയുടെ വർക്കിംഗ് കമ്മിറ്റി യോഗം

4/10/2022 ന് കോട്ടയത്ത് ഉള്ള കേന്ദ്ര കമ്മിറ്റി ഓഫീസിൽ വച്ച് നടന്ന കേന്ദ്രകമ്മിറ്റി യോഗത്തിൽ തലശ്ശേരി അതിരൂപതയെ പ്രതിനിധീകരിച്ച് പ്രസിഡണ്ട് അഡ്വക്കറ്റ് ടോണി ജോസഫ് പുഞ്ചക്കുന്നേൽ, ഡയറക്ടർ ഫാദർ ഫിലിപ്പ് കവിയിൽ, ജനറൽ സെക്രട്ടറി ബെന്നി പുതിയാമ്പുറം, ഗ്ലോബൽ വൈസ് പ്രസിഡണ്ട് ബേബി നെട്ടനാനി, സെക്രട്ടറി ചാക്കോച്ചൻ കാരാമയിൽ, വനിതാ വിഭാഗം ഗ്ലോബൽ കോ-ഓർഡിനേറ്റർ അഡ്വക്കറ്റ് ഷീജ സെബാസ്റ്റ്യൻ എന്നിവർ പങ്കെടുത്തു.

## അതിരൂപത എക്സിക്യൂട്ടീവ് കമ്മിറ്റി

ഗ്ലോബൽ-രൂപത-ഫൊറോനാ ഭാരവാഹികളുടെ സംയുക്ത യോഗം 14/ 10/2022 വെള്ളിയാഴ്ച തളിപ്പറമ്പ സെന്റ് മേരീസ് പാരിഷ് ഹാളിൽ ചേർന്നു. അതിരൂപത പ്രസിഡണ്ട് അഡ്വക്കറ്റ് ടോണി ജോസഫ് പുഞ്ചക്കുന്നേലിന്റെ അദ്ധ്യക്ഷ തയിൽ ചേർന്ന യോഗം ഡയറക്ടർ ഫാദർ ഫിലിപ്പ് കവിയിൽ ഉദ്ഘാടനം ചെയ്തു.

വന്യമൃഗങ്ങളുടെ ആക്രമണം മൂലവും കാർഷിക വിളകളുടെ വിലത്തകർച്ച മൂലവും ദുരിതമനുഭവിക്കുന്ന കർഷകരെ സംരക്ഷിക്കണ മെന്ന് ആവശ്യപ്പെട്ട് കർഷകരുടെ സമരപരമ്പര നടത്തുവാൻ കത്തോലിക്ക കോൺഗ്രസ് അതിരൂപത കമ്മിറ്റി തീരുമാനിച്ചു.

നവംബർ ഒന്നിന് കണ്ണീർ ദിനമായി ആചരിക്കുക, നവംബർ നാലാം തീയതി എല്ലാ ഫൊറോന കേന്ദ്രങ്ങളിലെയും കേന്ദ്ര-കേരള ഗവൺമെന്റ് സ്ഥാപനങ്ങളുടെ മുൻപിൽ സായാഹ്ന ധർണ്ണകൾ നടത്തുക, ഡിസംബർ മാസത്തിൽ കണ്ണൂർ കലക്ട്രേറ്റിന് മുമ്പിൽ 24 മണിക്കൂർ ഉപവാസ സമരം നടത്തുക, 2023 ജനുവരി മാസത്തിൽ കാസറഗോഡ് നിന്നും പേരാവൂരി ലേക്ക് കർഷക മുന്നേറ്റ ജാഥ നടത്തുക തുടങ്ങിയ നിർണ്ണായക തീരുമാനങ്ങൾ എടുത്തു. ഇവയുടെ പരിസമാപ്തിയിൽ കലക്ട്രേറ്റ് വളഞ്ഞുള്ള സമരപരിപാടികളെക്കുറിച്ച് യോഗം ചർച്ച ചെയ്തു.

**കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ സമ്മേളനം**

കത്തോലിക്ക കോൺഗ്രസിന്റെ രണ്ടാമത് ഗ്ലോബൽ സമ്മേളനം ഒക്ടോബർ 21 മുതൽ 24 വരെ തായ്‌ലൻഡിലെ ബാങ്കോക്കിൽ വെച്ച് നടന്നു. അതിരൂപതയെ പ്രതിനിധീകരിച്ച് ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ, ഗ്ലോബൽ വൈസ് പ്രസിഡണ്ട് ബേബി നെട്ടനാനി, രൂപത ജനറൽ സെക്രട്ടറി ബെന്നി പുതിയാമ്പുറം എന്നിവർ വിവിധ സെഷനുകളിൽ സംസാരിക്കുകയും ചർച്ചകളിൽ പങ്കെടുക്കുകയും ചെയ്തു.

സ്നേഹപൂർവം,

| | |
|---|---|
| **അഡ്വ. ടോണി ജോസഫ് പുഞ്ചക്കുന്നേൽ** | **ഫാ. ഫിലിപ്പ് കവിയിൽ** |
| പ്രസിഡണ്ട് | ഡയറക്ടർ |

# സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ
## തലശ്ശേരി സെൻട്രൽ കൗൺസിൽ

പ്രിയ വിൻസെൻഷ്യൻ സഹോദരരെ,

നമ്മുടെ സെൻട്രൽ കൗൺസിലിന്റെ വാർഷിക പൊതുയോഗം 2022 ഓഗസ്റ്റ് 6 ന് തലശ്ശേരി സന്ദേശഭവൻ ഓഡിറ്റോറിയത്തിൽ വച്ച് നടക്കുകയുണ്ടായി. സി.സി പ്രസിഡന്റ് ബ്ര. സണ്ണി തോമസ് നെടിയകാലായുടെ അധ്യക്ഷതയിൽ ചേർന്ന യോഗം തലശ്ശേരി അതിരൂപത അധ്യക്ഷൻ ആർച്ച് ബിഷപ്പ് മാർ ജോസഫ് പാംബ്ലാനി ഉദ്ഘാടനം ചെയ്തു. നാഷണൽ കൗൺസിൽ പ്രസിഡൻറ് ബ്ര. ജൂഡ് മംഗൾരാജ് മുഖ്യപ്രഭാഷണം നടത്തി. കെ ആർ സി സി കോ-ഓർഡിനേറ്റർ ബ്ര. അനിൽ ആൻറണി, പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ശ്രീ. ജോർജ് തയ്യിൽ, എകെസിസി പ്രസിഡന്റ് അഡ്വ. ടോണി പുഞ്ചക്കുന്നേൽ തുടങ്ങിയവർ ആശംസകൾ അർപ്പിച്ചു. വിൻസെൻഷ്യൻ സേവനത്തിൽ 50 വർഷം പൂർത്തിയാക്കിയ ബ്ര. പൗലോസ് വെളിയത്തിനെയും സി.സി ഭാരവാഹിത്വത്തിൽ 40 വർഷം പൂർത്തിയാക്കിയ ബ്ര. ജോസഫ് കാരിക്കുന്നേലിനേയും യോഗം ആദരിച്ചു. ബ്ര. ബാബു ജോസഫ് കൊട്ടാരം സ്വാഗതവും ബ്ര. ജോൺ കലയംകണ്ടത്തിൽ നന്ദിയും പറഞ്ഞു. റിപ്പോർട്ട് വർഷത്തിൽ മികച്ച പ്രവർത്തനങ്ങൾ നടത്തിയ ആലക്കോട് ഏരിയ കൗൺസിലിനെയും എടൂർ നിർമ്മല കോൺഫറൻസ്, വായാട്ടുപറമ്പ് സെന്റ് മേരീസ് വനിതാ കോൺഫറൻസ് എന്നിവരെയും ആദരിക്കുകയുണ്ടായി.

**നാഷണൽ കൗൺസിൽ പ്രസിഡന്റിന്റെ സന്ദർശനം**

നാഷണൽ കൗൺസിൽ പ്രസിഡന്റ് ബ്രദർ ജൂഡ് മംഗൾരാജ് തലശ്ശേരി കത്തീഡ്രൽ ചർച്ച് കോൺഫറൻസ്, കണ്ണൂർ ഹോളി ഫാമിലി കോൺഫറൻസ്, തളിപ്പറമ്പ് ഏരിയ കൗൺസിൽ, മേജർ, യൂത്ത് കോൺ ഫറൻസു

കൾ, ആലക്കോട് ഏരിയ കൗൺസിൽ, ആലക്കോട് കോൺഫറൻസ്, വായാട്ടുപറമ്പ് ഏരിയ കൗൺസിൽ, വായാട്ടുപറമ്പ് മേജർ & വനിത കോൺഫറൻസുകൾ, ചെമ്പന്തൊട്ടി എ.സി സെമിനാർ, കൂടാതെ ഏതാനും ദത്തു കുടുംബങ്ങൾ, ഭവന നിർമ്മാണ പ്രോജക്ടുകൾ കോഫീൻ പ്രോജക്ടുകൾ തുടങ്ങിയവ സന്ദർശിക്കുകയുണ്ടായി.

**പുതിയ കോൺഫറൻസുകൾ**

കാഞ്ഞങ്ങാട് എ.സി.യിലെ എണ്ണപ്പാറ, കാഞ്ഞങ്ങാട് ഇടവകകളിൽ ഓരോ യൂത്ത് കോൺഫറൻസുകൾ പുതിയതായി രൂപീകരിച്ചു.

**ഭക്ഷണ ശുശ്രൂഷ**

ചരൾ സെൻറ് സെബാസ്റ്റ്യൻസ് കോൺഫ്രൻസ് എല്ലാ ആഴ്ചകളിലും സമീപ പ്രദേശങ്ങളിൽ ഉള്ള അഗതി മന്ദിരങ്ങളിൽ ഭക്ഷണ ശുശ്രൂഷയും എടൂർ നിർമ്മല കോൺഫറൻസിന്റെ നേതൃത്വത്തിൽ അഗതി മന്ദിരങ്ങളിലേക്ക് വിറക് എത്തിക്കുന്ന പ്രവർത്തനവും നടത്തിവരുന്നു. കൂടാതെ വിവിധ കോൺഫറൻസുകൾ നിർധനരായ വ്യക്തികൾക്ക് ഭവന നിർമ്മാണം, ആട്ടിൻകൂട് നിർമ്മാണം തുടങ്ങിയ പ്രത്യേക പ്രവർത്തനങ്ങളും നടത്തിവരുന്നു.

**ദുരിതാശ്വാസ പ്രവർത്തനങ്ങൾ**

കഴിഞ്ഞ ഓഗസ്റ്റ് ഒന്നാം തീയതി മുതൽ പൂളക്കുറ്റി ഭാഗങ്ങളിൽ ഉണ്ടായ പ്രകൃതിക്ഷോഭത്തെ തുടർന്ന് നാശനഷ്ടങ്ങൾ സംഭവിച്ചവർക്ക് പേരാവൂർ എ.സി യുടെ നേതൃത്വത്തിൽ അടിയന്തിര സഹായമായി 80000 രൂപ വിതരണം ചെയ്യുകയുണ്ടായി. കൂടാതെ പ്രകൃതിക്ഷോഭത്തെ തുടർന്ന് സാധനസാമഗ്രികൾ നഷ്ടപ്പെട്ട തെറ്റു വഴിയിലെ കൃപാഭവനിലും മറ്റ് അഗതിമന്ദിരങ്ങളിലും എടൂർ നിർമ്മലാ കോൺഫറൻസിന്റെ നേതൃത്വത്തിൽ അടിയന്തിര സാമ്പത്തിക സഹായവും ഏതാനും ലോഡ് വിറകുകളും എത്തിച്ചു നല്കുകയുണ്ടായി. തുടർന്ന് സി.സി.യുടെ നേതൃത്വത്തിൽ തലശ്ശേരി അതിരൂപതയിലെ വിൻസെന്റ് ഡി പോൾ അംഗങ്ങൾ രഹസ്യ പിരിവിലൂടെ സമാഹരിച്ച തുക ഉപയോഗിച്ച് പൂളക്കുറ്റി മേഖലയിൽ 25500 മീറ്റർ കുടിവെള്ള പൈപ്പുകൾ വാങ്ങി വിതരണം ചെയ്തു.

**വാർഷികങ്ങൾ/ സെമിനാറുകൾ**

സെപ്റ്റംബർ 16,17,18 തീയതികളിലായി കൊല്ലത്ത് വെച്ച് നടന്ന നാഷണൽ കൗൺസിൽ വാർഷികത്തിൽ സി.സി പ്രസിഡൻറ് സംബന്ധിക്കുകയുണ്ടായി. കോവിഡിന് ശേഷം ആദ്യമായി നടക്കുന്ന ഈ വാർഷിക സമ്മേളനത്തിൽ വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതമാക്കുവാനുള്ള തീരുമാനങ്ങളും പദ്ധതികളും ആവിഷ്കരിച്ചു.

നമ്മുടെ അതിരൂപതയിൽ കുന്നോത്ത്, നെല്ലിക്കാംപൊയിൽ, ചെമ്പന്തൊട്ടി, ചെമ്പേരി, തളിപ്പറമ്പ്, പെരുമ്പടവ്, വെള്ളരിക്കുണ്ട്, തോമാപുരം എ.സി.

കളിലെ വാർഷികവും സെമിനാറും സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലായി നടന്നു. യോഗങ്ങളിൽ സി.സി. പ്രതിനിധികളായി പ്രസിഡന്റും വൈസ് പ്രസിഡന്റുമാരായ കെ.ടി. ജോസഫ് കാരിക്കുന്നേൽ, ബാബു ജോസഫ് കൊട്ടാരം, ജനറൽ സെക്രട്ടറി ജോൺസൺ കൂട്ടിയാനിയിൽ എന്നിവരും പങ്കെടുത്തു.

വായാട്ടുപറമ്പ് എ.സി. വാർഷികം ഒക്ടോബർ 29 നും എടൂർ എ.സി. വാർഷികം നവംബർ 19 നും നടക്കും. നവംബർ 12 ന് കാഞ്ഞങ്ങാട്, പനത്തടി, വെള്ളരിക്കുണ്ട് എ.സി.കളുടെ സംയുക്ത ആദ്ധ്യാത്മിക സെമിനാർ കാഞ്ഞങ്ങാട് ഉണ്ണിമിശിഹാ ഫൊറോന ദൈവാലയത്തിൽ നടക്കും.

**വിൻസെൻറ് ഡി പോൾ ദിനാചരണം**

സൊസൈറ്റിയുടെ സ്വർഗീയ മധ്യസ്ഥനായ വിശുദ്ധ വിൻസെൻറ് ഡി പോളിന്റെ തിരുനാൾ എല്ലാ എ.സി.കളിലും സമുചിതമായി ആഘോഷിച്ചു. പെരുമ്പടവ് എ.സി അംഗങ്ങൾ പഴയകാല പ്രവർത്തകരെ അവരുടെ ഭവനങ്ങളിൽ സന്ദർശിച്ച് ആദരിച്ചു. തിരുമേനി വനിതാ കോൺഫറൻസ് ചട്ടിവയൽ വൃദ്ധസദനവും, ചെമ്പേരി കോൺഫറൻസ് പൂപ്പറമ്പ് മരിയ ഭവനും സന്ദർശിക്കുകയും ഭക്ഷണ വിതരണം നടത്തുകയും ചെയ്തു. കെ. ആർ.സി.സി. ആഹ്വാനംചെയ്ത എമിലിയോടൊപ്പം പരിപാടിയിൽ തലശ്ശേരി സി.സി. വനിതാ പ്രതിനിധി ഷൈനി ജേക്കബിന്റെ നേതൃത്വത്തിൽ തോമാപുരം എ.സി യിലെ വനിതാ അംഗങ്ങളും പ്രവർത്തകരും ഓഗസ്റ്റ് 31ന് കാഞ്ഞങ്ങാട് സ്നേഹാലയം അഗതി മന്ദിരം സന്ദർശിക്കുകയും ഒരു ലോഡ് ഭക്ഷണാവശ്യത്തിനുള്ള സാധനങ്ങൾ എത്തിച്ചു നൽകുകയും 35,000 രൂപ സാമ്പത്തിക സഹായം നൽകുകയും ചെയ്തു.

**വിൻസെൻഷ്യൻ യുവജന സംഗമവും വനിതാ സംഗമവും**

ഒക്ടോബർ 15ന് ആലക്കോട് ഓസാനാം ഭവനിൽ ചേർന്ന സി.സി. യോഗത്തിൽ, ഡിസംബർ 3, 4 തീയതികളിലായി തലശ്ശേരി സന്ദേശഭവനിൽ വച്ച് വിൻസെൻഷ്യൻ യുവജനക്യാമ്പും, 2023 ജനുവരി, ഫെബ്രുവരി മാസങ്ങളിൽ ഇരിട്ടി, തോമാപുരം റീജിയണുകളിൽ വനിതാ സംഗമവും നടത്തുവാൻ തീരുമാനിച്ചു.

എന്ന്, വിൻസെൻഷ്യൻ സാഹോദര്യത്തിൽ സ്നേഹപൂർവ്വം,

**സണ്ണി നെടിയകാലായിൽ**
സി.സി. പ്രസിഡന്റ്

# പ്രതീക്ഷ ലഹരിമോചന കേന്ദ്രം

**1. മാടത്തിൽ ലഹരിവിരുദ്ധ സെമിനാർ**

സെപ്റ്റംബർ 24ന് മാടത്തിൽ വച്ച് വിദ്യാർത്ഥികൾക്കായി ലഹരി വിരുദ്ധ സെമിനാർ നടത്തി. അതിരൂപതാ ഡയറക്ടർ സെമിനാർ നയിച്ചു.

**2. ഗാന്ധിജയന്തി ദിനത്തിൽ ഉപവസിച്ചു**

ഒക്ടോബർ 2ന് ഗാന്ധിജയന്തി ദിനത്തിൽ രാഷ്ട്രത്തിന്റെ ലഹരിവിദുദ്ധ മനോഭാവം വളരാൻ ഏകദിന ഉപവാസം കീഴ്പ്പള്ളി ടൗണിൽ നടത്തി. എടൂർ മേഖല ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ മുട്ടത്തുപാറ അധ്യക്ഷത വഹിച്ച സമ്മേളനത്തിൽ അതിരൂപതാ ഡയറക്ടർ ഉദ്ഘാടനം നടത്തി.

**3. ചെമ്പേരിയിൽ പി.ടി.എ. ക്ക് സെമിനാർ**

ഒക്ടോബർ 7ന് ചെമ്പേരി സ്കൂളിലെ പി.ടി.എ.ക്ക് ലഹരി വിരുദ്ധ സെമിനാർ അതിരൂപതാ ഡയറക്ടർ നടത്തി.

**4. ഏറ്റുപാറയിൽ സ്വാശ്രയ സംഘങ്ങൾക്ക് സെമിനാർ**

ഒക്ടോബർ 10ന് ഏറ്റുപാറയിലെ സ്വാശ്രയസംഘങ്ങൾക്ക് അതിരൂപതാ ഡയറക്ടർ സെമിനാർ നടത്തി.

**5. ക്രെഡിറ്റ് യൂണിയൻ ക്ലാസ് :** അൽഫോൻസാ ക്രെഡിറ്റ് യൂണിയൻ, ഏറ്റുപാറ ഒക്ടോബർ 12ന് ലഹരി വിരുദ്ധ ക്ലാസ് നല്കി.

**6. മാതൃസംഗമം പയ്യാവൂരിൽ :** പയ്യാവൂരിലെ മാതൃവേദിയംഗങ്ങൾക്ക് അതിരൂപതാ ഡയറക്ടർ സെമിനാർ നടത്തി.

**7. പ്രാർത്ഥനാദിനാചരണം നടത്തി :** ഒക്ടോബർ 19ന് രാവിലെ 10 മണി മുതൽ രാത്രി 8 വരെ പ്രാർത്ഥനാചരണം നടത്തി. ലഹരിമുക്തനാടിന് വേണ്ടി ഉപവസിച്ചു. അതിരൂപതാ ഡയറക്ടർ നേതൃത്വം നല്കി.

**8. ആനിമേറ്റേഴ്സ് ശില്പശാല**

ഒക്ടോബർ 21ന് ചെമ്പേരി വിമൽജ്യോതിയിൽവച്ച് കണ്ണൂർ-കാസറഗോഡ് ജില്ലയിലെ ADSU ആനിമേറ്റേഴ്സായ അധ്യാപകർക്ക് ഏകദിന ശില്പശാല നടത്തി. മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി ഉദ്ഘാടനം ചെയ്തു. ഫാ. മാത്യു ശാസ്താംപടവിൽ അധ്യക്ഷത വഹിച്ചു. റവ. ഡോ. ജോൺസൺ അന്ത്യാംകുളം, ഫാ. സോണി വടശ്ശേരി, ടോമി വെട്ടിക്കാട്ട്, ഫാ. ചാക്കോ കുടിപ്പറമ്പിൽ എന്നിവർ സെമിനാർ നയിച്ചു.

**9. കരുവഞ്ചാൽ ആശുപത്രി സ്റ്റാഫിന് ലഹരിവിരുദ്ധ സന്ദേശം**

ഒക്ടോബർ 23ന് കരുവഞ്ചാൽ ആശുപത്രിയിൽ സ്റ്റാഫിന് അതിരൂപതാ ഡയറക്ടർ ലഹരിവിരുദ്ധ സന്ദേശം നല്കി.

ആദരവോടെ,

**ഫാ. മാത്യു കാരിക്കൽ**
അഡ്മിനിസ്ട്രേറ്റർ, പ്രതീക്ഷ

**ഫാ. ചാക്കോ കുടിപ്പറമ്പിൽ**
മദ്യവിരുദ്ധ പ്രസ്ഥാനങ്ങളുടെ ഡയറക്ടർ

# എയ്ഞ്ചൽ ട്രസ്റ്റ്

## ഏയ്ഞ്ചൽ ഡയാലിസിസ് സെന്റർ

അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെ പൗരോഹിത്യ സുവർണ്ണജൂബിലി സ്മാരകമായി തലശ്ശേരി അതിരൂപത രൂപം നൽകിയ ഏയ്ഞ്ചൽ ട്രസ്റ്റിന്റെ കണ്ണൂർ ജില്ലയിലെ രണ്ടാമത്തെ ഡയാലിസിസ് സെന്റർ ഇരിട്ടിയിൽ പ്രവർത്തനമാരംഭിച്ചു. അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ മഹനീയ സാന്നിധ്യത്തിൽ അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവ് ഡയാലിസിസ് സെന്റർ നാടിന് സമർപ്പിച്ചു. മത-രാഷ്ട്രീയ-സാംസ്കാരിക രംഗത്തെ നിരവധി മഹനീയ വ്യക്തിത്വങ്ങളും ഉദ്ഘാടന ചടങ്ങിൽ സംബന്ധിച്ചു.

പലയിടങ്ങളിലായി സേവനം ചെയ്തുവരുന്ന വൈദികരുടെയും, അതിരൂപതയിലെ ഇടവകാംഗങ്ങളുടെയും, വിവിധ സംഘടന കളുടെയും, സ്ഥാപനങ്ങളുടെയും, നാനാജാതി മതസ്ഥരായ ഒട്ടനവധി സുമനസ്സുകളുടെയും അകമഴിഞ്ഞ സഹായ സഹകരണ ങ്ങളാണ് ഏയ്ഞ്ചൽ ഡയാലിസിസ് സെന്ററിന്റെ മുന്നോട്ടുള്ള പ്രയാണത്തിന് ഊർജ്ജം നൽകി വരുന്നത്. ഇരിട്ടി പ്രദേശം കേന്ദ്രീകരിച്ചുള്ള മലയോര മേഖലകളിലെ നിർധനരായ നിരവധി വൃക്കരോഗികൾക്കും അവരുടെ കുടുംബത്തിനും വളരെ വലിയ രീതിയിലുള്ള ആശ്വാസവും പ്രതീക്ഷയും നൽകുവാൻ ഡയാലിസിസ് സെന്റർ ആരംഭിക്കുകവഴി നമുക്ക് സാധിച്ചിട്ടുണ്ട്. അർഹരായ നിർധന കുടുംബങ്ങളിലെ വൃക്കരോഗികൾക്ക് സൗജന്യ ഡയാലിസിസ്

നൽകുന്നതിന് എല്ലാവിധ പിന്തുണയും നൽകി കൂടെയായിരിക്കുന്ന എല്ലാവരെയും പ്രത്യേകം നന്ദിയോടെ ഓർക്കുന്നു.

ഏയ്ഞ്ചൽ ഡയാലിസിസ് സെന്ററിന്റെ ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തു കൊണ്ട് ഈ സന്തോഷവേളയിൽ ഞങ്ങളോടൊപ്പമായിരുന്ന പ്രിയ ബഹു. വൈദികർ, സന്യസ്തർ, TSSS-ന്റെ മേഖലാ ഭാരവാഹികൾ, മെമ്പർമാർ തുടങ്ങിയ എല്ലാവരേയും പ്രത്യേകം ഓർക്കുകയും, ഏയ്ഞ്ചൽ ട്രസ്റ്റിന്റെ നന്ദിയും സ്നേഹവും അറിയിക്കുകയും ചെയ്യുന്നു.

ഇരിട്ടി - കടത്തുംകടവിൽ പ്രവർത്തനമാരംഭിച്ച ഏയ്ഞ്ചൽ ഡയാലിസിസ് സെന്ററിൽ വിദഗ്ധ ഡോക്ടറുടെയും ടീം അംഗങ്ങളുടെയും സേവനങ്ങൾ ആരംഭിച്ചു. നിർധനരായ വൃക്കരോഗികൾ തങ്ങളുടെ ഫൊറോനകൾ മുഖേനയോ, ഇടവകാ വികാരിയച്ചന്മാർ മുഖേനയോ ഏയ്ഞ്ചൽ ഡയാലിസിസ് സെന്ററിന്റെ സേവനങ്ങൾ പരമാവധി ഉപകാരപ്രദമാക്കുവാൻ ശ്രമിക്കുമല്ലോ.

**ഈ പുണ്യപ്രവൃത്തിക്കായി സംഭാവന നൽകിയവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.**
(2022 സെപ്റ്റംബർ 20-ന് ശേഷം 2022 ഒക്ടോബർ 20 വരെയുള്ള കണക്കുകൾ)

| | | |
|---|---|---|
| 1 | Mary Jose | 8,00,000/- |
| 2 | Siby Philip - St. Joseph Church Iritty | 1,00,000/- |
| 3 | St. Francis Assisi Church, Melechovva | 10,000/- |

## ഏയ്ഞ്ചൽ - പണമിടപാടുകൾ

ഏയ്ഞ്ചൽ ഡയാലിസിസ് സെന്ററിന്റെ ഫൊറോനകൾ അടിസ്ഥാന മാക്കിയുള്ള സാമ്പത്തിക ഇടപാടുകൾ കൂടുതൽ സുഗമമാക്കുന്നതിനായി ഓരോ മേഖലകളിലും പുതിയ ബാങ്ക് അക്കൗണ്ടുകൾ ആരംഭിച്ചിരുന്നു വല്ലോ. പുതുതായി ആരംഭിച്ച സൗത്ത് ഇന്ത്യൻ ബാങ്ക് അക്കൗണ്ടുകളുടെ പാസ്ബുക്കുകളും, പണമിടപാടുകൾ നടത്തുന്നതിനായി റെസീപ്റ്റ് ബുക്കു കളും ചെക്ക് ബുക്കുകളും എല്ലാ ഫൊറോനകളിലും ലഭ്യമാക്കിയിട്ടുണ്ട്. പരമാവധി 2000/- (രണ്ടായിരം) രൂപ വരെ പണമായിട്ട് വാങ്ങുന്നതായിരിക്കും കൂടുതൽ ഉചിതം. സുതാര്യത ഉറപ്പുവരുത്തുന്നതിനായി സംഭാവനയായി ലഭിക്കുന്ന തുക പരമാവധി ബാങ്ക് വഴി ഇടപാടുകൾ നടത്തുവാൻ ശ്രമിക്കേ ണ്ടതാണ്. 80G ഉള്ളതിനാൽ ഓഡിറ്ററുടെ നിർദ്ദേശപ്രകാരം ലഭിച്ച സംഭാവന കളുടെ കണക്കുകൾ ഇൻകംടാക്സിൽ സമർപ്പിക്കുമ്പോൾ തുക നൽകുന്ന വ്യക്തിയുടെ പാൻനമ്പർ കൂടി ചേർക്കേണ്ടതാണ്. അതിനാൽ പണമായോ ചെക്ക് ആയോ സംഭാവനകൾ തരുന്നവരുടെ ആധാർ കാർഡിന്റെയും പാൻ

കാർഡിന്റെയും ഒരോ കോപ്പി വീതം വാങ്ങിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

ഏയ്ഞ്ചൽ ട്രസ്റ്റിന്റെ അക്കൗണ്ടിൽ സീറോ ബാലൻസ് ആവാതിരിക്കുവാൻ എല്ലാ ഫൊറോനകളിൽ നിന്നും ശ്രദ്ധിക്കേണ്ടതാണ്. അക്കൗണ്ടുകൾ ഇനിയും സീറോ ബാലൻസ് ആയി തുടർന്നാൽ അക്കൗണ്ടുകൾ ക്യാൻസൽ ആവുകയും വീണ്ടും പുതിയ അക്കൗണ്ടുകൾ ആരംഭിക്കേണ്ടതായി വരുമെന്നും പ്രത്യേകം ഓർമ്മിപ്പിക്കുന്നു. ഇത്തരത്തിൽ അക്കൗണ്ടുകൾ കാൻസൽ ആവാതിരിക്കുവാൻ സീറോ ബാലൻസ് അക്കൗണ്ടുകളിൽ ഉടനെ ഇടപാടുകൾ നടത്തുവാൻ ഫൊറോന വികാരിയച്ചന്മാരുടെ സഹകരണം സ്നേഹപൂർവ്വം അപേക്ഷിക്കുന്നു.

ഏയ്ഞ്ചൽ ഡയാലിസിസ് സെന്ററിന്റെ ഫൊറോനകളിലേക്കുള്ള റെസീപ്റ്റ് ബുക്കുകളും നിർധന കുടുംബങ്ങളിലെ കിഡ്നിരോഗികൾക്ക് ഓരോ ഫൊറോനയിൽ നിന്നും നൽകേണ്ട സഹായ കൂപ്പണും വൗച്ചറും വിതരണം ചെയ്തു. ഏറ്റവും അർഹതപ്പെട്ട രോഗികൾക്ക് മാത്രം കൂപ്പൺ നൽകുവാൻ എല്ലാ ഫൊറോനകളിൽ നിന്നും പ്രത്യേകം ശ്രദ്ധിക്കേണ്ടതും, ട്രസ്റ്റുമായി ബന്ധപ്പെട്ട എല്ലാ ചിലവുകളും വൗച്ചർ എഴുതി കണക്കുകൾ കൃത്യമായി സൂക്ഷിക്കേണ്ടതുമാണ്.

ഫൊറോനകളിൽ നിന്നും ഏയ്ഞ്ചൽ ട്രസ്റ്റിന്റെ വരവ് - ചെലവ് കണക്കുകൾ എല്ലാ മാസവും 5-ാം തീയതിക്കു മുമ്പായി ഇതോടൊപ്പം തന്നിരിക്കുന്ന മെയിൽ ഐഡിയിലേക്ക് അയയ്ക്കേണ്ടതാണ്. അതിനായി ഫൊറോനയിലെ ഏയ്ഞ്ചൽ ട്രസ്റ്റിന്റെ ഉത്തരവാദിത്വമുള്ള വികാരിയച്ചന്മാരുടെ സഹകരണം സ്നേഹപൂർവ്വം അപേക്ഷിക്കുന്നു.

E-mail : angeltrust50@gmail.com
കൂടുതൽ വിവരങ്ങൾക്ക് : +918281955563

ഒത്തിരി സ്നേഹത്തോടെ,

**ഫാ. ജിൻസ് വാളിപ്ലാക്കൽ**
കോർഡിനേറ്റർ, ഏയ്ഞ്ചൽ ട്രസ്റ്റ്

**ഫാ. ബെന്നി നിരപ്പേൽ**
മാനേജിംഗ് ട്രസ്റ്റി, ഏയ്ഞ്ചൽ ട്രസ്റ്റ്

# സാമൂഹ്യസേവനവേദി

**തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി (ടി.എസ്.എസ്.എസ്.)**

**ഏയ്ഞ്ചൽ ഡയാലിസിസ് സെന്റർ ഉദ്ഘാടനം**

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ കണ്ണൂർ ജില്ലയിലെ ഇരിട്ടി-കടത്തുംകടവിൽ ഏയ്ഞ്ചൽ ഡയാലിസിസ് സെന്റർ പ്രവർത്തനമാരംഭിച്ചു. അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ അധ്യക്ഷതയിൽ അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവ് 'സെന്റർ' മലയോര ജനയത്ക്ക് സമർപ്പിച്ചു. തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ റവ. ഫാ. ബെന്നി നിരപ്പേൽ, പേരാവൂർ നിയോജക മണ്ഡലം എം.എൽ.എ. അഡ്വ. സണ്ണി ജോസഫ്, കണ്ണൂർ നിയോജക മണ്ഡലം എം.എൽ.എ. ശ്രീ. കടന്നപ്പള്ളി രാമചന്ദ്രൻ, ഇരിക്കൂർ നിയോജക മണ്ഡലം എം.എൽ.എ. അഡ്വ. സജീവ് ജോസഫ്, കണ്ണൂർ ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡണ്ട് അഡ്വ. ബിനോയി കുര്യൻ, ഇരിട്ടി നഗരസഭ വൈസ് ചെയർമാൻ ശ്രീ. പി.പി. ഉസ്മാൻ, തലശ്ശേരി അതിരൂപത വികാരി ജനറാൾ മോൺ. ആന്റണി മുതുകുന്നേൽ, ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. കെ. വേലായുധൻ, പായം ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി പി. രജനി, ഉളിക്കൽ ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. പി.സി. ഷാജി, ആറളം ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. കെ.പി. രാജേഷ്, അയ്യംകുന്ന് ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ, സച്ചിദാനന്ദ പ്രകൃതിക്ഷേത്ര ട്രസ്റ്റ് സെക്രട്ടറി റവ. ഡോ. ഫിലിപ്പ് കവിയിൽ, കോഴിക്കോട് മേരിക്കുന്ന് പ്രൊവിൻഷ്യൽ സുപ്പീരിയർ റവ. സി. ഷീല എം.എസ്.ജെ., ഏയ്ഞ്ചൽ ട്രസ്റ്റ് കോർഡിനേറ്റർ റവ. ഫാ. ജിൻസ്

വാളിപ്ലാക്കൽ, പായം ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് 13-ാം വാർഡ് മെമ്പർ ശ്രീ. പി.പി. കുഞ്ഞൂഞ്ഞ്, സച്ചിദാനന്ദ പ്രകൃതിക്ഷേത്ര ട്രസ്റ്റ് വൈസ് പ്രസിഡണ്ട് ശ്രീ. ജോർജ് മാരാംകുഴയ്ക്കൽ, നെല്ലിക്കാംപൊയിൽ ഫൊറോന വികാരി വെരി. റവ. ഫാ. ജോസഫ് കാവനാടി, എടൂർ ഫൊറോന വികാരി വെരി. റവ. ഫാ. തോമസ് വടക്കേമുറി, കുന്നോത്ത് ഫൊറോന വികാരി വെരി. റവ. ഫാ. അഗസ്റ്റിൻ പാണ്ട്യാംമാക്കൽ, പേരാവൂർ ഫൊറോന വികാരി വെരി. റവ. ഫാ. തോമസ് കൊച്ചുകരോട്ട്, ഇരിട്ടി ഏയ്ഞ്ചൽ ഡയാലിസിസ് സെന്റർ ഡയറക്ടർ റവ. ഫാ. തോമസ് മുണ്ടമറ്റം എന്നിവർ ഉദ്ഘാടനവേളയിൽ സംബന്ധിച്ചു.

## SHG ലോൺ വിതരണം

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയും ധനലക്ഷ്മി ബാങ്കും സംയുക്തമായി കാർഷികമേഖലയുടെ ഉന്നമനത്തിനായി SHG ഗ്രൂപ്പുകൾക്ക് ലോണുകൾ വിതരണം ചെയ്തു. കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ വിവിധയിടങ്ങളിലായി ആറ് കോടി രൂപയുടെ വിതരണമാണ് നടത്തിയത്.

## ജൽ ജീവൻ മിഷൻ ട്രെയിനിംഗ്

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹകരണത്തോടെ എല്ലാ വീടുകളിലും ടാപ്പ് വഴി ശുദ്ധജലമെത്തിക്കുക എന്ന ലക്ഷ്യത്തോടെ പ്രാബല്യത്തിൽ വരുത്തിയ ജൽ ജീവൻ മിഷൻ പദ്ധതിയുടെ വിവിധ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും തുടർ നടപടികൾക്കുമായി കണ്ണൂർ ജില്ലാതല മീറ്റിംഗ് സംഘടിപ്പിച്ചു. കണ്ണൂർ ജില്ലയിലെ ഇംപ്ലിമെന്റേഷൻ സപ്പോർട്ടിംഗ് ഏജൻസിയായ തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ പ്രതിനിധിയായി TSSS പ്രൊജക്ട് ഓഫീസർ ശ്രീ. തോമസ് ജോൺ മീറ്റിംഗിൽ പങ്കെടുത്തു.

## പൈസക്കരി ഐ.ടി.ഐ.

ഏറ്റവും കുറഞ്ഞ നിരക്കിൽ മികച്ച വിദ്യാഭ്യാസം ഉറപ്പു വരുത്തുന്ന പൈസക്കരി പ്രൈവറ്റ് ഐ.ടി.ഐ. കോളേജിൽ ഈ വർഷത്തെ അഡ്മിഷൻ പൂർത്തിയായി. 50% ഫീസിളവുകളാണ് ഈ വർഷവും തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ കണ്ണൂർ ജില്ലയിലെ പൈസക്കരിയിൽ പ്രവർത്തിച്ചുവരുന്ന ഭഗവത്പാത പ്രൈവറ്റ് ഐ.ടി.ഐ.യിലൂടെ നൽകി വന്നിരുന്നത്. രണ്ട് വർഷംകൊണ്ട് പൂർത്തീകരിക്കാവുന്ന ഡ്രാഫ്റ്റ്സ്മാൻ സിവിൽ, ഇലക്ട്രീഷൻ കോഴ്സുകളിലേക്കാണ് അഡ്മിഷൻ ഒരുക്കിയിരുന്നത്.

## ഓഫീസ് സന്ദർശനം

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി കോൺഫറൻസ് ഹാളിൽ സംഘടിപ്പിച്ച മീറ്റിംഗിൽ കാർഷിക സർവ്വകലാശാല അസി. പ്രൊഫസറും

മാടക്കത്തറ കശുമാവ് ഗവേഷണകേന്ദ്രം മേധാവിയുമായ ഡോ. ജലജ എസ്. മേനോൻ, അസി. പ്രൊഫസർമാരായ ഡോ. എ.സി. അസ്ന, ഡോ. എ.എൻ. നാസിയ ബീഗം, TSSS ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ, തലശ്ശേരി അതിരൂപത ചാൻസലർ ഫാ. ജോജി കാക്കരമറ്റം, TSSS റീജിയണൽ ഡയറക്ടർ ഫാ. ജോജോ പൊടിമറ്റം, TSSS പ്രൊജക്ട് ഓഫീസർ ശ്രീ. തോമസ് ജോൺ, ബയോമൗണ്ടൻ കമ്മിറ്റിയംഗം ശ്രീ. പി.ടി. ജോസ്, പ്രൊജക്ട് ഓഫീസർ ശ്രീ. ഷാജി ജോൺ എന്നിവർ പങ്കെടുത്തു.

## ട്രെയിനിംഗ് ഓഫ് ട്രെയിനേഴ്സ്

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ അക്കൗണ്ടുകൾ കമ്പ്യൂട്ടർവത്ക്കരിക്കുന്നതിന്റെ ഭാഗമായി TSSS സ്റ്റാഫ് അംഗങ്ങൾക്ക് വിദഗ്ധ പരിശീലനം നൽകി.

## കാൻസർ പരിശോധനാക്യാമ്പുകൾ

കാൻസർ രോഗത്തെ നേരത്തേ കണ്ടെത്തി നിയന്ത്രണവിധേയമാക്കാനും, നമ്മുടെ കുടുംബത്തേയും നാടിനേയും കാൻസർ വിമുക്തമാക്കി മാറ്റാനും തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ മലബാർ കാൻസർ സെന്ററിന്റെ സഹകരണത്തോടെ കണ്ണൂർ, കാസർഗോഡ് ജില്ലകളിലായി സൗജന്യ കാൻസർ പരിശോധനാക്യാമ്പുകൾ നടത്തി. കൃത്യമായ പരിശോധനയിലൂടെയും ഉചിതമായ ചികിത്സാരീതികളിലൂടെയും നിരവധിപേരെ രോഗമുക്തരാക്കാനും സഹായിക്കാനും ഇതുവഴി സാധിച്ചിട്ടുണ്ട്. മലബാർ കാൻസർ സെന്ററിലെ ഓങ്കോളജി വിഭാഗത്തിലെ വിദഗ്ധ ഡോക്ടർമാരുടെ നേതൃത്വത്തിൽ വായിലെ കാൻസർ, സ്തനാർബുദം, ഗർഭാശയ കാൻസർ തുടങ്ങിയവയുടെ ഈ മാസത്തെ സൗജന്യ പരിശോധന (നെല്ലിക്കാംപൊയിൽ) നവംബർ 07 തിങ്കൾ, (ആലക്കോട്) നവംബർ 12 ശനി, (ചിറ്റാരിക്കാൽ) നവംബർ 14 തിങ്കൾ എന്നീ ദിവസങ്ങളിൽ നടത്തപ്പെടുന്നു. കൂടുതൽ വിവരങ്ങൾക്ക് അതാത് മേഖലകളിലെ TSSS സ്റ്റാഫ് അംഗങ്ങളെ ബന്ധപ്പെടാവുന്നതാണ്.

ഒത്തിരി സ്നേഹത്തോടെ,

**ഫാ. ബെന്നി നിരപ്പേൽ**
ഡയറക്ടർ

# ബയോമൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി

**ബയോമൗണ്ടൻ**

തലശ്ശേരി അതിരൂപതാ സംരംഭമായ ബയോമൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ പ്രവർത്തനങ്ങൾ തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ കണ്ണൂർ, കാസർഗോഡ് ജില്ലകളിലായി പുരോഗമിച്ചു വരുന്നു.

**ആദ്യ ഉൽപന്നം വിപണിയിലേക്ക്**

ബയോമൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ ആദ്യ ഉൽപന്നം വിപണിയിലേക്ക് തയ്യാറായി. അതിരൂപതാ വൈദിക സംഗമത്തിൽ പ്രത്യേകമായി സംഘടിപ്പിക്കുന്ന ചടങ്ങിൽ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് മാനന്തവാടി രൂപതാ സഹായ മെത്രാൻ മാർ അലക്സ് താരാമംഗലത്തിന് ആദ്യ ഉൽപന്നം കൈമാറുന്നു. മികച്ച ഗുണമേന്മയോടു കൂടി തയ്യാറാക്കിയ ചായപ്പൊടികളാണ് 500 ഗ്രാം, 100 ഗ്രാം ബോട്ടിലുകളായി വിതരണത്തിന് തയ്യാറാക്കിയിരിക്കുന്നത്.

**അഭിനന്ദനങ്ങൾ**

ബയോമൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ കോ-ഓർഡിനേറ്ററായി അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് റവ. ഫാ. ജോജോ പൊടിമറ്റം അച്ചനെ നിയമിച്ചു. പുതിയ കർമ്മ പഥത്തിലേക്ക് തെരഞ്ഞെടുക്കപ്പെട്ട പ്രിയ ബഹു. ജോജോ അച്ചന് ബയോമൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ അഭിനന്ദനങ്ങൾ.

## ഹോർട്ടികോർപ്പ് മീറ്റിംഗ്

ബയോമൗണ്ടൻ കമ്പനിയുടെ വിവിധ ഉൽപന്നങ്ങൾ വിപണിയിലും കാർഷിക മേഖലകളിലും ഏറ്റവും മികച്ച രീതിയിൽ കർഷകർക്ക് പ്രയോജനപ്പെടുത്തുവാൻ ആവശ്യമായ ട്രെയിനിംഗ് കേരള ഹോർട്ടികോർപ്പ് ഭാരവാഹികളുടെ നേതൃത്വത്തിൽ ബയോമൗണ്ടൻ ടീം അംഗങ്ങൾക്ക് നൽകി. തലശ്ശേരി ബിഷപ്സ് ഹൗസിൽ ചേർന്ന മീറ്റിംഗിൽ ഹോർട്ടികോർപ്പ് സ്റ്റേറ്റ് ചെയർമാൻ ശ്രീ. എസ്. വേണുഗോപാൽ, ഇരിക്കൂർ നിയോജക മണ്ഡലം എം.എൽ.എ. അഡ്വ. സജീവ് ജോസഫ്, തലശ്ശേരി അതിരൂപതാ വികാരി ജനറാൾമാരായ മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി, മോൺ. ആന്റണി മുതുകുന്നേൽ, നെല്ലിക്കാംപൊയിൽ ഫൊറോന വികാരി വെരി. റവ. ഫാ. ജോസഫ് കാവനാടി, തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ, ബയോമൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി കോ-ഓർഡിനേറ്റർ ഫാ. ജോജോ പൊടിമറ്റം, പ്രൊജക്ട് ഓഫീസർ ശ്രീ. ഷാജി ജോൺ, TSSS പ്രൊജക്ട് ഓഫീസർ ശ്രീ. തോമസ് ജോൺ, ഹോർട്ടികോർപ്പ് കണ്ണൂർ ജില്ലാ ടീം അംഗങ്ങൾ എന്നിവർ മീറ്റിംഗിൽ പങ്കെടുത്തു.

## മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ പരിശീലനം

കാർഷിക മേഖലയുടെയും കർഷകരുടെയും ഉന്നമനത്തിനും ക്ഷേമത്തിനുമായി തലശ്ശേരി അതിരൂപതയുടെ നേതൃത്വത്തിൽ തുടക്കം കുറിച്ച ബയോമൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെയും തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെയും ആഭിമുഖ്യത്തിൽ കശുമാമ്പഴത്തിൽ നിന്നും മൂല്യവർദ്ധിത ഉൽപന്നങ്ങൾ ചർച്ച സംഘടിപ്പിച്ചു. കശുമാമ്പഴത്തിൽ നിന്നും വിവിധ മൂല്യവർദ്ധിത ഉൽപന്നങ്ങൾ ഉണ്ടാക്കുന്നതിലൂടെ കശുവണ്ടി കാർഷിക മേഖലയിൽ പുത്തനുണർവ്വ് സൃഷ്ടിക്കുമെന്ന് തലശ്ശേരി ടിഎസ്എസ്എസ് കോൺഫറൻസ് ഹാളിൽ വച്ച് സംഘടിപ്പിച്ച ചർച്ചയിൽ കാർഷിക സർവ്വകലാശാല അസി. പ്രൊഫസറും മാടക്കത്തറ കശുമാവ് ഗവേഷണകേന്ദ്രം മേധാവിയുമായ ഡോ. ജലജ എസ്. മേനോൻ അഭിപ്രായപ്പെട്ടു. കശുമാമ്പഴത്തിൽ നിന്നും ഉൽപാദിപ്പിക്കുവാൻ സാധിക്കുന്ന ഉൽപന്നങ്ങളായ കാഷ്യൂ ആപ്പിൾ ജ്യൂസ്, സിറപ്പ്, കാൻഡി, അച്ചാർ, ജാം, മിഠായി, ചോക്ലേറ്റ് തുടങ്ങിയ മൂല്യ വർദ്ധിത ഉൽപന്നങ്ങൾ ചർച്ചയിൽ പരിചയപ്പെടുത്തുകയും ഇത്തരത്തിൽ ഉൽപന്നങ്ങൾ തയ്യാറാക്കുന്നതിനുള്ള നൂതന സാങ്കേതികവിദ്യകളെക്കുറിച്ച് വിശദീകരിക്കുകയും ചെയ്തു.

മാടക്കത്തറ കശുമാവ് ഗവേഷണകേന്ദ്രം പുതിയ ടെക്നോളജിയിലൂടെ ഉൽപാദിപ്പിച്ച ഉൽപന്നങ്ങൾ തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടറും ബയോമൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി മാനേജിംഗ്

ഡയറക്ടറുമായ റവ. ഫാ. ബെന്നി നിരപ്പേലിന് നൽകി. കാർഷിക സർവ്വ കലാശാല അസി. പ്രൊഫസർമാരായ ഡോ. എ.സി. അസ്ന, ഡോ. എ.എൻ. നാസിയ ബീഗം, തലശ്ശേരി അതിരൂപത പ്രൊക്യൂറേറ്റർ റവ. ഫാ. ജോസഫ് കാക്കരമറ്റത്തിൽ, ബയോമൗണ്ടൻ കോർഡിനേറ്റർ റവ. ഫാ. ജോജോ പൊടിമറ്റം, ബയോമൗണ്ടൻ കമ്മറ്റിയംഗം പി.ടി. ജോസ്, ടിഎസ്എസ്എസ് പ്രൊജക്ട് ഓഫീസർ തോമസ് ജോൺ, ബയോമൗണ്ടൻ സ്റ്റാഫ് അംഗം ഷാജി ജോൺ എന്നിവർ പങ്കെടുത്തു.

## ഇടവക സന്ദർശനങ്ങൾ

തലശ്ശേരി അതിരൂപതയിൽ ബയോമൗണ്ടൻ കമ്പനിയുടെ പുതിയ യൂണിറ്റുകൾ ആരംഭിക്കുന്നതിനായി അതിരൂപതാ കേന്ദ്രത്തിലെ വൈദി കരുടെ നേതൃത്വത്തിൽ ഇടവകകൾ സന്ദർശിക്കുകയും ബയോമൗണ്ടൻ കമ്പനിയുടെ പ്രവർത്തനങ്ങൾ വിശദീകരിക്കുന്ന ബ്രോഷർ വിതരണം ചെയ്യുകയും, പുതിയ ബയോമൗണ്ടൻ ഗ്രൂപ്പുകൾ ആരംഭിക്കുന്നതിനുവേണ്ട പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു. ഇടവകകൾ സന്ദർശിക്കുകയും ആവശ്യമായ സഹകരണങ്ങൾ നൽകുകയും ചെയ്ത എല്ലാ ബഹു. വൈദികർക്കും ബയോമൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ അഭിനന്ദനങ്ങൾ.

സ്നേഹത്തോടെ,

**ഫാ. ബെന്നി നിരപ്പേൽ**
മാനേജിംഗ് ഡയറക്ടർ
ബയോമൗണ്ടൻ

**മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി**
ചെയർമാൻ, ബയോമൗണ്ടൻ

**ഫാ. ജോജോ പൊടിമറ്റം**
കോ-ഓർഡിനേറ്റർ, ബയോമൗണ്ടൻ

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

## മാർ ജോസഫ് പാംപ്ലാനി

### സെപ്റ്റംബർ 2022

21 തിരുവല്ല അതിഭദ്രാസനത്തിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭ പുനരൈക്യ വാർഷികത്തിൽ മുഖ്യപ്രഭാഷണം നടത്തി.

22 ധ്യാനത്തിലായിരിക്കുന്ന ബഹു. വൈദികരുമായി കൂടിക്കാഴ്ച നടത്തി. ഉച്ചയ്ക്ക് പുതുതായി ദീപിക ഡയറക്ടർ ബോർഡ് അംഗമായ ശ്രീ. ബെന്നി വാഴപ്പള്ളിക്ക് തലശ്ശേരി അതിരൂപതാ കേന്ദ്രത്തിൽ സ്വീകരണം നൽകി.

23 രാവിലെ 9 മണിക്ക് അതിരൂപതാ കേന്ദ്രത്തിൽവച്ച് നടത്തപ്പെട്ട കൂരിയാ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. ഉച്ചയ്ക്ക് 2 മണിയോടെ അഭിവന്ദ്യ അലക്സ് താരാമംഗലം പിതാവിനെ യാത്രയാക്കാൻ മാനന്തവാടിയിലേക്ക് തിരിച്ചു.

24 രാവിലെ വെള്ളാട് ഇടവകയിൽ ജോസ് മരിയ ദമ്പതികളുടെ അഞ്ചാമത്തെ കുഞ്ഞായ ജെസ്സിക്കാ മരിയാ ജോസിന്റെ മാമ്മോദീസാ നടത്തി. തുടർന്ന് ചെമ്പേരി വിമൽജ്യോതി എഞ്ചിനിയറിംഗ് കോളേജിൽവച്ച് നടന്ന പാസ്റ്ററൽ കൗൺസിലിൽ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. വൈകുന്നേരം കെ. സി.വൈ.എം. 2022-23 വർഷത്തേയ്ക്ക് തിരഞ്ഞെടുക്കപ്പെട്ട അതിരൂപതാ ഭാരവാഹികളുടെ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു.

25 തലശ്ശേരി കോടിയേരിയിൽ ബഹു. പോൾ പുല്ലനച്ചന്റെ ജൂബിലി പ്രോഗ്രാമിൽ പങ്കെടുത്തു. രാത്രിയോടെ അമേരിക്കയിലേക്ക് യാത്രതിരിച്ചു.

26-30 ഷിക്കാഗോ രൂപതയിലെ ബഹു. വൈദികരുടെ വാർഷിക ധ്യാനം നടത്തി.

### ഒക്ടോബർ 2022

01 ഷിക്കാഗോ രൂപതയുടെ പുതിയ മെത്രാനായി സ്ഥാനമേറ്റെടുക്കുന്ന അഭിവന്ദ്യ മാർ ജോയി ആലപ്പാട്ട് പിതാവിന്റെ സ്ഥാനാരോഹണ ചടങ്ങിൽ പങ്കെടുത്തു.

02 അമേരിക്കയിലെ ഫീനിക്സ് ഹോളിഫാമിലി പള്ളിയിൽ നടന്ന കുട്ടികളുടെ ആദ്യകുർബ്ബാന സ്വീകരണത്തിൽ കാർമ്മികത്വം വഹിച്ചു.

05 രാവിലെ 9 മണിയോടെ കോഴിക്കോട് കുന്ദമംഗലത്തുവച്ച് കാന്തപുരം എ.പി. അബൂബക്കർ മുസ്ല്യാരുമായി കൂടിക്കാഴ്ച നടത്തി. നിലവിലെ സാമൂഹിക സാഹചര്യവും ന്യൂനപക്ഷ സമുദായങ്ങൾക്കിടയിൽ കാലങ്ങളായി നിലനിൽക്കുന്ന ഐക്യവും നന്മയും കൂടുതൽ സജീവമാക്കേണ്ടതിന്റെ ആവശ്യകതയുമെല്ലാം ചർച്ചാവിഷയങ്ങളായി. ഉച്ചയോടെ അന്തരിച്ച ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ വീട്ടിലെത്തി കുടുംബാംഗങ്ങളെ സന്ദർശിക്കുകയും ആശ്വസിപ്പിക്കുകയും ചെയ്തു. ഉച്ചയ്ക്കുശേഷം 2 മണിമുതൽ അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. രാത്രി 9 മണിക്ക് നടന്ന കൂരിയാ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു.

06 രാവിലെ 10 മണിക്ക് പടുപ്പിൽ പുതുതായി പണികഴിച്ച എം.എസ്.എം.ഐ. സന്ന്യാസ സഭയുടെ കോൺവെന്റ് വെഞ്ചരിച്ചു. തുടർന്ന് പടുപ്പ് ഇടവകാംഗമായ ഡീക്കൻ തോമസ് പള്ളിക്കലിന്റെ ഭവനം സന്ദർശിച്ചു. ഉച്ചയ്ക്കുശേഷം ബെഡൂർ സെന്റ് ജോസഫ് പള്ളി സന്ദർശിക്കുകയും അവിടെ സന്നിഹിതരായിരുന്ന ബഹു. വികാരിയച്ചനും കൈക്കാരന്മാരുമായി സംസാരിക്കുകയും പള്ളി, പള്ളിമുറി എന്നിവയുടെ നവീകരണവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. വൈകുന്നേരത്തോടെ ആലക്കോട് വച്ച് ചികിത്സയിലായിരിക്കുന്ന ബഹു. മാണി ആട്ടേൽ അച്ചനെ സന്ദർശിച്ചു. തുടർന്ന് 5 മണിയോടെ വെള്ളാട് ഇടവകാംഗമായ ശ്രീ. ജെയിംസ് മണ്ണൂരിന്റെ ഭവനത്തിലെത്തി പരേതനായ അദ്ദേഹത്തിന്റെ പിതാവിനുവേണ്ടി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

07 രാവിലെ ചീക്കാട് ഉണ്ണിമിശിഹാ ദേവാലയത്തിൽ ദിവ്യബലിയർപ്പിച്ചു. തുടർന്ന് ജപമാല ഗാർഡന്റെ വെഞ്ചരിപ്പു കർമ്മവും നിർവ്വഹിച്ചു. ഉച്ചയ്ക്ക് ഇരിട്ടിയിൽ പുതുതായി ആരംഭിക്കുന്ന എയ്ഞ്ചൽ ഡയാലിസിസ് സെന്ററിന്റെ ഉദ്ഘാട ചടങ്ങിന് അധ്യക്ഷത വഹിച്ചു. ഉച്ചയ്ക്കുശേഷം ചെമ്പന്തൊട്ടിയിൽ പുതുതായി നിർമ്മിക്കുന്ന യു.പി സ്കൂൾ കെട്ടിടത്തിന്റെ തറക്കല്ലിടൽ നിർവ്വഹിച്ചു. തുടർന്ന് ചെമ്പന്തൊട്ടി ഇടവകാംഗമായ ബ്രദർ അമൽ പുറവക്കാട്ടിന്റെ ഭവനം സന്ദർശിച്ചു.

08 രാവിലെ അതിരൂപതാ കേന്ദ്രത്തിലെത്തിയ മുൻ കേരളാ മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടിയെയും, കെ.സി. ജോസഫിനെയും സ്വീകരിച്ചു. 10 മണിയോടെ ചെറുപുഴയിലെത്തി അന്തരിച്ച മുൻ ഡി.സി.സി. പ്രസിഡന്റും കോൺഗ്രസ് നേതാവുമായ എസ്. ആർ ആന്റണി സാറിന്റെ മൃതസംസ്കാര ശുശ്രൂഷയുടെ വീട്ടിലെ ചടങ്ങുകൾക്ക് കാർമ്മികത്വം വഹിച്ചു. തുടർന്ന് ചെമ്പേരിയിലെത്തി കെ.സി.വൈ.എം പ്രവർത്തന വർഷ ഉദ്ഘാടന മീറ്റിംഗിൽ പങ്കെടുക്കാനെത്തിയ യുവജനങ്ങളെ അഭി

സംബോധ ചെയ്തു സംസാരിക്കുകയും അവരുമായി സംവദിക്കുകയും ചെയ്തു. ഉച്ചയോടെ ആലക്കോട് വച്ച് നടത്തപ്പെട്ട മിഷൻ ലീഗിന്റെ 63-ാം കൗൺസിൽ വാർഷികം ഉദ്ഘാടനം ചെയ്തു. തുടർന്ന് നടന്ന പ്ലാറ്റിനം ജൂബിലി സമാപന വിളംബര റാലി ഫ്ളാഗ് ഓഫ് ചെയ്തു. വൈകുന്നേരം 5 മണിയോടെ പേരാവൂരെത്തി പൊട്ടങ്കൽ ലിന്റയുടെയും തേക്കാനത്ത് കെവിന്റെയും ഒത്തുകല്യാണം നടത്തി. രാത്രിയോടെ ഹൈദരാബാദിലേയ്ക്ക് യാത്രതിരിച്ചു.

09 ഷംഷാബാദ് രൂപതയുടെ പുതിയ സഹായമെത്രാന്മാരായ അഭിവന്ദ്യ മാർ ജോസഫ് കൊല്ലംപറമ്പിലിന്റെയും മാർ തോമസ് പാടിയത്തിന്റെയും മെത്രാഭിഷേക ചടങ്ങിൽ പങ്കെടുത്തു.

10 രാവിലെ തലശ്ശേരി കത്തീഡ്രൽ ദേവാലയത്തിൽ വി. കുർബ്ബാനയർപ്പിക്കുകയും മൈനർ സെമിനാരി വിദ്യാർത്ഥികൾക്ക് സന്ദേശം നൽകുകയും ചെയ്തു. തുടർന്ന് അതിരൂപതാ കേന്ദ്രത്തിൽ വിവിധ സന്ദർശകരെ സ്വീകരിച്ചു. 11 മണിയോടെ നിർമ്മലഗിരി ക്യാമ്പസിൽ പുതുതായി അനുവദിച്ച കോളേജിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് എഞ്ചിനിയർമാരുമായി കൂടിക്കാഴ്ച നടത്തി. ഉച്ചയ്ക്കുശേഷം ആറളം ഫാം പുനരധിവാസ മേഖലയിലെത്തി കാട്ടാനയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ട വാസു കാളികയത്തിന്റെ ഭവനം സന്ദർശിച്ച് കുടുംബാംഗങ്ങളെ ആശ്വസിപ്പിച്ചു. വൈകുന്നേരത്തോടെ ഡൽഹിയിലേക്ക് യാത്രതിരിച്ചു.

11 ഡൽഹി സേക്രട്ട് ഹാർട്ട് കത്തീഡ്രൽ ദേവാലയത്തിൽ കുറ്റിക്കാട്ടുമണ്ണിൽ അഖിലിന്റെയും അമ്പൂക്കൻ ഡോണയുടെയും വിവാഹം ആശീർവ്വദിച്ചു. തുടർന്ന് ആൽഫാ ഡൽഹി സെന്ററിലെ 2018 ബാച്ച് വിദ്യാർത്ഥികളുടെ ബിരുദദാന ചടങ്ങ് നിർവ്വഹിച്ചു. രാത്രിയോടെ ബാങ്കോക്കിലേക്ക് പുറപ്പെട്ടു.

12-22 ബാങ്കോക്കിൽ വച്ച് നടക്കുന്ന ഏഷ്യൻ ബിഷപ്സ് കോൺഫറൻസിൽ പങ്കെടുത്തു.

**NOVEMBER 2022**

# ENGAGEMENTS

## ARCHBISHOP JOSEPH PAMPLANY

| | | | |
|---|---|---|---|
| 01 | | - | Mananthavady: Consecration |
| 02 | 06:30am | - | Kallumuthirakkunnu: Cemetery Blessing |
| | 03:30pm | - | Ponniam: Pratheeksha |
| | 09:00pm | - | Permanent Synod |
| 03 | | - | Presbytarium |
| 04 | | - | Visitors Day |
| 05 | 09:00am | - | National Mission Seminar |
| | 02:00pm | - | Vellarikkund |
| | 04:00pm | - | Pathenpara: Reception to Bishop Tharamangalam |
| 06 | 5:00pm | - | Thalassery: German Hospital Team Meeting |
| 07-11 | | - | CBCI Plenary |
| 12 | 10:00am | - | TSSS General Body |
| | 04:00pm | - | Nirmalagiri: Marriage |
| | 09:00pm | - | Sandesabhavan Staff Meeting |
| 13 | | - | Pastoral Visit: Charal |
| 14 | 07:00am | - | Peravoor: CMC Convent Blessing |
| | 10:30am | - | Nellikkutty: Vestition MSMI |
| | 06:00pm | - | Minor Seminary: Home Day |
| 15 | 06:30am | - | Minor Seminary: Parents Day |
| | 04:00pm | - | Vilakkannur: Holy Mass |
| | 07:00pm | - | Sandesabhavan: Retreat team Meeting |
| 16 | 10:00am | - | Melechovva: Vestition FCC |
| 17 | | - | Mangalappuzha Seminary |

| | | | |
|---|---|---|---|
| 18 | | - | Moovattupuzha |
| 19 | 09:30am | - | Marygiri |
| | 03:30pm | - | Panathady: Chappel Blessing |
| 20 | | - | Pastoral Visit: Chedikkulam |
| 21 | 09:00am | - | Chandanackampara: Jubilee - Fr. Philip Kaviyil |
| 22 | 09:00am | - | Charal: Ordination |
| | 03:00pm | - | Kuttaparamba: Jubilee - Fr. James Anakkallil |
| 23 | 03:00pm | - | Karunapuram: HGN Seminary |
| 24 | 06:00pm | - | Thokkilangady: Christhuraj Hospital |
| 25 | | - | Jubilarians Meet |
| | 06:00pm | - | Mavullal: Convention |
| 26 | 09:00am | - | Randamkadavu: Ordination |
| | 03:00pm | - | Peringala: Jubilee - Fr. Jacob Pulickakunnel |
| | 05:00pm | - | Mandapam: OCD Ashram |
| 27 | | - | Pastoral Visit |
| 28 | 03:00pm | - | Karunapuram: Jubilee - Fr. Joseph Anithanam |
| 29 | 10:00am | - | Award Distribution - Corporate Educational Agency |
| | 11:30am | - | Minor Seminary: Parents Day (First Years) |
| | 06:30pm | - | Annual Day: Sanjose School Thalassery |
| 30 | 02:00pm | - | Moovattupuzha: Alpha Convocation |
| | 06:00pm | - | Kothamangalam: Alpha Convocation |

**Secretary to the Archbishop**

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

## മാർ ജോർജ് ഞറളക്കാട്ട്

### സെപ്റ്റംബർ 2022

19 മാടത്തിൽ ഇടവകയിൽ അലക്സ് താരാമംഗലം പിതാവിന് നൽകിയ സ്വീകരണത്തോടനുബന്ധിച്ച് നടത്തിയ അനുമോദന സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

21–24 ബാംഗ്ലൂർ വച്ച് നടന്ന സി.ബി.സി.ഐ സ്റ്റാൻഡിങ് കമ്മിറ്റി മീറ്റിംഗിൽ പങ്കെടുത്തു.

### ഒക്ടോബർ 2022

02 പനമരം വി. പാദ്രെ പിയോ തീർത്ഥാടന കേന്ദ്രത്തിൽ തിരുനാളിനോടനുബന്ധിച്ച് അർപ്പിച്ച വിശുദ്ധ കുർബ്ബാനയിൽ മുഖ്യകാർമി കത്വം വഹിച്ചു. ഗൂഡല്ലൂർ വച്ച് നടന്ന അഡ്വ കെ.ജെ ചെറിയാന്റെ എൺപതിനാലാം ജന്മദിന ആഘോഷത്തിൽ പങ്കെടുത്തു.

04 മൈക്കിൾഗിരി ഇടവകയിൽ പരേതയായ കുഴികുത്തിയാനിയിൽ റോസ്ലിൻ മാത്യുവിന്റെ 41–ാം ചരമദിനത്തോടനു ബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിച്ചു.

06 വെള്ളാട് ഇടവകയിൽ മരണമടഞ്ഞ ജോസഫ് മണ്ണൂരിന്റെ ഭവനം സന്ദർശിച്ച് പ്രാർത്ഥിച്ചു.

07 എയ്ഞ്ചൽ ഡയാലിസിസിന്റെ രണ്ടാമത്തെ ശാഖ ഇരിട്ടിയിൽ ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

08 ആരക്കുഴ ഇടവകയിൽവച്ച് വെണ്ണലശ്ശേരിയിൽ ജോസ്മോൻ-ജീന ദമ്പതികളുടെ മകനായ ഡേവിഡ് ടോം ജോസിന്റെ പ്രഥമ ദിവ്യകാരുണ്യ സ്വീകരണത്തിന് കാർമിത്വം വഹിച്ചു

**NOVEMBER 2022**

# ENGAGEMENTS

## ARCHBISHOP EMERITUS GEORGE NJARALAKATT

| | | |
|---|---|---|
| 01 | - | Mananthavady: Consecration of Bishop Alex Tharamangalam |
| 03 | - | Thalasserry: Jubilee Archbishop Joseph Pamplany |
| 21 | - | Maruthonkara: Betrothal |
| 22 | - | Kuttaparamba: Jubilee |
| 24 | - | Areekamala: Ordination |
| 26 | - | Nadavayal |
| 27 | - | Mananthawady: Wedding |

**Secretary to the Archbishop Emeritus**

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

**മാർ ജോർജ്ജ് വലിയമറ്റം**

## സെപ്റ്റംബർ 2022

26 മണ്ടളം ഇടവകയിൽ മണ്ണറാതറ സോജൻ ജിൻസി ദമ്പതികളുടെ നാലമത്തെ മകന് മാസമാദീസാ നൽകി. തുടർന്ന് പതിനൊന്നരക്ക് നെല്ലിക്കുറ്റിയിൽ വച്ച് നിര്യാതയായ ആനി തുണ്ടത്തിൽ എം.എസ്. എം.ഐ.യുടെ മൃതസംസ്കാര ശുശ്രൂഷ നടത്തി.

27 മണിക്കടവ് ഇടവകയിൽ രാവിലെ ഏഴരയ്ക്ക് ശ്രീ. താനിക്കൽ ജോസഫിന്റെ ഏഴാം ചരമദിനത്തിൽ വി. കുർബാനയർപ്പിച്ചു.

## ഒക്ടോബർ 2022

01 ഉച്ചകഴിഞ്ഞ് മൂന്നു മണിക്ക് എടൂരിൽ നിര്യാതയായ ത്രേസ്യാമ്മ കുടിലിലിന്റെ മൃതസംസ്കാര ശുശ്രൂഷ നടത്തി. വൈകുന്നേരം തലശ്ശേരി എഫ്.സി.സി. കോൺവെന്റിൽ നടന്ന ഫീസ്റ്റ് ആഘോഷത്തിൽ പങ്കെടുത്തു.

02 വൈകുന്നേരം അതിരൂപതാ കേന്ദ്രത്തിലെ വൈദികർക്കൊപ്പം നിര്യാതനായ ശ്രീ. കോടിയേരി ബാലകൃഷ്ണനെ സന്ദർശിച്ച് അതിരൂപതയുടെ അനുശോചനം രേഖപ്പെടുത്തി.

07 വെള്ളാട് ഇടവകയിൽവച്ച് നിര്യാതനായ ശ്രീ. ജോസഫ് മണ്ണൂരിന്റെ മൃതസംസ്കാര ശുശ്രൂഷ നടത്തി. തുടർന്ന് പരിയാരം എഫ്.സി.സി. വൃദ്ധസദനം സന്ദർശിച്ചു.

09 ഷംഷാബാദ് രൂപതയുടെ പുതിയ സഹായമെത്രാന്മാരായ അഭിവന്ദ്യ മാർ ജോസഫ് കൊല്ലംപറമ്പിലിന്റെയും മാർ തോമസ് പാടിയത്തിന്റെയും മെത്രാഭിഷേക ചടങ്ങിൽ പങ്കെടുത്തു.

10-16 ഷംഷാബാദ്, ഒറീസ മിഷൻ കേന്ദ്രങ്ങൾ സന്ദർശിച്ചു.

19 കാപ്പിമലയിൽവച്ച് രാവിലെ പത്തരയോടെ നിര്യാതനായ ശ്രീ. കാഞ്ഞരങ്ങാട്ട് മാത്യുവിന്റെ മൃതസംസ്കാര ശുശ്രൂഷയുടെ വീട്ടിലെ കർമ്മങ്ങൾ നടത്തി.

**NOVEMBER 2022**

# ENGAGEMENTS

## ARCHBISHOP EMERITUS GEORGE VALIAMATTAM

| | | |
|---|---|---|
| 01 | - | Mananthavady: Consecration of Bishop Alex Tharamangalam |
| 03 | - | Thalasserry: Jubilee Archbishop Joseph Pamplany |
| 05 | - | Pathenpara: Reception to Bishop Tharamangalam |
| 20 | - | Aryaparamba: Jubilee |
| 21 | - | Chandanackampara: Jubilee |
| 22 | - | Kuttaparamba: Jubilee |
| 23 | - | Edappuzha: Ordination |
| 26 | - | Peringala: Jubilee |
| 28 | - | Karunapuram: Jubilee |

**Secretary to the Archbishop Emeritus**



നവംബർ 30 ന് പൗരോഹിത്യ
സ്വീകരണത്തിന്റെ 59-ാം വാർഷികം
ആഘോഷിക്കുന്ന അഭിവന്ദ്യ

**മാർ ജോർജ് വലിയമറ്റം**
**പിതാവിന്**

## പ്രാർത്ഥനാശംസകൾ

# Silver Jubilerians



FR. SEBASTIAN
CHENNOTH



FR. PHILIP
KAVIYIL



FR. SEBASTIAN
MANAPPATHUPARAMBIL



FR. SEBASTIAN
MANDAPATHIL



FR. JOHN
ONAMKULAM



FR. JOSEPH
PANTHALADICKAL



FR. JOSEPH
POOVATHOLIL



FR. JAMES
PUTHENNADAYIL

RNI Reg. No. *5910/18* Date of Publication: *28/10/2022*
Registered KL/TLY/20/22-24
**Licensed to post without prepayment of postage**
**No. KL/PMG/NR/WPP/2/TLY/2022-24**
വാല്യം : 05 ലക്കം : 11 വില : ₹10



**നവംബർ 01**

# സകല വിശുദ്ധരുടെയും തിരുനാൾ

Published & Printed by Fr. Sajan George Thengumpally on behalf of Fr. Jacob Narikuzhy. Printed at Vimala Offset Press, Thalassery. Published from Archbishop's House, Hollow Way Road, Thalassery - 670 101. Editor- Fr. Sajan George Thengumpally.